
# മഴത്തുള്ളികൾ

## മലയാള പാഠാവലി

എട്ടാം പുസ്തകം

# അധ്യാപക സഹായി



IDEAL ASSOCIATION FOR MINORITY EDUCATION (IAME)

**Published by**

**IDEAL ASSOCIATION FOR MINORITY EDUCATION (IAME)**
**ISO 9001 - 2008 Certified**
**Markaz Complex Annex, Room No.B. 14, 11 Floor**
**Indiran Gandhi Road, Kozhikode 673 004**
**Phone :0495 27223208, Email: iame313@gmail.com**

# ആമുഖം

പ്രിയ അധ്യാപകരേ,

മാതൃഭാഷാപഠനം കുട്ടികളുടെ വ്യക്തിത്വവളർച്ചയിൽ ചെലുത്തുന്ന നിർണായകമായ സ്വാധീനത്തെക്കുറിച്ച് കൂടുതൽ വിവരിക്കേണ്ടതില്ലല്ലോ. മാതൃഭാഷാപഠനം കേവലമൊരു ഭാഷയെക്കുറിച്ചുള്ള പഠനം മാത്രമല്ല, നമ്മുടെ സാംസ്കാരിക സത്തയെ അടുത്തറിയാനും സ്വായത്തമാക്കാനുമുള്ള അവസരം കൂടിയാണ്. പഠിതാവിൽ മാനവിക മൂല്യങ്ങളെക്കുറിച്ചും ഭരണഘടനാ മൂല്യങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക, സാമൂഹിക പ്രതിബദ്ധത വളർത്തുക, സേവനതല്പരതയുണ്ടാക്കുക, പൈതൃക സംസ്കാരത്തെക്കുറിച്ചുള്ള തിരിച്ചറിവുണ്ടാക്കുക, ധാർമ്മിക സദാചാരബോധമുണർത്തുക തുടങ്ങിയ പാഠ്യപദ്ധതിയുടെ മുഖ്യപരിഗണനാവിഷയങ്ങൾ ഫലപ്രദമായി സാധിപ്പിച്ചെടുക്കുന്നതിലും ഭാഷാപഠനത്തിനു വലിയ പങ്കുണ്ട്.

IAME മഴത്തുള്ളികൾ- മലയാളപാഠാവലി തയ്യാറാക്കിയത് പ്രസ്തുത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ സഹായകമാവും വിധത്തിലാണ്. ഇതു സംബന്ധമായി മഴത്തുള്ളികൾ – അഞ്ചാം പുസ്തകത്തിന്റെ ആമുഖത്തിൽ വിശദമാക്കിയിട്ടുണ്ട്. അധ്യാപകർ ആ ഭാഗം വായിച്ചു മനസ്സിലാക്കേണ്ടതാണ്.

ഏഴാംക്ലാസിലെ വ്യവഹാര രൂപങ്ങളുടെ തുടർച്ച തന്നെയാണ് എട്ടാം ക്ലാസിലെ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉയർന്ന ക്ലാസുകളിലേക്കെത്തുമ്പോൾ അതിനനുസരിച്ച് കുട്ടികളുടെ പഠനനിലവാരത്തിലും മാറ്റം വരുത്തേണ്ടതുണ്ട്. ആ നിലയ്ക്കുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

അധ്യാപകർക്കായി തയ്യാറാക്കിയ ഈ കൈപ്പുസ്തകം പാഠപുസ്തകത്തിന്റെ വ്യഖ്യാനമോ പഠിപ്പിക്കേണ്ട കാര്യങ്ങളുടെ പൂർണവിവരണമോ കവിതകളും കഥകളും മറ്റുമുൾക്കൊള്ളുന്ന ആശയതലങ്ങളുടെ അവസാനവാക്കോ അല്ല. വെറുമൊരു പ്രവേശകം മാത്രമാണ്. പാഠഭാഗങ്ങൾ ഫലപ്രദമായി എങ്ങനെ അവതരിപ്പിക്കണമെന്നും ക്ലാസ്റൂം പ്രവർത്തനങ്ങൾ എങ്ങനെ രസകരവും മടുപ്പുളവാക്കാത്തതും ശിശുകേന്ദ്രീകൃതവുമാക്കാമെന്നും തീരുമാനിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതും അധ്യാപകരാണ്. അതിനുള്ള പൂർണസ്വാതന്ത്ര്യം അധ്യാപകർക്കുണ്ട്. അധ്യാപകസഹായിയുടെ വലയത്തിനുള്ളിൽ ഒതുങ്ങരുതെന്നർത്ഥം. നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി വിനിമയം ചെയ്യുന്നതിൽ ശ്രദ്ധചെലുത്തണം. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ ക്ലാസ്റൂം പ്രവർത്തനങ്ങൾ കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കാൻ കഴിയും. എങ്ങനെയായാലും കുട്ടികളിൽ ഭാഷാപഠനത്തോടൊപ്പം മൂല്യബോധം കൂടി വളർത്താനുള്ള ശ്രമങ്ങൾ അധ്യാപകരുടെ ഭാഗത്തുനിന്നുണ്ടാവണം. അതിനു കഴിയട്ടെ എന്ന് ആശംസിക്കുന്നു.

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| **യൂണിറ്റ് 1** | **മണ്ണിന്റെ വരദാനം** | **5** |
| 1. | പടയാളികൾ | 10 |
| 2. | പഞ്ചുരുളി | 15 |
| 3. | കാലുകൾ | 23 |
| 4. | തമ്പൂക്കിലെ തോട്ടം | 29 |
| **യൂണിറ്റ് 2** | **സംസ്കൃതിയുടെ കാതൽ** | **35** |
| 5. | ഹാഗാർ : ഇസ്മാഈലിന്റെ മാതാവ് | 40 |
| 6. | ആരു ഞാനാകണം? | 48 |
| 7. | അറിവിൽ നിന്നു തിരിച്ചറിവിലേക്ക് | 54 |
| **യൂണിറ്റ് 3** | **സ്നേഹത്തിന്റെ സുഗന്ധം** | **59** |
| 8. | രണ്ടു രാഷ്ട്രങ്ങൾ | 64 |
| 9. | നൽകുകിൽ നേടീടാം | 64 |
| 10. | ചിന്നം ചെറുകിളിയേ കണ്ണമ്മാ...... | 76 |
| 11. | പണിയാം സ്നേഹഗോപുരം | 81 |
| **യൂണിറ്റ് 4** | **മാറ്റത്തിന്റെ മാറ്റൊലി** | **86** |
| 12. | അജയ്യമായ ഇച്ഛാശക്തി | 90 |
| 13. | ബഷീർ : വേദനയുടെ മന്ദഹാസം | 95 |
| 14. | പരിവർത്തനം | 103 |
| 15. | സോഫിയ പറയുന്നത് | 110 |
| **യൂണിറ്റ് 5** | **വാക്കിന്റെ ഊക്ക്** | **116** |
| 16. | വാക്കും കൂട്ടും ചിന്തയും | 121 |
| 17. | വാക്കിന്റെ വില | 125 |
| 18. | മണ്ണാണു മർത്യൻ | 130 |

## യൂണിറ്റ് 1

# മണ്ണിന്റെ വരദാനം

**ആമുഖം**

മനുഷ്യരടക്കമുള്ള ജീവജാലങ്ങളുടെ അടിസ്ഥാനാവശ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണു ഭക്ഷണം. ഭക്ഷണമില്ലാതെ ജീവൻ നിലനിർത്താനുള്ള സംവിധാനങ്ങളൊന്നും ഇന്നേവരെ കണ്ടെത്തിയിട്ടില്ല. ഇനിയൊട്ട് കണ്ടെത്താൻ കഴിയുകയുമില്ല. ഭക്ഷണമാകേണ്ട വസ്തുക്കളാവട്ടേ മണ്ണിൽ നിന്നുല്പാദിപ്പിക്കപ്പെടേണ്ടതുമാണ്. മണ്ണില്ലാതെ ജീവിക്കാനാവില്ല എന്നു ചുരുക്കം. മൃഗങ്ങളുടെയും പക്ഷികളുടെയും മത്സ്യങ്ങളുടെയും മറ്റും മാംസം ഭക്ഷിച്ചാൽ പോരേ, മണ്ണിൽ നിന്നുല്പാദിപ്പിക്കപ്പെട്ട ധാന്യങ്ങൾ തന്നെ വേണമെന്നില്ലല്ലോ എന്നൊക്കെ തർക്കുത്തരം പറഞ്ഞു ഈ വാദത്തെ ഖണ്ഡിച്ചേക്കാം. എന്നാൽ ആത്യന്തികമായി എല്ലാ ഭക്ഷ്യവിഭവങ്ങളുടെയും സ്രോതസ്സായി മണ്ണ് മാത്രമേയുള്ളൂ എന്ന സത്യം നിഷേധിക്കാനാവില്ല.

മണ്ണ് സ്രഷ്ടാവു നൽകിയ അപാരമായ അനുഗ്രഹമാണ്; വരദാനമാണ്. വിത്തുകൾ മണ്ണിലിട്ടാൽ കിളിർക്കും. മണ്ണിൽ അന്തർലീനമായിക്കിടക്കുന്ന ഫലഭൂയിഷ്ഠത ആ മുളകളെ വളർത്തും. പ്രകൃതിയുടെ നിയമമാണത്. എന്നാൽ സുപ്രധാനമായ ചില തുടർപ്രക്രിയകൾ നടന്നുകൊണ്ടിരിക്കണമെന്നുമാത്രം. ഭൂമിയിൽ വർഷിക്കുന്ന മഴയും വെയിലും മഞ്ഞും മിന്നലുമെല്ലാം മണ്ണിനെ നിരന്തരം ഫലഭൂയിഷ്ഠമാക്കിക്കൊണ്ടിരിക്കുന്നുണ്ട്. അങ്ങനെയാണ് ഭൂമിയിലെ മണ്ണ് ഉർവരയാവുന്നത്.

ആദികാലങ്ങളിൽ മനുഷ്യനു കൃഷി ആവശ്യമായിരുന്നില്ല, ഭൂമിയിൽ തനിയെ മുളച്ചുവളർന്ന സസ്യലതാദികളും ഫലവൃക്ഷങ്ങളും സുലഭമായിരുന്നു. ഒരിടത്തെ വിഭവങ്ങൾ ഭുജിച്ചുകഴിയുമ്പോൾ അടുത്ത പ്രദേശം തേടിപ്പോയാൽ മതിയായിരുന്നു. എന്നാൽ കാലങ്ങൾ പിന്നിട്ടപ്പോൾ അവസ്ഥകൾ മാറി. ജനസംഖ്യ വർദ്ധിച്ചു. വിഭവങ്ങൾ അപര്യാപ്തമായിത്തുടങ്ങി. അടുത്ത പ്രദേശങ്ങൾക്ക് വേറെ അവകാശികളുണ്ടായി. ഒരിടത്തു താമസമുറപ്പിക്കാൻ നിർബന്ധിതരായി. അങ്ങനെയാണു മനുഷ്യർ കൃഷിചെയ്യാൻ തുടങ്ങിയത്. അപ്പോഴും കൃഷിചെയ്യാതെ പ്രകൃതിയിൽ നിന്നു ലഭിക്കുന്ന വിഭവങ്ങൾ ധാരാളമുണ്ടായിരുന്നു. വൃക്ഷങ്ങളിലെ കായ്കനികൾ സുലഭമായിരുന്നു. ക്രമേണ ഈ രംഗത്തും തടസ്സങ്ങൾ വന്നുതുടങ്ങി. ഭൂമിയുടെ സ്വകാര്യവത്കരണവും വൃക്ഷങ്ങളുടെയും, കാടുകളുടെയും നശീകരണവുമൊക്കെ ഭക്ഷ്യവിഭവങ്ങളുടെ ദൗർലഭ്യത്തിലേക്കു വഴിതുറന്നു.

ക്രമേണ കൃഷിചെയ്യാതെ മനുഷ്യനു ഭക്ഷണം ലഭിക്കില്ലെന്ന അവസ്ഥ വന്നുചേർന്നു. അതിനു കഠിനാധ്വാനം വേണ്ടിവന്നു. മഴയോടും മഞ്ഞിനോടും വെയിലിനോടും കാറ്റിനോടും പടവെട്ടിവേണം കൃഷി വിളയിപ്പിക്കാൻ എന്ന അവസ്ഥയുണ്ടായി. അപ്പോഴാണു കൈയൂക്കുള്ളവർ കാര്യസ്ഥന്മാരായി മാറിയത്. അവർ ദുർബലരെ തങ്ങളുടെ അധീനത്തിലാക്കി. പ്രലോഭി

പ്പിച്ചും ഭീഷണിപ്പെടുത്തിയും തന്ത്രങ്ങൾ മെനഞ്ഞും അടിമകളാക്കി. കൃഷിചെയ്തു ഭക്ഷണമുൽപ്പാദിപ്പിക്കേണ്ട ചുമതല അടിമകളുടെയും ദുർബലരുടെയും ചുമലിലാക്കി. കൃഷിപ്പണി ഒരു തരംതാഴ്ന്ന ജോലിയായി മുദ്രയടിക്കപ്പെട്ടു. മേലാളന്മാരുടെ പത്തായം നിറയ്ക്കാൻ കീഴാളർ രാപകലില്ലാതെ കഠിനാധ്വാനം ചെയ്യേണ്ടിവന്നു. മേലാളർ വിഭവസമൃദ്ധമായ ഭക്ഷണം കഴിച്ചു സുഖിക്കുമ്പോൾ കീഴാളർ പട്ടിണികിടന്നും ദുരിതങ്ങൾ സഹിച്ചും വിഭവോല്പാദനത്തിൽ മുഴുകേണ്ടി വന്നു.

കാലംമാറി, ലോകംമാറി. അടിമത്തം എന്നെന്നേക്കുമായി അവസാനിപ്പിച്ചു. ജനങ്ങൾക്കിടയിൽ ജനാധിപത്യബോധവും മാനവികബോധവും സ്വാധീനം ചെലുത്തി. വിദ്യാഭ്യാസം വ്യാപകമായി. എന്നിട്ടും ഇന്നും നിലനിൽക്കുന്നുണ്ടോ ഈ മേലാള കീഴാള മനോഭാവങ്ങൾ? കാർഷികമേഖലയിലേക്കു കണ്ണോടിക്കുമ്പോൾ അങ്ങനെ തോന്നിപ്പോകുന്നില്ലേ? വൈറ്റ്കോളർ മനോഭാവം എന്നു വിശേഷിപ്പിക്കാറുള്ള, ശരീരത്തിൽ ചേറുപുരളാതെ ജീവിക്കാനുള്ള താല്പര്യം പുതുതലമുറയിലും വ്യാപകമല്ലേ? അതൊരുതരം മാന്യതയായി ഗണിക്കപ്പെടുന്നില്ലേ? കാർഷികമേഖലയിൽ നിന്നുള്ള നവതലമുറകളുടെ പിന്മാറ്റം അതല്ലേ സൂചിപ്പിക്കുന്നത്? ചേറിൽ പുതഞ്ഞ കാലുകളോടും ചേറുപുരണ്ട കൈകളോടും വെയിലുകൊണ്ടു കറുത്തുപോയ ശരീരങ്ങളോടുമുള്ള പുച്ഛമനോഭാവം ഇതിനു തെളിവല്ലേ?

കേരളത്തിലാണ് കാർഷികവൃത്തിയോടുള്ള വിമുഖത കൂടുതൽ പ്രകടമായി കാണുന്നത്. അതുകാരണം നാം വെറും ഉപഭോക്തൃ സംസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കുന്നു. മുഖ്യാഹാരമായ അരിയും പച്ചക്കറികളും ഏതാണ്ടു പൂർണ്ണമായിത്തന്നെ ഇതരസംസ്ഥാനങ്ങളിൽ നിന്നാണുവരുന്നത്. വിദേശരാജ്യങ്ങളിൽ നിന്നുപോലും പഴങ്ങളും മറ്റ് ആഹാരസാധനങ്ങളും ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു. പുറംനാടുകളിൽ നിന്നുള്ള ഭക്ഷണവരവ് മുടങ്ങിയാൽ നാം പട്ടിണികിടന്നു മരിക്കേണ്ടി വരുന്ന അവസ്ഥയാണുള്ളത്. കാർഷികരംഗത്തെ ഈ അവസ്ഥയെക്കുറിച്ചു വിദ്യാർത്ഥികൾ അവബോധമുൾക്കൊള്ളേണ്ടതുണ്ട്. കർഷകർ പുച്ഛിക്കപ്പെടേണ്ടവരല്ലെന്നും ആദരിക്കപ്പെടേണ്ടവരാണെന്നുമുള്ള തിരിച്ചറിവുണ്ടാകേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെയാണ് മണ്ണിന്റെ വരദാനം എന്ന യൂണിറ്റ് തയ്യാറാക്കിയിട്ടുള്ളത്.

'പടയാളികൾ' എന്ന വൈലോപ്പിള്ളിയുടെ കവിത കർഷകർ ചെയ്യുന്ന മഹാസേവനത്തിലേക്കു ശ്രദ്ധതിരിക്കുന്നു. 'കാലുകൾ' എന്ന സച്ചിദാനന്ദന്റെ കവിതയും കർഷകമഹത്വം വിളംബരം ചെയ്യുന്നതും അവരുടെ ത്യാഗപൂർണമായ ജീവിതത്തെക്കുറിച്ച് ഉണർത്തുന്നതുമാണ്. അംബികാസുതൻ മാങ്ങാടിന്റെ 'പഞ്ചുരുളി' എന്ന കഥ മനുഷ്യരെ പരിഗണിക്കാതെ വ്യാവസായികാടിസ്ഥാനത്തിൽ തോട്ടങ്ങൾ പരിപാലിക്കുന്ന ധനമോഹികളുടെ വികൃതമുഖങ്ങളിലേക്കു സൂചനനൽകുന്ന കഥയാണ്. നല്ല താല്പര്യവും വ്യക്തമായ ആസൂത്രണവുമുണ്ടെങ്കിൽ മരുഭൂമിയെപ്പോലും ഉർവരമാക്കാം എന്ന പാഠം നൽകുന്നു വി.മുസാഫർ അഹ്മദിന്റെ 'മരുഭൂമിയുടെ ആത്മകഥ' എന്ന യാത്രാവിവരണത്തിൽ നിന്നെടുത്ത 'തബൂക്കിലെ തോട്ടം' എന്ന പാഠഭാഗം.

# യൂണിറ്റ് വിശകലനം

## യൂണിറ്റ് 1

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാര പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതകളുടെ കാലം, പ്രമേയം, ചമത്കാരഭംഗി എന്നിവ ഉൾക്കൊള്ളുകയും അവയെ താരതമ്യം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•കവിതയിലെ പ്രയോഗങ്ങളുടെ ഔചിത്യഭംഗി കണ്ടെത്തുന്നു.<br>•സൂചിതകഥകൾ കണ്ടെത്തുകയും പാഠമുൾക്കൊള്ളുകയും ചെയ്യുന്നു. | പടയാളികൾ | •പഞ്ചഭൂതങ്ങളോട് അടരാടി ജീവരക്തമൊഴുക്കി സമൃദ്ധി വിളയിച്ചെടുക്കുന്ന പടയാളികളാണു കർഷകർ.<br>•ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി പോരാടുന്ന ആ പടയാളികളെ പാടിപ്പുകഴ്ത്തേണ്ടതുണ്ട്.<br>•മനോഹരമായ അലങ്കാര കല്പനങ്ങൾ വൈലോപ്പിള്ളിക്കവിതകളിൽ സമൃദ്ധമാണ്.<br>•വൈലോപ്പിള്ളിക്കവിതകൾ ജനങ്ങളെ ഉദ്ബുദ്ധരാക്കുന്നവയാണ്. | കവിത ഈണവും താളവും കണ്ടെത്തി ചൊല്ലി അവതരിപ്പിക്കൽ.<br>വിശകലനക്കുറിപ്പ് തയ്യാറാക്കൽ.<br>ഔചിത്യഭംഗി കണ്ടെത്തൽ<br>അലങ്കാരഭംഗി വിശദമാക്കൽ | കവിതാപാരായണം.<br>വിശകലനക്കുറിപ്പ്.<br>കുറിപ്പ്<br>.<br>വിശദീകരണക്കുറിപ്പ് | <u>വിശകലനക്കുറിപ്പ്</u><br>•ആശയവ്യക്തത.<br>•വിശകലനശേഷി.<br>•അഭിപ്രായങ്ങളുടെ യുക്തി.<br>•അനുയോജ്യ ഭാഷ<br><br><u>കഥാവായന</u><br>•ഭാവാത്മകത<br>•ആശയവ്യക്തത<br>•ഉച്ചാരണശുദ്ധി<br>•ഒഴുക്ക് |
| •കഥകൾ, നോവലുകൾ തുടങ്ങിയ സർഗാത്മകരചനകൾ വായിക്കുകയും അവയിലെ ഭാഷ, രചനാതന്ത്രങ്ങൾ, പ്രമേയപരമായ സവിശേഷതകൾ എന്നിവ ഉൾക്കൊള്ളുകയും ചെയ്യുന്നു.<br>•കഥകൾ ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നു.<br>•ക്രിയ-പ്രയോഗ സവിശേഷതകൾ തിരിച്ചറിയുന്നു.<br>വിവിധ വ്യവഹാരരൂപങ്ങൾ പരിചയപ്പെടുന്നു.<br>സാഹിത്യരചനകളിലെ ഭാഷാഭേദങ്ങൾ, വാമൊഴി വഴക്കങ്ങൾ തുടങ്ങിയവ വിശകലനം ചെയ്യുന്നു. | പഞ്ചുരുളി | •മാരകമായ കീടനാശിനികളുടെ ഉപയോഗം പാവപ്പെട്ട ജനങ്ങളെ തീരാദുരിതത്തിലാഴ്ത്തുന്നു.<br>•ജനങ്ങളുടെ അജ്ഞതയെ ചൂഷണം ചെയ്യുന്ന അവസ്ഥ ഇന്നും നമ്മുടെ നാടുകളിലുണ്ട്.<br>•പരിസ്ഥിതി സംരക്ഷണത്തിന്റെയും അന്തരീക്ഷമലിനീകരണത്തിന്റെയും കാര്യത്തിൽ ജനങ്ങൾ കൂടുതൽ ഉദ്ബുദ്ധരാവേണ്ടതുണ്ട്. | കഥ ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി വായിക്കൽ<br>പ്രതികരണക്കുറിപ്പ് തയ്യാറാക്കൽ<br>കഥയുടെ ചരിത്രപശ്ചാത്തലം കണ്ടെത്തൽ.<br>ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തൽ<br>കർത്തരി, കർമ്മണിപ്രയോഗങ്ങൾ മനസ്സിലാക്കൽ<br>പ്രഭാഷണം തയ്യാറാക്കൽ<br>കഥാപാത്രനിരൂപണം തയ്യാറാക്കൽ<br>നിവേദനം തയ്യാറാക്കൽ | കഥാവായന<br>പ്രതികരണക്കുറിപ്പ്<br>കുറിപ്പ്<br>കുറിപ്പ്<br>പ്രഭാഷണം<br>നിരൂപണക്കുറിപ്പ്<br>നിവേദനം | <u>പ്രതികരണക്കുറിപ്പ്</u><br>•സ്വാഭിപ്രായം<br>•ആശയസമർത്ഥനം<br>• ഭാഷ.<br><u>പ്രഭാഷണം</u><br>•ഘടന<br>•ആശയവ്യക്തത<br>•നിലപാടുകൾ<br>•ഒഴുക്ക്<br>•ഉച്ചാരണസ്ഫുടത<br><u>കഥാപാത്രനിരൂപണം</u><br>•കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ<br>•കഥയിലെ സ്ഥാനം<br>•മറ്റു കഥാപാത്രബന്ധം<br>•ഭാഷ |

# യൂണിറ്റ് വിശകലനം

യൂണിറ്റ് 1

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാര പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതകളുടെആശയം, അവതരണഭംഗി എന്നിവ ഉൾക്കൊള്ളുകയും അവയിലെ സന്ദേശം തിരിച്ചറിയുകയും ചെയ്യുന്നു.<br>•കവിതകൾ സാമൂഹിക രാഷ്ട്രീയരംഗത്തുള്ള തെറ്റായ നീക്കങ്ങൾക്കെതിരെ പ്രയോഗിക്കാനുള്ള ശക്തമായ ആയുധമാണെന്നു മനസ്സിലാക്കുന്നു.<br>•കർഷകരുടെ ത്യാഗം തിരിച്ചറിയുകയും അവരോടുള്ള കടപ്പാട് ബോധ്യപ്പെടുകയും ചെയ്യുന്നു. | കാലുകൾ | •കവികൾ സാമൂഹിക രാഷ്ട്രീയ അവസ്ഥകളോട് അതിശക്തമായി പ്രതികരിക്കാറുണ്ട്.<br>•സവിശേഷ പ്രയോഗങ്ങൾ കവിതയ്ക്കു ചമത്കാരഭംഗി നൽകുന്നു.<br>•കർഷകരാണ് മനുഷ്യജീവിതത്തെ നിലനിൽക്കാൻ സഹായിക്കുന്നത്.<br>•കർഷകരോട് നാം ഏറെ കടപ്പെട്ടിരിക്കുന്നു. | ഭാവാത്മകമായി കവിതചൊല്ലി അവതരിപ്പിക്കൽ.<br>ചമത്കാരഭംഗി കണ്ടെത്തൽ.<br>വിശദീകരണക്കുറിപ്പ് തയ്യാറാക്കൽ.<br>പ്രഭാഷണം തയ്യാറാക്കൽ.<br>അഭിമുഖചോദ്യാവലി തയ്യാറാക്കൽ. | കവിതാപാരായണം.<br>കുറിപ്പ്.<br>വിശദീകരണക്കുറിപ്പ്<br>.<br>പ്രഭാഷണം.<br>ചോദ്യാവലി | ഭാവം ഉൾക്കൊണ്ടുള്ള വായന<br>വിശദീകരണക്കുറിപ്പ്<br>•വരികളുടെ യഥാർത്ഥ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>•യുക്തിപൂർവ്വം സമർത്ഥിച്ചിട്ടുണ്ട്.<br>•അനുയോജ്യമായ ഭാഷ.<br>ചോദ്യാവലി<br>•വിഷയബന്ധം<br>•ആശയവ്യക്തത<br>•അനുയോജ്യ ഭാഷ |
| •സഞ്ചാരസാഹിത്യം, കഥ, കവിത തുടങ്ങിയവയുടെ സവിശേഷതകൾ പരിചയപ്പെടുന്നു.<br>•അവയിലെ ആശയങ്ങൾ, ശൈലികൾ, പ്രയോഗങ്ങൾ പ്രയോജനപ്പെടുത്തി രചനകൾ നിർവഹിക്കുന്നു.<br>•അധ്വാനത്തിന്റെയും ആസൂത്രണവൈഭവത്തിന്റെയും ഗുണഫലങ്ങൾ തിരിച്ചറിയുന്നു. | തബൂക്കിലെ തോട്ടം | •താല്പര്യവും ആസൂത്രണവുമുണ്ടെങ്കിൽ ഏതു മരുഭൂമിയും കൃഷിയോഗ്യമാക്കാം.<br>•കണ്ട പ്രദേശങ്ങളെക്കുറിച്ചുള്ള വിവരണം മാത്രമല്ല, ആ പ്രദേശങ്ങളുടെ ചരിത്രവും സംസ്കാരവും ജീവിതരീതികളും മറ്റും വിലയിരുത്തൽ കൂടിയാണ് യാത്രാവിവരണം.<br>•ഒരു പ്രദേശം നേരിൽ കണ്ട അനുഭൂതി വായനക്കാരുടെ മനസ്സിലുണർത്താൻ യാത്രാവിവരണങ്ങൾക്കു കഴിയണം. | ഗദ്യഭാഗം ആശയമുൾക്കൊണ്ട് ഭാവാത്മകമായി വായിക്കൽ.<br>വിശകലനക്കുറിപ്പ് തയ്യാറാക്കൽ.<br>യാത്രാവിവരണം തയ്യാറാക്കൽ. | വായന<br>വിശകലനക്കുറിപ്പ്<br>യാത്രാവിവരണം | വായന<br>•ആശയ വ്യക്തത<br>•അക്ഷരശുദ്ധി<br>•ഒഴുക്ക്<br>യാത്രാവിവരണം<br>•കാഴ്ചകളുടെ സൂക്ഷ്മ വിവരണം.<br>•ചരിത്രപരവും സാംസ്ക്കാരികവുമായ പ്രത്യേകതകൾ വിലയിരുത്തൽ.<br>•അനുയോജ്യമായ ഭാഷ. |

## പ്രവേശക പ്രവർത്തനം

പ്രവേശകത്തിൽ നൽകിയ ചിത്രം നിരീക്ഷിച്ച് കുട്ടികൾ പ്രതികരിക്കട്ടെ.
ഞാറു നടുന്ന പ്രവൃത്തിയിലേർപ്പെട്ട കർഷകർ. ആ കാഴ്ച കാണാനും പങ്കാളികളാവാനുമെത്തിയ സ്കൂൾ വിദ്യാർത്ഥികൾ.

- നെൽകൃഷി സംബന്ധമായ ഇത്തരം ദൃശ്യങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടോ?
- ഇന്നു സാർവ്വത്രികമാണോ ഇത്തരം കാഴ്ചകൾ? അല്ലെങ്കിൽ എന്തുകൊണ്ട്?
  ലഘുചർച്ചയാവാം.

അടുത്തകാലം വരെ കേരളത്തിൽ നെൽകൃഷി വ്യാപകമായിരുന്നു. ഏതു പ്രദേശത്തും ഞാറുനടുന്നതിന്റെയും കൊയ്ത്തിന്റെയും നിലമുഴുന്നതിന്റെയും മറ്റും ദൃശ്യങ്ങൾ കാണാമായിരുന്നു. എന്നാലിന്ന് നമ്മുടെ കാർഷികമേഖലയ്ക്ക് എന്താണു സംഭവിച്ചത്? കൃഷിയിൽനിന്ന് എന്തുകൊണ്ടായിരിക്കാം ജനങ്ങൾ പിൻമാറിയത്?

- കൃഷി ആദായകരമല്ല എന്ന ചിന്താഗതി.
- കൃഷിപ്പണി താഴ്ന്ന ജോലിയാണെന്ന മനോഭാവം.
- ഇതിനെക്കാൾ വരുമാനമുണ്ടാവുന്ന മറ്റു ജോലികൾ ധാരാളമുണ്ട് എന്ന സാഹചര്യം.
- വയലുകൾ ഇല്ലാതായത്..................

എന്നാൽ എന്തു സാഹചര്യമായാലും അവഗണിക്കാൻ കഴിയുന്നതല്ല കൃഷി.
നമ്മുടെ ആഹാരം കൃഷിയിൽ നിന്നാണ്. എല്ലാവരും കൃഷി ഉപേക്ഷിച്ചാൽ മനുഷ്യൻ പട്ടിണി കിടന്നു മരിക്കേണ്ടിവരും. കൃഷി മോശമായ പ്രവൃത്തിയല്ല; ഏറ്റവും ശ്രേഷ്ഠമായ കർമ്മമാണ്. മനുഷ്യർക്കും ജീവജാലങ്ങൾക്കും അന്നം നൽകുന്നതിനെക്കാൾ മഹത്തായ എന്തു പ്രവൃത്തിയാണുള്ളത്? ജനക്ഷേമകരമായ പ്രവൃത്തികളിൽ  മുഴുകുന്നവരോടാണ് ദൈവത്തിനിഷ്ടം.

ചർച്ചയുടെ ആശയസംഗ്രഹം ടീച്ചർ വ്യക്തമാക്കുന്നു.

തുടർന്നു കുട്ടികൾ മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ വരികൾ വായിക്കട്ടെ.
ടാഗോർ ഗീതാഞ്ജലിയിലൂടെ ഉണർത്തുന്നു:

ദൈവത്തെത്തേടി ദേവാലയങ്ങളിൽ കയറിയിറങ്ങുന്നവരുണ്ട്. സഹജീവികളെയും കൂടപ്പിറപ്പുകളയും അവഗണിച്ച് ഭജനയും പ്രാർത്ഥനയുമായി കഴിയുന്നവരുണ്ട്. എന്നാൽ ദൈവം അവിടെയൊന്നുമില്ല. കറുത്ത നിലമുഴുത് കൃഷിയോഗ്യമാക്കിത്തീർക്കുന്ന കർഷകരോടും റോഡുകൾ നന്നാക്കാനായി എല്ലാ കാലവും കരിങ്കല്ലുകൾ ഉടച്ചുനുറുക്കുന്ന തൊഴിലാളികളോടുമൊപ്പമാണു ദൈവം. എരിവെയിലത്തും പെരുമഴയത്തും ജോലികളിൽ മുഴുകുന്ന അവരുടെ മണ്ണുപുരണ്ട കൈകളിലാണു ദൈവത്തിന്റെ കടാക്ഷം. അതുകൊണ്ട് മേനി നടിക്കാനുപയോഗിക്കുന്ന ശുഭ്രവസ്ത്രങ്ങൾ ഊരിവച്ച് കർഷകരോടൊപ്പം ,തൊഴിലാളികളോടൊപ്പം ചളിയിലേക്കിറങ്ങൂ; ഈശ്വരനെ അപ്പോൾ അവിടെ നിങ്ങൾക്കു കണ്ടെത്താം.

ആരാധനാലയങ്ങളെയോ ആരാധകരെയോ ആക്ഷേപിക്കുകയല്ല കവി. ജനങ്ങളിൽ നിന്നകന്ന്, ജനക്ഷേമ പ്രവർത്തനങ്ങളിലേക്കൊന്നും ശ്രദ്ധതിരിക്കാതെ ഭജനയും പൂജയുമായിക്കഴിയുന്നവർക്ക്, ആരാധനാലയങ്ങളിൽ മാത്രം ദൈവത്തെ തിരയുന്നവർക്ക് ഈശ്വരസാക്ഷാത്ക്കാരം നേടാൻ കഴിയില്ല എന്നാണു സൂചിപ്പിക്കുന്നത്. കർഷകരുടെയും തൊഴിലാളികളുടെയും മഹത്വം വിളംബരം ചെയ്യുകയാണ് ഈ വരികളിലൂടെ.

കൃഷിയുടെ, തൊഴിലിന്റെ മഹത്വം കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഈ പ്രവേശകം പ്രയോജനപ്പെടുത്തണം; ജനക്ഷേമകരമായ തൊഴിലുകളിലേക്കു പ്രേരിപ്പിക്കണം.

## പാഠം -1

# പടയാളികൾ

വൈലോപ്പിള്ളിയുടെ "കന്നിക്കൊയ്ത്ത്" എന്ന കൃതിയിൽ നിന്നെടുത്തതാണ് 'പടയാളികൾ' എന്നകവിത. "പാതിരാത്രി : കരക്കു തെങ്ങിൻതോപ്പുകളുള്ള ധനുമാസപ്പുഞ്ചയാണ് രംഗം. മുളന്തുരുത്തിയിലെ വാടകവീട്ടിൽ കിടന്ന് തോറ്റംപാട്ടുകേട്ട് മനസ്സ് അസ്വസ്ഥമായി". ഈ കവിതാരചനയുടെ പശ്ചാത്തലം കവി രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണ്. നിലവിലുണ്ടായിരുന്ന കവിതാപാരമ്പര്യത്തിൽ നിന്നുമാറി 'ജീവിതത്തിന്റെ കടലിനെ മഷിപ്പാത്രമാക്കി മാറ്റുന്ന കവി 'എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രബോധനപരമാണ് വൈലോപ്പിള്ളിക്കവിതകൾ. ഏതു കവിതയിലും പ്രബോധനപരമായ ഒരംശം അലിയിച്ചു ചേർക്കാൻ കവി ശ്രമിച്ചതായി കാണാം.

മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികളോടാണു വൈലോപ്പിള്ളിക്കു താല്പര്യം. കാർഷികമേഖലയും കാർഷികവൃത്തിയും അദ്ദേഹത്തിന്റെ കവിതകളിലെ മുഖ്യപ്രമേയമാണ്. 'പടയാളികൾ' എന്ന പാഠഭാഗവും ഈ ഇനത്തിൽപ്പെട്ടതാണ്. പ്രകൃതിയുടെ ക്രൂരതയോടു പടപൊരുതുന്ന പഞ്ചമരായി പുഞ്ചകൃഷിക്കാരെ അദ്ദേഹം വിശേഷിപ്പിക്കുന്നു. അവരെ പാടിപ്പുകഴ്ത്തേണ്ടത് തന്റെ ബാധ്യതയായി കാണുന്നു. നിറഞ്ഞ മനസ്സോടെ പ്രശംസകൾ കൊണ്ടവരെ മൂടുന്നു. കർഷകരുടെ നേരെയുള്ള സഹതാപമനോഭാവമാവാം അവരുടെ ശ്രമങ്ങളെയെല്ലാം വൃഥാവിലാക്കുന്ന വിധമുള്ള പ്രകൃതിയുടെ ഭാവമാറ്റങ്ങളെ ക്രൂരതയായി കാണാൻ കവിയെ പ്രേരിപ്പിക്കുന്നത്.

വൈലോപ്പിള്ളിക്കവിതകളുടെ സവിശേഷതകൾ തിരിച്ചറിയാനും അദ്ദേഹത്തിന്റെ കവിതകൾ ഈണവും താളവും കണ്ടെത്തി ആലപിച്ചാസ്വദിക്കാനും കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. അതോടൊപ്പം കർഷകവൃത്തിയുടെ പ്രാധാന്യവും കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങളും തിരിച്ചറിയാനും കൃഷിപ്രവർത്തനങ്ങളിൽ പങ്കാളികളാകാനുമുള്ള അവബോധം കുട്ടികളുടെ മനസ്സിലുണർത്താൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തണം.

<u>**പാഠാവതരണം**</u>

കുട്ടികളുമായുള്ള സൗഹൃദസംഭാഷണത്തിലൂടെ പാഠഭാഗത്തക്കു വരാം.

- നിങ്ങളിന്നു രാവിലെ എന്താണു കഴിച്ചത്?
- ദോശയും പത്തിരിയും വെള്ളപ്പവുമൊക്കെ എന്തുകൊണ്ടാണുണ്ടാക്കുന്നത്?
- അരിയെവിടുന്ന്, എങ്ങനെയാണു കിട്ടുന്നത്?
- നെല്ലെങ്ങനെയാണുണ്ടാവുന്നത്?

ഒന്നിനുതുടരെ മറ്റൊന്ന് എന്നനിലയിൽ കൃഷിയിലേക്ക് എത്തുംവിധം ചോദ്യങ്ങൾ ക്രമീകരിക്കണം.

'നമുക്കു കൃഷിയെക്കുറിച്ചുള്ള ഒരു കവിത വായിക്കാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ ടീച്ചർ നിർദ്ദേശിക്കുന്നു.

ടീച്ചർ ആശയം വ്യക്തമാക്കും വിധം ഭാവാത്മകമായി കവിത ചൊല്ലുകയുമാവാം.

**ആശയവിശകലനം**

പദങ്ങളുടെ അർത്ഥം കണ്ടെത്താം

അർത്ഥമറിയാത്ത പദങ്ങളുടെ അടിയിൽ കുട്ടികൾ പെൻസിൽ കൊണ്ടുവരയ്ക്കട്ടെ. നോട്ടുബുക്കിൽ എഴുതിയെടുത്താലും മതി. ഗ്രൂപ്പുകളായിരുന്ന് ആ പദങ്ങളുടെ അർത്ഥം സന്ദർഭത്തിൽ നിന്നൂഹിച്ചെടുത്ത് ആശയം ഗ്രഹിക്കാൻ ഒരു ശ്രമം നടത്താം.

ആശയവിശകലനത്തിനായി ടീച്ചർ ആദ്യ നാലുവരി വായിക്കുന്നു. കുട്ടികൾ മനസ്സിലായ ആശയം പറയട്ടെ. ടീച്ചർ വ്യക്തമാക്കുന്നു:

- രണ്ടുപേർ രാത്രിയിൽ പാടത്ത് പുഞ്ചകൃഷിക്കു വെള്ളം കോരിഒഴിക്കുകയാണ്. കഠിനാധ്വാനത്തിന്നിടയിൽ സമയംപോയതും പാതിരാക്കോഴി കൂവിയതുമൊന്നും അവർ അറിയുന്നേയില്ല. ഒരു വേട്ടുവനും അവന്റെ ഭാര്യയുമാണ് ആ കർഷകർ. ഭൂമിയുടെ പാദം പണിയുന്നവരാണവർ.

വേട്ടുവർ ഹിന്ദുസമുദായത്തിലെ ഒരു താഴ്ന്ന വർഗ്ഗമാണ്.

ഭൂമിക്കു പാദം പണിയുന്നവർ എന്നതുകൊണ്ടുദ്ദേശ്യം ഭൂമിയെ ചലനാത്മകമാക്കുന്നവർ എന്നാവാം. ആഹാരമുണ്ടെങ്കിലേ ജീവൻ നിലനിൽക്കൂ. ജീവനുണ്ടെങ്കിലേ ചലനമുണ്ടാവൂ. ഭൂമിയെ ജീവസ്സുറ്റവരാക്കുന്നവർ എന്നും അർത്ഥംകല്പിക്കാം.

- മൂടൽമഞ്ഞും ആകാശവും പരസ്പരം മുട്ടിച്ചേർന്ന് ഭൂതംകണക്കെ നിൽക്കുന്ന അന്തരീക്ഷത്തിൽ അർദ്ധനഗ്നരായ ഈ ദമ്പതികൾ പുഞ്ചകൃഷിക്കു വെള്ളം നൽകി സന്തോഷിപ്പിക്കുകയാണ്.
- തേവുന്ന പാത്രം വെള്ളത്തിൽ മുങ്ങുകയും പൊങ്ങുകയും ചെയ്യുമ്പോഴുണ്ടാകുന്ന തേങ്ങൽ ശബ്ദത്തോടൊപ്പം കണ്ഠത്തിൽ തടഞ്ഞ കരച്ചിൽപോലെയുള്ള അത്യുച്ചത്തിലുള്ള ഇവരുടെ പാട്ടുകൾ ദിക്കുകൾ ദു:ഖത്തോടെ ശ്രവിച്ചുക്കൊണ്ടിരിക്കുന്നു.

രാത്രികളിൽ ഉറക്കൊഴിഞ്ഞ് അധ്വാനിക്കുന്ന കർഷകരുടെ നൊമ്പരം ഈ വരികളിൽ വ്യക്തമാണ്.

- നല്ലതുലാവർഷം പ്രതീക്ഷിച്ചതായിരുന്നു. പക്ഷേ പെയ്തില്ല. അങ്ങനെ വൃശ്ചികമാസവും കടന്നുപോയി. ഇതിനിടെ നാനാചരാചരത്തിന്റെയും ദാഹംകെടുത്തുവാൻ നാലഞ്ചുതുള്ളി ജലമേ ആകാശത്തിൽ നിന്നുതിർന്നു വീണുള്ളൂ.
- കഠിനമായ ചൂടുമായി മരുഭൂമിയിലെ യാത്രക്കാരെപ്പോലെയെത്തുന്ന ഓരോ ദിവസവും പാടത്തെ വെള്ളം കുടിച്ചു കളഞ്ഞതിനാൽ ഇളം നെൽത്തൈകളെല്ലാം വാടിത്തുടങ്ങിയിരിക്കുന്നു.
- കുരുമുളകുകൊടിയുടെ കായ്ത്തിരികൾ ചുവക്കുന്നതിനു മുമ്പുതന്നെ ഉണങ്ങിക്കൊഴിഞ്ഞു പോയിരിക്കുന്നു.
- കാർമേഘത്തെ പ്രതീക്ഷിച്ചിരിക്കുന്ന ഭൂമിയെ പാഴ്മഞ്ഞുപൊഴിച്ച് പരിഹസിക്കുകയാണ് ആകാശം. കഷ്ടം!
- മൂകയായ പ്രകൃതിയുടെ അന്ധമായ ഈ ക്രൂരത എങ്ങനെയാണു മനഷ്യൻ സഹിക്കുക!
- പ്രകൃതിയുടെ ഈ കൊടുംക്രൂരതയോടു പോരാടുന്നവരാണ് അർദ്ധരാത്രിയിലും പുഞ്ചയ്ക്കു തേവുന്ന ഈ കർഷകർ.
- പഞ്ചഭൂതങ്ങളോട് (പ്രകൃതി) യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന താഴ്ന്ന ജാതിക്കാരായ ഈ കർഷകരാണ് ഏറ്റവും വലിയ പടയാളികൾ.
- ജനങ്ങളെല്ലാം സംതൃപ്തിയുടെ തൊട്ടിലിൽ നിദ്രയുടെ തലോടലേറ്റു മയങ്ങിക്കിടക്കുമ്പോൾ ഈ ധീരനായ പുരുഷൻ പാടത്ത് തണ്ണീരിലൂടെയൊഴുക്കുന്നതു തന്റെ ജീവരക്തം തന്നെയാണ്. ആ സ്ത്രീയാവട്ടെ വെള്ളം തേവാൻ സഹായിച്ചുകൊണ്ട് കാന്തന്റെ തേരിന്റെ കടിഞ്ഞാൺ പിടിക്കുകയാണ്. ഭർത്താവിനു ശക്തിയും സഹായവും സുരക്ഷിതത്വവും നൽകിക്കൊണ്ട് അവൾ കൂടെ നിൽക്കുന്നു എന്നർത്ഥം.

- പാട്ടുകൾ പാടിക്കൊണ്ടവൾ തന്റെ കൂട്ടാളിയുടെ തണുപ്പും തളർച്ചയുമകറ്റുന്നു. ഭർത്താവിന് ആവേശം പകരാൻ അവൾ പാടുന്നത് പാലാട്ടുകോമൻ തന്റെ വാളുകൊണ്ട് രക്തപ്പുഴയൊഴുക്കിയ കഥകളാണ്. (പാലാട്ടുകോമൻ നാടൻപാട്ടുകളിലെ ഒരു കഥാപാത്രമാണ്.)
- വീറോടെ പോരാടിക്കൊണ്ടിരിക്കുന്ന ഈ രണ്ടുപോരാളികളെ പാടിപ്പുകഴ്ത്തുവാൻ ആരാണുള്ളത്?

**വരികൾ കണ്ടെത്താം TB**

കവിതാവരികൾ കണ്ടെത്താൻ നൽകിയിരിക്കുന്ന ആശയം ടീച്ചർ വായിക്കുന്നു. കുട്ടികൾ ആ ആശയമുള്ള വരികൾ കണ്ടെത്തട്ടെ. ടീച്ചർ നിർദ്ദേശിക്കുന്നവർ ആ വരികൾ ചൊല്ലുന്നു. മറ്റു കുട്ടികൾ വിലയിരുത്തട്ടെ.

**അലങ്കാരഭംഗി കണ്ടെത്താം TB**

"വർദ്ധിച്ച താപേന ............................... വാരിളം നെല്ലുകൾ"

ഈ വരികൾ എന്തിനെയാണ്, എന്തിനോടാണു സാദൃശ്യപ്പെടുത്തിയിരിക്കുന്നതെന്നു കുട്ടികൾ കണ്ടെത്തട്ടെ.

കഠിനമായ ചൂടുമായി വരുന്ന ദിനങ്ങളെ മരുഭൂമിയിലെ യാത്രക്കാരോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു. എത്രത്തോളം ഉചിതമാണ് ഈ സാദൃശ്യപ്പെടുത്തൽ?

മരുഭൂമിയിൽ കടുത്ത ചൂടായിരിക്കും. അതിലൂടെ യാത്ര ചെയ്യുന്നവർ കൊടുംദാഹത്താൽ കഷ്ടപ്പെടുന്നതിനാൽ കൈയിലുള്ള ജലമെല്ലാം പെട്ടെന്നു കുടിച്ചു തീർന്നുപോകും. അതുപോലെ കഠിനമായചൂടുള്ള ദിനങ്ങൾ ഭൂമിയിലെ വെള്ളമെല്ലാം വലിച്ചൂറ്റിയെടുക്കുന്നു. ഉചിതമായ സാദൃശ്യകല്പനതന്നെയാണിത്. അലങ്കാരം ഉപമ.

**വിഗ്രഹിച്ചെഴുതുക**

ഭാഷയിലെ പദങ്ങൾക്കെല്ലാം സവിശേഷാർത്ഥമുണ്ട്. വ്യത്യസ്താർത്ഥമുള്ള പദങ്ങളെ ഇണക്കത്തോടെ കൂട്ടിച്ചേർക്കുമ്പോൾ സുന്ദരവും അർത്ഥസമ്പുഷ്ടവുമായ സമസ്തപദങ്ങൾ രൂപംകൊള്ളും. ഒന്നിൽ കൂടുതൽ പദങ്ങളെ ഇടയിലുള്ള പ്രത്യയങ്ങളെയോ പദങ്ങളെയോ ഒഴിവാക്കിക്കൊണ്ട് ഒറ്റപ്പദമാക്കുന്ന പ്രക്രിയയാണു സമാസം. സമാസിച്ചുണ്ടാകുന്ന ഒറ്റപ്പദങ്ങളെ സമസ്തപദം എന്നു പറയുന്നു. സമാസിച്ചപ്പോൾ ഏതെങ്കിലും ശബ്ദങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അവ ചേർത്ത് സമാസാർത്ഥം പൂർണരൂപത്തിലാക്കുന്നതിന്നാണു വിഗ്രഹിക്കൽ എന്നു പറയുന്നത്.

| സമസ്തപദം | വിഗ്രഹാർത്ഥം |
|---|---|
| നിണപ്പുഴ | നിണത്തിന്റെ പുഴ |
| മൂടൽമഞ്ഞഭ്രം | മൂടൽ മഞ്ഞാകുന്ന അഭ്രം |
| ഗദ്ഗദരുദ്ധം | ഗദ്ഗദത്താൽ രുദ്ധമായത് |
| ചരാചരം | ചരങ്ങളും അചരങ്ങളും |
| മൂകപ്രകൃതി | മൂകമായ പ്രകൃതി |
| പഞ്ചമർ | അഞ്ചാമത്തെ വിഭാഗം |
| ജീവരക്തം | ജീവൻ നിലനിർത്താനുള്ള രക്തം |

**പിരിച്ചെഴുതുക**

പ്രകൃതിപ്രത്യയങ്ങളോ പദങ്ങളോ തമ്മിൽ ചേരുമ്പോൾ വർണ്ണങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങളെയാണു സന്ധി എന്നുപറയുന്നത്. പിരിച്ചെഴുതുമ്പോൾ ഈ വർണ്ണങ്ങളെ മുമ്പുണ്ടായിരുന്ന വിധം വ്യക്തമാക്കണം.

| സന്ധി | | പിരിച്ചെഴുത്ത് |
|---|---|---|
| അത്യുച്ചം | - | അതി + ഉച്ചം |
| നാമമുതിർക്കുക | - | നാമം + ഉതിർക്കുക |
| ചരാചരം | - | ചര + അചരം |
| മരുഭൂവിലെയധ്വഗർ | - | മരുഭൂവിലെ+ അധ്വഗർ |
| ഇപ്പെരും | - | ഈ + പെരും |
| തേവിക്കൊടുക്കുമിപ്പെൺകൊടി | - | തേവിക്കൊടുക്കും+ഈ+പെൺകൊടി |
| പെണ്ണിവർ | - | പെണ്ണ് + ഇവർ |

വർണ്ണമാറ്റങ്ങൾ തിരിച്ചറിയാൻ ഇവ BBയിൽ കുറിച്ച് വിശദമാക്കിക്കൊടുക്കണം.

**പര്യായപദങ്ങളെഴുതുക WB**

| | | |
|---|---|---|
| ആകാശം | - | അഭ്രം, വാനം, മാനം, ഗഗനം |
| ഭൂമി | - | ഊഴി, ധരണി, ക്ഷിതി |
| മഴ | - | മാരി, വൃഷ്ടി,വർഷം |
| ഉറക്കം | - | നിദ്ര , സുപ്തി, സുഷുപ്തി |
| മഞ്ഞ് | - | തുഷാരം, ഹിമം, പ്രാലേയം |

**വിശദമാക്കുക** WB

- കർഷകരെ പടയാളികൾ എന്നു വിശേഷിപ്പിച്ചത് ശരിയാണോ?
- ഏതർത്ഥത്തിലാണ് അവർ പടയാളികളാകുന്നത്?

കുട്ടികൾ സ്വന്തം കാഴ്ചപ്പാടുകൾ വിശദമാക്കട്ടെ.

ടീച്ചർ സംഗ്രഹിക്കുന്നു : കൃഷി മിക്കവാറും കാലാവസ്ഥയെയും പ്രകൃതിയെയും ആശ്രയിച്ചാണു നിലകൊള്ളുന്നത്. പ്രകൃതി ചിലപ്പോൾ അതിശക്തമായി ആഞ്ഞടിക്കും. കൊടുങ്കാറ്റായും ഇടിത്തീയായും വെള്ളപ്പൊക്കമായും മറ്റും കൃഷികൾക്കു വൻനാശം വരുത്തും. ചിലപ്പോൾ അതിശക്തമായ കൊടുംവെയിലിൽ പൊരിക്കും. അപ്പോഴൊക്കെ കർഷകൻ പ്രകൃതിയോടു പടപൊരുതേണ്ടി വരുന്നുണ്ട്. വെള്ളമില്ലാതാവുമ്പോൾ വെള്ളം തേടിയെത്തിക്കണം. ദുരന്തങ്ങളിൽ നിന്നു രക്ഷിക്കാൻ പാടുപെടണം. ഇങ്ങനെ നോക്കുമ്പോൾ കർഷകന്റെ ജീവിതം പ്രകൃതിയോടും മണ്ണിനോടും കാലാവസ്ഥയോടുമുള്ള പോരാട്ടം തന്നെയാണ്. ഈയർത്ഥത്തിൽ കർഷകരെ പടയാളികൾ എന്നു വിശേഷിപ്പിക്കുന്നത് ഉചിതമായ പ്രയോഗമാണ്.

ചർച്ചയിലൂടെ വ്യക്തമായ ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ വിശദീകരണക്കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ ചർച്ചചെയ്തു മെച്ചപ്പെടുത്തണം.

ഏതാനും കുറിപ്പുകൾ ക്ലാസിൽ വായിച്ച് പൊതുചർച്ചയ്ക്ക് വിധേയമാക്കാവുന്നതാണ്.

**ഔചിത്യം വിശദമാക്കുക WB**

"ഒന്നൊരു .......................... പാദം പണിയുവോർ"

കർഷകരായ ദമ്പതികളെ പാരിന്റെ പാദം പണിയുന്നവർ എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എത്രത്തോളം ഉചിതമാണ്?

'പാരിന്റെ പാദം' എന്ന വിശേഷണം ചർച്ചയ്ക്കു വിധേയമാക്കണം.

പാദം ചലനത്തെ സൂചിപ്പിക്കുന്നു; അതോടൊപ്പം നിലനില്പിനെയും. പാദമില്ലാതെ നിൽക്കാനും നടക്കാനും കഴിയില്ലല്ലോ.

ഭക്ഷണമാണ് മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ജീവിക്കാനുള്ള കരുത്ത് നൽകുന്നത്. അപ്പോഴേ ജീവിതം നിലനിൽക്കൂ. അപ്പോഴേ ചലനങ്ങളുണ്ടാവൂ.

ഈ അടിസ്ഥാനാവശ്യമായ ഭക്ഷ്യവസ്തുക്കളുടെ ഉല്പാദകരാണു കർഷകർ. അവർ ഒന്നും ഉല്പാദിപ്പിക്കുന്നില്ലെങ്കിൽ ജീവിതം തകർന്നടിയും. ആ നിലയ്ക്ക് ഭൂമിയുടെ നിലനില്പും ചലനവും കർഷകരെ ആശ്രയിച്ചിരിക്കുന്നു. വളരെ ഉചിതമായ പ്രയോഗമാണിത്.

**കവിത ചൊല്ലാം, ആശയം ഗ്രഹിക്കാം TB**

സമാനാശയമുള്ള കവിതകൾ പരിചയപ്പെടുക എന്ന ഉദ്ദേശ്യത്തോടെയാണ് അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ 'ഇടിഞ്ഞുപൊളിഞ്ഞ ലോകം' എന്ന കവിതയിലെ ഈ വരികൾ ഉദ്ധരിച്ചിരിക്കുന്നത്. വരികൾ കുട്ടികൾ വായിച്ച് ആശയം ഗ്രഹിക്കട്ടെ.

സൂചനകൾ വ്യക്തമാക്കാൻ ലഘുചർച്ചയാവാം.

- കവിയുടെ മാനസഭിത്തിയിൽ പതിഞ്ഞ കർഷകന്റെ രൂപം എങ്ങനെയുള്ളതാണ്?
- കർഷകന്റെ നെടുവീർപ്പും രക്തകണങ്ങളും എവിടെയെല്ലാമാണ് കവി കാണുന്നത്?
- ഏതു സത്യം അറിഞ്ഞപ്പോഴാണ് കവിയുടെ കരളിലെ അമ്പിളി കെട്ടുപോയത്?

ക്രോഡീകരണം

- കാളകളുടെ പിന്നാലെ കരിയിന്മേൽ കൂന്നുനിന്നു നീങ്ങുന്ന ക്ഷീണിതനായ കർഷകന്റെ രൂപം കവിയുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.
- കർഷകന്റെ നെടുവീർപ്പുകളാണ് നെല്ലോലകളുടെ ചലനത്തിൽ കവി കാണുന്നത്.
- ഉയർന്നുവരുന്ന കുലകളിലൂറുന്നത് അവന്റെ രക്ത കണങ്ങളാണ്.

കർഷകൻ തന്റെ ശരീരവും ആത്മാവും സമർപ്പിച്ചാണ് കൃഷി വിളയിച്ചെടുക്കുന്നത് എന്നു സാരം. എന്നാൽ അവയുടെ ഫലങ്ങൾ ഭക്ഷിക്കുന്നതവനല്ല. നിസ്സാരമായ കൂലി, അല്ലെങ്കിൽ ചെറിയൊരു വില മാത്രമാണവനു ലഭിക്കുന്നത്. ഈ സത്യമറിഞ്ഞപ്പോൾ കവിയുടെ മനസ്സിലെ സന്തോഷം നഷ്ടപ്പെട്ടുപോയി. (കരളിലെ അമ്പിളി = മനസ്സിലെ പ്രകാശം – അതിന്നാണല്ലോ നാം സന്തോഷം, സംതൃപ്തി എന്നൊക്കെ പറയുന്നത്.)

ആസ്വാദനക്കുറിപ്പ് തയ്യാറാക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?

- ആസ്വദനീയാംശങ്ങൾ കണ്ടെത്തുകയെന്നതാണു പ്രധാനം.
- ആ അംശങ്ങൾ മറ്റുള്ളവർക്കു മനസ്സിലാകും വിധം വിവരിക്കണം.
- ഈ വരികളിലെ ആസ്വദനീയാംശങ്ങൾ എന്തൊക്കെയാണ്? സൂചനകളിലൂടെ കുട്ടികൾ കണ്ടെത്തട്ടെ.
- കർഷകന്റെ രൂപം ചിത്രീകരിച്ചിരിക്കുന്നത്
- നെല്ലോലകളുടെ ചലനത്തിലും കുലകളിലും കവി കാണുന്നത്
- കവിയുടെ കരളിലെ അമ്പിളി കെട്ടുപോയത്........

  ആസ്വദനീയമായ അംശങ്ങൾ വിശദീകരിച്ച് കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.

  ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തണം. ടീച്ചർ വിലയിരുത്തണം

## പാഠം 2

# പഞ്ചുരുളി

അംബികാസുതൻ മാങ്ങാടിന്റെ ഹൃദയസ്പർശിയായ ഒരു കഥയാണ് പഞ്ചുരുളി. 'എൻമകജ' എന്ന നോവലിലൂടെ ഒരു പ്രദേശം അനുഭവിക്കുന്ന തീരാദുരിതങ്ങൾ ലോകത്തിന്റെ മനസ്സിൽ തട്ടുംവിധം അവതരിപ്പിച്ച കഥാകാരൻ പഞ്ചുരുളിയിൽ സൂചിപ്പിക്കുന്നതും അതേ യാഥാർത്ഥ്യങ്ങൾ തന്നെയാണ്. മരുതടക്കം കോളനിയിലെ ജനങ്ങളുടെ ദുരിതവും പുറംലോകം അവരെ ചൂഷണംചെയ്യുന്ന രീതിയും നേരിട്ടുപറയുന്ന രീതിയിലാണ് കഥ ആവിഷ്ക്കരിച്ചിരിക്കുന്നത്. എന്നാൽ പല രംഗങ്ങളും വിശദീകരിക്കാതെ വായനക്കാർക്ക് ഊഹിക്കാൻ വിട്ടുകൊണ്ട് കഥാകാരൻ പിന്മാറുന്നതും കാണാം.

മിന്നി എന്ന എട്ടുവയസ്സുകാരിയുടെ കാഴ്ചയിലൂടെയാണു കഥയുടെ തുടക്കം. എട്ടുവയസ്സായെങ്കിലും നാലുവയസ്സിന്റെ ഉടൽമാത്രമുള്ള, ജന്മനാ കാൽപാദങ്ങൾ പിന്നിലേക്കു തിരിഞ്ഞുള്ള പെൺകുട്ടി. കോളനിയിലേക്കൊരു വലിയ കാർ ഒഴുകിവരുന്നതുകണ്ട് അവൾ സന്തോഷിക്കുന്നു.

'കോളനിയിലാരിക്ക്യോ കോളടിച്ചമ്മാ' എന്ന ലിങ്കിയുടെ പ്രതികരണത്തിൽ അവിടത്തെ ജനങ്ങളുടെ അജ്ഞതയുടെ, നിഷ്കളങ്കതയുടെ ആഴത്തിലേക്കുള്ള സൂചനയുണ്ട്. അങ്ങനെ ആദ്യം തന്നെ കോളടിച്ച കുടുംബമാണ് ഐത്തപ്പന്റേത്. ഐത്തപ്പന്റെയും അയാളുടെ ഭാര്യയായ ലിങ്കിയുടെയും വൃക്ക ഇതിനകം ഈ കോളടിക്കലിന്റെ ഭാഗമായി നഷ്ടപ്പെട്ടിരിക്കുന്നു. അവരുടെ മാത്രമല്ല, കോളനിയിലെ പ്രായപൂർത്തിയെത്തിയ എല്ലാവരുടെയും വൃക്ക നഷ്ടമായിരിക്കുന്നു. പ്രായപൂർത്തി വന്ന ഒരാളും നെഞ്ചിനുകീഴെ വാൾപ്പാടുകളേൽക്കാത്തവരായി ആ കോളനിയിലില്ലെന്ന കഥാകാരന്റെ വാക്കുകൾ ഈ 'കോളടിയുടെ' ഭീകരാവസ്ഥയിലേക്കാണു സൂചന നൽകുന്നത്.

കാട്ടിൽനിന്നു തേൻ ശേഖരിച്ചുവിറ്റും മറ്റും വലിയ പ്രയാസമില്ലാതെ ജീവിച്ചുവന്നവരായിരുന്നു കോളനിവാസികൾ. എന്നാൽ സർക്കാരിന്റെ ഇടപെടലുകൾ അവരുടെ ജീവിതത്തിൽ ദുരിതങ്ങൾ തീർത്തു. കാടുവെട്ടിത്തെളിയിച്ച് കശുമാവുകൾ വച്ചുപിടിപ്പിച്ചു. കാട്ടിൽനിന്നു തേൻ ശേഖരിച്ചിരുന്നവർക്കു സൗജന്യമായി തേൻകൂട് നൽകി സന്തോഷിപ്പിച്ചു. എന്നാൽ കശുമാവുകൾ പൂത്തതോടെ എല്ലാം തകിടം മറിഞ്ഞു. മരുന്നടിക്കാൻ പങ്കയുള്ള വിമാനങ്ങൾ വന്നു. അതോടെ തേനീച്ചകളില്ലാതായി. മരുന്നുമഴയിൽ കുളിച്ചു ജനങ്ങൾ മാരകരോഗികളായി. അവർക്കുപിറന്ന കുട്ടികൾ ഒന്നുകിൽ ചാപിള്ളകൾ! അല്ലെങ്കിൽ വികൃതരൂപികൾ!

ജീവിതം വഴിമുട്ടിയ അവരെത്തേടിയാണ് ലോനപ്പനെപോലെയുള്ള 'ദൈവങ്ങൾ' കടന്നു വന്നത്. അവർ കോളനിയിലെ ജനങ്ങൾക്കു ചില ജോലികൾ നൽകി. പണം കൊടുത്ത് വിധേയരാക്കി. കടം ഈടാക്കാനും മറ്റുമായി പുറംലോകത്തെ 'ദൈവങ്ങളെ' കൂട്ടിവന്നു. 'ശരീരത്തിൽആവശ്യമില്ലാത്ത' വൃക്കക്ക് മടിനിറയെ പണം കൊടുത്തു. അങ്ങനെ ജനങ്ങളെ ദുരിതത്തിനു മേൽ ദുരിതത്തിലേക്കു തള്ളിവിടുന്ന ചൂഷകരുടെ വികൃതമുഖം തുറന്നുകാണിക്കുന്നു ഈ കഥയിലൂടെ. സായിപ്പിന്റെ വൃക്ക നഷ്ടപ്പെട്ട മകൾക്കായി മിന്നി എന്ന എട്ടുവയസ്സുകാരിയും രോഗിയുമായ മകളെയുമായി ഐത്തപ്പൻ അവരോടൊപ്പം കാറിൽ കയറുന്ന ദാരുണരംഗത്തോടെ കഥ അവസാനിക്കുന്നു.

ഇവിടെ പലതരം ചൂഷണങ്ങൾ നടക്കുന്നു. ജനദ്രോഹപരമായ നടപടികൾ പലഭാഗത്തുനിന്നുമുണ്ടാകുന്നു. ഇവ തിരിച്ചറിയാൻ കുട്ടികളെ പ്രേരിപ്പിക്കുക, മാരകമായ രോഗങ്ങൾ വിതറുന്ന കീടനാശിനികളുടെ ഉപയോഗത്തിനെതിരെയുള്ള ബോധം വളർത്തുക, തിന്മകൾക്കെതിരെ പ്രതികരിക്കാനുള്ള മനോഭാവം സൃഷ്ടിക്കുക തുടങ്ങിയവയാണ് ഈ കഥയുടെ ലക്ഷ്യം. അതോടൊപ്പം നിവേദനം, പ്രഭാഷണം തുടങ്ങിയ വ്യവഹാരരൂപങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള ശേഷി വളർത്താനും അവസരം പ്രയോജനപ്പെടുത്തണം

## പാഠാവതരണം

പാഠഭാഗത്ത് 13-ാംപേജിൽ നൽകിയിരിക്കുന്ന ചിത്രങ്ങൾ കുട്ടികൾ നിരീക്ഷിക്കട്ടെ.
എന്താണ് ഈ ചിത്രങ്ങളിൽ കാണുന്ന കുട്ടികളുടെ അവസ്ഥ? എന്തുകൊണ്ടിങ്ങനെ ജനിക്കുന്നു? ഓരോ ചിത്രവും വിലയിരുത്തുക.
ക്രോഡീകരണം:

- കേരളത്തിലെ ഒരു പ്രദേശത്ത് ഇത്തരം കുഞ്ഞുങ്ങൾ ധാരാളമായി പിറക്കുന്നു.
- കശുമാവുതോട്ടത്തിൽ എൻഡോസൾഫാൻ എന്ന കീടനാശിനി തളിക്കാൻ തുടങ്ങിയതോടെയാണ് അവിടെ ഇത്തരത്തിലുള്ള കുഞ്ഞുങ്ങൾ പിറക്കാൻ തുടങ്ങിയത്.
- ചാപിള്ളകൾ പിറക്കുന്നതും അവിടെ സാധാരണമാണ്.
- അവിടത്തെ ജനങ്ങളിൽ നല്ലൊരു വിഭാഗം മാരകമായ പലതരം രോഗങ്ങളാൽ കഷ്ടപ്പെടുന്നവരാണ്.
- കീടനാശിനികളുടെ ഉപയോഗം മനുഷ്യരെയും ഇതരജീവജാലങ്ങളെയും  തീരാദുരിതത്തിലേക്കു തള്ളിവിടുന്നു.

ഇങ്ങനെ ദുരിതത്തിലാണ്ട പ്രദേശത്തെ ഒരു കുടുംബത്തിന്റെ കഥയാണു പഞ്ചുരുളിയിൽ പറയുന്നത് എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം.
ദീർഘമായ കഥയായതുകൊണ്ട് അല്പാല്പമായി കുട്ടികളെക്കൊണ്ടു വായിപ്പിക്കാം.
ടീച്ചർ കഥയുടെ ആദ്യഭാഗം ഭാവാത്മകമായി വായിക്കുന്നു.
ബാക്കിഭാഗം കുട്ടികൾ മാറിമാറി വായിക്കട്ടെ.

## വിശകലനം ചെയ്യാം

കഥയുൾക്കൊള്ളുന്ന ആശയം കണ്ടെത്തുന്നതിന്റെ ഭാഗമായി ആദ്യം കഥാപാത്രങ്ങളാരെന്നു കണ്ടെത്താം. കുട്ടികൾ കഥാപാത്രങ്ങളുടെ പേരുകൾ പറയട്ടെ. ടീച്ചർ അവ BBയിൽ കുറിക്കുന്നു:

- ചെനിയാറു
- ലിങ്കി
- മിന്നി
- ഐത്തപ്പൻ
- സായിപ്പ്
- ലോനപ്പൻ

ഓരോ കഥാപാത്രത്തിനും കഥയിലുള്ള പങ്ക് കണ്ടെത്താം.

ചെനിയാറു : ഐത്തപ്പന്റെ അമ്മ, രോഗിയായി കിടപ്പിലാണ്.

ലിങ്കി : ഐത്തപ്പന്റെ ഭാര്യ, മിന്നിയുടെ അമ്മ ആദ്യംപെറ്റതു നാലും ചാപിള്ളകളായിരുന്നു. വീട്ടിലെ കഷ്ടപ്പാടുകൾ തീർക്കാൻ അവരുടെയും വൃക്ക വിറ്റിട്ടുണ്ട്.

ഐത്തപ്പൻ : കുടുംബനാഥൻ, മിന്നിയുടെ അച്ഛൻ. കാട്ടിൽനിന്നു തേൻ ശേഖരിച്ചു വിൽക്കുന്ന ജോലിയായിരുന്നു. കശുമാവിൻ തോട്ടത്തിൽ മരുന്നടി തുടങ്ങിയതോടെ തേനില്ലാതായി. അമ്മയുടെ രോഗചികിത്സക്കും മകളുടെ കാൽ നേരെയാക്കുന്നതിനും കുടുംബത്തെ സംരക്ഷിക്കാനും വഴികാണാതെ കഷ്ടപ്പെട്ടപ്പോൾ ലോനപ്പന്റെ നിർദ്ദേശപ്രകാരം വൃക്ക വിറ്റു.ഇതോടെ രോഗിയുമായി. എന്നിട്ടും സാമ്പത്തിക പ്രയാസം തീരാതായപ്പോൾ ഭാര്യയുടെ വൃക്കയും വിറ്റു. അവസാനം മകളുടെ വൃക്കയും വിൽക്കാൻ നിർബന്ധിതനായിരിക്കുന്നു.

മിന്നി : ഐത്തപ്പൻ – ലിങ്കി ദമ്പതികൾക്ക് ആറ്റുനോറ്റുണ്ടായ പൊന്നുമോൾ. കാല്പാദങ്ങൾ രണ്ടും പിറകോട്ടാണ്; കൂടാതെ മാറാരോഗിയും. എട്ടുവയസ്സായെങ്കിലും നാലുവയസ്സിന്റെ വളർച്ചയേയുള്ളൂ. അച്ഛനോടേറെയിഷ്ടമാണവൾക്ക്.

സായിപ്പ് : ന്യൂയോർക്കിലെ ബ്ലൂലഗൂണിൽ നിന്നു വന്നതാണ്. അവിടെ ഹോസ്പിറ്റലിൽ ഐസിയുവിൽ കിടക്കുന്ന മകളുടെ വൃക്ക മാറ്റി വെയ്ക്കലിനായി വൃക്കതേടി വന്നിരിക്കുകയാണ്.

ലോനപ്പൻ : കോളനിയിലെ പാവങ്ങളുടെ കാണപ്പെട്ട ദൈവമായി വിലസുന്ന വില്ലൻ. കോളനിയിലുള്ളവർക്കു ജോലി കൊടുക്കുന്നു, പണം കടം കൊടുക്കുന്നു. അതേസമയം കോളനിയിലുള്ള നിരക്ഷരരായ പാവങ്ങളെ പറ്റിച്ച് ചുരുങ്ങിയ പണം നൽകി വൃക്കക്കച്ചവടം നടത്തുന്നു.

ഓരോ കഥാപാത്രത്തിന്റെയും സവിശേഷതകളും കഥയിൽ അവരുടെ സ്ഥാനവും പ്രവൃത്തികളും ഇതോടൊപ്പം വിശകലന വിധേയമാക്കണം.

**കണ്ടെത്താം TB**

അവധാരണ ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു കൃത്യതയും വ്യക്തതയുമുണ്ടാക്കാം. ടീച്ചർ വിലയിരുത്തണം.

**വാക്കുകൾക്കപ്പുറം വായിക്കാം TB**

സന്ദർഭങ്ങളിൽനിന്ന് ഊഹിക്കാവുന്നതെന്തെല്ലാം?

കുട്ടികൾ വാക്യങ്ങൾ വായിക്കട്ടെ. സ്വന്തം ഊഹങ്ങൾ തുറന്നു പറയട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു:

- സ്വന്തം വൃക്ക വിറ്റു തുലച്ചയാളാണ് ഐത്തപ്പൻ. കടം ചോദിച്ചുചെന്നപ്പോൾ ലോനപ്പൻ അയാളോടു പറയുന്നു, കെട്ടിയോളുടെ വൃക്കയും കൊടുക്കാൻ. നിരക്ഷരനായ ഐത്തപ്പന് പുതിയ അറിവായിരുന്നു സ്ത്രീകൾക്കും വൃക്കയുണ്ടെന്നത്. തന്റെ വൃക്ക വിറ്റ പണംകൊണ്ടു മിന്നിമോ

ളുടെ രോഗം സുഖപ്പെടുത്താനും അവളുടെ പാദങ്ങൾ നേരെയാക്കാനും കഴിഞ്ഞില്ലല്ലോ എന്ന സങ്കടം അയാൾക്കുണ്ട്. അപ്പോഴാണ് ഈ പുതിയ അറിവ്. ഭാര്യയുടെ വൃക്കവിറ്റ് മകളെ ചികിത്സിച്ചു സുഖപ്പെടുത്തുന്ന കാര്യം അയാൾ ഭാവനയിൽ കാണുകയാണ്.

- ഭാര്യയുടെ വൃക്കയും വിറ്റെങ്കിലും ഐത്തപ്പന്റെ മോഹങ്ങളൊന്നും സഫലമായില്ല. അപ്പോഴാണ് ലോനപ്പൻ വീണ്ടും വൃക്ക തേടിവന്നത്. തന്റെ കോളനിയിൽ എല്ലാവരുടെയും വൃക്ക എടുത്തുകഴിഞ്ഞു. ഈ സാഹചര്യത്തിൽ തന്റെ സാമ്പത്തികപ്രയാസം നീക്കാനും ലോനപ്പനെ തൃപ്തിപ്പെടുത്താനുമെന്തുവഴി എന്ന അന്വേഷണത്തിലാണ് ഐത്തപ്പൻ തന്റെ പ്രിയപ്പെട്ട മകളിലേക്കെത്തുന്നത്. അവളെയും ഒരിരയാക്കുന്നതിൽ ഐത്തപ്പനു വിഷമമുണ്ട്. ഐത്തപ്പന്റെ ഭാവവും പ്രവൃത്തികളും അതാണു സൂചിപ്പിക്കുന്നത്.
- മരുന്നടിക്കാൻ വന്ന പങ്കയുള്ള വിമാനങ്ങളും മഴ വർഷിക്കുന്നതുപോലുള്ള മരുന്നിന്റെ പാറ്റലും ആദ്യമൊക്കെ കോളനിവാസികൾക്കു കൗതുകകരവും രസകരവുമായിരുന്നു. എന്നാൽ അനുഭവത്തിലൂടെ അവർ മനസ്സിലാക്കുന്നു; മരുന്നുമഴയിൽ കുളിച്ചാൽ പിന്നെ രോഗിയായി കിടക്കേണ്ടിവരുമെന്ന്. അത്രയും മാരകമായിരുന്നു അവിടെ തളിച്ചിരുന്ന മരുന്നുകൾ എന്നൂഹിക്കാം.
- മരുതടക്കം കോളനിയിലെ പ്രായപൂർത്തിയായ എല്ലാവരുടെയും വൃക്ക, അവരുടെ ദാരിദ്ര്യത്തെയും കഷ്ടപ്പാടിനെയും ചൂഷണംചെയ്തുകൊണ്ട് കച്ചവടക്കാർ വില്പന നടത്തിക്കഴിഞ്ഞു. അതാണ് നെഞ്ചിനുകീഴെയുള്ള വാൾപാടുകൾ സൂചിപ്പിക്കുന്നത്.

**കഥാപശ്ചാത്തലം**

കാസർക്കോട് ജില്ലയിലെ ഒരു ഗ്രാമമാണ് എൻമകജെ. ആ ഗ്രാമത്തിലെ സർക്കാർ കശുവണ്ടിത്തോട്ടത്തിൽ ഹെലികോപ്റ്ററുകൾ മരുന്നടിക്കാൻ തുടങ്ങിയതോടെ ആ ഗ്രാമത്തിലെ ജനങ്ങൾ രോഗികളായിത്തുടങ്ങി; മാരകമായ രോഗങ്ങൾ. കാൻസർ മുതൽ മാനസികവിഭ്രാന്തി വരെ. മരുന്നടി തുടങ്ങിയശേഷം അവിടെ പെറ്റുവീഴുന്ന കുഞ്ഞുങ്ങളിൽ നല്ലൊരു ശതമാനം ചാപിള്ളകളായി. ജീവനുള്ളവയ്ക്കാവട്ടെ പലതരം വൈകല്യങ്ങൾ. കൈകാലുകളില്ലാത്തവർ, വികൃതമായ കൈകാലുകളോടു കൂടിയവർ, വികസിച്ച തലയും ശോഷിച്ച കൈകാലുകളുമുള്ളവർ, വർഷങ്ങൾ കഴിഞ്ഞിട്ടും എഴുന്നേറ്റിരിക്കാനോ നടക്കാനോ ശേഷിയില്ലാത്തവർ.... ഇങ്ങനെ ശാരീരികവും മാനസികവുമായ ഒട്ടേറെ വൈകല്യങ്ങളുമായി അവിടെ കുഞ്ഞുങ്ങൾ പിറന്നുതുടങ്ങി. എൻഡോസൾഫാൻ എന്ന മാരകകീടനാശിനിയാണു പ്രശ്നകാരണമെന്നറിഞ്ഞതോടെ ജനങ്ങൾ മരുന്നുതളിക്കെതിരെ രംഗത്തിറങ്ങി. നീണ്ട സമരങ്ങളിലൂടെയും പരിസ്ഥിതി-ജനകീയാരോഗ്യ - രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഇടപെടലിലൂടെയും എൻഡോസൾഫാൻ വിഷവർഷം നിർത്തിയെങ്കിലും അപ്പോഴേക്കും അവിടെയുള്ള അനേകം തലമുറകൾ മാരകവിഷത്തിന്റെ ഇരകളായിക്കഴിഞ്ഞിരുന്നു. വർഷങ്ങൾ പിന്നിട്ട് ഇന്നും അതിന്റെ ദുരന്തം പേറുന്നവരാണ് എൻമകജെയിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങൾ. അവർക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന്നായി 2019 ആദ്യംവരെ സമരം നടന്നിരുന്നു എന്നോർക്കുക.

അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' എന്ന നോവൽ ഈ കഥ പറയുന്നുണ്ട്. പഞ്ചുരുളിയിലെ കഥയും അതിന്റെ ഒരു ഭാഗമാണ്.

എൻമകജെ എന്ന നോവൽ കുട്ടികൾ വായിക്കട്ടെ.

ഏതാനും കുട്ടികൾ അതിന്റെ സംഗ്രഹം തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കട്ടെ.

**ഔചിത്യം പരിശോധിക്കാം.**

എഴുത്തുകാർ തങ്ങളുടെ രചനയ്ക്കു ശീർഷകങ്ങൾ നൽകുന്നത് അവ അനുവാചകരെ വായിപ്പിക്കാൻ പ്രേരിപ്പിക്കണം എന്ന നിലയിലായിരിക്കും. അതുകൊണ്ടുതന്നെ പരമാവധി തന്റെ രചനയിലെ വിവിധവശങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കും ശീർഷകങ്ങൾ നൽകുന്നത്. ശീർഷകം രചനയുടെ അന്തസ്സത്തയെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം. അങ്ങനെയാണോ എന്നുള്ള പരിശോധനയാണ് ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തൽ എന്ന പ്രവർത്തനത്തിൽ നടക്കുന്നത്.

അംബികാസുതൻ എഴുതിയ ഈ കഥയ്ക്ക് 'പഞ്ചുരുളി' എന്ന ശീർഷകം എത്രത്തോളം യോജിക്കുന്നുണ്ട്? എന്തുകൊണ്ടായിരിക്കാം ഇങ്ങനെയൊരു ശീർഷകം നൽകിയത്? ശീർഷകം മുന്നോട്ടുവയ്ക്കുന്ന ആശയതലത്തെക്കുറിച്ചു കുട്ടികൾ ചർച്ച ചെയ്യട്ടെ. പാഠഭാഗത്ത് പരാമർശിക്കപ്പെട്ട പഞ്ചുരുളിത്തമ്പാച്ചിയെന്ന ദേവതയെ പരിഗണിച്ചുകൊണ്ടാണ് ഇ പേർ കഥയ്ക്കു നൽകിയത് എന്ന ധാരണ കുട്ടികൾ നേടിക്കഴിഞ്ഞിട്ടുണ്ടാവും.

ചർച്ചയ്ക്ക് ദിശാബോധം നൽകുന്ന സൂചനകൾ:

- ലിങ്കി പെറ്റത് നാലും ചാപിള്ളയായപ്പോൾ പഞ്ചുരുളിത്തമ്പാച്ചിക്കു നേർച്ച നേർന്നതു വഴിയാണ് മിന്നി പിറന്നത് എന്നാണ് അവർ വിശ്വസിക്കുന്നത്.
- അവരുടെ ആരാധ്യ ദേവതയാണ് പഞ്ചുരുളിത്തമ്പാച്ചി. മിന്നിയുടെ വൃക്ക വിൽക്കാൻ നിർബന്ധിതനായപ്പോൾ ഐത്തപ്പൻ പഞ്ചുരുളിത്തറയുടെ മുന്നിൽ കിടന്ന് അനുവാദം തേടുകയായിരുന്നു.
- അനുവാദം കിട്ടി എന്ന വിശ്വാസത്തിലായിരിക്കാം അയാൾ പിന്നെ മിന്നിയെ ഉടുപ്പുമാറ്റി പുറത്തേക്കു കൊണ്ടുപോകുന്നത്.
- ഐത്തപ്പന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് എല്ലാം നടക്കുന്നത്. ആ നിലക്ക് പഞ്ചുരുളിത്തമ്പാച്ചി തന്നതാണു തന്റെ മകളെയെന്നും അവളെ എന്തുചെയ്യണമെന്നു തീരുമാനിക്കാൻ തമ്പാച്ചിക്ക് അവകാശമുണ്ടെന്നും അയാൾ വിശ്വസിക്കുന്നുണ്ടാവാം. അന്ധമായ ഇത്തരം വിശ്വാസങ്ങൾ മനുഷ്യരെ കൊണ്ടെത്തിക്കുന്ന അവസ്ഥകൾ സൂചിപ്പിക്കാനാവാം 'പഞ്ചുരുളി' എന്ന ശീർഷകം കഥാകാരൻ നൽകിയത്.

**കണ്ടെത്തി എഴുതുക**

മാരകമായ കീടനാശിനി പ്രയോഗത്തിന്റെ ദുരന്തഫലങ്ങൾ പ്രകടമാക്കുന്ന സന്ദർഭങ്ങൾ:

- തേനീച്ച പൂർണ്ണമായി ഇല്ലാതായത് ഐത്തപ്പന്റെ തേനീച്ചപ്പെട്ടികൾ കാഴ്ചപ്പെട്ടികളായത്.
- മരുന്നു മഴയിൽ കുളിച്ചാൽ രോഗിയായി കിടക്കേണ്ടി വരുന്നത്.
- കോളനിയിൽ പ്രസവിച്ചു വീഴുന്ന കുഞ്ഞുങ്ങൾ ചാപിള്ളകളോ വൈകല്യമുള്ളവരോ ആകുന്നത്.

**പ്രതികരണക്കുറിപ്പ് തയ്യാറാക്കുക WB**

ലോനപ്പൻ എന്ന കഥാപാത്രം കടന്നുവരുന്ന ഭാഗങ്ങൾ കുട്ടികൾ വീണ്ടും വായിക്കട്ടെ. എന്തൊക്കെയാണ് ലോനപ്പന്റെ പ്രവർത്തനങ്ങൾ? സൂചനകൾ നൽകാം.

- കുടുംബം പുലർത്താൻ വഴികാണാതെ ഐത്തപ്പൻ വായ്പയ്ക്കു ചെന്നപ്പോൾ ലോനപ്പൻ വൃക്ക വില്പനയെക്കുറിച്ചു സംസാരിക്കുന്നു.
- നോട്ടുകൾ എണ്ണാൻ പോലുമറിയാത്ത ഐത്തപ്പനെ മദിരാശിയിൽ കൊണ്ടുപോയി വൃക്കയെടുത്ത് കുറഞ്ഞ കാശും നൽകി പറഞ്ഞയക്കുന്നു.

- പിന്നെയും കഷ്ടപ്പാടിലായപ്പോൾ ഭാര്യയുടെ വൃക്ക വിൽക്കാൻ പ്രലോഭിപ്പിക്കുന്നു.
- പണത്തോടുള്ള ആർത്തിതീരാത്ത ആ മനുഷ്യൻ അവസാനം ഐത്തപ്പന്റെ എട്ടുവയസ്സു പ്രായമുള്ള രോഗിയായ മിന്നിയുടെ വൃക്കയും കച്ചവടമാക്കുന്നു.

ഒട്ടും മന:സാക്ഷിക്കുത്തില്ലാത്ത, അതിക്രൂരമനസ്സുള്ളവർക്കേ ഇത്തരം പ്രവൃത്തികൾ ചെയ്യാൻ കഴിയുകയുള്ളൂ. വൃക്കയെടുക്കാൻ അനുവാദം നൽകുന്നത് ഐത്തപ്പനായേക്കാം; എന്നാൽ അടിച്ചേല്പിക്കുന്നത് എന്തും സ്വീകരിക്കുംവിധം ആ മനുഷ്യനെ ലോനപ്പൻ അടിമയും വിധേയനുമാക്കിക്കഴിഞ്ഞിട്ടുണ്ടെന്നാണു കഥയിൽ നിന്നു വ്യക്തമാകുന്നത്. ചർച്ചയിലൂടെ ഈ ആശയങ്ങൾ കുട്ടികൾ മനസ്സിലാക്കി പ്രതികരണക്കുറിപ്പ് തയ്യാറാക്കട്ടെ.

- വിദ്യാഭ്യാസമില്ലാത്ത കോളനിവാസികളെ ദുരന്തത്തിലേക്കു നയിക്കുന്നതിൽ ലോനപ്പൻ വലിയ പങ്കുവഹിച്ചിട്ടുണ്ട്.
- വൃക്കയുടെ മൂല്യത്തെക്കുറിച്ച് അവർക്കൊന്നുമറിയില്ല.
- പണമുണ്ടാക്കാൻ മുറിച്ചുകൊടുക്കാവുന്ന ഒരവയവമായാണ് അവർ വൃക്കയെ കാണുന്നത്.
- കീടനാശിനികൾ തീർക്കുന്ന ദുരന്തത്തെക്കുറിച്ചും അവർക്കൊന്നുമറിയില്ല. വിഷമഴയിൽ കുളിച്ചുകിടപ്പിലാവുമ്പോൾ മാത്രമാണ് കുറച്ചെങ്കിലും കാര്യങ്ങൾ അവർക്കു ബോധ്യമാകുന്നത്.
- ലോനപ്പനെപ്പോലുള്ള ചൂഷകർ നൽകുന്ന വിവരമാണ് അവർക്കു പുറംലോകത്തെക്കുറിച്ചുള്ളത്.
- തങ്ങൾ വഞ്ചിതരാവുകയാണെന്ന തിരിച്ചറിവ് അവർക്കുണ്ടാവുന്നില്ല. പുറത്തുനിന്ന് തങ്ങളെ ചൂഷണം ചെയ്യാൻ വരുന്നവരെ ദൈവതുല്യരായാണ് അവർ കാണുന്നത്. വിദ്യാഭ്യാസമില്ലാത്തതുകൊണ്ടാണല്ലോ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്.

<u>പ്രഭാഷണം തയ്യാറാക്കുക</u>

'മനുഷ്യരുടെ അത്യാർത്തി തീർക്കുന്ന ദുരിതങ്ങൾ' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കാം.

- കൂടുതൽ ലാഭം എന്ന ലക്ഷ്യത്തിൽ കശുവണ്ടിത്തോട്ടങ്ങളിൽ 'എൻഡോസൾഫാൻ' എന്ന മാരക കീടനാശിനി പ്രയോഗിച്ചതിനാലുണ്ടായ ദുരന്തങ്ങൾ വേണ്ടത്ര വിശകലനം ചെയ്തു കഴിഞ്ഞിട്ടുണ്ടല്ലോ. മാരകമായ കീടനാശിനികൾ കശുമാവുതോട്ടത്തിൽ മാത്രമല്ല, നെൽക്കൃഷിയിലും വാഴക്കൃഷിയിലും പച്ചക്കറികൃഷിയിലുമൊക്കെ ഉപയോഗിക്കുന്നുണ്ട്.
- ഉല്പാദനവർദ്ധനവിനു മാത്രമല്ല, വിളവുകൾ പെട്ടെന്നു കേടുവരാതിരിക്കാനും ഒന്നിച്ചു വിളവെടുക്കാനും പഴങ്ങൾ പഴുപ്പിക്കാനും ആകർഷകമായ നിറമുണ്ടാക്കാനുമൊക്കെ മാരകമായ രാസവസ്തുക്കൾ ധാരാളമായി ഉപയോഗിക്കുന്നുണ്ട്.
- പലഹാരങ്ങളിലും ഭക്ഷണപദാർത്ഥങ്ങളിലും രുചി കൂട്ടാനും കേടുവരാതെ സൂക്ഷിക്കാനും നിറം നൽകാനുമൊക്കെ ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ അധികവും കൊടുംവിഷങ്ങളാണ്.
- മാരകമായ കാൻസർ, കിഡ്നിരോഗങ്ങൾ തുടങ്ങിയവ വ്യാപകമാകുന്നതിൽ ഇവയ്ക്കെല്ലാം വലിയ പങ്കുണ്ട്.
- കൂടുതൽ ലാഭമുണ്ടാക്കുക, പണം കുന്നുകൂട്ടുക തുടങ്ങിയ അത്യാർത്തിയാണ് ഇത്തരം വസ്തുക്കൾ ചേർക്കാൻ കാരണമാകുന്നത്. ഇവയുടെ അപകടങ്ങളെക്കുറിച്ചു ധാരാളം ബോധവൽക്കരണങ്ങൾ നടന്നുകൊണ്ടിരുന്നിട്ടും സാമാന്യവിവരമുണ്ടായിട്ടും ഇവയൊന്നും ചേർക്കുന്നതിൽ നിന്നു പലരും ഒഴിവാകാത്തത് വൻലാഭം മാത്രം പ്രതീക്ഷിച്ചതാണ്. എന്തുതന്നെയാ

യാലും തങ്ങൾക്കു പണം കിട്ടണം, നഷ്ടം സംഭവിക്കരുത് എന്ന സ്വാർത്ഥതയും ആർത്തിയുമാണ് ഇതിനു പ്രേരകമാവുന്നത്.

ടീച്ചറുടെ വിവരണത്തിൽ നിന്നും ചർച്ചയിൽ നിന്നും ഉൾക്കൊണ്ട കാര്യങ്ങൾ കൂട്ടിച്ചേർത്ത് കുട്ടികൾ പ്രഭാഷണം എഴുതിത്തയ്യാറാക്കട്ടെ.

അതിനുമുമ്പ് പ്രഭാഷണത്തിന്റെ ഘടനയെക്കുറിച്ചുകൂടി ചർച്ചചെയ്യാം. മുൻ ക്ലാസുകളിൽ പരിചയപ്പെട്ടതാണെങ്കിലും എട്ടാംക്ലാസിൽ മികച്ചപ്രകടനം ആവശ്യമാണ്.

- അഭിസംബോധനാ വാക്യങ്ങൾ
- ആമുഖം – പ്രഭാഷണത്തിന്റെ വിഷയവും ലക്ഷ്യവുമെല്ലാം ആമുഖത്തിൽ വ്യക്തമാക്കണം.
- വിഷയാവതരണം
- പറയാനുള്ള വസ്തുതകൾ വ്യക്തമായി അവതരിപ്പിക്കണം.
- സ്വന്തം നിലപാടുകൾ സമർത്ഥിക്കണം.
- തപ്പിത്തടയാതെ ഒഴുക്കിൽ സംസാരിക്കണം. എഴുത്തിലും ഈ രീതി സ്വീകരിക്കണം.
- ഉച്ചാരണ സ്ഫുടത വേണം.
- അവസാനം ഉപസംഹരിക്കുന്ന വാക്കുകൾ വേണം.

ഈ വസ്തുതകൾ പരിഗണിച്ചു കുട്ടികൾ പ്രഭാഷണമെഴുതി ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തട്ടെ. ഏതാനും പേർ ക്ലാസിൽ പ്രഭാഷണം അവതരിപ്പിക്കണം. ഓരോ ഗ്രൂപ്പിൽനിന്നും ഓരോ കുട്ടിവീതം അവതരിപ്പിക്കട്ടെ.

## കഥാപാത്രനിരൂപണം

കഥാപാത്രത്തിന്റെ സ്വഭാവം, പ്രകൃതം, സമീപനരീതികൾ, കഥയിലെ സ്ഥാനം, മറ്റു കഥാപാത്രങ്ങളുമായുള്ള ബന്ധം തുടങ്ങിയവ ഗ്രൂപ്പിൽ ചർച്ചചെയ്തു കണ്ടെത്തി നിരൂപണക്കുറിപ്പ് തയ്യാറാക്കട്ടെ. കഥാപാത്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മുമ്പു വന്നിട്ടുണ്ട്.

## നിവേദനം തയ്യാറാക്കുക

കൃഷിത്തോട്ടങ്ങളിൽ മാരകമായ കീടനാശിനികൾ പ്രയോഗിക്കുന്നതു തടയാൻ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൃഷിമന്ത്രിക്കു സമർപ്പിക്കാനുള്ള നിവേദനം.

നിവേദനത്തിൽ എന്തെല്ലാമാണ് ഉൾക്കൊള്ളിക്കേണ്ടതെന്നും എങ്ങനെയാണ് എഴുതേണ്ടതെന്നും ചർച്ച ചെയ്യണം.

മേലധികാരികളിൽ നിന്നു വല്ലതും ആവശ്യപ്പെടുന്നതോ വല്ല പ്രശ്നവും പരിഹരിക്കാൻ നടപടി സ്വീകരിക്കാൻ അഭ്യർത്ഥിക്കുന്നതോ ഒക്കെയായിരിക്കും നിവേദനങ്ങൾ.

- ആര് ,ആർക്കാണു നിവേദനം സമർപ്പിക്കുന്നതെന്നു വ്യക്തമാക്കണം.
- എന്ത് ആവശ്യത്തിന്നാണു നിവേദനമെന്നു സൂചിപ്പിക്കണം.
- ആവശ്യപ്പെടുന്ന കാര്യം/ പരിഹരിക്കപ്പെടേണ്ട പ്രശ്നം ലളിതമായും സമഗ്രമായും അവതരിപ്പിക്കണം. അതിന്റെ കാരണം, പ്രത്യാഘാതങ്ങൾ തുടങ്ങിയവ വ്യക്തമാക്കണം.
- പരിഹരിക്കാനുള്ള മാർഗങ്ങൾ സൂചിപ്പിക്കണം.
- സമർപ്പിക്കുന്ന ആളുടെ പേരും ഒപ്പും എഴുതുന്ന സ്ഥലവും തീയതിയും കാണിക്കണം.

വിശദമായ ചർച്ചയ്ക്കുശേഷം കുട്ടികൾ വ്യക്തിഗതമായി നിവേദനം തയ്യാറാക്കി ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തി ക്ലാസിൽ അവതരിപ്പിക്കണം.
ടീച്ചർ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം.

## ക്രിയ പ്രയോഗിക്കുമ്പോൾ

മലയാളത്തിലെ സാധാരണ വാക്യഘടന കർത്താവ്, കർമ്മം, ക്രിയ എന്ന ക്രമമാണ്. ഇതിൽനിന്നു വ്യത്യസ്തമായി 'പുസ്തകം അനുഷയാൽ വായിക്കപ്പെട്ടു' എന്നു പറയുമ്പോൾ കർതൃസ്ഥാനത്തു വരുന്നത് പുസ്തകമായിരിക്കും. 'പുസ്തകം ആരാൽ വായിക്കപ്പെട്ടു' എന്ന ആകാംക്ഷക്കുള്ള ഉത്തരമാണ് 'അനുഷയാൽ' എന്ന പദം. പുസ്തകത്തിന്റെ പ്രാധാന്യം വർദ്ധിച്ച് കർതൃസ്ഥാനത്ത് നിൽക്കുന്നു എന്നർത്ഥം. ഇങ്ങനെ യഥാർത്ഥ കർത്താവിനെ കരണസ്ഥാനത്തേക്കു താഴ്ത്തുകയും കർമ്മത്തിനു പ്രാധാന്യം നൽകി കർതൃസ്ഥാനത്തേക്കു ഉയർത്തുകയും ചെയ്യുന്ന വാക്യഘടനയാണ് പ്രസ്തുത പ്രയോഗത്തിലുള്ളത്.

- കർത്താവിനു പ്രാധാന്യം നൽകുന്ന പ്രയോഗം കർത്തരിപ്രയോഗം
- കർമ്മത്തിനു പ്രാധാന്യം നൽകുന്ന പ്രയോഗം കർമ്മണിപ്രയോഗം

കൂടുതൽ ഉദാഹരണങ്ങളിലൂടെ ഈ പ്രയോഗവ്യവസ്ഥ അവതരിപ്പിക്കണം.

കർമ്മണിപ്രയോഗം മലയാളഭാഷയുടെ സ്വാഭാവികമായ വാക്യരീതിയല്ല. പണ്ട് അതുണ്ടായിരുന്നില്ല. സംസ്കൃതത്തിന്റെ സ്വാധീനം വർദ്ധിച്ചതോടെയാണ് കർമ്മണിപ്രയോഗം നമ്മുടെ ഭാഷയിൽ കടന്നുകൂടിയത്.

ആധുനികകാലത്ത് ഇംഗ്ലീഷിന്റെ പ്രചാരത്തോടെ അസ്ഥാനത്തുപോലും കർമ്മണിപ്രയോഗം ഒരു ഫാഷനായിത്തീർന്നിട്ടുണ്ട്. ഇംഗ്ലീഷിലും സംസ്കൃതത്തിലും മറ്റും കർമ്മണിപ്രയോഗം സ്വാഭാവിക രീതിയാണെങ്കിൽ മലയാളത്തിൽ അത് അസ്വാഭികമാണെന്ന കാര്യം ഓർക്കണം. 'ഞാൻ ഊണു കഴിച്ചു' എന്ന ലളിതവും സുന്ദരവുമായ വാക്യം 'ഊണ് എന്നാൽ കഴിക്കപ്പെട്ടു' എന്നു പറയുമ്പോഴുണ്ടാവുന്ന വൈകൃതം മനസ്സിലാക്കുക.

എന്നാൽ ഈ പ്രയോഗം പൂർണമായി ഒഴിവാക്കിയാലെന്താണെന്നു ചോദിച്ചേക്കാം. ഇത്രയും പ്രചാരം നേടിയ സ്ഥിതിക്ക് അതിനെ ഒഴിവാക്കാൻ പ്രയാസമാണ്. എന്നുമാത്രമല്ല കർത്താവ് അജ്ഞാതമോ അപ്രസക്തമോ അദൃശ്യമോ ആയിരിക്കുമ്പോൾ കർമ്മണിപ്രയോഗം ഉചിതമായെന്നുംവരും.

പാഠം -3

# കാലുകൾ

2018-ൽ ഡൽഹിയിലേക്കു നടന്ന കർഷക പ്രതിഷേധ റാലിയുടെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ടതാണ് സച്ചിദാനന്ദന്റെ 'കാലുകൾ' എന്ന കവിത. വർഗീയതക്കും ഫാസിസത്തിനുമെതിരെ കവിതയിലൂടെ ശക്തമായി പ്രതികരിക്കുന്ന കവിയുടെ വിപ്ലവ വീര്യം ഈ കവിതയിലും തുടിച്ചുനിൽക്കുന്നുണ്ട്. മനസ്സിൽ അസ്വസ്ഥത നിറയ്ക്കുന്ന മൂർച്ചയേറിയ വാക്കുകൾ വായനക്കാരെ ഇരുത്തിച്ചിന്തിപ്പിക്കാൻ പര്യാപ്തമാണ്. കർഷകർ പാരിന്റെ പാദം പണിയുന്നവരാണെന്ന വൈലോപ്പിള്ളിയുടെ വരികൾ പരിചയപ്പെട്ടതാണല്ലോ. ഇവിടെ കർഷകരുടെ പൊടിപുരണ്ട, വിണ്ടുകീറിയ, കറുകറുത്ത കാലുകളുടെ മഹത്വം കവിതയിലുടനീളം നമുക്കു വായിച്ചെടുക്കാവുന്നതാണ്.

കർഷകർ ജീവജാലങ്ങളുടെ രക്ഷകരാണ്. അവർ എരിവെയിലത്തും പെരുമഴയത്തും ചളിയിലിറങ്ങി വിയർപ്പൊഴുക്കി ചോരനീരാക്കി അധ്വാനിക്കുന്നതുകൊണ്ടാണ് രാജ്യത്തിന്റെ കലവറകൾ നിറയുന്നത്. നമ്മുടെ പാത്രങ്ങളിൽ ആഹാരമെത്തുന്നത്. നമ്മുടെ പട്ടണങ്ങൾ പുലർന്നുപോകുന്നത്. നമ്മുടെ തെരുവുകൾ സജീവമാകുന്നത്. എന്നാൽ കർഷകരോട് ഭരണാധികാരികളുടെ സമീപനങ്ങൾ പലപ്പോഴും അത്ര മെച്ചപ്പെട്ടതല്ല. പല കാര്യങ്ങളിലും അനുഭാവപൂർണമായ സമീപനങ്ങളുണ്ടാകുന്നില്ല. അതുകാരണം ഉല്പന്നങ്ങൾക്കു പ്രതീക്ഷിച്ച വില ലഭിക്കുന്നില്ല. വിത്തിന്റെ വിലയും കൂലിച്ചെലവും ഒത്തുകിട്ടുന്നില്ല. അതേസമയം വളത്തിന്റെയും മറ്റും വില കുതിച്ചുയരുകയും ചെയ്യുന്നു. ലോണെടുത്തു കൃഷി നടത്തുന്ന കർഷകർ കടക്കെണിയിലകപ്പെടുന്നു. ഗതിയില്ലാതെ ആത്മഹത്യയിലഭയം തേടുന്നു. ഇത്തരം പ്രശ്നങ്ങൾ അരങ്ങേറുമ്പോഴും നിസ്സംഗസമീപനമാണ് പലപ്പോഴും ഭരണകൂടങ്ങൾക്ക്. ഈ സാഹചര്യത്തിലാണ് തങ്ങളുടെ ദുരിതങ്ങൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഡൽഹിയിലേക്കു കർഷകർ മഹായാത്രകൾ സംഘടിപ്പിച്ചത്. ആ യാത്രകളോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ടു രചിച്ച 'കാലുകൾ' എന്ന കവിത കർഷകമഹത്വം വിളംബരം ചെയ്യുന്നതും നമുക്കു ചില തിരിച്ചറിവുകൾ സമ്മാനിക്കുന്നതുമാണ്.

കൃഷിയുടെ മഹത്വവും കർഷകരുടെ അവസ്ഥകളും കുട്ടികൾ മനസ്സിലാക്കേണ്ടതുണ്ട്. കൃഷിയെ മഹത്വവൽക്കരിക്കുന്ന സമീപനങ്ങൾ രൂപപ്പെടേണ്ടതുണ്ട്. അതിനുള്ള പ്രചോദനമാകണം ഈ പാഠഭാഗം. ഒപ്പം സച്ചിദാനന്ദന്റെ കവിതകളുടെ ശക്തി തിരിച്ചറിയുവാനും ആധുനിക കവിതകൾ വായിച്ചാസ്വദിക്കാനും പാഠമുൾക്കൊള്ളാനുമുള്ള ശേഷി നേടാനും ഈ അവസരം പ്രയോജനപ്പെടണം.

<u>പഠനാവതരണം</u>

"പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
പാടത്തു പുഞ്ചയ്ക്കു തേവുന്നു രണ്ടുപേർ
ഒന്നൊരു വേട്ടുവൻ, മറ്റേതവൻ വേട്ട
പെണ്ണിവർ പാരിന്റെ പാദം പണിയുവോർ"

മുമ്പു പഠിച്ച 'പടയാളികൾ' എന്ന കവിതയുടെ ആദ്യനാലുവരികൾ ടീച്ചർ ചൊല്ലുന്നു.

- ഈ വരികളിൽ ആരെക്കുറിച്ചാണു പറയുന്നത്?
- അവരുടെ പ്രവൃത്തിയെ എങ്ങനെയാണു വിശേഷിപ്പിച്ചത്?

പടയാളികൾ എന്ന കവിതയിലേക്ക് ഒരെത്തിനോട്ടം നടത്തി, 'കർഷകരെ സംബന്ധിച്ച മറ്റൊരു കവിത വായിക്കാം' എന്ന ആമുഖത്തോടെ 'കാലുകൾ' വായിക്കാൻ നിർദ്ദേശിക്കുന്നു.
ടീച്ചർ ഭാവാത്മകമായി കവിത ചൊല്ലി അവതരിപ്പിക്കുന്നു.
തുടർന്ന് ഒന്നോ രണ്ടോ കുട്ടികൾ കവിത ചൊല്ലി അവതരിപ്പിക്കട്ടെ.

<u>ആശയവിശകലനം</u> : ലളിതമായ വരികളാണ്. എന്നാൽ ഓരോ വരിയിലും ജീവിതത്തിന്റെ പല ഘട്ടങ്ങളിലേക്കും പ്രവൃത്തികളിലേക്കുമുള്ള സൂചനകളുണ്ട്. അത് കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് വിശകലനാവസരത്തിൽ ശ്രമിക്കേണ്ടത്.
കർഷകരുടെ കാലുകളെക്കുറിച്ചു പറയുന്നു: വയൽച്ചേറിന്റെ കറയണിഞ്ഞ, ഏറെ സഞ്ചരിച്ച, വറ്റി വരണ്ട ചാലുപോലെ കറുത്തുമെലിഞ്ഞ കാലുകൾ. ഞാറുകൾ നടുമ്പോൾ കാറ്റിനൊപ്പം പാട്ടുപാടിയ കാലുകളാണവ. (ഞാറ്റുപാട്ടിനൊപ്പം സഞ്ചരിച്ച കാലുകൾ എന്നർത്ഥമാവാം)
നെല്ലുകൾ കതിരിടുമ്പോൾ ഇലകൾക്കൊപ്പമാടിയ കാലുകൾ, ശക്തമായ ചൂടിൽ വിള കരിയുമ്പോൾ വേദനകൊണ്ടു മരവിച്ചു തണുത്തുപോയ കാലുകൾ! (വിളയുടെ വളർച്ചയ്ക്കും നാശത്തിനുമനുസരിച്ച് സന്തോഷവും ദു:ഖവും ഏറ്റുവാങ്ങിയ കാലുകൾ.)
കർഷകരുടെ ജീവിതത്തിന്റെ വിവിധമുഖങ്ങളിലേക്കു സൂചനകൾ:

- കാലിമേയ്ക്കാൻ നടന്ന കാലുകൾ, കുഞ്ഞുങ്ങളുടെ പിന്നാലെയോടിത്തളർന്ന കാലുകൾ.
- വെള്ളത്തിന്നായി പല കാതം നടന്നും, വിറകിന്നായി കാടാകെ അലഞ്ഞും രോഗികൾക്കു മരുന്നുണ്ടാക്കാൻ വേരുകൾ തേടി മലകേറി തളർന്നും ചാണകവറളിയുണ്ടാക്കാൻ നട്ടുച്ചനേരത്തെ കൊടുംവെയിലിൽ കൂനിനിന്നും കറ്റ ചവുട്ടി മെതിച്ചും മുള്ളുകളേറ്റു ചോരവാർന്നും വിണ്ടുകീറിയും മുരിക്കുമരത്തിന്റെ തടിപോൽ ചിരങ്ങുപിടിച്ച കാലുകൾ! (ഉത്തരേന്ത്യയിലെ കർഷകരാണ് കവിയുടെ മനസ്സിൽ. അവിടത്തെ അവസ്ഥകളാണ് സൂചനയിലുള്ളത്.)

അവർ ദരിദ്രരാണ്. ചെരുപ്പ് പോലുമണിയാറില്ല അവർ. പഴന്തുണികൊണ്ട് കാലുകൾ പൊതിഞ്ഞുകെട്ടിയാണവർ വരുന്നത്. തഴമ്പുകൾ തുണികൊണ്ടു മൂടിക്കെട്ടാൻ ശ്രമിച്ചിട്ടും പരാജയപ്പെട്ട് ,നഗരത്തിലെ ടാറിട്ട റോഡുകളിൽ തട്ടി ആ കാലുകൾ പൊള്ളി പോളകൾ നിറഞ്ഞിരിക്കുന്നു. (യാത്രയിൽ ടാറിട്ട റോഡിലൂടെ നടന്നു നടന്നുണ്ടായ പരിക്കുകളിലേക്കു സൂചന.) അവരുടെ,കാൽവിരലുകളിൽ കുഴിനഖം ബാധിച്ചിരിക്കുന്നു. (സ്ഥിരമായി മണ്ണിലും ചളിയിലുമിറങ്ങുന്നവരുടെ വിരലുകളെ ബാധിക്കുന്ന ഒരു രോഗം) കുഴിനഖത്തിന്റെ വേദനയും പൊള്ളലിന്റെ നീറ്റലും കൊണ്ടവർ ഭൂമിയിൽ രോഷത്തിന്റെ ശോണമുദ്രകൾ പതിച്ചുകൊണ്ട് ആരെയും കൂസാതെ യാത്ര തുടരുന്നു. (കുഴിനഖത്തിൽ നിന്നും പൊള്ളലിൽനിന്നുമൊഴുകുന്ന ചോരയെ വിശേഷിപ്പിച്ചിരിക്കുന്നത് രോഷത്തിന്റെ ശോണമുദ്ര എന്നാണ്.)

ആ പോക്കുകണ്ട് സൂര്യൻപോലും പേടിച്ചുമങ്ങിപ്പോകവേ, ദു:ഖങ്ങൾ മഴയായി വർഷിക്കവെ ശക്തമായ കടൽത്തിരമാലകളെപ്പോലെ, രക്തനിറമുള്ള പൂക്കൾവിടർന്ന കാടുപോലെ,

ഗ്രാമങ്ങൾക്കു കാലുമുളച്ചപോലെ, ഭൂകമ്പതരംഗങ്ങൾ പോലെ അവർ സഞ്ചരിക്കുകയാണ്. (രക്താഭമാം കാടുക...... അവർ ധരിച്ച ചെമന്ന തലപ്പാവുകളാവാം ഉദ്ദേശ്യം. 'ഗ്രാമങ്ങൾക്കു കാലുമുളച്ചപോൽ' എന്ന പ്രയോഗത്തിൽ ആ കർഷകർ ഗ്രാമത്തിന്റെ പ്രതീകങ്ങളാണെന്ന സൂചനയുണ്ട്. പട്ടണപരിഷ്കാരം തീണ്ടാത്ത തനിഗ്രാമീണ വേഷധാരികളാണവർ.)

കർഷകരുടെ ആ യാത്രയുടെ വർണനയ്ക്കു ശേഷം കവി കർഷകരുടെ മഹത്വം വിശദീകരിക്കുകയാണ്.

- നിങ്ങൾക്കു കറിക്കുപ്പുചേർക്കാൻ കടക്കടലിലാണ്ടവരാണവർ. അവരകപ്പെട്ട കടക്കെണിയുടെ ആഴം ഈ വരികളിൽ വ്യക്തമാണ്. നമുക്കു വേണ്ടിയാണവർ ആ കടമത്രയും വാങ്ങി കൃഷി നടത്തിയത് എന്നർത്ഥം.
- നിങ്ങൾക്കു ഫലമേകാൻ തങ്ങളെ പഴുപ്പിച്ചോർ. ഫലവർഗ്ഗങ്ങൾ കൃഷിചെയ്തുണ്ടാക്കിയത് അത്രയും പ്രയാസങ്ങൾ സഹിച്ചാണ് എന്നർത്ഥം
- നിങ്ങൾക്കു പാലാകുവാൻ ചോരയെ വെളുപ്പിച്ചോർ. സ്വന്തം ചോരയെ വെളുപ്പിച്ചാണവർ നമുക്കു പാൽ നൽകുന്നത്. രക്തമാകുന്ന തേൻകൊണ്ട് കാരിരുമ്പിനെ കരിമ്പാക്കിമാറ്റി, ശവങ്ങൾ കൊണ്ടു വയലിന്നു വളം നൽകി വളർത്തിയെടുത്തവരാണവർ. അധ്വാനത്തിന്റെ കാഠിന്യവും സ്വന്തം ജീവൻ പോലും പണയപ്പെടുത്തിക്കൊണ്ടുള്ള കർഷകരുടെ കഠിനാധ്വാനവും ഈ വരികളിൽ വായിച്ചെടുക്കാം.
- നിങ്ങൾക്കു മാംസം നൽകാനായി കൊടും തീയിൽ വെന്തവരാണവർ.
- നിങ്ങൾക്കു വസ്ത്രം നെയ്യാൻ സ്വന്തം നാഡികളെ അവർ നൂലാക്കി മാറ്റിയിരിക്കുന്നു.
- നിങ്ങൾക്കു ചെരുപ്പിടാൻ സ്വന്തംതോൽ അവർ ഉരിഞ്ഞുനൽകിയിരിക്കുന്നു. അത്രയും ദുരിതങ്ങൾ സഹിക്കുന്നവരാണു കർഷകർ എന്നു സൂചന.
- ഇതു മനസ്സിലാക്കി അവരുടെ കാൽക്കൽ ചെന്നുവീണു മാപ്പിരക്കുക.
- വേരും താരാട്ടും കിണറും വയലും മറന്ന നന്ദിയില്ലാത്തവരേ, അവരുടെയടുത്തേക്കു പോവുക. അവർക്കുവേണ്ടി പ്രാർത്ഥിക്കുക. കാട്ടുതീ പടരുന്ന നാളെയിൽ നിന്നു നിങ്ങളെയും നാടിനെയും രക്ഷിക്കാൻ, സ്വയം മാറാൻ തയ്യാറാവുക.

**കണ്ടെത്താം TB**

ടീച്ചർ അവധാരണ ചോദ്യങ്ങൾ ഓരോന്നായി വായിച്ച് കുട്ടികളോട് ഉത്തരം കണ്ടെത്തി പറയാനാവശ്യപ്പെടുന്നു.

ഓരോ കുട്ടിയും ഉത്തരം പറയുമ്പോൾ മറ്റു കുട്ടികൾ അതു വിലയിരുത്തട്ടെ. കണ്ടെത്തിയ ഉത്തരം ശരിയാണോ? കൂട്ടിച്ചേർക്കലുകൾ ആവശ്യമാണോ?

ചർച്ചയിൽനിന്നു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ നോട്ടുബുക്കിൽ ഉത്തരമെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

**ആശയം വിശദീകരിക്കാം**

- "പോവുകക്കാൽക്കൽ ................................കൃതഘ്നരേ."

കുട്ടികൾ ഈ വരികൾ വായിച്ച് ആശയം കണ്ടെത്തട്ടെ.

- ഈ വരികളിലെ സൂചനകൾ എന്തെല്ലാം?
- വേര്, താരാട്ട്, കിണർ, വയൽ മറന്ന കൃതഘ്നർ എന്നു കവി വിശേഷിപ്പിക്കുന്നത് ആരെയാണ്?
- എന്തുകൊണ്ടാണങ്ങനെ വിശേഷിപ്പിക്കുന്നത്? ചർച്ച ചെയ്യാം.

കർഷകരുടെ മഹത്വം മനസ്സിലാക്കാതെ, അവർ ചെയ്യുന്ന സേവനം കണക്കിലെടുക്കാതെ ആവശ്യങ്ങൾ നേടിയെടുക്കാനായി അവരെ തെരുവിലേക്കിറക്കിയവരോടാണു കവി പറയുന്നത്, ചെന്ന് അവരുടെ കാൽക്കൽ വീണു മാപ്പുചോദിക്കാൻ. കൃഷിയെയും കൃഷിക്കാരെയും അവഗണിക്കുന്ന എല്ലാവരും അതിനുത്തരവാദികളായവരിൽ ഉൾപ്പെടുമെന്നോർക്കുക.

അത്തരക്കാർ വേരു മറന്നവരാണ്; അതായത് നമ്മുടെയൊക്കെ പൂർവികർ കർഷകരായിരുന്നു. ഭൂമിയിൽ നിന്നു ധാന്യങ്ങളും ഫലവർഗ്ഗങ്ങളും കിഴങ്ങുവർഗ്ഗങ്ങളും വിളയിച്ചെടുത്തായിരുന്നു അവർ ആഹാരം കഴിച്ചിരുന്നത്. എന്നാൽ പുതിയ തലമുറകൾ അതു മറന്നു. വേരു മറന്നവർ എന്ന് അവരെയാണ് കവി വിശേഷിപ്പിക്കുന്നത്. താരാട്ട്, കിണർ, വയൽ എന്നിവ പ്രതീകാത്മകമായ പ്രയോഗങ്ങളാണ്. അമ്മയുടെ താരാട്ട് മാതാവുമായുള്ള മുറിക്കാൻ കഴിയാത്ത ബന്ധത്തിന്റെ സൂചനയാണ്. കിണറും വയലുമൊക്കെ കാർഷികവൃത്തിയുടെയും അതിന്റെ അനിവാര്യഘടകമായ വെള്ളത്തിന്റെയും ഓർമ്മപ്പെടുത്തലാണ്. ഇവയൊക്കെ ഉപയോഗപ്പെടുത്തിയും ഇവയുമായി നേരിട്ടു ബന്ധപ്പെട്ടുമായിരുന്നു പൂർവിക തലമുറകളൊക്കെ വളർന്നത്. ഇന്നു നമുക്ക് അതെല്ലാം അന്യമായിരിക്കുന്നു. വെള്ളത്തിനു കിണറുകളെ ആശ്രയിക്കുന്ന പതിവില്ല. കുപ്പിവെള്ളവും പൈപ്പുവെള്ളവുമാണു പുതിയതലമുറക്കു പരിചയം. അതുപോലെ വയലുകളിലെ ചളിയിലിറങ്ങിയാണു ധാന്യങ്ങൾ വിളയിച്ചെടുക്കുന്നതെന്നറിയില്ല. ക്ലീൻ ചെയ്തു പാചകത്തിനു റെഡിയാക്കിയ ധാന്യങ്ങളും മറ്റും കടയിൽ നിന്നു വാങ്ങുന്നതേ പുതിയ തലമുറക്കറിയുള്ളൂ. ഇങ്ങനെ പാരമ്പര്യവും വേരും അടിസ്ഥാനഘടകങ്ങളും മറന്നവരെ കവി 'നന്ദികെട്ടവർ' എന്നു വിശേഷിപ്പിച്ചതിൽ തെറ്റൊന്നുമില്ല. അവരോട് കർഷകരുടെ കാൽക്കൽചെന്നു മാപ്പിരക്കാനാണു കവി ആവശ്യപ്പെടുന്നത്.

- "നിണത്തിൻ തേനാൽ .........................................ഉയിർപ്പിച്ചോർ.

  കർഷകരുടെ കഠിനാധ്വാനത്തെ സൂചിപ്പിക്കുന്നതാണീ വരികൾ.

രക്തമാകുന്ന തേനുകൊണ്ട് കാരിരുമ്പിനെ കരിമ്പാക്കി പിണംകൊണ്ടു വയലിനു വളം ചേർത്ത് ജീവൻ നൽകിയവർ.

ഏതു കടുകടുത്ത നിലത്തെയും ജീവൻപോലും പണയംവച്ച്, ചോരനീരാക്കി കഠിനാധ്വാനം ചെയ്താണ് അവർ കൃഷിയോഗ്യമാക്കുന്നത് എന്നർത്ഥം.

ചർച്ചയിൽ ഉൾക്കൊണ്ട വസ്തുതകൾ ഉൾപ്പെടുത്തി കുട്ടികൾ വിശദീകരണക്കുറിപ്പ് തയ്യാറാക്കട്ടെ. വ്യക്തിഗതമായി തയ്യാറാക്കിയ കുറിപ്പുകൾ ഗ്രൂപ്പിൽ ചർച്ച ചെയ്തു കൂട്ടിച്ചേർക്കലുകൾ നടത്തണം.

**വരികൾ കണ്ടെത്താം TB**

- കർഷക ജീവിതത്തിന്റെ ദാരിദ്ര്യവും കഷ്ടപ്പാടും സൂചിപ്പിക്കുന്ന വരികൾ:
- തണ്ണീർതേടി നിത്യവും പല കാതം നടന്നവർ
- വിറകിന്നായ് കാടാകെയലഞ്ഞവർ
- ചാണക വറളിയുണക്കാൻ നട്ടുച്ചയ്ക്കു കൂനി നിന്നവർ
- പഴന്തുണിച്ചെരുപ്പാൽ തഴമ്പുകൾ മൂടുവാൻ കിണഞ്ഞു ശ്രമിക്കുന്നവർ...............

- സ്നേഹവും സൗഹൃദവും കാത്തുസൂക്ഷിക്കുന്നവർ:
- പൊടിയണിഞ്ഞ കുസൃതിക്കുഞ്ഞുങ്ങളുടെ പിന്നാലെ കിതച്ചോടി വീണിട്ടും രോഗിയായൊരു വീട്ടുകാരനു മരുന്നുതേടുവാൻ മലകേറി വേരുകൾ ചികഞ്ഞിട്ടും..........

- കർഷകരുടെ യാത്രാവർണന

പോകുന്നു കടൽത്തിരക്കോളുപോൽ ........................ ഭൂകമ്പതരംഗംപോൽ.

**പദങ്ങൾ കണ്ടെത്താം TB**

ചില പ്രത്യേക പ്രയോഗങ്ങൾ ശ്രദ്ധയിൽപ്പെടുത്താനുള്ള പ്രവർത്തനമാണിത്. കുട്ടികൾ ഈ ആശയം വരുന്ന പദങ്ങൾ കവിതയിൽ നിന്നു കണ്ടെത്തി എഴുതട്ടെ.

- ചുവന്ന അടയാളങ്ങൾ = ശോണ മുദ്രകൾ
- രക്തശോഭയാർന്ന പൂവുകൾ = രക്താഭമാം പൂവുകൾ
- നന്ദിയില്ലാത്തവർ = കൃതഘ്നർ

**ശീർഷകം നൽകാം TB**

കവിതയുടെ ശീർഷകം കണ്ടെത്തൽ.

ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തുന്നതിനുള്ള പ്രവർത്തനം മുൻ പാഠത്തിൽ പരിചയപ്പെട്ടിട്ടുണ്ട്. ഈ കവിതയ്ക്കു മറ്റൊരു ശീർഷകം കണ്ടെത്തി അതിന്റെ ഔചിത്യം വിശദമാക്കുന്ന കുറിപ്പ് തയ്യാറാക്കട്ടെ.

**വർക്കുബുക്ക് പ്രവർത്തനങ്ങൾ**

പദങ്ങൾ പിരിച്ചെഴുതുക

- കറ+അണിഞ്ഞ് + ഏറെ+ ഓടി
- ചാഞ്ഞ് + ഇടും + ഇലയ്ക്ക് + ഒപ്പം + ഓടി
- കട + കടലിൽ + ആണ്ടോർ
- വളം + ഇട്ട് + ഉയിർപ്പിച്ചോർ
- സ്വയം + ഉരിഞ്ഞവർ
- കടൽ + തിര + കോള് + ആയ്

**വിഗ്രഹിക്കുക**

- ചാണകത്തിന്റെ വറളി
- പഴന്തുണികൊണ്ടുള്ള ചെരുപ്പ്
- ശോണനിറമുള്ള മുദ്രകൾ
- കടലിലെ തിര
- രക്തത്താൽ ആഭമായത്
- ഭൂകമ്പത്തിന്റെ തരംഗം

**പ്രഭാഷണം തയ്യാറാക്കുക**

'കർഷകർ അനുഭവിക്കുന്ന പ്രതിസന്ധി' - പ്രഭാഷണം തയ്യാറാക്കൽ

- കർഷകർ വല്ല പ്രതിസന്ധിയും അനുഭവിക്കുന്നുണ്ടോ ? ചർച്ച ചെയ്യാം.

ചർച്ചാ സൂചകങ്ങൾ:

| | |
|---|---|
| പ്രകൃതിപരമായ വിനാശങ്ങൾ - | അസമയത്തെ മഴ, കൊടുങ്കാറ്റ്, മഴയില്ലാതാവൽ, വെള്ളപ്പൊക്കം...... |
| സാമ്പത്തികപ്രശ്നങ്ങൾ - | കടക്കെണി,ബാങ്ക്നടപടികൾ, ജപ്തി ഭീഷണികൾ തുടങ്ങിയവ |
| ഉല്പന്നങ്ങളുടെ വിലക്കുറവ് - | പ്രതീക്ഷിച്ച വില ലഭിക്കാതിരിക്കൽ, കമ്പോളങ്ങളിലെ ചൂഷണങ്ങൾ........ |
| സമൂഹത്തിന്റെ അവഗണന - | കൃഷി താഴ്ന്ന ജോലിയായി കാണൽ, മാന്യത കല്പിക്കാതിരിക്കൽ, വിപത്തുകളിൽ കൂടെ നിൽക്കാതിരിക്കൽ, മറ്റു പല തരം അവഗണനകൾ |

ക്ലാസിൽ നടന്ന പൊതുചർച്ചയിൽ നിന്നു ലഭ്യമായ അറിവുകളുടെ അടിസ്ഥാനത്തിൽ കുട്ടികൾ വ്യക്തിഗതമായി പ്രഭാഷണം എഴുതിത്തയ്യാറാക്കട്ടെ.
പ്രഭാഷണത്തിന്റെ ഘടകങ്ങൾ എഴുത്തിൽ പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
ടീച്ചറുടെ സന്ദർഭോചിതമായ വിലയിരുത്തലും ഇടപെടലും ആവശ്യമാണ്.

**അഭിമുഖത്തിനുള്ള ചോദ്യാവലി**

കർഷകനുമായി അഭിമുഖം നടത്തുമ്പോൾ എന്തൊക്കെ കാര്യങ്ങളാണു ചോദിക്കേണ്ടത്?

- അഭിമുഖ ചോദ്യാവലി തയ്യാറാക്കുന്നതിനുമുമ്പ് അഭിമുഖത്തിന്റെ ലക്ഷ്യം നിർണ്ണയിക്കണം.

എന്തിനാണ് അഭിമുഖം നടത്തുന്നത്? ആരുമായാണ് അഭിമുഖം നടത്തുന്നത്? എന്തൊക്കെ കാര്യങ്ങളാണ് അറിയേണ്ടത്?
ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള ചോദ്യങ്ങൾ എങ്ങനെയായിരിക്കണം?

- കർഷകരുമായാണ് അഭിമുഖം
- അവരുടെ അവസ്ഥകൾ അറിയാനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാനുമാണ് അഭിമുഖം.
- വ്യക്തിപരമായും സാമൂഹികമായും അവർ നേരിടുന്ന പ്രശ്നങ്ങളറിയണം.
- കൃഷി നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കണം.

സൂചനകളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പിൽ ചർച്ച ചെയ്ത് ചോദ്യാവലി തയ്യാറാക്കട്ടെ.
തുടർന്ന് ഓരോ ഗ്രൂപ്പും തങ്ങൾ തയ്യാറാക്കിയ ചോദ്യാവലി ക്ലാസിൽ അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പും അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. അപാകതകൾ ചൂണ്ടിക്കാട്ടണം, കൂട്ടിച്ചേർക്കലുകൾ നിർദ്ദേശിക്കണം. ഈ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തിയ ചോദ്യാവലിയാണ് നോട്ടുബുക്കിലേക്ക് എടുത്തെഴുതേണ്ടത്.

**ആശയം വിശദീകരിക്കുക**

കർഷകർ സമൂഹത്തിനുവേണ്ടി ത്യാഗം സഹിക്കുന്നവരാണ് എന്ന ആശയം പ്രതിഫലിപ്പിക്കുന്ന വരികളാണിത്. കുട്ടികൾ ആ വരികളുടെ ആശയം പറയട്ടെ. ടീച്ചർ വിശദീകരണം നൽകണം.

- “നിങ്ങൾക്കു മാംസം ............................... കൊടുംതീയിൽ”

ജനങ്ങൾക്ക് ആഹാരത്തിനുള്ള ധാന്യങ്ങളും കിഴങ്ങുവർഗ്ഗങ്ങളും ഫലവർഗ്ഗങ്ങളും ഉല്പാദിപ്പിക്കാനായി കർഷകർ കഠിനമായി വെയിലിൽ വേവുന്നു. സ്വന്തം മാംസം വേവിച്ചുകൊണ്ടാണവർ ജനങ്ങളെ മാംസം തീറ്റിക്കുന്നത് എന്നാണ് കവി സൂചിപ്പിക്കുന്നത്.

- “നിങ്ങൾക്കു വസ്ത്രം.................................. നൂലാക്കിയോർ”

ജനങ്ങൾക്കു വസ്ത്രം ധരിപ്പിക്കാൻ സ്വന്തം നാഡികൾ തന്നെ കർഷകർ നൂലാക്കുകയാണ്. നാഡികൾ തളർന്നുപോകും വിധം അവർ ജനങ്ങൾക്കായി കഠിനാധ്വാനം ചെയ്യുന്നു. (പരുത്തികൃഷി നടത്തുന്നതിന്റെ സൂചനയാവാം.)

- “നിങ്ങൾക്കു ചെരുപ്പിടാൻ...................സ്വയമുരിഞ്ഞവർ.”

സ്വന്തം തൊലിയുരിഞ്ഞാണവർ ജനങ്ങൾക്കു ചെരുപ്പു തുന്നാനുള്ള തോലുണ്ടാക്കുന്നത്. ജീവൻപോലും പണയപ്പെടുത്തിയാണവർ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനായി കഷ്ടപ്പെടുന്നത്. ആ പ്രവൃത്തിയിലായി അവരുടെ ശരീരം തന്നെ അലിഞ്ഞുതീരുകയാണ് എന്നു സൂചന.
ചർച്ചയിലൂടെ വ്യക്തമായ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കുട്ടികൾ വിശദീകരിച്ചെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## പാഠം -4

# തബൂക്കിലെ തോട്ടം

'തബൂക്കിലെ തോട്ടം' എന്ന പാഠഭാഗം വി. മുസാഫർ അഹ്മദിന്റെ 'മരുഭൂമിയുടെ ആത്മ കഥ' എന്ന സഞ്ചാരസാഹിത്യകൃതിയിൽ നിന്നെടുത്തതാണ്. യാത്രാവിവരണം വഴിയിൽ കണ്ട കാര്യങ്ങൾ വിവരിക്കൽ മാത്രമല്ല, കടന്നു ചെന്ന പ്രദേശങ്ങളുടെയും അവിടത്തെ ജനങ്ങളു ടെയും സാമൂഹികവും സാംസ്കാരികവുമായ സവിശേഷതകൾ വിലയിരുത്തി വായനക്കാരിൽ ദൃശ്യാനുഭൂതി നൽകുന്നതോടൊപ്പം ചിന്താമുകുളങ്ങൾ ജനിപ്പിക്കുക കൂടിയാണെന്നതിന് ഉത്ത മോദാഹരണമാണ് മരുഭൂമിയുടെ ആത്മകഥ. ശരിയായ സഞ്ചാരി ഭൂപ്രദേശങ്ങളിലേക്കു മാത്ര മല്ല, ജീവിതത്തിന്റെ വ്യത്യസ്ത അടരുകളിലേക്കും ചരാചരാത്മക പ്രകൃതിയുടെ വ്യാഖ്യാനി ക്കാനാവാത്ത സൂക്ഷ്മഭാവങ്ങളിലേക്കും കടന്നുചെല്ലേണ്ടതുണ്ടെന്ന് ഈ കൃതി ഉണർത്തുന്നു ണ്ട്. മരുഭൂമിയുടെയും അവിടത്തെ ജീവജാലങ്ങളുടെയും അതുമായി ബന്ധപ്പെട്ട മനുഷ്യരുടെയും ഭിന്നഭാവങ്ങൾ കാട്ടിത്തരുന്നതിലൂടെ ഗ്രന്ഥകാരൻ ആ പ്രദേശങ്ങളുടെ സംസ്കാരത്തിലേക്കു കൂടി നമ്മെ കൂട്ടിക്കൊണ്ടുപോകുന്നുണ്ട്.

അറേബ്യൻ മരുഭൂമി എന്നുപറയുമ്പോൾ മനസ്സിൽ വരുക ചുട്ടുപൊള്ളുന്ന വരണ്ടപ്രദേ ശങ്ങളും അവിടവിടെ ഒറ്റപ്പെട്ട ഈത്തപ്പനകളും മൊട്ടക്കുന്നുകളും പാറക്കൂട്ടങ്ങളുമൊക്കെയാ യിരിക്കും. മരുഭൂമിയുടെ ഭാഗമാണെങ്കിലും വൻതോതിൽ പൂക്കൃഷിയും പച്ചക്കറിക്കൃഷിയും പഴ വർഗ്ഗങ്ങളുടെ കൃഷിയുമൊക്കെ നടക്കുന്ന പ്രദേശങ്ങളും മരുഭൂമിയിലുണ്ടെന്ന, അവിടെ നിന്നു ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും - കർഷകരാജ്യമായ ഇന്ത്യയിലേക്കുപോലും -പച്ചക്കറി കളും പഴവർഗ്ഗങ്ങളും കയറ്റി അയക്കുന്നുണ്ടെന്ന യാഥാർത്ഥ്യം നേരനുഭവത്തിലൂടെ ഗ്രന്ഥകാ രൻ വിവരിക്കുന്നു. ആത്മാർത്ഥതയും വ്യക്തമായ ആസൂത്രണവുമുണ്ടെങ്കിൽ മരുഭൂമിയെപ്പോലും മലർവാടിയാക്കാം' എന്നത് കേവലമൊരു ദാർശനികവചനമല്ലെന്നും തികച്ചും യാഥാർത്ഥ്യമാ ണെന്നും അദ്ദേഹം തെളിയിക്കുന്നുണ്ട്.

കുട്ടികൾക്ക് ഈ ബോധം നൽകാൻ പര്യാപ്തമായ പാഠഭാഗമാണിത്. ഒപ്പം യാത്രാവിവ രണകൃതികൾ വായിക്കാനുള്ള പ്രചോദനമുണ്ടാക്കാനും യാത്രാനുഭവങ്ങൾ എഴുതേണ്ട രീതി പരിചയപ്പെടാനും ഈ ഭാഗം സഹായകമാവും.

**പാഠാവതരണം**

ടീച്ചർ കുട്ടികളോടു സൗഹൃദ ഭാവത്തിൽ സംസാരിച്ചു തുടങ്ങുന്നു:

- ഗൾഫ് നാടുകളെക്കുറിച്ചു കേൾക്കാത്തവരുണ്ടാവില്ലല്ലോ.
  ഒരുപക്ഷേ നിങ്ങളുടെ വേണ്ടപ്പെട്ടവർ പലരും ഗൾഫിലായിരിക്കും ജോലി ചെയ്യുന്നത്.
- നിങ്ങളിൽ പലരും ഗൾഫ് നാടുകൾ കണ്ടിട്ടുമുണ്ടാവുമല്ലോ.
- എന്തെല്ലാം കഥകളാണ് ഗൾഫ് നാടുകളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുള്ളത്.
- ആ പ്രദേശങ്ങൾ നേരിൽ കണ്ടവർക്ക് എന്തെല്ലാം കഥകളാണു പറയാനുള്ളത്?

പറയാനുള്ളവർ പറയട്ടെ. അല്പസമയം അതിന്നായി നീക്കി വയ്ക്കാം. വ്യക്തമായി ആശയവിനിമയം നടത്താനുള്ള പരിശീലനം ഇത്തരം പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്നുണ്ടെന്നോർക്കുക.

കുട്ടികളുടെ വിവരണാനന്തരം 'നമുക്കൊരു എഴുത്തുകാരന്റെ ഗൾഫിനെക്കുറിച്ചുള്ള വിവരണഭാഗം വായിക്കാം 'എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം. മൗനവായനയ്ക്കുശേഷം ഏതാനും കുട്ടികൾക്ക് ശ്രാവ്യവായനയ്ക്ക് അവസരം നൽകാം.

ഓർക്കുക: വായിക്കാൻ മടിയുള്ളവരെയും പൊതുവെ പഠനത്തിൽ പിന്നാക്കമായവരെയും കണ്ടെത്തി അവരെക്കൊണ്ട് വായിപ്പിക്കുന്നത് നന്നായിരിക്കും.

- പാഠഭാഗത്തെ ആശയം കൂടുതൽ വ്യക്തമാവാൻ ടീച്ചർ അവധാരണചോദ്യങ്ങൾ ചോദിക്കുന്നു.
- പാഠത്തിന്റെ അവസാനത്തിലുള്ള ചോദ്യങ്ങൾക്കു പുറമെ എല്ലാ ആശയപരമായ കാര്യങ്ങളും ഉൾക്കൊള്ളും വിധമുള്ള ചോദ്യങ്ങളും കണ്ടെത്തണം.

**കണ്ടെത്താം**

ഈ ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താം. ടീച്ചർ വിലയിരുത്തണം.

**വിശകലനം ചെയ്യാം**

"ഒലീവ് തണൽ .................................. മനസ്സുപറന്നു."

ഈ വരികളിലെ സൂചനകൾ വിശദീകരിച്ചുകൊടുക്കാം.

- ഒലീവ് മരങ്ങളുടെ കാഴ്ച ലേഖകന്റെ മനസ്സിനെ മധ്യപൗരസ്ത്യദേശത്തെ അശാന്തമായ അന്തരീക്ഷത്തിലേക്കു കൊണ്ടുപോകുന്നു. മനുഷ്യത്വം മരവിച്ചിട്ടില്ലാത്ത ആർക്കുംതന്നെ ഇത്തരം പ്രതീകാത്മമായ അടയാളങ്ങൾ കാണുമ്പോൾ ആ പ്രദേശത്തെ ഓർക്കാതിരിക്കാൻ കഴിയില്ല. ദൈവം തങ്ങൾക്കു വാഗ്ദത്തം ചെയ്ത ഭൂമിയാണ് എന്ന അവകാശവാദവുമായി ഒരു പറ്റം ജൂതന്മാർ മധ്യപൗരസ്ത്യ ദേശത്തെത്തുന്നു. അമേരിക്കയുടെ പിന്തുണയോടെ അവിടെ അശാന്തി സൃഷ്ടിച്ച് പ്രദേശവാസികളെ തുരത്തി ഭൂപ്രദേശങ്ങൾ സ്വന്തമാക്കുന്നു. ഇസ്രയേൽ എന്ന രാഷ്ട്രം സ്ഥാപിക്കുന്നു. ജന്മനാടിനുവേണ്ടി, സ്വന്തംവീടിനും ഭൂമിക്കും വേണ്ടി രംഗത്തിറങ്ങിയ ഫലസ്തീനികളെ നിഷ്ഠൂരം കൊന്നൊടുക്കുന്നു. വൻരാഷ്ട്രങ്ങൾ ആ കൂട്ടക്കൊലയ്ക്കു കൂട്ടുനിൽക്കുന്നു. സബ്റ, ശത്തീല തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങളെ കൂട്ടമായി കൊന്നൊടുക്കിയാണ് ആ പ്രദേശങ്ങളൊക്കെ ഇസ്രയേൽ സ്വന്തമാക്കിയത്. തുടർന്ന് അടുത്ത പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ ഓടിച്ച് രാഷ്ട്രത്തിന്റെ അതിർത്തികൾ വിപുലമാക്കിക്കൊണ്ടിരിക്കയാണിന്നും.

എല്ലാവർക്കുമറിയാവുന്ന ഈ കയ്യേറ്റത്തിന് ലോകത്തെ പ്രമുഖരാജ്യങ്ങളിൽ പലതും പൂർണ പിന്തുണ നൽകുന്നതുകൊണ്ടുതന്നെ മറ്റു രാഷ്ട്രങ്ങൾ മൗനം പാലിക്കുകയാണ്. ഫലസ്തീനികളുടെ ജന്മഭൂമിക്കു വേണ്ടിയുള്ള പോരാട്ടത്തിനു നേതൃത്വം നൽകിയ നേതാവാണ് യാസർ അറഫാത്. ഒരു കൈയിൽ ഒലീവിലയും മറുകൈയിൽ തോക്കുമായി അദ്ദേഹം യു.എൻ. സമ്മേളനത്തിനെത്തിയത് തങ്ങളുടെ നയമെന്താണെന്നു ലോകത്തെ അറിയിക്കാനായിരുന്നു. തങ്ങൾ സമാധാനകാംക്ഷികളാണെന്നും കലാപകാരികളല്ലെന്നുമായിരുന്നു ഒരുകൈയിൽ ഒലീവിലയേന്തിയതിന്റെ സൂചന. എന്നാൽ തങ്ങളുടെ അവകാശങ്ങൾ ഹനിക്കപ്പെടുമ്പോൾ, സ്വാതന്ത്ര്യം പറിച്ചു ചീന്തപ്പെടുമ്പോൾ തോക്കെടുക്കാനും പോരാടാനും മടിക്കുന്നവരല്ലെന്നും അദ്ദേഹം സൂചിപ്പിക്കുകയായിരുന്നു. മരണം വരെ ആ സമീപനമായിരുന്നു അദ്ദേഹം കൈക്കൊണ്ടത്.

മധ്യപൗരസ്ത്യദേശത്തെ പ്രശ്നങ്ങൾ ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല. നിരന്തരം സംഘർഷങ്ങൾ പൊട്ടിപ്പുറപ്പെട്ടു കൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിനു ഫലസ്തീനികളാണ് ഇതിനകം ഇസ്രയേൽ പട്ടാളത്തിന്റെ തോക്കുകൾക്കും ബോംബുകൾക്കും ഇരയായി രക്തസാക്ഷികളായത്. അവരിൽ കുട്ടികളും സ്ത്രീകളുമൊക്കെയുണ്ട്. ഇന്നും ആ കൊടുംക്രൂരത തുടർന്നു കൊണ്ടിരിക്കയാണ്.

ടീച്ചറുടെ വിവരണത്തിൽ നിന്നു ലഭിച്ച ആശയം ഗ്രൂപ്പിൽ ചർച്ച ചെയ്തു ക്രോഡീകരിച്ച് വിശകലനക്കുറിപ്പ് തയ്യാറാക്കട്ടെ. ഓരോ ഗ്രൂപ്പും ഓരോ കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കണം. ടീച്ചർ വിലയിരുത്തണം.

## വരികൾ കണ്ടെത്താം

പ്രകൃതിയുടെ പച്ചപ്പിലെത്തുമ്പോൾ നമ്മുടെ ശരീരം ആ അനുഭൂതി പ്രകടമാക്കിത്തുടങ്ങും. അനുഭവിച്ചറിയേണ്ടതാണിത്. നല്ല ചൂടുള്ള പകലുകളിൽ വൃക്ഷത്തണലിലിരിക്കുമ്പോഴും വനപ്രദേശങ്ങളിലൂടെയോ കൃഷിത്തോട്ടങ്ങളിലൂടെയോ സഞ്ചരിക്കുമ്പോഴും ഇത് നേരിൽ അനുഭവിക്കാൻ കഴിയും. പ്രകൃതിയുടെ പച്ചപ്പ് നിലനിർത്തേണ്ടതിലേക്കും അത്തരം ചുറ്റുപാടുകൾ സൃഷ്ടിക്കേണ്ടതിലേക്കും കുട്ടികളുടെ മനസ്സിൽ അവബോധമുണർത്താൻ ഈ അവസരം ഉപയോഗപ്പെടുത്തേണ്ടതാണ്.

"തോട്ടത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് ........................ ശരീരം ക്ഷീണവും മടിയും വിട്ടുണർന്നു കൊണ്ടിരുന്നു."

വരികൾ വിശകലനവിധേയമാക്കണം.

## എന്തുപാഠം?

- തബൂക്കിനെക്കുറിച്ചുള്ള ലേഖകന്റെ വിവരണത്തിൽനിന്നു വ്യക്തമാകുന്ന കാര്യങ്ങൾ ചർച്ച ചെയ്യാം.
- എന്തുപാഠമാണ് അതിൽ നിന്നു ലഭിക്കുന്നതെന്നു കുട്ടികൾ പറയട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു: മരുഭൂമിയിൽ പൂന്തോട്ടങ്ങളും പച്ചക്കറികളും കൃഷിചെയ്തുണ്ടാക്കുകയെന്നത് കൂടുതൽ പ്രയാസകരമാണ്. കഠിനമായ ചൂടും ജലദൗർലഭ്യവും കൃഷികളെ പ്രതികൂലമായി ബാധിക്കുന്നതാണ്. എന്നാൽ വ്യക്തമായ ആസൂത്രണവും ആത്മാർത്ഥമായ പ്രവർത്തനങ്ങളും ഉറച്ച ലക്ഷ്യബോധവുമുണ്ടെങ്കിൽ മുന്തിരിത്തോട്ടങ്ങളും പൂന്തോപ്പുകളും പച്ചക്കറിത്തോട്ടങ്ങളും മരുഭൂമിയിലും വളർത്തിയെടുക്കാമെന്നതിനു തബൂക്കിലെ ടാഡ്കോ മികച്ച ഉദാഹരണമാണ്. കൃഷികൾക്ക് അനുയോജ്യമായ കാലാവസ്ഥയും ജലലഭ്യതയുമുള്ള ഇന്ത്യയിലേക്കുപോലും അവിടെ നിന്നു പച്ചക്കറികൾ കയറ്റി അയക്കുന്നു എന്നത് നമുക്കു കൃഷിയെക്കുറിച്ചുള്ള വലിയ പാഠം തന്നെ നൽകുന്നുണ്ട്.

## ചർച്ച ചെയ്യാം

യാത്രാവിവരണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

മുൻക്ലാസുകളിൽ യാത്രാവിവരണം തയ്യാറാക്കുന്നതിനെക്കുറിച്ചുള്ള ചർച്ചയും യാത്രാവിവരണരചനയും നടന്നിട്ടുണ്ടാവും. എട്ടാംക്ലാസിൽ ഈ വിഷയത്തിൽ കൂടുതൽ മെച്ചപ്പെട്ട തലത്തിലേക്ക് കുട്ടികൾ എത്തിച്ചേരേണ്ടതുണ്ട്. അതിന്നുതകുന്ന വിധത്തിലുള്ള പരിശീലനം ലഭ്യമാക്കാനുള്ള അവസരങ്ങൾ ക്ലാസ്റൂമിനും പുറത്തും സംവിധാനിക്കേണ്ടതുണ്ട്.

- കുട്ടികൾക്ക് തിരഞ്ഞെടുത്ത യാത്രാവിവരണകൃതികൾ ലഭ്യമാക്കാം. ആ കൃതികൾ വായിച്ച് യാത്രാ വിവരണരീതികൾ മനസ്സിലാക്കട്ടെ.

- കൂടുതൽ കൃതികൾ ലഭ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ 'മരുഭൂമിയുടെ ആത്മകഥ' എന്ന കൃതിയെങ്കിലും ഏതാനും കുട്ടികൾ വായിക്കട്ടെ.
- വായിച്ച കുട്ടികളുടെ നേതൃത്വത്തിൽ ഗ്രൂപ്പുകളിൽ ചർച്ച നടക്കട്ടെ.
- യാത്രാവിവരണ രീതികൾ മനസ്സിലാക്കട്ടെ.

അതിനുശേഷം ക്ലാസിൽ പൊതുചർച്ച നടത്താം.
ടീച്ചർ ക്രോഡീകരിക്കുന്നു:

- യാത്രാവിവരണം തയ്യാറാക്കണമെങ്കിൽ ദീർഘമായ യാത്രകൾ നടത്തണമെന്നില്ല. സ്വന്തം നാട്ടിലും അടുത്ത പ്രദേശങ്ങളിലും സഞ്ചരിച്ചാലും മതി.
- യാത്രയിൽ കാണുന്ന കാഴ്ചകൾ മാത്രം വിവരിച്ചാൽ പോര, അവയെക്കുറിച്ചുള്ള സ്വന്തം കാഴ്ചപ്പാടും ചരിത്രപരമായ പശ്ചാത്തലവും (അങ്ങനെയൊന്നുണ്ടെങ്കിൽ) സ്വന്തം നിഗമനവുമൊക്കെ വിവരണത്തിൽ ഉൾക്കൊള്ളിക്കാം.
- സഞ്ചാരം ഭൂപ്രകൃതികളിലേക്കു മാത്രമല്ല ജീവിതത്തിന്റെ വ്യത്യസ്ത അടരുകളിലേക്കും പ്രകൃതിയുടെ സൂക്ഷ്മഭാവങ്ങളിലേക്കും കൂടിയാണ് എന്ന തിരിച്ചറിവുണ്ടാവണം.
- സൂക്ഷ്മമായ നിരീക്ഷണവും കാഴ്ചക്കപ്പുറത്തേക്കുള്ള ഉൾക്കാഴ്ചയും വിചിന്തനവും വിമർശനവുമെല്ലാം യാത്രാവിവരണത്തിൽ കൊണ്ടുവരാവുന്നതാണ്. ചർച്ചയിൽ നിന്നു ക്രോഡീകരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കുട്ടികൾ യാത്രാവിവരണം തയ്യാറാക്കട്ടെ.

വ്യക്തിഗതമായി തയ്യാറാക്കിയ വിവരണങ്ങൾ ഗ്രൂപ്പുകളിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തണം. ഏതാനും വിവരണങ്ങൾ ക്ലാസിൽ പൊതുവായി അവതരിപ്പിച്ചു വിലയിരുത്തുകയും ചെയ്യാം. തയ്യാറാക്കിയ യാത്രാവിവരണം വർക്കുബുക്കിൽ നിർദ്ദേശിച്ച സ്ഥലത്ത് എഴുതിയാൽ മതി.

**വർക്കുബുക്ക് പ്രവർത്തനങ്ങൾ**

ഒറ്റ വാക്യമാക്കി എഴുതുക

ഒറ്റവാക്യമാക്കി എഴുതുമ്പോൾ ആശയത്തിൽ വ്യത്യാസമുണ്ടാവരുത്.
കുട്ടികൾ വ്യക്തി ഗതമായി ഒറ്റവാക്യമാക്കി എഴുതട്ടെ.

**ടീച്ചർ വേർഷൻ പ്രദർശിപ്പിക്കുന്നു**

- അവിടെ രാത്രി നടക്കുന്ന നൃത്തത്തിനും സംഗീതപരിപാടികൾക്കുമായി നടുമുറ്റത്ത് സ്റ്റേജ് ഒരുക്കിയിട്ടുണ്ട്.
- കാറ്റിലുലയാത്ത ഉറപ്പുള്ള ഒലീവ് മരങ്ങളിൽ കായ്കൾ കുലകളായി നിൽക്കുന്നു.
- വിളവെടുപ്പ് കാലമായപ്പോൾ ആപ്പിളും മുന്തിരിയും ഈത്തപ്പഴവും പറിച്ചെടുക്കാൻ തുടങ്ങി.

- ടീച്ചർ വേർഷനിൽ കാണിച്ച പോലെയാണോ എഴുതിയത്? കുട്ടികൾ പരിശോധിക്കട്ടെ.
- ആ വിധം തന്നെ എഴുതണമെന്നില്ല. അതേ ആശയം ലഭിക്കുന്നവിധത്തിൽ ശരിയായ വാക്യഘടനയോടെ, ആവർത്തനങ്ങളില്ലാതെ എഴുതിയാൽ മതി. സ്വയം വിലയിരുത്തലിനു ശേഷം മെച്ചപ്പെടുത്തട്ടെ.

**ആശയങ്ങളുടെ സ്വഭാവമനുസരിച്ചു വാക്യങ്ങളെ മൂന്നായി തിരിക്കാം.**

1. ചൂർണിക : (കേവലവാക്യം - ലഘുവാക്യം) Simple Sentence

ഇത് കേവലമായ ഒരാശയത്തെ പ്രകാശിപ്പിക്കുന്നു.ഉദാ: കുട്ടി പുസ്തകം വായിച്ചു

2. സങ്കീർണ വാക്യം : (മിശ്രവാക്യം) Complex Sentence

ഒരു പൂർണവാക്യവും (അംഗിവാക്യം) ഒന്നോ അതിലധികമോ അപൂർണവാക്യവും ചേർന്നത്. (അംഗിവാക്യം) ഉദാ: മഴ പെയ്തിട്ടും ചൂടു കുറഞ്ഞില്ല.

3. മഹാവാക്യം (യൗഗികവാക്യം) Compound Sentence

ഒന്നിലധികം പൂർണവാക്യങ്ങൾ (അംഗിവാക്യങ്ങൾ) ചേർന്നു നിൽക്കുന്നത്.

ഉദാ: കുട്ടി പുസ്തകം വായിച്ചു; പക്ഷേ ഒന്നും മനസ്സിലായില്ല.

**പദങ്ങൾ പിരിച്ചെഴുതി സന്ധി നിർണയിക്കുക**

വ്യക്തിഗതമായി കുട്ടികൾ ഈ പ്രവർത്തനം നടത്തട്ടെ.

തുടർന്നു ടീച്ചർ പദങ്ങൾ ഓരോന്നായി ബോർഡിലെഴുതുന്നു. നിർദ്ദിഷ്ട കുട്ടികൾ പിരിച്ചു പറയുന്ന വിധം എഴുതുന്നു.

പിരിച്ചു പറഞ്ഞത് ശരിയാണോ? മറ്റു കുട്ടികൾ വിലയിരുത്തട്ടെ. പിരിച്ചെഴുതിയത് ശരിയാണെങ്കിൽ ഏത് സന്ധിയാണിവിടെയുള്ളത്? കുട്ടികൾ പറയട്ടെ.

| | |
|---|---|
| വെട്ടിയൊതുക്കി | - വെട്ടി + ഒതുക്കി (യ ആഗമം) |
| മുന്തിരിത്തോട്ടം | - മുന്തിരി + തോട്ടം (ത ഇരട്ടിച്ചു) |
| പിഴിഞ്ഞെടുത്തു | - പിഴിഞ്ഞ് + എടുത്തു (സംവൃത ഉകാരം ലോപിച്ചു) |
| ഇവിടെയെത്തി | - ഇവിടെ + എത്തി (യ ആഗമം) |
| തോട്ടമാണിത് | - തോട്ടം + ആണിത് (മ ആദേശം) |

**വിഗ്രഹിച്ചെഴുതുക**

പൂവിന്റെ കൃഷി

തേനിന്റെ മണം

വിജയത്തിന്റെ ഗാഥ

ഗാഢമായ ബന്ധം

എണ്ണക്കിനിപ്പ്

സമാധാനത്തിന്റെ ചിഹ്നം

**വിപരീത പദമെഴുതുക**

| | | |
|---|---|---|
| സജീവം | x | നിർജ്ജീവം |
| അനുഗ്രഹം | x | ശാപം |
| ദൃഢം | x | ശിഥിലം |
| ശാന്തി | x | അശാന്തി |
| ആശ | x | നിരാശ |

**ശരിയാക്കി എഴുതുക**

എഡിറ്റിംഗ് പരിശീലനമാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. സ്വയം എഴുതുമ്പോഴും പറയുമ്പോഴും വാക്യഘടനയിലും മറ്റും സംഭവിക്കാനിടയുള്ള തെറ്റുകളെക്കുറിച്ചു ബോധമുൾക്കൊള്ളാനും അവ ഒഴിവാക്കാനും ഈ പ്രവർത്തനം സഹായകമാവും.

എന്താണ് വാക്യങ്ങളിലുള്ള തെറ്റ്? കുട്ടികൾ കണ്ടെത്തി എഴുതട്ടെ.

ശേഷം ടീച്ചർ BBയിൽ വാക്യം ശരിയാക്കി എഴുതണം. തങ്ങൾ എഴുതിയത് ശരിയാണോ എന്ന് കുട്ടികൾ നിരീക്ഷിച്ചു മനസ്സിലാക്കട്ടെ.

- നല്ല പരിപാടികൾ ആസൂത്രണം ചെയ്യാനും അവയെക്കുറിച്ചു കർഷകരെ ബോധ്യപ്പെടുത്താനും സർക്കാറിനു കഴിയണം.

(രണ്ടുകാര്യങ്ങളെക്കുറിച്ച് ഈ വാക്യത്തിൽ പറയുന്നുണ്ട്. ഒരു വാക്യത്തിലാവുമ്പോൾ അവയെ ബന്ധിപ്പിക്കുന്ന വാക്കുകൾ ഒരേ രീതിയിലുള്ളവ തന്നെയായിരിക്കണം.)

- അയാളുടെ തോട്ടത്തിലെ നല്ല മധുരമുള്ള മുന്തിരി ഞങ്ങൾ വേണ്ടുവോളം കഴിച്ചു.

(നല്ല മധുരമുള്ള എന്ന വിശേഷണം അയാൾക്കുള്ളതല്ല, മുന്തിരിക്കുള്ളതാണ്. വിശേഷണം വിശേഷിപ്പിക്കപ്പെടുന്നതിനോടു ചേർന്നു വന്നാലേ ഉദ്ദേശ്യാർത്ഥം ലഭിക്കുകയുള്ളൂ.)

## യൂണിറ്റ് -2

# സംസ്കൃതിയുടെ കാതൽ

മനുഷ്യൻ ഒരു സാമൂഹികമൃഗമാണെന്നു പറയാറുണ്ട്. മറ്റു ജീവജാലങ്ങൾക്കൊന്നുമില്ലാത്തവിധം സാമൂഹികത മനുഷ്യജന്മത്തിൽ അന്തർലീനമായിരിക്കുന്നു എന്ന അർത്ഥത്തിലാവും ഇങ്ങനെ പറയാറ്. എന്നാൽ യഥാർത്ഥത്തിൽ മനുഷ്യൻ മൃഗമല്ല. മൃഗങ്ങളിൽ നിന്നു വ്യത്യസ്തമായ ശാരീരികവും മാനസികവുമായ പ്രകൃതിയാണു മനുഷ്യനുള്ളത്. അത് ജന്മനാ തന്നെ സംസ്കരണത്തെ തേടുന്നുണ്ട്. ഈ തേട്ടത്തെയെല്ലാം അവഗണിച്ചുകൊണ്ട്, സ്വന്തം മനസ്സിന്റെ നിയന്ത്രണങ്ങളിൽ നിന്നുപോലും മുക്തനായി മനഷ്യൻ പെരുമാറുമ്പോൾ മൃഗസമാനനായിത്തീരുന്നുവെന്നേയുള്ളൂ; അപ്പോഴും സംസ്ക്കരിക്കപ്പെടാനുള്ള സാധ്യത ഓരോ മനുഷ്യനിലും ഉൾക്കൊള്ളുന്നുണ്ടെന്നതാണു സത്യം.

ഇതരജീവികളെപ്പോലെയല്ല; മനുഷ്യജീവിതത്തിനു വ്യക്തമായ ലക്ഷ്യങ്ങളുണ്ട്. തോന്നും പോലെ ജീവിച്ച് മൃതിയടഞ്ഞു പോകേണ്ടതല്ല മനുഷ്യജീവിതം. ആ ലക്ഷ്യം കണ്ടെത്താനും ഉൾക്കൊള്ളാനുമുള്ള ബുദ്ധിയെന്ന മഹാശക്തി നൽകിക്കൊണ്ടാണ് ഈശ്വരൻ ഓരോ മനുഷ്യനെയും ജനിപ്പിക്കുന്നത്. വിവേചനബുദ്ധിയെന്ന ഈ മഹാശക്തിയുടെ സാന്നിധ്യം തന്നെ തെളിയിക്കുന്നുണ്ട് മനുഷ്യൻ മൃഗമല്ലെന്ന്. മൃഗങ്ങൾക്കൊന്നും ഇത്തരമൊരു ബുദ്ധി ലഭ്യമായിട്ടില്ലല്ലോ.

ഈ ബുദ്ധിയുപയോഗിച്ച് മനുഷ്യൻ തന്റെ ജീവിതമാർഗ്ഗം അന്വേഷിക്കുന്നു. എന്നാൽ എല്ലാ കാര്യങ്ങളും ബുദ്ധികൊണ്ടു കണ്ടെത്താൻ മനുഷ്യനു കഴിയില്ല. ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യവും നന്മതിന്മകളുടെ മാനദണ്ഡവുമൊന്നും യഥാർത്ഥരൂപത്തിൽ ഗ്രഹിച്ചെടുക്കാൻ മനുഷ്യനു സാധ്യമല്ല. ഈ അവസ്ഥ പരിഹരിക്കാൻ ദൈവം പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്. പ്രവാചകന്മാർ കൊണ്ടുവന്ന വേദങ്ങൾ ദൈവത്തിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ്. അതോടൊപ്പം വ്യക്തമായ ശിക്ഷണത്തിനുള്ള സംവിധാനവും പ്രകൃതിയിൽ തന്നെ ഒരുക്കി വച്ചിരിക്കുന്നു. മനുഷ്യന്റെ അതിദീർഘമായ ശൈശവബാല്യകാലങ്ങൾ ഇതിന്നുവേണ്ടി സംവിധാനിച്ചതാണ്. അറുപതോ ഏറിവന്നാൽ നൂറോ വർഷം ജീവിക്കുന്ന മനുഷ്യന്റെ ആദ്യത്തെ പതിനഞ്ചോളം വർഷം ആശ്രിതത്വത്തിൽ അധിഷ്ഠിതമാണല്ലോ.

ഇങ്ങനെ മാതാപിതാക്കളിൽ നിന്നും ചുറ്റുപാടിൽ നിന്നും മറ്റുമായി മനുഷ്യൻ ആർജ്ജിക്കുന്ന പെരുമാറ്റരീതികളുടെ, ജീവിതസമ്പ്രദായങ്ങളുടെ ആകെത്തുകയാണ് സംസ്കാരം എന്നു വിശേഷിപ്പിക്കപ്പെടുന്നത്. സംസ്കാരം ഒരു വ്യക്തിയുടേതല്ല, സമൂഹം മൊത്തത്തിൽ അതിൽ

ഭാഗവാക്കാവുന്നുണ്ട്. ഒരാളെക്കൊണ്ടുമാത്രം സംസ്കാരം സാധ്യമോ പൂർണമോ അല്ല എന്നു ചുരുക്കം. മാതാപിതാക്കൾ ആ സംസ്കാര സന്നിവേശത്തിന്റെ പ്രധാനഘടകമാണ്. സമൂഹത്തിന്റെ ഇടപെടലുകൾ അതിനെത്തുടർന്നു വരുന്നതാണ്. പിന്നെയാണ് ഔപചാരിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി. അവിടെ ഗുരു പ്രധാനഘടകമാണ്.

ഇങ്ങനെയെല്ലാം സംസ്കൃതചിത്തനാകുന്ന മനുഷ്യനെ ശരിക്കും ഒരു സാമൂഹികോല്പന്നം എന്നു വിളിക്കാം. ഇങ്ങനെയുണ്ടാകുന്ന ഓരോ ഉല്പന്നവും ഇതുപോലുള്ള ഉല്പന്നങ്ങളെ ഉല്പാദിപ്പിക്കാൻ ബാധ്യതപ്പെട്ടിരിക്കുന്നു. ഓരോ ഉല്പന്നത്തിനുമുണ്ട് കടമകളും കടപ്പാടുകളും വ്യക്തമായ ജീവിതരീതിയും. അവ പാലിക്കപ്പെടുമ്പോഴാണ് മനുഷ്യത്വം പൂർണമാവുന്നത്. ജീവിതലക്ഷ്യം സഫലമാവുന്നതും അപ്പോൾ മാത്രമാണ്.

മനുഷ്യരുടെ ജീവിതലക്ഷ്യം, കടമയും കടപ്പാടുകളും, ജീവിതരീതികൾ, സാമൂഹികബാധ്യതകൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഉദ്ബോധനം നൽകുന്നതാണ് 'സംസ്കൃതിയുടെ കാതൽ' എന്ന യൂണിറ്റ്. ഒന്നാമത്തെ പാഠഭാഗമായ 'ഹാഗാർ, ഇസ്മാഈലിന്റെ മാതാവ്' മാനവ സംസ്കൃതിയുടെ ഉദാത്തമായ മേഖലയിലേക്കു വെളിച്ചം വീശുന്ന കഥയാണ്. സാറാ ജോസഫിന്റെ 'ആതി' എന്ന നോവലിൽ നിന്നെടുത്തതാണിത്. ഡോ.കെ. സജിയുടെ 'ആരു ഞാനാകണം' എന്ന കവിത ഓരോ മനുഷ്യന്റെയും സാമൂഹിക ബാധ്യതകളെക്കുറിച്ചുണർത്തുന്നു. 'അറിവിൽ നിന്നു തിരിച്ചറിവിലേക്ക്' എന്ന ലേഖനം ഗോപിനാഥ് മുതുകാടിന്റെ ആത്മകഥാപരമായ കൃതിയായ 'ഈ കഥയിലുമുണ്ടൊരു മാജിക്' ൽ നിന്നെടുത്തതാണ്. യഥാർത്ഥ അറിവ് എങ്ങനെ മനുഷ്യനെ സംസ്കൃത ചിത്തനാക്കുന്നുവെന്ന് ലേഖകൻ ഉദാഹരണസഹിതം ചൂണ്ടിക്കാട്ടുന്നുണ്ടിതിൽ.

കുട്ടികൾക്കു സാംസ്കാരികമായ ദിശ കാണിക്കാനും ഉത്തമ മനുഷ്യനാവുന്നതെങ്ങനെയെന്ന അവബോധമുണർത്താനും ഈ യൂണിറ്റ് പ്രയോജനപ്പെടുത്തേണ്ടതാണ്.

# യൂണിറ്റ് വിശകലനം

യൂണിറ്റ് –2

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാര പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • നോവലുകൾ, കഥകൾ തുടങ്ങിയ സർഗാത്മക രചനകൾ വായിച്ച് ഉൾക്കൊള്ളുകയും അവയിലെ പ്രമേയം, രചനാതന്ത്രങ്ങൾ തുടങ്ങിയ വിലയിരുത്തി കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•നാഗരികതയുടെ വികസനത്തെക്കുറിച്ച് അവബോധം നേടുന്നു.<br>•നാമവിശേഷണം, ക്രിയാവിശേഷണം. വിശേഷണ വിശേഷണം എന്നിവ തിരിച്ചറിയുന്നു. | ഹാഗാർ, , ഇസ്മാഈലി ന്റെ മാതാവ് | •ഏതു നാഗരികതയുടെയും വികാസപരിണാമങ്ങളിൽ മാതൃത്വത്തിന്റെ പങ്ക് വളരെ വലിയതാണ്.<br>•കുഞ്ഞുങ്ങൾക്കു വേണ്ടിയുള്ള മാതാവിന്റെ കരളിൽ തട്ടിയ പ്രാർത്ഥന ഉടനെ ലക്ഷ്യം കാണും.<br>•ചരിത്രം കഥാരൂപത്തിൽ അവതരിപ്പിക്കുമ്പോൾ ഹൃദ്യവും രസകരവുമാകും.<br>•ഉചിതമായ വാക്യപ്രയോഗങ്ങൾ ഭാഷയെ കൂടുതൽ മനോഹരമാക്കുന്നു. | കഥ ഭാവാത്മകമായി വായിക്കൽ<br>വിശകലനക്കുറിപ്പ് തയ്യാറാക്കൽ.<br>വാക്യരചന<br>ഉപന്യാസരചന<br>പ്രയോഗ സവിശേഷതകൾ കണ്ടെത്തൽ. | വായന<br>വിശകലനക്കുറിപ്പ്<br>വാക്യങ്ങൾ<br>ഉപന്യാസം<br>കുറിപ്പ് | വിശകലനക്കുറിപ്പ്<br>•വിശകലനശേഷി<br>•സ്വന്തം നിരീക്ഷണം.<br>•അനുയോജ്യ ഭാഷ<br>ഉപന്യാസം<br>•തലക്കെട്ട്<br>•ആമുഖം<br>•ഉള്ളടക്കം<br>•നിഗമനങ്ങൾ<br>•സോദാഹരണ സമർ ത്ഥനം<br>•ഭാഷ |
| •കവിതയിലെ ആശയം ഉൾക്കൊള്ളുന്നു.<br>•കാവ്യഭംഗി കണ്ടെത്തി വിശദീകരിക്കുന്നു.<br>•സമാനാശയമുള്ള കവിതാവരികളുമായി താരതമ്യം ചെയ്യുന്നു.<br>വിവിധ വ്യവഹാരരൂപങ്ങളുടെ രചനകളിലേർപ്പെടുന്നു. | ആരു ഞാനാകണം | •ഈ ഭൂമിയിൽ നമ്മുടെ സഹകരണവും സഹായവും ആവശ്യമായി വരുന്ന അനേകം മനുഷ്യരും മറ്റു ജീവജാലങ്ങളുമുണ്ട്.<br>•മറ്റുള്ളവർക്ക് പ്രയോജനകരമായി ജീവിതം നയിക്കുമ്പോഴാണ് ഈ ജന്മം സഫലമായിത്തീരുന്നത്.<br>•കാവ്യതന്ത്രങ്ങൾ മനസ്സിലാക്കിയാൽ ഏതാനും വരി കവിത രചിക്കാൻ സാധിച്ചേക്കും. | കവിത ഈണവും താളവും കണ്ടെത്തി ചൊല്ലി അവതരിപ്പിക്കൽ.<br>സമാനകവിതാവരികളുടെ ആശയം കണ്ടെത്തി താരതമ്യം ചെയ്യൽ.<br>കവിതാവരികളുടെ സൂചിതാർത്ഥം കണ്ടെത്താൽ.<br>ഡയറി എഴുതൽ.<br>പ്രഭാഷണം തയ്യാറാക്കൽ. | കവിതാലാപനം<br>താരതമ്യക്കുറിപ്പ്<br>കുറിപ്പ്<br>ഡയറിക്കുറിപ്പ്<br>പ്രഭാഷണം | താരതമ്യക്കുറിപ്പ്<br>•സാമ്യവ്യത്യാസങ്ങൾ<br>•സ്വന്തം നിരീക്ഷണം<br>• ഭാഷ.<br>പ്രഭാഷണം<br>•ഘടന<br>•ആശയവ്യക്തത<br>•നിലപാടുകൾ<br>•ഒഴുക്കുള്ള ഭാഷ<br>•ഉച്ചരാണസ്ഫുടത |

# യൂണിറ്റ് വിശകലനം

## യൂണിറ്റ് –2

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാര പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| ലേഖനം, നിരൂപണം, ആത്മകഥ തുടങ്ങിയവ വായിച്ച് പ്രമേയപരവും ആസ്വദനീയവുമായ അംശങ്ങൾ തിരിച്ചറിഞ്ഞ് രചനകളിലും ജീവിതസന്ദർഭങ്ങളിലും ഔചിത്യപൂർവ്വം പ്രയോജനപ്പെടുത്തുന്നു.<br>•ആത്മകഥ, ജീവചരിത്രം എന്നിവയുടെ രചനാപരമായ സവിശേഷതകൾ കണ്ടെത്തുകയും സമാനരചനകൾ നിർവഹിക്കുകയും ചെയ്യുന്നു.<br>•അഭിമുഖം നടത്താനുള്ള പരിശീലനം നേടുന്നു. | അറിവിൽ നിന്നു തിരിച്ചറിവിലേക്ക് | •ഗുരുമുഖത്തുനിന്നു കേട്ടുപഠിച്ച പാഠങ്ങൾ മാത്രമല്ല അറിവ്, അനുഭവങ്ങളിലൂടെ തിരിച്ചറിഞ്ഞ വിവേകമാണു യഥാർത്ഥ അറിവ്.<br>•ഗുരുവിന് അറിവിന്റെ ഒരംശം മാത്രമേ പകർന്നു തരാനാവൂ. ബാക്കിയെല്ലാം തിരിച്ചറിവിലൂടെ സ്വായത്തമാക്കേണ്ടതാണ്.<br>•അനുഭവങ്ങളാണു യഥാർത്ഥ ഗുരു.<br>•പിന്നിടുന്ന വഴികളിൽ നന്മയുടെ കാല്പാടുകൾ പതിച്ചുവയ്ക്കാൻ ഓരോ വ്യക്തിക്കും കഴിയണം. | ആത്മകഥ വായനയും വിശകലനവും<br>അഭിമുഖ ചോദ്യാവലി തയ്യാറാക്കൽ<br>താരതമ്യക്കുറിപ്പ് തയ്യാറാക്കൽ<br>ഒറ്റവാക്യമാക്കി എഴുതൽ<br>വാക്യത്തിൽ പ്രയോഗിക്കൽ<br>പിരിച്ചെഴുതി സന്ധി നിർണ്ണയിക്കൽ<br>ഡയറി എഴുതൽ | പാഠവായന<br>വിശകലനക്കുറിപ്പ്<br>ചോദ്യാവലി<br>താരതമ്യക്കുറിപ്പ്<br>വാക്യങ്ങൾ എഴുതിയത്<br>സന്ധി -കുറിപ്പ്<br>ഡയറിക്കുറിപ്പ് | വിശകലനക്കുറിപ്പ്<br>•ആശയവ്യക്തത<br>•വിശകലനശേഷി<br>•അഭിപ്രായങ്ങളുടെ യുക്തി<br>ഭാഷ<br><br>താരതമ്യക്കുറിപ്പ്<br>•സാമ്യവ്യത്യാസങ്ങൾ<br>•സ്വന്തം നിരീക്ഷണം<br>• ഭാഷ.<br><br>ഡയറിക്കുറിപ്പ്<br>•ആത്മാംശ പ്രാധാന്യം<br>•അവതരണ വൈഭവം<br>•അനുയോജ്യ ഭാഷ |

**പ്രവേശക പ്രവർത്തനം**

പ്രവേശകത്തിൽ കൊടുത്ത കഥ കുട്ടികൾ വായിക്കട്ടെ.

- കഥാപ്രമേയത്തോട് അവർ എങ്ങനെ പ്രതികരിക്കുന്നു?

അച്ഛനോടൊപ്പമായിരുന്നപ്പോൾ മകനു കണ്ടതെല്ലാം കിട്ടിയാൽ കൊള്ളാമെന്നുണ്ട്. ബലൂണും കമ്പിയിൽ കയറുന്ന കുരങ്ങനും നിശ്ചയമായിട്ടും അവനു വേണം. അവയ്ക്കായി അവൻ വാശി പിടിക്കുന്നുമുണ്ട്. എന്നാൽ അച്ഛനെ കാണാതായപ്പോഴോ? അവന് അതൊന്നും വേണ്ട! അച്ഛനെ കണ്ടാൽ മാത്രം മതി. അപരിചിതനായൊരാൾ അവന് ബലൂണും കമ്പിയിൽ കയറുന്ന കുരങ്ങനും വാങ്ങിക്കൊടുക്കുന്നു. എന്നാൽ അവൻ അതിലേക്കു നോക്കുന്നുപോലുമില്ല. അവന് അച്ഛനെ കണ്ടുകിട്ടിയാൽ മാത്രം മതി.

ഈ കഥ നൽകുന്ന പാഠമെന്താണ്?

- പരസ്പരം അടുപ്പവും സ്നേഹവുമുള്ളവരുടെ സാന്നിധ്യത്തിലേ ജീവിതത്തിലെ സുഖാനുഭൂതികൾക്കെല്ലാം വിലയും മധുരവുമുള്ളൂ. അവരുടെ അഭാവത്തിൽ അതൊന്നും ആസ്വദിക്കാനാവില്ല.
- ജീവിതത്തിൽ പ്രഥമവും പ്രധാനവുമായ അടുപ്പം മാതാക്കളുമായുള്ളതാണ്. ശൈശവത്തിലും ബാല്യത്തിലും കൗമാരത്തിലും അവരുടെ സാന്നിധ്യവും സ്നേഹവുമാണ് വ്യക്തികൾക്ക് ഏറ്റവും പ്രധാനമായിട്ടുള്ളത്. പിന്നീട് പലരും അതു മറക്കുന്നു. ഇത്രയും നീണ്ടകാലം ഒരു വ്യക്തിക്ക് എല്ലാമെല്ലാമായിരുന്ന മാതാപിതാക്കളെ പിന്നീടെങ്ങനെയാണു മറന്നുകളയാൻ സാധിക്കുക?
- പൂർവ്വകാല അവസ്ഥകൾ മറന്നു കളയാതിരിക്കുക എന്നതാണ് സംസ്കാരമുള്ള മനുഷ്യന്റെ ലക്ഷണം.
- കുഞ്ഞുന്നാളിൽ മാതാപിതാക്കൾ എങ്ങനെ സ്നേഹവും കാരുണ്യവും ചൊരിഞ്ഞു തുണയായോ അതുപോലെ അവരുടെ വാർധക്യത്തിൽ മക്കളും സ്നേഹവും കാരുണ്യവും ചൊരിഞ്ഞ് അവർക്കു തുണയാവണം. ഇതാണു നുഷ്യസംസ്കാരം.

കുട്ടികളുടെ മനസ്സിലേക്കു ഈ ആശയങ്ങൾ കടത്തിവിടും വിധം അധ്യാപകർ ചർച്ച നയിക്കണം.

## യൂണിറ്റ് – 5

# ഹാഗാർ; ഇസ്മാഈലിന്റെ മാതാവ്

സ്വച്ഛവും നിർമലവുമായ ജലാശയങ്ങളെയും അവയെ ആശ്രയിച്ചു കഴിയുന്ന ഗ്രാമീണ ജനങ്ങളെയും പട്ടണസംസ്ക്കാരം വാപിളർന്നു വിഴുങ്ങുന്ന കഥയാണ് സാറാജോസഫ് 'ആതി' എന്ന നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. ഇടയ്ക്കിടെ ആ ഗ്രാമപ്രദേശത്ത് കഥപറയാൻ അവ ധൂതന്മാരെത്തും. ആദ്യരാവിൽ കഥപറയാനെത്തിയ യാൾ പറഞ്ഞ കഥയാണ് പാഠഭാഗമായി എടുത്തിരിക്കുന്നത്. ഹാഗാർ; ഇസ്മാഈൽ എന്ന ശിശുവിന്റെ മാതാവാണവർ. രണ്ടാം ഭാര്യ യായ ഹാഗാറിനെയും കൂട്ടി ഭർത്താവ് പുറപ്പെടുന്നു; എങ്ങോട്ടെന്നില്ലാതെ! ഭർത്താവിന്റെ മന സ്സിൽ വ്യക്തമായ ദിശയുണ്ടെങ്കിലും ഭാര്യ അതറിയുന്നില്ല. ദിവസങ്ങളോളം യാത്ര ചെയ്ത് അവർ കൊടുംചൂടിലെരിയുന്ന ഒരു താഴ്വരയിലെത്തുന്നു. ചുറ്റും കരിമ്പാറകൾ നിറഞ്ഞ മൊട്ടക്കുന്നു കൾ. ഒരു തണൽവൃക്ഷം പോലും എങ്ങും കാണാനില്ല. പച്ചയുടെ തരിപോലും ദർശിക്കാനില്ല.

ഹാഗാറിനെയും കുഞ്ഞിനെയും അവിടെയിറക്കി ഒരക്ഷരം പറയാതെ ഭർത്താവ് തിരിച്ചു പോകുന്നു! കൈയിലുണ്ടായിരുന്ന അല്പം വെള്ളവും ഇത്തിരി ഈത്തപ്പഴവും മാത്രമാണ് ആ മാതാവിനും മകനും കൂട്ട്. അവരുടെ ചോദ്യങ്ങൾക്കും ആശങ്കകൾക്കും ഭർത്താവിൽ നിന്നൊരു പ്രതികരണവുമുണ്ടായിരുന്നില്ല. അവസാനം 'ദൈവമാണോ ഇതു കല്പിച്ചത്' എന്ന അവരുടെ ചോദ്യത്തിന് കുന്നിൻമുകളിൽ ഒട്ടകത്തെ പിടിച്ചുനിർത്തി അദ്ദേഹം പ്രതികരിച്ചു: "അതേ, ഇത് ദൈവത്തിന്റെ നിശ്ചയമാണ്."

സ്ത്രീകളുടെ സഹനത്തിന്റെയും ത്യാഗമനോഭാവത്തിന്റെയും ആത്മധൈര്യത്തിന്റെയും അങ്ങേയറ്റത്തെ വാത്സല്യത്തിന്റെയും സൗമ്യതയുടെയും കരുതലിന്റെയുമൊക്കെ പ്രതീകമാണ് ഹാഗാർ. അവർ ധൈര്യപൂർവ്വം പിടിച്ചു നിന്നു. മണൽക്കാറ്റിലും കൊടുംചൂടിലും കൂരിരുട്ടിലും ഭീകരമായ ഏകാന്തതയിലും അവർ പതറിയില്ല. ഒരൊറ്റ മനുഷ്യജീവിയെപ്പോലും കാണാനി ല്ലാത്ത, ജനജലഫല ശൂന്യമായ മരുഭൂമിയിലെ ഭീതി ജനിപ്പിക്കുന്ന താഴ്വരയിൽ ഒറ്റയ്ക്കൊരു സ്ത്രീ; കൂടെ പ്രസവിച്ച് ഏതാനും നാളുകൾ മാത്രം പിന്നിട്ട ഒരു ശിശുവും.

ഒരു തുള്ളി മുലപ്പാൽപോലും വലിച്ചൂറ്റിയെടുക്കാനില്ലാതെ കുഞ്ഞുതളർന്നപ്പോൾ, തൊണ്ട പൊട്ടിക്കരഞ്ഞു പിടഞ്ഞുപിടഞ്ഞ് അതിന്റെ ചലനം നിലച്ചപ്പോൾ...................... അപ്പോൾ മാത്രമാ ണവരുടെ വിലാപം ദിക്കുകൾ ശ്രവിച്ചത്; അതുപക്ഷേ ആർത്തുകരച്ചിലായിരുന്നില്ല; ദൈവ ത്തോടുള്ള യാചനയായിരുന്നു. ദൈവം അതുകേട്ടു. കൊടും പരീക്ഷണത്തിന്റെ അന്ത്യത്തിൽ ദൈവത്തിന്റെ കാരുണ്യം നിലയ്ക്കാത്ത നീരുറവയായി ആ മരുഭൂമിയിൽ പൊട്ടിയൊഴുകി.

ജൂതക്രൈസ്തവ ഇസ്ലാം മതങ്ങളിൽ ആദരണീയനായി പരാമർശിക്കപ്പെട്ട ഇബ്രാഹീം നബി (അബ്രഹാം)യുമായി ബന്ധപ്പെട്ട ഒരു കഥയാണിത്. ജനങ്ങളെ സന്മാർഗത്തിലേക്കു നയിക്കാൻ ദൈവം നിയോഗിച്ച പ്രവാചകനാണദ്ദേഹം. ഇറാഖ് മുതൽ ഈജിപ്ത് വരെയും സിറിയ, ഫലസ്തീൻ തൊട്ട് അറേബ്യൻ മരുഭൂമിയുടെ വിവിധ പ്രദേശങ്ങളിലും ചുറ്റിനടന്ന് അദ്ദേഹം ജനങ്ങൾക്ക് മാർഗനിർദ്ദേശം നൽകി. അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ രണ്ടു ശാഖകളുണ്ട്. 1. അറേബ്യയിൽ താമസമാക്കിയ ഇസ്മാഈൽനബിയുടെ സന്താനപരമ്പര. ഖുറൈശികളും അറേബ്യയിലെ മറ്റു ചില ഗോത്രങ്ങളും ഈ ശാഖയുമായി ബന്ധപ്പെട്ടവരാണ്.

2. ഇസ്ഹാഖ് നബിയുടെ സന്താനപരമ്പര. യഅ്ഖൂബ്, യൂസുഫ്, മൂസാ, ദാവൂദ്, സുലൈമാൻ, യഹ്യാ, ഈസാ തുടങ്ങിയ പ്രവാചകന്മാർ ഈ ശാഖയിൽ ജനിച്ചവരാണ്. ഇവരിൽ യഅ്ഖൂബ് നബിക്ക് ഇസ്രാഈൽ എന്നൊരു പേരു കൂടിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സന്താനപരമ്പരയാണ് ഇസ്രാഈലികൾ എന്നറിയപ്പെടുന്നത്.

പ്രായമേറെയായിട്ടും ഇബ്റാഹീം-സാറ ദമ്പതികൾക്ക് സന്താനങ്ങളുണ്ടായില്ല. പ്രാർത്ഥനകൾക്കൊന്നും ഫലം കാണാതായപ്പോൾ സാറ തന്റെ അടിമപ്പെണ്ണായ ഹാജറിനെ (ഹാഗാർ) ഭർത്താവിനു സമ്മാനിച്ചു രണ്ടാം ഭാര്യയാക്കാൻ നിർദ്ദേശിച്ചു. അതനുസരിച്ച് രണ്ടാം ഭാര്യയായിത്തീർന്ന ഹാജറിനു താമസിയാതെ ഒരു ആൺകുഞ്ഞു പിറന്നു; ഇസ്മാഈൽ. അപ്പോഴേക്കുംആദ്യഭാര്യ സാറയും ഗർഭിണിയായിക്കഴിഞ്ഞിരുന്നു. അവർക്കും ഒരാൺകുഞ്ഞു പിറന്നു; ഇസ്ഹാഖ്.

ഇങ്ങനെ സന്തോഷത്തോടെ കഴിയുന്നതിനിടയിലാണ് ഇബ്റാഹീംനബിക്കു ദൈവാജ്ഞ ലഭിച്ചത്; ഹാജറിനെയും മകനെയും കൂട്ടി മക്കയിലേക്കു പുറപ്പെടാൻ. ദൈവത്തിന്റെ ഏതാജ്ഞയും ശിരസാവഹിച്ചിരുന്ന അദ്ദേഹം ഉടനെ മക്ക ലക്ഷ്യമാക്കി പുറപ്പെട്ടു. മകനെയും ഭാര്യയെയും അവിടെ നിർത്തി തിരിച്ചു പോകാനായിരുന്നു ആജ്ഞ. എല്ലാം ദൈവത്തിലർപ്പിച്ചിരുന്ന ഇബ്റാഹീംനബിക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു, മകനെയും ഭാര്യയെയും ദൈവം സംരക്ഷിക്കുമെന്ന്.

ദൈവാജ്ഞ പ്രകാരമാണു തന്നെയും മകനെയും വിജനമായ, ജനഫലശൂന്യമായ മരുഭൂമിയിലെ ഈ താഴ്‌വരയിൽ ഉപേക്ഷിച്ചു പോകുന്നതെന്നറിഞ്ഞപ്പോൾ ധീരയും നല്ല വിശ്വാസിയുമായിരുന്ന ഹാജറിന്റെ പ്രതികരണം 'എങ്കിൽ ഞങ്ങളെ നാഥൻ പാഴാക്കിക്കളയില്ല' എന്നായിരുന്നു. പകലിലെ ചൂട്, രാത്രിയിലെ തണുപ്പും ഭീകരാന്തരീക്ഷവും, ഇടയ്ക്കിടെ അടിച്ചു വീശുന്ന മണൽക്കാറ്റ്. ഹാജർ പതറിയില്ല. ഏതെങ്കിലും യാത്രക്കാർ അതുവഴി വന്നേക്കുമെന്നും അവർ തനിക്കും കുഞ്ഞിനും തുണയാകുമെന്നുമായിരുന്നു അവരുടെ പ്രതീക്ഷ. പക്ഷേ ആരെയും കണ്ടില്ല. ദിവസങ്ങൾ കടന്നുപോയി. തോൽപാത്രം വറ്റി. ഈത്തപ്പഴ സഞ്ചി കാലിയായി. വിശപ്പും ദാഹവും സഹിച്ചു സഹിച്ച് ഹാജറിന്റെ സ്തനവും വറ്റി. അതോടെ കുഞ്ഞു കരയാൻ തുടങ്ങി. കരഞ്ഞു കരഞ്ഞത് തളർന്നു മയങ്ങി. ഒടുക്കം കരയാൻ പോലും ശേഷിയില്ലാതെ ഞരക്കം തുടങ്ങിയപ്പോൾ അവർക്കു വെപ്രാളമായി. അടുത്തുകണ്ട കുന്നിലേക്കവർ പാഞ്ഞുകയറി; അകലെയെങ്ങാനും ആരെങ്കിലും കടന്നു പോകുന്നുണ്ടോ എന്നറിയാൻ. അകലെയെങ്ങാനും വെള്ളത്തിന്റെ സാന്നിധ്യമുണ്ടോ എന്നറിയാൻ. വിജനമായ മൊട്ടക്കുന്നുകൾക്കപ്പുറത്തേക്ക് അവർ നീട്ടി നീട്ടി കണ്ണയച്ചു. നിരാശ മാത്രം. കുഞ്ഞിനെക്കുറിച്ച ഓർമ്മ അവരെ ഭയവിഹ്വലയാക്കി. അവിടെ നിന്നവർ ഓടിയിറങ്ങി. താഴ്‌വരയിൽ കിടത്തിയ കുഞ്ഞിനെ നോക്കി. കുഞ്ഞു പിടയുകയാണ്. അവർ മറുഭാഗത്തു കണ്ട കുന്നിലേക്കോടിക്കയറി അകലേക്കു കണ്ണയച്ചു. ആരുമില്ല, ഒന്നുമില്ല. വീണ്ടുമവർ താഴോട്ടോടിയിറങ്ങി കുഞ്ഞിനെ ശ്രദ്ധിച്ചു. ഇങ്ങനെ ഒരു കുന്നിൽനിന്നു മറ്റേ കുന്നിലേക്ക് എന്ന നിലയിൽ വെപ്രാളപ്പെട്ട് ഏഴു പ്രാവശ്യം ഓടിയപ്പോൾ കുഞ്ഞു കിടക്കുന്നിടത്ത്

അവരെന്തോ ഒരു തിളക്കം കണ്ടു. കൊടുംവെയിലിൽ വെട്ടിത്തിളങ്ങുന്ന വെള്ളത്തിന്റെ തിളക്കം!

അവർ ഓടിയിറങ്ങിച്ചെന്നു. മകൻ കാലിട്ടടിച്ച സ്ഥലത്തു നിന്നാണത് പൊട്ടിയൊഴുകുന്നത്. ആ വെള്ളം കോരിയെടുത്ത് കുഞ്ഞിന്റെ വായിലൊഴിച്ചു. ചൂടിൽ ഉള്ളും പുറവും വെന്ത കുഞ്ഞിനെ വെള്ളത്തിൽ മുക്കിയെടുത്തു. ദാഹം തീരുവോളം അവരും വെള്ളം കുടിക്കുകയും ശരീരത്തിൽ കോരിയൊഴിക്കുകയും ചെയ്തു. വെള്ളം പിന്നെയും ഒഴുകുകയാണ്. അവർ ആ വെള്ളം ശേഖരിക്കാനുള്ള ശ്രമം തുടങ്ങി. തോൽപാത്രത്തിൽ വെള്ളം നിറച്ചു. പിന്നെ ഒഴുകിപ്പോകുന്ന വെള്ളം തടഞ്ഞു നിർത്താനായി ശ്രമം. പക്ഷേ ഒഴുക്കു തുടരുകയാണ്. അവരുടെ ചുണ്ടുകൾ മന്ത്രിച്ചു: “സംസം!” (നീയടങ്ങൂ എന്നർത്ഥം) അത്ഭുതമെന്നു പറയാം. ജലപ്രവാഹം നിലച്ചു; പക്ഷേ ഉറവ നിലച്ചില്ല. അതൊരു ചെറിയ തടാകമായി അവിടെ നിലകൊണ്ടു. പിന്നീട് ആ പദം ആ നീരുറവയുടെ പേരായി മാറി.

ജലത്തിന്റെ സാന്നിധ്യം പറവകളറിഞ്ഞു. അവ ദൂരെയെവിടെ നിന്നൊക്കെയോ പാറിവന്നു, ജലം കുടിച്ചു. ജലത്തിൽ കുളിച്ചു. പറവയുടെ സാന്നിധ്യത്തിൽ നിന്നു. മരുഭൂമിലെ യാത്രക്കാർക്കു ജലസാന്നിധ്യം മണത്തു. അവർ അതുവഴി വന്നു. ജലതടാകം കണ്ടു ആഹ്ലാദചിത്തരായി. അതിന്നടുത്ത് ഒരു മാതാവിനെയും കുഞ്ഞിനെയും കണ്ട് അവർ അമ്പരന്നു. അവർ വർത്തമാനങ്ങളാരാഞ്ഞു. ജലമെടുക്കാൻ അനുവാദം ചോദിച്ചു. ഹാജർ അനുവാദം നൽകി. ജലത്തിന്റെ അവകാശം തനിക്കാണെന്ന് ഊന്നിപ്പറഞ്ഞുകൊണ്ടുതന്നെ അവിടെ ഒരു കരാർ രൂപം കൊണ്ടു. ഹാജറിനും മകനും അവർ സംരക്ഷണം നൽകണം, ഭക്ഷണം നൽകണം. ജലം അവർക്കുമുപയോഗിക്കാം.

ജലത്തിന്റെ വില അമൂല്യമാണല്ലോ. കരാറനുസരിച്ച് അവിടെ അവർ താമസമാക്കി. വീടുകളുണ്ടായി, കൃഷിത്തോട്ടങ്ങളുണ്ടായി. എത്രയെടുത്താലും വറ്റാത്ത തടാകം അവർക്കു സുരക്ഷിതത്വം നൽകി. അങ്ങനെ വിജനമായ ആ താഴ്വര താമസസ്ഥലമായി. യാത്രക്കാരുടെ വിശ്രമസങ്കേതമായി. ഹാജറും മകനും അവിടെ സുരക്ഷിതരായി ജീവിച്ചു. ഭർത്താവായ ഇബ്റാഹീംനബി അവരെ ഇടയ്ക്കിടെ സന്ദർശിച്ചു.

ഇസ്മാഈൽ വളർന്നു വലുതായി. ഒരു ദിവസം ഇബ്റാഹീംനബി വന്നത് പുതിയൊരു ദൗത്യവുമായായാണ്; ആ താഴ്വരയിൽ ഒരു ദേവാലയം പണിയണം. ദൈവത്തിന്റെ ആജ്ഞയാണത്. സ്ഥലം പോലും നിർണയിച്ചു കൊടുത്തിരുന്നു. ഇരുവരും ചേർന്നു ദേവാലയത്തിന്റെ പണിയാരംഭിച്ചു. ആ കെട്ടിടമാണു വിശുദ്ധ കഅ്ബ.

ഇസ്ലാമിക വിശ്വാസികളുടെ ഹജ്ജ് ഇബ്റാഹീം നബിയുടെയും മകൻ ഇസ്മാഈൽ നബിയുടെയും (ഇസ്മാഈൽ പിന്നീട് നബിയായി നിയോഗിതനായി.) ഹാജറിന്റെയും ജീവിതവുമായി ബന്ധപ്പെട്ട പല ഓർമ്മകളും അയവിറക്കുന്നുണ്ട്. കഅ്ബാമന്ദിരത്തെ ഏഴുപ്രാവശ്യം പ്രദക്ഷിണം ചെയ്യുകയെന്നത് ഹജ്ജിലെ പ്രധാന ചടങ്ങാണ്. മറ്റൊരു ചടങ്ങാണ് സഫാ മർവാ കുന്നുകൾക്കിടയിൽ ഏഴുപ്രാവശ്യം സഞ്ചാരം. ഹാജർ മകന്റെ മരണവെപ്രാളംകണ്ട് സഹായം തേടി കുന്നുകൾക്കിടയിലൂടെ ഓടിയ സംഭവം ഈ ചടങ്ങിലൂടെ അനുസ്മരിക്കുന്നു. അന്ന് ഇസ്മാഈൽ എന്ന കുഞ്ഞ് കാലിട്ടടിച്ച സ്ഥലത്തു നിന്നാരംഭിച്ച ആ ജലപ്രവാഹമാണ് വിശ്വാസികൾ തീർത്ഥജലമായി കരുതുന്ന സംസം. എത്രയെടുത്താലും വറ്റാത്ത ഈ ജലം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും നിരന്തരം കൊണ്ടുപോയ്ക്കൊണ്ടിരിക്കുന്നു. മക്ക എന്ന വിശുദ്ധഭൂമി ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായതും പുതിയൊരു നാഗരികതയ്ക്കു തുടക്കം കുറിക്കാൻ നിമിത്തമായതും അന്ന് അവിടെ ഉത്ഭവിച്ച ആ ജലപ്രവാഹമായിരുന്നു.

സംസ്ക്കാരങ്ങളുടെ ഉത്ഭവ പശ്ചാത്തലങ്ങളെക്കുറിച്ചും മാനവികതയുടെ വളർച്ചാ വികാസങ്ങളെക്കുറിച്ചുമുള്ള അവബോധം കുട്ടികളുടെ മനസ്സിലുണ്ടാക്കാൻ ഈ കഥ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം ചരിത്രസംഭവങ്ങൾ ഈ വിധം മനോഹരമായി ആഖ്യാനം ചെയ്യാനുള്ള പരിശീലനവും കുട്ടികൾക്ക് ലഭിക്കണം.

പാഠാവതരണം

കുട്ടികളുമായി ടീച്ചർ സൗഹൃദ സംഭാഷണത്തിലേർപ്പെടുന്നു.

- ഹജ്ജിന് പോകുന്നവർ തിരിച്ചുവരുമ്പോൾ തീർത്ഥജലം കൊണ്ടുവരാറുണ്ടല്ലോ; എന്താണതിന്റെ പേര്?
- ആ വെള്ളത്തിന്റെ പ്രത്യേകതയെന്താണ്?
- അതിന്റെ ഉത്ഭവത്തിനു പിന്നിൽ ഒരു കഥയുണ്ടല്ലോ. ആ കഥയറിയാമോ നിങ്ങൾക്ക്?
- ആ കഥയുടെ നല്ലൊരു ആവിഷ്ക്കാരം വായിക്കാം എന്ന ആമുഖത്തോടെ 'ഹാഗാർ; ഇസ്മാഈലിന്റെ മാതാവ്' എന്ന പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം.

ടീച്ചർ ആദ്യഭാഗം മാതൃകപരമായി ഭാവമുൾക്കൊണ്ടു വായിക്കുന്നു. തുടർന്ന് ടീച്ചർ നിർദ്ദേശിക്കുന്നവർ അപ്രകാരം വായിക്കട്ടെ.

വായനക്കിടയിൽ മനോഹരമായ പ്രയാഗങ്ങൾ, ശൈലികൾ, ശ്രദ്ധേയ മുഹൂർത്തങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

- കാറ്റിൽ അയാളുടെ ................................ അകന്നകന്നു പോകുന്ന ഭർത്താവിന്റെ രൂപം അവരുടെ മനസ്സിലുണ്ടാക്കിയ നിരാശയുടെ ആഴം സൂചിപ്പിക്കുന്നു.
- സൂര്യൻ തീ കോരിയിടുന്നു, വറചട്ടിയിലെന്നോണം പൊരിക്കുന്നു തുടങ്ങിയ പ്രയോഗങ്ങൾ
- പൊടിക്കാറ്റ് വീശിയപ്പോൾ അവരുടെ ഭാവം
- ഓരോ പൊടിക്കാറ്റിലും മരുഭൂമിയുടെ രൂപമാറ്റം
- അവളിലെ നീരൊഴുക്കുകളുടെ വറ്റൽ
- വിറയ്ക്കുന്ന അവരുടെ ശരീരം, അതിലേറെ വിറയ്ക്കുന്ന മനസ്സ് (ശാരീരികമായ അസ്വസ്ഥതകളും ഭയവും)
- ചുമരുകളില്ലാത്ത മാളികയാണു ഭൂമി
- ചക്രവാളത്തിൽ ദൈവത്തിന്റെ കാരുണ്യം കരിമ്പടം തൂക്കുന്നത് (സൂര്യനെമറച്ച് ഇരുൾ കടന്നുവരുന്നത്)
- ശീതക്കാറ്റിനോടും ഇരുട്ടിനോടും വിജനതയോടുമുള്ള അവരുടെ അഭ്യർത്ഥന
- നക്ഷത്രങ്ങളുടെ വെളിച്ചം മരുഭൂമിയുടെ വിജനതയെ വർദ്ധിപ്പിക്കുന്നത്
- ദീർഘനിശ്വാസങ്ങൾ പോലെ പൊടിക്കാറ്റ്
- കഴുത്തുഞെരിക്കപ്പെട്ട കിളിയുടെ തൊണ്ടയിൽ നിന്നെന്നോണമുള്ള കുഞ്ഞിന്റെ ഞരക്കം
- ആരാണ് ആദ്യം മരണപ്പെടുക എന്ന ചിന്ത
- "ഉപേക്ഷിച്ചവന്റെ ദൈവം തന്നെയാണ് ഉപേക്ഷിക്കപ്പെട്ടവളുടെ ദൈവവും"
- "അല്പം കൂടി ദയ.............എന്നോടു സൗഹൃദത്തിലാവൂ" എന്ന വാക്കുകൾ
- നെഞ്ചുപിളർത്തിക്കൊണ്ടു പുറപ്പെട്ട നിലവിളി
- അവളുടെ ആഗ്രഹം തന്നെയാണവളെ വിളിച്ചത്
- ഭൂമിയെ തള്ളിത്തുറക്കാനെന്നോണം ചിറകിട്ടടിക്കുന്ന പക്ഷി

- കരിക്കിൻ കണ്ണു തള്ളിത്തുറന്നതുപോലെ ഉറവെടുത്ത വെള്ളം മുലപ്പാലാവുന്നത് അനുഭവിച്ചറിയൽ
- ആദ്യത്തെ തുള്ളി വെള്ളത്തിന്റെ വില എന്റെ കുഞ്ഞിന്റെ ജീവന്റെ വിലയാണ്.
- ഭൂമിയിലെ ആദ്യത്തെ ജലഉടമ്പടിയുണ്ടായി.......

ഇത്തരം പ്രയോഗങ്ങൾ, സന്ദർഭങ്ങൾ വിശകലന വിധേയമാക്കണം.

**കണ്ടെത്താം**

അവധാരണ ചോദ്യങ്ങൾ ഓരോന്നായി ടീച്ചർ വായിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പറയട്ടെ. ആവശ്യമായ കൂട്ടിച്ചേർക്കലും വിശദീകരണവും ടീച്ചർ നൽകണം. പല ചോദ്യങ്ങൾക്കും പാഠഭാഗത്തുനിന്ന് നേരിട്ട് ഉത്തരം കണ്ടെത്താൻ കഴിഞ്ഞെന്ന് വരില്ല.

- ഒന്നാമത്തെ ചോദ്യത്തിലെ 'കടിഞ്ഞൂൽപുത്രൻ '– ഇബ്റാഹീം നബിയുടെ കഥ പറഞ്ഞുകൊടുക്കണം.
- മൂന്നാമത്തെ ചോദ്യത്തിലെ 'നീളം കുറഞ്ഞ രാത്രി – നീളം കൂടിയ പകൽ' – രാത്രി തണുപ്പാണെങ്കിലും ഉറങ്ങാം, വലിയ പ്രയാസമുണ്ടാവില്ല അപ്പോൾ പെട്ടെന്നു സമയം കടന്നു പോയതായിതോന്നും. പകൽ അങ്ങനെയല്ലല്ലോ. അതിതീക്ഷ്ണമായ സൂര്യപ്രകാശം, കൊടുംചൂട്, വിശപ്പും ദാഹവും............. സമയം നീങ്ങിക്കിട്ടാൻ വളരെ പ്രയാസമനുഭവപ്പെടും.
- നാലാമത്തെ ചോദ്യം: ആ ജല ഉടമ്പടിയോടെ അവിടെ ജനങ്ങൾ താമസിക്കാൻ വന്നു എന്നു സൂചന. അവർ വീടുകൾ പണിതു, കൃഷിയാരംഭിച്ചു, വ്യാപാരകേന്ദ്രമായി........... അങ്ങനെ പുതിയൊരു ജനത അവിടെ വികാസം പ്രാപിച്ചു.
- കുഞ്ഞാണ് ആദ്യം മരിക്കുന്നതെങ്കിൽ അവർക്കതിനെ മറവ് ചെയ്ത് ആശ്വസിക്കാം. അവരാണെങ്കിൽ ആ കുഞ്ഞിന്റെ പിന്നീടുള്ള ജീവിതം എത്ര ദയനീയമായിരിക്കും എന്ന ചിന്ത അവരുടെ മനസ്സിനെ വല്ലാത്തവിഷമത്തിലാക്കുന്നു.
- ഹാഗാറിന്റെ മനസ്സിലെ ശുഭാപ്തിവിശ്വാസം പ്രകടമാക്കുന്ന വരികൾ:
- ചക്രവാളത്തിൽ ദൈവത്തിന്റെ കാരുണ്യം...................
- ഇതോ ദൈവനിശ്ചയം? അല്ല, ഇതാവില്ല. ഇതിലും വലുതെന്തോ ആയിരിക്കും.
- ഉപേക്ഷിച്ചവന്റെ ദൈവം തന്നെയാണ് ഉപേക്ഷിക്കപ്പെട്ടവളുടെ ദൈവവും അന്വേഷിക്കണം , ജീവന്റെ ഉറവ കണ്ടെത്തണം
- ആരുടെ കരുണയുള്ള.................... ആരുടെ കാരുണ്യത്തിന്റെ സുഗന്ധം.................

വിശകലനത്തിനുശേഷം കുട്ടികൾ വ്യക്തിഗതമായി ചോദ്യങ്ങൾക്ക് ഉത്തരമെഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തണം.

**സന്ദർഭം കണ്ടെത്താം**

ഹാഗാറിന്റെ വാക്കുകളാണു സന്ദർഭം കണ്ടെത്താൻ നൽകിയിരിക്കുന്നത്. ആവശ്യബോധത്തോടെ പാഠഭാഗം വായിച്ച് കുട്ടികൾ സന്ദർഭം കണ്ടെത്തി എഴുതട്ടെ. ഏതാനും പേർക്ക് അവ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകാം.

**അന്വേഷിച്ചു കണ്ടെത്താം**

കുട്ടികളുടെ അന്വേഷണാഭിവാഞ്ഛ പ്രകടമാക്കേണ്ട പ്രവർത്തനമാണിത്. എല്ലാ കഥകളും ആദ്യമേ പറഞ്ഞുകൊടുത്താൽ അന്വേഷണ താല്പര്യമുണ്ടാവില്ല. അതുകൊണ്ട് കാര്യങ്ങൾ അന്വേഷിച്ചറിയാൻ നിർദ്ദേശിക്കണം. അവർ കണ്ടെത്തിയ വിവരങ്ങൾ ക്ലാസിൽ അവതരിപ്പിച്ചു വിലയിരുത്തണം.

**ഭേദകം (വിശേഷണം)**

ഭേദകം എന്നാൽ വിശേഷണമാണ്.

കുട്ടികൾ പാഠഭാഗത്തുനിന്ന് കുറെ വിശേഷണപദങ്ങൾ കണ്ടെത്തി പറയട്ടെ. ടീച്ചർ അവ BBയിൽ കുറിക്കുന്നു.

- അതിവേഗം
- ഉറക്കെ
- ചുവപ്പ്
- ചുട്ടുപഴുത്ത
- കനത്ത
- പതുക്കെ
- വൃത്തിയിൽ
- വെറുതെ
- വിറയ്ക്കുന്ന
- കലശലായ
- വിചിത്രരൂപിയായ
- വലിയ
- ചെറിയ
- മെല്ലെ
- മനോഹരമായി

**തുടർന്ന് ഈ പദങ്ങളും കുറിക്കാം**

- പറവ
- പാമ്പ്
- ഓടി
- പറഞ്ഞു
- മണൽ
- മേലാട
- മഞ്ഞ്
- പക്ഷി
- ദാഹം
- കൈകൾ
- ഇരുന്നു
- കരഞ്ഞു
- എഴുതി
- അലങ്കരിച്ചു
- ഇറങ്ങി
- ചിരിച്ചു

ഒരുഭാഗത്തു വിശേഷണവും മറുഭാഗത്ത് വിശേഷ്യവും എന്ന നിലയിൽ കുട്ടികൾ ചേരുംപടി ചേർക്കട്ടെ.

തുടർന്നു ചോദിക്കാം : എല്ലാ വിശേഷണങ്ങളും നാമപദങ്ങളാടാണോ ചേർന്നിരിക്കുന്നത്? കുട്ടികൾ കണ്ടെത്തി പറയട്ടെ. ചില വിശേഷണങ്ങൾ ക്രിയകളാടാണല്ലോ ചേർന്നിരിക്കുന്നത്.

- നാമങ്ങളെ വിശേഷിപ്പിക്കുന്നത് നാമവിശേഷണം.
- ക്രിയകളെ വിശേഷിപ്പിക്കുന്നത് ക്രിയാവിശേഷണം.
- വിശേഷണങ്ങളെ വിശേഷിപ്പിക്കുന്നത് വിശേഷണ വിശേഷണം.

ഈ തിരിച്ചറിവിലേക്കു കുട്ടികളെ നയിക്കണം.

**വർക്കുബുക്കിലെ പ്രവർത്തനങ്ങൾ**

- ആരുടെ വാക്കുകൾ - കുട്ടികൾ പാഠഭാഗം വായിച്ചു കണ്ടെത്തട്ടെ.
- വാക്യത്തിൽ പ്രയോഗിക്കുക എന്ന പ്രവർത്തനം കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് എഴുതട്ടെ.

ഓരോ ഗ്രൂപ്പും തങ്ങൾ കണ്ടെത്തിയ വാക്യം അവതരിപ്പിക്കണം. ഉചിതമായ വിധത്തിലാണോ പ്രയോഗിച്ചത്, വാക്യഘടന ശരിയാണോ എന്നൊക്കെ വിലയിരുത്തണം. ചർച്ചകളിലൂടെ മെച്ചപ്പെടുത്തണം.

ആവശ്യമെങ്കിൽ ടീച്ചർവേർഷൻ പ്രദർശിപ്പിക്കാം.

- നെഞ്ചുപിളർത്തിക്കൊണ്ട് - ഒരു ശൈലിയാണ്.

ഭൂമികുലുക്കമുണ്ടായ പ്രദേശത്ത് **നെഞ്ചുപിളർക്കുന്ന** കാഴ്ചകളാണു കണ്ടത്.

- കൊടുങ്കാറ്റ് വന്നപ്പോൾ ജനങ്ങൾ **ഭയവിഹ്വലരായി** നാലുപാടും ഓടി.
- ഇക്കൊല്ലത്തെ വേനൽ ഭൂമിയെ **വറചട്ടിയിലെന്നോണം** പൊരിക്കുന്നതായിരുന്നു.
- കലശലായ രോഗം കാരണം വൃദ്ധജനങ്ങൾ വല്ലാതെ ബുദ്ധിമുട്ടുന്നുണ്ട്.

**വിഗ്രഹിച്ചെഴുതുക**

- മുള്ളുകളുള്ള ചെടി
- ദീർഘമായ നിശ്വാസം
- മരുഭൂമിയിലെ പക്ഷികൾ
- ജലത്തിന്റെ ആശയം
- നീരിന്റെ ഓട്ടം
- തടാകത്തിന്റെ കര

**ലഘുവാക്യങ്ങളെഴുതുക**

- അവളുടെ കണ്ണുനീർ വറ്റി, മുലപ്പാൽ വറ്റി, രക്തം വറ്റി, അവയിൽ ഒഴുകിക്കൊണ്ടിരുന്ന എല്ലാ നീരുറവകളും വറ്റി.
- പകൽ മുഴുവൻ കനൽപോലെ ജ്വലിക്കുകയായിരുന്നു മണൽ. രാത്രി അതു മഞ്ഞുകട്ട പോലെ തണുത്തുറഞ്ഞു.

**ഒറ്റപ്പദമാക്കി എഴുതുക**

പാഠഭാഗത്ത് പരാമർശിച്ച പദങ്ങളാണിവിടെ വിഗ്രഹിച്ചു നൽകിയിരിക്കുന്നത്. കുട്ടികൾ അവ കണ്ടെത്തി എഴുതട്ടെ.

**കർത്തരിപ്രയോഗത്തിലാക്കുക**

കർത്തരി കർമ്മണി പ്രയോഗരീതികൾ പരിചയപ്പെട്ടിട്ടുണ്ടല്ലോ. കുട്ടികൾ ആത്മഗതമായി ഈ വാക്യങ്ങൾ കർത്താവിനു പ്രാധാന്യം നൽകുന്ന വിധം മാറ്റി എഴുതട്ടെ.
ടീച്ചർ വിലയിരുത്തണം.

- അവൾ പുസ്തകം എഴുതി
- മനുഷ്യർ കുരങ്ങനെ വേട്ടയാടി
- അമ്മ ചോറു വിളമ്പി
- അന്ധകാരം ഭൂമിയെ വിഴുങ്ങി
- വെള്ളം നാടിനെ മുക്കി

കർത്തരിപ്രയോഗത്തിലാക്കുമ്പോൾ വാക്യത്തിനുണ്ടാകുന്ന ഭംഗിയും പ്രയോഗസൗകര്യവും കുട്ടികൾ തിരിച്ചറിയണം. ആവശ്യമെങ്കിൽ അതു വിശദീകരിച്ചു കൊടുക്കണം.

**ഉപന്യാസമെഴുതുക**

'ഹാഗാർ, അറേബ്യൻ നാഗരികതയുടെ മാതാവ്'
ഉപന്യാസം തയ്യാറാക്കുന്നതിന്റെ ഭാഗമായി ക്ലാസിൽ ചർച്ച നടത്തുന്നു:
എന്തെല്ലാം കാര്യങ്ങളാണ് ഉപന്യാസത്തിൽ ഉൾക്കൊള്ളിക്കേണ്ടത്?

- ഹാഗാർ എത്തുന്നതിനുമുമ്പ് മക്കയുടെ അവസ്ഥ
- ഹാഗാറിന്റെയും മകന്റെയും വരവ്
- നിലയ്ക്കാത്ത നീരുറവ
- യാത്രക്കാരുടെ വരവ് - ഹാഗാറുമായുള്ള ഉടമ്പടി
- മക്കാതാഴ്‌വരയിലെ ജനവാസം, യാത്രാ സങ്കേതം, കച്ചവടകേന്ദ്രം
- വിശുദ്ധ കഅ്ബയുടെ സ്ഥാപനം-

- എല്ലാറ്റിനും സാക്ഷിയായും നേതൃത്വമായും ഹാഗാർ മാറിയത്
- അങ്ങവിടെയൊരു ജനവിഭാഗത്തിന്റെ പിറവി കുറിച്ചത്
- മക്കാ തീർത്ഥാടകരുടെ കേന്ദ്രമായത്......

ചർച്ചയിലൂടെ വ്യക്തമായ ആശയങ്ങൾ ഓരോ കുട്ടിയും കുറിച്ചെടുക്കട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് വ്യക്തത വരുത്തിയശേഷം വ്യക്തിഗതമായി ഉപന്യാസം തയ്യാറാക്കട്ടെ.
തയ്യാറാക്കിയ ഉപന്യാസങ്ങൾ വീണ്ടും ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പിൽ നിന്നു തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ ക്ലാസിൽ അവതരിപ്പിച്ചു വിലയിരുത്തണം. എല്ലാ കുട്ടികളുടെയും രചനകൾ ടീച്ചർ വിലയിരുത്തണം.

**കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത്**

- എഴുതുന്ന വിഷയത്തിന്റെ വ്യാപ്തി നിശ്ചയിക്കണം.
  (മേഖലകൾ, സമയം, വലുപ്പം)
- വിഷയം സൂക്ഷ്മമായി മനസ്സിലാക്കണം.
- വിഷയം നിർവചനം
- ഓരോ വശവും വ്യക്തമായി വിശകലനം ചെയ്യണം.
- അവതരിപ്പിക്കുന്നതിന്റെ മുൻഗണനാക്രമം നിശ്ചയിക്കണം.
- ഉചിതമായ ശീർഷകം വേണം.
- തുടക്കത്തിൽ ആമുഖം - വിഷയാവതരണം
- വിഷയത്തിന്റെ സാധ്യതകൾ
- വിഷയം തിരഞ്ഞെടുക്കാനുള്ള കാരണം
- സമീപനം, ഉള്ളടക്കം
- സ്വന്തം നിരീക്ഷണം
- ഉചിതമായ ഭാഷ
- ഉപസംഹാരം

### പാഠം -6

## ആരു ഞാനാകണം?

ആശയ സമൃദ്ധവും ഭാവസാന്ദ്രവുമായ രചനയാണ് 'ആരു ഞാനാകണം' എന്ന ഡോ. കെ.സജിയുടെ ഈ കവിത . കവിതയിലെ ഓരോ ഈരടിയും ഓരോ ഉപദേശമാണ്. ഭാവസാന്ദ്രമായി. ധ്വന്യാത്മകമായ ഈ കവിത മാനവിക മൂല്യങ്ങളെക്കുറിച്ചുള്ള മഹത്തായ ഓർമ്മപ്പെടുത്തലാണ്. മനോഹരമായ ഈണത്തിലും താളത്തിലും ചൊല്ലി അവതരിപ്പിക്കാവുന്ന കവിത വായനക്കാർക്ക് അവാച്യമായ ആത്മീയാനുഭൂതി സമ്മാനിക്കുന്നുണ്ട്.

മനുഷ്യൻ ആ പദവിക്ക് അർഹനാകുന്നത് മാനവികമൂല്യങ്ങൾക്ക് സ്വന്തം മനസ്സിലും പ്രവർത്തനത്തിലും മുഖ്യഇടം നൽകുമ്പോഴാണ്. ഇങ്ങനെ മുഖ്യഇടം നൽകണമെങ്കിൽ മനുഷ്യൻ സംസ്കൃതചിത്തനാവണം. അപ്പോൾ മാത്രമേ സാമൂഹികജീവിതത്തിൽ തന്റേതായ പങ്ക് വഹിക്കാൻ കഴിയുകയുള്ളൂ. ഞാൻ, എന്റേത്, എന്റെ കാര്യം, എന്റെ കുടുംബം എന്ന സ്വാർത്ഥചിന്തയിൽ നിന്നു മുക്തരായി ഞങ്ങൾ എന്ന മനോഭാവത്തിലേക്കു വരുമ്പോഴേ വ്യക്തികളിൽ ഈ സംസ്കാരം പൂർണമാവുകയുള്ളൂ. ചിന്തിച്ചാൽ ആർക്കും ബോധ്യമാവും. സാമൂഹികമാന വികബാധവും അതിനനുസരിച്ച പ്രവർത്തനവും തന്റെയും ബാധ്യതയാണെന്ന്. കാരണം ആരുടെയും താങ്ങില്ലാതെ, തണലില്ലാതെ, സ്നേഹപൂർണമായ പരിചരണങ്ങളില്ലാതെ ഒരു മനുഷ്യശിശുവിനും ആളായിത്തീരാനാവില്ല തന്നെ. വലുതായിക്കഴിഞ്ഞാലും സ്വന്തം ജീവിതവഴി കണ്ടെത്താൻ ഒറ്റയ്ക്ക് ഒരാൾക്കും സാധ്യമല്ല. പലരെയും ആശ്രയിച്ചുകൊണ്ടാണ് അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും ഭവനത്തിന്റെയും പോലും ലഭ്യത നിലകൊള്ളുന്നത്. സാമൂഹികജീവിതം തുടരുമ്പോഴേ സംതൃപ്തിയും സമാധാനവും സൗഖ്യവും കൈവരുകയുള്ളൂ. ഇങ്ങനെ പരാശ്രിതരായവർക്ക് എങ്ങനെയാണ് സമൂഹത്തെ തിരിഞ്ഞുനോക്കാതെ സ്വന്തം കാര്യത്തിൽ മാത്രം വ്യാപൃതരാവാൻ കഴിയുക?

ഓരോ വ്യക്തിയും ഈ വിധം ചിന്തിക്കാൻ ബാധ്യസ്ഥരാണ്; അതിനനുസരിച്ച് പ്രവർത്തിക്കാനും. നമ്മുടെ ഓരോരുത്തരുടെയും ഒരു താങ്ങ്, സഹായം, പുഞ്ചിരി, കൂട്ട്, നോട്ടം തുടങ്ങിയ അനുഭാവ പൂർണമായ സമീപനത്താൽ കാത്തിരിക്കുന്നവരെത്രയോ ഉണ്ട് സമൂഹത്തിൽ, നാം ഇവയെല്ലാം അർഹിക്കുന്നതുപോലെ അവരും നമ്മിൽ നിന്ന് ഇത്തരം സഹായങ്ങൾ അർഹിക്കുന്നുണ്ട്. അതു നൽകാൻ നാം ഓരോരുത്തരും സജ്ജരാവാണം. അപ്പോഴേ സാമൂഹികജീവിതം സംതൃപ്തവും സമാധാനപൂർണവും സ്വസ്ഥതയുള്ളതുമാവുകയുള്ളൂ. ഈ അവബോധം ഓരോ പൗരനും ആവശ്യമാണ്. ഈ ബോധത്തിന്റെ ആദ്യപാഠം ലഭിക്കേണ്ടത് സ്വന്തം മാതാപിതാക്കളിൽ നിന്നാണ്. ഇവിടെ ഒരു പിതാവ് മകനു നൽകുന്ന ഉപദേശമായി ഈ കവിതയെ കാണാവുന്നതാണ്.

ഞാനാരാവണം? ആരാണാവുക? കുട്ടികൾ സാധാരണ ചോദിക്കാറുണ്ട്. അതിനു പ്രതികരണമായി ഭൗതികമേഖലകളിലെ ഉന്നതപദവികൾ ചൂണ്ടിക്കാട്ടി നാം പ്രലോഭിപ്പിക്കാറുമുണ്ട്. എന്നാൽ ഈ പിതാവ് തന്റെ മകന് അങ്ങനെയൊരു പ്രലോഭനമല്ല നൽകുന്നത്; ഭൗതികപദവികളിൽ നീ ഏതുമേഖലയിലേക്കു നീങ്ങിയാലും കുഴപ്പമില്ല; നീയൊരു ഉത്തമ മനുഷ്യനാവണം, മാനവിക മൂല്യങ്ങളുൾക്കൊള്ളണം എന്ന മഹത്തായ ഉപദേശം നൽകുന്നു. ഈ ഉപദേശം കുട്ടികളുടെ മനസ്സിലേക്കു കടത്തിവിടാൻ അധ്യാപകർ ശ്രദ്ധിക്കണം. മനസ്സംസ്കരണത്തിനു സഹായമായ വിദ്യ പരമപ്രധാനമാണ്. അതാണ് സംസ്കാരങ്ങൾ സൃഷ്ടിക്കുന്നത്.

**പാഠാവതരണം**

ടീച്ചർ ചോദിക്കുന്നു; നിങ്ങൾക്ക് ആരാവാനാണു മോഹം?
കുട്ടികൾ പ്രതികരിക്കട്ടെ.
ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞൻ, എഴുത്തുകാരൻ, പത്രപ്രവർത്തകൻ, ബിസിനസ്സുകാരൻ എന്നിങ്ങനെ കുട്ടികൾ പ്രതികരിച്ചുതുടങ്ങും.
'ആരു ഞാനാകണം' എന്ന മകന്റെ ചോദ്യത്തിന് ഒരു പിതാവ് പ്രതികരിച്ചത് എങ്ങനെയാണെന്നറിയേണ്ടേ' എന്ന ചോദ്യത്തോടെ ടീച്ചർ പാഠഭാഗം വായിക്കാൻ കുട്ടികളോടു നിർദ്ദേശിക്കുന്നു.
കുട്ടികൾ മൗനമായി കവിത വായിക്കട്ടെ.
തുടർന്നു ടീച്ചർ ഭാവാത്മകമായി കവിത ചൊല്ലി അവതരിപ്പിക്കുന്നു.

**ആശയവിശകലനം**

കവിതയുടെ ബാഹ്യാർത്ഥത്തിനപ്പുറം വല്ല ആശയവും നിങ്ങൾക്കൂഹിച്ചെടുക്കാൻ കഴിയുന്നുണ്ടോ?
ഈ രണ്ടുവരികളായി വായിച്ചു കേൾപ്പിച്ചു കുട്ടികളോടു ചോദിക്കാം. അവർ പ്രതികരിക്കുന്നതിനനുസരിച്ച് വിശദീകരണങ്ങൾ നൽകാം.

- ഉച്ചയ്ക്കു തീവെയിൽ ....................തണുപ്പാവുക

തീവെയിൽ കൊള്ളുന്ന പൂവിനെ കഷ്ടപ്പെടുന്നവരുടെ പ്രതീകമായെടുക്കാം. അവരെ ആശ്വസിപ്പിക്കുക ,കഷ്ടപ്പാടു തീർക്കാൻ പരിശ്രമിക്കുക.

- ഇറ്റുവെള്ളത്തിനായ് ........ നീരാവുക

ദാഹം പലവിധമാവാം. അറിവിന്നായി ദാഹിക്കുന്നവരുണ്ടാകും! ജീവിതത്തിന്റെ മറ്റു പല ആവശ്യങ്ങളും നിറവേറ്റിക്കിട്ടാൻ ദാഹിച്ചിരിക്കുന്നവരുണ്ടാകും. ഇറ്റു സ്നേഹത്തിനായി ദാഹിച്ചിരിക്കുന്ന വൃദ്ധരും അവശരും രോഗികളുമുണ്ടാകും. അവരുടെ ദാഹമകറ്റുംവിധമുള്ള സഹായസഹകരണങ്ങൾ നൽകുക.

- ആപത്തിലൊറ്റയ്ക്കു ..................കൂട്ടാവുക.

ആപത്തിലകപ്പെട്ടവർക്കു സഹായിയാവുക, ധൈര്യം നൽകുക, സാന്ത്വനിപ്പിക്കുക

- വറ്റിവരണ്ടു ....................മഴയാവുക

അവഗണനയാലും സ്നേഹനിരാസത്താലും മറ്റും വരണ്ടുപോയ മനസ്സിലേക്കു മഴയായി വർഷിക്കുക. നല്ലവാക്കുകൾ, സഹായങ്ങൾ, സമാധാനിപ്പിക്കൽ ഒക്കെയാവാം. വരണ്ട മണ്ണിലേക്കു വർഷിക്കുന്ന മഴപോലെ മനസ്സുകൾക്ക് ഹർഷം നൽകുന്നവനാകുക.

- വെയിലേറ്റു ................................ മരമാവുക.

നടന്നുനടന്നു ക്ഷീണിച്ച യാത്രക്കാർക്കു തണൽ നൽകുന്ന വൃക്ഷം പോലെ ജീവിതയാത്രയിൽ തളർന്നുപോയവർക്കു സംരക്ഷണവും സുരക്ഷിതത്വവും നൽകുന്ന തണൽമരമാവുക.

- മഴയത്തു പുസ്തകം ..........................കുടയാവുക.

ഇല്ലായ്മകളിൽ കഷ്ടപ്പെടുന്നവരേറെയുണ്ട് നമ്മുടെചുറ്റും. ഒരു പെൻസിൽ, ഒരു താൾ പേപ്പർ, ഒരിത്തിരി ഭക്ഷണം, അല്പം വെള്ളം, മഴയത്ത് കുടയിലൊരു പങ്ക്.................... ഇങ്ങനെ സഹായത്തിന്റെ എത്രയെത്ര മുഖങ്ങൾ! കാര്യം നിസ്സാരമെങ്കിലും ചിലപ്പോൾ അതൊക്കെ വലിയ പ്രതിഫലനങ്ങൾ സൃഷ്ടിക്കുന്ന സഹായമായിരിക്കും.

- വഴിതെറ്റിയുൾക്കടൽ .......................... വിളക്കാവുക.

കടലിൽ വഴിതെറ്റിയ തോണിക്കാർക്കു ദിശകാണിക്കുന്ന വിളക്കുപോലെ സമൂഹത്തിൽ വഴിതെറ്റിയവർക്കു വെളിച്ചം പകർന്നു സൽവഴിയിലേക്കു നയിക്കുന്ന വിളക്കാവുക. ഭൗതികസഹായങ്ങളേക്കാൾ പ്രാധാന്യമർഹിക്കുന്ന മാതൃകയാണിത്. തിന്മ യുടെ അതിപ്രസരമാണെങ്ങും മദ്യം, മയക്കുമരുന്ന്, മറ്റു തിന്മകൾ............ അവയിലേക്കു ക്ഷണിക്കുന്നവർ ധാരാളം. ഇത്തരമൊരു സാഹചര്യത്തിൽ നന്മയുടെ വെളിച്ചം കാട്ടി തിന്മയിൽ നിന്നു കരകയറ്റാൻ കഴിയുകയെന്നത് അതി മഹത്തായ സേവനമാണ്.

- ഉറ്റവരെയാൾക്കൂട്ട.......................തായാവുക.

ആൾക്കൂട്ടത്തിൽ ഉറ്റവരിൽ നിന്നു വേർപെട്ട് ഒറ്റപ്പെട്ടുപോയതിനാൽ കരയുന്ന കുഞ്ഞിനെ സുരക്ഷിതസ്ഥാനത്തെത്തിക്കുന്ന അമ്മയാവുക. സഹായത്തിന്റെ അവസരങ്ങൾ ധാരാളം. വഴിതെറ്റിപ്പോയവർക്കു വഴികാണിച്ചുകൊടുക്കുന്നതുപോലും മഹത്തായ സേവനമാണെന്നുണർത്തുന്നു.

- ആഴക്കയത്തിലെ ........................വരമാവുക.

അപകടത്തിലകപ്പെടുന്നവർക്ക് ഒരു കൈ സഹായം നൽകാൻ കഴിയുകയെന്നതും മഹത്തായ സേവനം തന്നെയാണ്. വെള്ളത്തിൽ മുങ്ങിത്താഴുന്നതുപോലെ എത്രയെത്ര അപകടങ്ങളിൽപ്പെട്ട് ജീവസംരക്ഷണത്തിന്നായി കേഴുന്ന രംഗങ്ങൾ അഭിമുഖീകരിക്കാം. സ്വാർത്ഥരായവർ അപ്പോൾ തിരിഞ്ഞുനോക്കാതെ നടന്നുപോകുന്നു. അവരെ രക്ഷിക്കാനൊരുമ്പെട്ടാൽ തനിക്കു നേരിടേണ്ടിവരുന്ന സമയനഷ്ടത്തെക്കുറിച്ചോ മറ്റെന്തെങ്കിലും അസൗകര്യത്തെക്കുറിച്ചോ പ്രയാസങ്ങളെക്കുറിച്ചോ ചിന്തിച്ചാണവർ പിന്മാറുന്നത്. ഇത് കൊടുംക്രൂരതയാണ്. സഹായമർഹിക്കുന്നവരെ എവിടെക്കണ്ടാലും കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കാൻ തയ്യാറാവണം.

- വയറെരിഞ്ഞാകെ.............................ച്ചോറാവുക.

വിശക്കുന്നവർക്കു ഭക്ഷണം നൽകുക. വിശക്കുന്നവരും പട്ടിണി കിടക്കുന്നവരും സമൂഹത്തിൽ ധാരാളമുണ്ട്. അവരുടെ വിശപ്പുമാറ്റാനുള്ള ശ്രമം ഏറ്റവും വലിയ സേവനമാണ്.

- അന്തികൂടണഞ്ഞീ......................പ്പിറപ്പാവുക

സ്ത്രീകൾ ഏറ്റവുമധികം ചൂഷണവിധേയമാവുന്ന കാലമാണിത്. ഒറ്റപ്പെട്ടുപോവുന്ന സ്ത്രീകളെ സഹോദരികളായി കണ്ട് അവർക്കു സുരക്ഷിതത്വം നൽകുന്നതും വലിയ സേവനമാണ്.

- ആകെത്തണുത്തു...................പുതപ്പാവുക.

തണുത്തുവിറയ്ക്കുന്ന വൃദ്ധർക്കു രോമപ്പുതപ്പാവുക എന്നതിന്റെ പൊരുൾ അവർക്ക് എല്ലാ നിലയിലും തുണയാവുക എന്നാണ്. വിറച്ചുവിറച്ചു നടക്കാൻ പ്രയാസപ്പെടുന്നവരെ കൈപിടിച്ചു ലക്ഷ്യസ്ഥാനത്തെത്തിക്കുക, യാത്രയിലും മറ്റും ആവശ്യമായ സഹായം ചെയ്യുക, രോഗിയായി കിടക്കുമ്പോൾ സന്ദർശിച്ചു സാന്ത്വനം നൽകുക...... ഇങ്ങനെ വിവിധതരം സേവനങ്ങൾ ചെയ്യാനുണ്ട്.

- അറിവിന്റെ ...........................കൈയാവുക.

ഗുരുവിന്റെ മുമ്പിൽ വിനയാന്വിതരാവുക. ധിക്കാരിയാവരുത്, അഹങ്കരിക്കരുത്, അധ്യാപകരെ ബഹുമാനിക്കണം.

- നിലതെറ്റിവീഴുന്ന ...............................നിഴലാവുക.

സഹോദരങ്ങളെയും കുടുംബങ്ങളെയും അവഗണിക്കുകയും മറക്കുകയും ചെയ്യാതെ എന്നുമവരുടെ നിഴലായി, അവരോടൊപ്പം ചേർന്നു നിൽക്കുക. ബന്ധങ്ങളുറപ്പിക്കുക. അങ്ങനെ സാമൂഹികാരോഗ്യം ഉറപ്പാക്കുക.

- അച്ഛനുമമ്മയ്ക്കു......................മകനാവുക

മക്കളെത്ര വളർന്നാലും അമ്മയ്ക്കുമച്ഛനും അവർ കൊച്ചുകുട്ടികളെപ്പോലെത്തന്നെ പ്രിയപ്പെട്ടവരായിരിക്കും. കൊച്ചുന്നാളിൽ അവർ മക്കൾക്കെത്ര പ്രിയപ്പെട്ടവരായിരുന്നുവോ അതുപോലെ മുതിർന്നാലും പ്രിയപ്പെട്ടവർ തന്നെയായിരിക്കണം. ഏതുകാര്യവും അവരുമായി പങ്കുവെയ്ക്കണം. അവരോട് അനുവാദം ചോദിച്ചുവേണം ജീവിതത്തിലെ നിർണ്ണായകമായ തീരുമാനങ്ങളെടുക്കാൻ. അവർക്കെപ്പോഴും കാര്യമായ പരിഗണന നൽകണം.

## വരികൾ കണ്ടെത്താം

ആശയവിശകലനത്തിനുശേഷം ഇവിടെ കൊടുത്ത ആശയങ്ങൾ ധ്വനിപ്പിക്കുന്ന വരികൾ കുട്ടികൾ കണ്ടെത്തട്ടെ. ടീച്ചർ നിർദ്ദേശിക്കുന്നവർ കവിതാവരികൾ എടുത്തുപറയട്ടെ.

## സൂചനകൾ വിശദീകരിക്കാം

വിശദീകരണം മുമ്പു നൽകിയിട്ടുണ്ട്. ഈ പ്രവർത്തനം കുട്ടികൾ ഗ്രൂപ്പിൽ ചർച്ചചെയ്ത് കുറിപ്പാക്കട്ടെ. ശേഷം ഓരോ ഗ്രൂപ്പും തങ്ങൾ കണ്ടെത്തിയ കാര്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കണം. മറ്റുള്ളവർ വിലയിരുത്തട്ടെ. കൂട്ടിച്ചേർക്കലുകൾക്ക് ശേഷം കുട്ടികൾ നോട്ടുബുക്കിലെഴുതണം. ടീച്ചർ വിലയിരുത്തണം.

പൂവിനെ തൊട്ടുതലോടുന്ന തണുപ്പാവുക, കരുത്തിന്റെ കൂട്ടാവുക, മഴയാവുക, വിളക്കാവുക, വരമാവുക, കൂടപ്പിറപ്പാവുക, കൂപ്പുകൈയാവുക, നിഴലാവുക, നല്ല മകനാവുക എന്നീ പ്രയോഗങ്ങൾ ഉൾക്കൊള്ളുന്ന അർത്ഥതലങ്ങളും ആശയഭംഗിയും ചർച്ചയിലൂടെ കുട്ടികൾക്കു വ്യക്തമാക്കിക്കൊടുക്കണം.

## ആശയം കണ്ടെത്താം

- പരോപകാരമേ പുണ്യം
  പാപം താൻ പരപീഡനം
- അവനവനാത്മസുഖത്തിനായാചരിക്കു-
  ന്നവയപരന്നു സുഖത്തിനായ് വരേണം

ടീച്ചർ ഈ വരികൾ BBയിൽ കുറിക്കുന്നു. കുട്ടികൾ വായിച്ച് ആശയം കണ്ടെത്തി പറയട്ടെ. അവയുൾക്കൊള്ളുന്ന വിശാലാർത്ഥത്തെക്കുറിച്ചു ചർച്ച ചെയ്യാം.

ചർച്ചയിലൂടെ ആശയവ്യക്തത വരുത്തി ടീച്ചർ ക്രോഡീകരിക്കുന്നു

- പരോപകാരം പുണ്യമാണ്. മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുകയെന്നതു പാപമാണ്. പുണ്യവും പാപവും സമൂഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. പരോപകാരിയായിത്തീർന്നാൽ പുണ്യാത്മാവായി മാറാൻ കഴിയും.
- ഓരോ വ്യക്തിയും തന്റെ സുഖത്തിന്നായി ചെയ്യുന്ന കർമ്മങ്ങൾ മറ്റുള്ളവർക്കും സുഖം നൽകുന്നതാവണം, അവർക്കു ദ്രോഹകരമായിത്തീരരുത്.
- സ്വശരീരത്തിനു നാം ഇഷ്ടപ്പെടുന്നതെന്തോ അത് മറ്റുള്ളവരുടെ കാര്യത്തിലും ഇഷ്ടപ്പെടണം. സ്വന്തം സുഖസൗകര്യങ്ങൾ ജനങ്ങളുടെ താല്പര്യത്തിന്നനുസരിച്ച് ക്രമപ്പെടുത്തണം.

ഈ വരികൾക്കു പാഠഭാഗത്തെ ആശയവുമായുള്ള ബന്ധമെന്ത്? താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കാം.

- പരോപകാരമാണ് വ്യക്തിജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ധർമ്മമെന്നു കവിതയിൽ സൂചിപ്പിക്കുന്നു.

അതാണ് ഏറ്റവും വലിയ പുണ്യമെന്ന് ഈ വരികൾ വ്യക്തമാക്കുന്നു.

- മറ്റുള്ളവരുടെ സുഖസൗകര്യങ്ങൾ പരിഗണിച്ചാണു സ്വന്തം സുഖസൗകര്യങ്ങൾ തീരുമാനിക്കേണ്ടതെന്ന് ഈ വരികൾ വ്യക്തമാക്കുന്നു. ഇതേ ആശയം തന്നെയാണ് മറ്റൊരു വിധത്തിൽ കവിതയിലും സൂചിപ്പിച്ചിരിക്കുന്നത്. ജീവിതത്തിന്റെ പരമമായ ലക്ഷ്യം സാക്ഷാൽകൃതമാവുന്നത് സാമൂഹികബാധ്യതകൾ നിറവേറ്റുമ്പോഴാണെന്ന് ഇവ സൂചിപ്പിക്കുന്നു.

**കവിത ചൊല്ലാം, വരികൾ രചിക്കാം**

കവിത ഗ്രൂപ്പുകളായി ക്ലാസിൽ ചൊല്ലി അവതരിപ്പിക്കട്ടെ. ഐസിടി സൗകര്യം ഉപയോഗപ്പെടുത്തി ഈ കവിതയുടെ അവതരണം കുട്ടികളെ കേൾപ്പിക്കാം. അതിനുശേഷമായിരിക്കട്ടെ അവരുടെ അവതരണം.

തുടർന്ന് ഇതേതാളത്തിൽ കവിതാവരികൾ രചിക്കാൻ കുട്ടികൾ ശ്രമിക്കട്ടെ. ഹോംവർക്കായി നൽകിയാൽ മതി. അവർ രചിച്ച വരികൾ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകണം. ടീച്ചർ പ്രോത്സാഹിപ്പിക്കണം.

**വർക്കുബുക്ക് പ്രവർത്തനങ്ങൾ**

കഥ കുട്ടികൾ വായിക്കട്ടെ.

- രാജകുമാരന്റെ കുണ്ഠിതത്തിന് കാരണമെന്താവാം? ചർച്ച ചെയ്യാം.
- ജീവിതത്തിലെ സുഖസൗകര്യങ്ങൾ മനസ്സിനു പൂർണ്ണസംതൃപ്തി നൽകുമായിരുന്നെങ്കിൽ രാജകുമാരൻ പൂർണ സംതൃപ്തനാകേണ്ടിയിരുന്നില്ലേ?
- എന്തുകൊണ്ടു രാജകുമാരനു പ്രസന്നവദനനാവാൻ കഴിഞ്ഞില്ല?
- പുണ്യാത്മാവിന്റെ ഉപദേശമെന്തായിരുന്നു?
- അതനുസരിച്ചു പ്രവർത്തിച്ചപ്പോൾ രാജകുമാരനിൽ എന്തുമാറ്റമാണുണ്ടായത്?

**ക്രോഡീകരണം :**

- പണവും സമ്പത്തും സുഖസൗകര്യങ്ങളും ബുദ്ധിയുള്ള മനുഷ്യരെ പൂർണസംതൃപ്തരാക്കുകയില്ല.
- കൃത്യമായ ജീവിതനിഷ്ഠയും ജനങ്ങളുമായുള്ള സഹവാസവും ജീവിതത്തിൽ സംതൃപ്തിയും സമാധാനവും നൽകുന്നതാണ്.
- പരോപകാരിയാവുമ്പോഴേ ജീവിതത്തിൽ പൂർണസംതൃപ്തി കൈവരിക്കാ നാവൂ.
- താൻകാരണം മറ്റുള്ളവർക്കുണ്ടാവുന്ന സുഖവും സന്തോഷവും തന്റെ മനസ്സിൽ അവാച്യമായ ആനന്ദാനുഭൂതികൾ നിറയ്ക്കുന്നതാണ്.

കുട്ടികൾ വർക്കുബുക്കിലെ ചോദ്യങ്ങൾക്ക് ആത്മഗതമായി ഉത്തരമെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

പുണ്യാത്മാവിന്റെ ഉപദേശം ലഭിച്ച ദിവസം രാജകുമാരന്റെ മനസ്സിൽ എന്തെല്ലാമാണുണ്ടായിരിക്കുക? കുട്ടികൾ ഊഹിച്ചു പറയട്ടെ.

- അപ്പോൾ തന്നെ സംതൃപ്തി കൈവന്നിട്ടുണ്ടാവില്ല.
- പുണ്യാത്മാവിന്റെ സമീപനവും സംസാരവും അവന്റെ മനസ്സിൽ തട്ടിയിരിക്കും.
- അതനുസരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ടാവും.
- ഈ ഉപദേശം സ്വീകരിച്ചാൽ തന്റെ പ്രയാസം തീരുമെന്ന പ്രതീക്ഷയുണ്ടാവും.

ചർച്ചയിലൂടെ ഉൾക്കൊണ്ട ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ ഡയറിക്കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തണം.

ആത്മാംശപ്രകാശനം എത്രത്തോളമുണ്ടെന്ന് ടീച്ചർ വിലയിരുത്തണം.

**പ്രഭാഷണം തയ്യാറാക്കുക**

കവിതയുടെ ആശയം വിശകലനം ചെയ്തിരുന്നുവല്ലോ. അതിൽനിന്ന് എന്തെല്ലാം കാര്യങ്ങളാണു നാം മനസ്സിലാക്കിയത്? ഗ്രൂപ്പുകൾ അവ പട്ടികയാക്കി അവതരിപ്പിക്കട്ടെ.

അവതരണാനന്തരം പൊതു ചർച്ച നടത്തി ആശയങ്ങൾ ക്രോഡീകരിക്കുന്നു.

'നാം എങ്ങനെയായിത്തീരണം' എന്ന അന്വേഷണത്തിനുള്ള പ്രതികരണമാണ് ഈ കവിതയുടെ ആശയം.

മനസ്സിലാക്കിയ ആശയങ്ങൾ കൂട്ടിച്ചേർത്ത് 'നാം എങ്ങനെയായിത്തീരണം' എന്ന വിഷയത്തെക്കുറിച്ച് കുട്ടികൾ വ്യക്തിഗതമായി പ്രഭാഷണം എഴുതിത്തയ്യാറാക്കണം. ഏതാനും പ്രഭാഷണങ്ങൾ ക്ലാസിൽ അവതരിപ്പിച്ചു ചർച്ച ചെയ്യാം. (ആരുടേത് അവതരിപ്പിക്കണം എന്നു കണ്ടെത്താൻ നറുക്കിടാം.) ആശയങ്ങൾ, വാക്കുകൾ, വാക്യങ്ങൾ തുടങ്ങിയവയിലെ തെറ്റുകൾ മറ്റു കുട്ടികൾ ചൂണ്ടിക്കാണിക്കണം. സ്വന്തം രചനകൾ അതനുസരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശിക്കണം.

പ്രഭാഷണത്തിന്റെ ഘടന, ആശയാവതരണരീതി, വ്യക്തത, സ്വന്തം നിലപാടുകൾ സമർത്ഥിച്ച രീതി, ഒഴുക്ക്, ഉച്ചാരണ സ്ഫുടത, വാക്യഘടനയിലും മറ്റും വരുന്ന തെറ്റ് തുടങ്ങിയവ പ്രത്യേകം ശ്രദ്ധിച്ചു ചൂണ്ടിക്കാണിക്കാൻ വിലയിരുത്തൽ സൂചന നൽകേണ്ടതാണ്.

**പദങ്ങൾ കണ്ടെത്തുക**

സമാനപദങ്ങൾ കണ്ടെത്തി അവതരിപ്പിക്കാൻ കുട്ടികൾക്കു നിർദ്ദേശം നൽകണം. ഇത് രസകരമായ പ്രവർത്തനമായി മാറ്റാം. ഏതു ഗ്രൂപ്പിനാണു കൂടുതൽ പദങ്ങൾ കണ്ടെത്താൻ കഴിയുന്നതെന്നു നോക്കണം.

ആദ്യത്തേത് സമാസ പദങ്ങളും രണ്ടാമത്തേത് സ്ത്രീലിംഗപദങ്ങളും കണ്ടെത്താനുള്ളതാണ്.

പാഠം – 7

# അറിവിൽ നിന്ന് തിരിച്ചറിവിലേക്ക്

അറിവ് പാഠപുസ്തകാധിഷ്ഠിതവും പരീക്ഷകൾ മനസ്സിലേറ്റിയത് ഛർദ്ദിക്കാനുള്ള അവസരവുമായിത്തീർന്നപ്പോഴാണ് യഥാർത്ഥജ്ഞാനാർജ്ജനം അവതാളത്തിലായത്. തൽഫലമായി അറിവിന്റെ മാനദണ്ഡം ബിരുദങ്ങളായി. ബിരുദങ്ങളുടെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടന്നപ്പോൾ മിക്കമേഖലകളുടെയും കാര്യക്ഷമത കുറഞ്ഞു. ഇതിന്നപവാദമായുള്ളത് വളരെ ചുരുക്കമേയുള്ളൂ. ഈ അപചയത്തിൽ നിന്നു പഠിതാവ് രക്ഷപ്പെടണമെങ്കിൽ അറിവിന്റെ മൂല്യം മനസ്സിലാക്കണം. അറിവ് എപ്പോഴാണ് യഥാർത്ഥ അറിവായിത്തീരുന്നതെന്ന് തിരിച്ചറിയണം. കേവലം പരീക്ഷാധിഷ്ഠിതമായ ജ്ഞാനാർജ്ജനമല്ല അറിവെന്ന ബോധം വരണം. ഈ ബോധം കുട്ടികൾക്കു മാത്രമല്ല അധ്യാപകർക്കും വേണം. അറിവിൽനിന്നു തിരിച്ചറിവുണ്ടാകാനുള്ള അധ്യാപന മാർഗ്ഗങ്ങളാവണം അധ്യാപകർ സ്വീകരിക്കേണ്ടത്.

'അറിവിൽ നിന്ന് തിരിച്ചറിവിലേക്ക' എന്ന പാഠഭാഗം പ്രസിദ്ധ മജീഷ്യനായ ഗോപിനാഥ് മുതുകാടിന്റെ 'ഈ കഥയിലുമുണ്ടൊരു മാജിക്' എന്ന കൃതിയിൽ നിന്നെടുത്തതാണ്. സ്വന്തം അനുഭവങ്ങളുടെയും കഥകളുടെയും പശ്ചാത്തലത്തിൽ അറിവിന്റെ മഹത്വവും അതുൾക്കൊള്ളേണ്ട രീതിയും ചൂണ്ടിക്കാട്ടുകയാണു ലേഖകൻ. പഠിച്ചകാര്യം പകർന്നുകൊടുക്കുന്നതല്ല യഥാർത്ഥ അധ്യാപനമെന്നും സ്വയം ഉൾക്കൊണ്ട് അറിവായി മാറിയ അനുഭവങ്ങൾ അതേവിധം ശിഷ്യർക്ക് അനുഭവവേദ്യമാക്കിക്കൊടുക്കുന്നതാണ് അറിവിന്റെ യാഥാർത്ഥ്യമെന്നും അദ്ദേഹം ഉദാഹരണസഹിതം സമർത്ഥിക്കുന്നുണ്ട്. അറിഞ്ഞതൊന്നും അറിവല്ലാതായി മാറുകയും അറിയുന്നവർ അറിവായിത്തീരുകയും ചെയ്യുന്ന അവസ്ഥയിലേക്കു ശിഷ്യരെ പരിവർത്തനപ്പെടുത്തുകയാണു ഗുരുവിന്റെ ദൗത്യം. അറിവിനെയും ഗുരുവിനെയും വിദ്യാഭ്യാസരീതികളെയും കുറിച്ച് ചില തിരിച്ചറിവുകൾ നൽകാൻ പര്യാപ്തമാണു പാഠഭാഗം.

### പാഠാവതരണം

ടീച്ചർ കുട്ടികളുമായി സ്നേഹസംഭാഷണം നടത്തുന്നു.

- മാജിക് കണ്ടിട്ടുണ്ടോ നിങ്ങൾ ? എന്തെല്ലാം മാജിക്കുകൾ?
- നിങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ട ഒരു മാജിക്കിനെക്കുറിച്ചു വിശദീകരിക്കാമോ?
- നിങ്ങൾക്കിഷ്ടപ്പെട്ട മജീഷ്യൻ ആരാണ്?

ഗോപിനാഥ് മുതുകാടിലേക്ക് ചർച്ച സംഗ്രഹിക്കാം.

'അറിവിനെക്കുറിച്ച് ഗോപിനാഥ് മുതുകാട് എഴുതിയ ഒരു ലേഖനം വായിക്കാം' എന്ന ആമുഖത്തോടെ പാഠഭാഗത്തേക്ക് വരാം.

(അല്പം ദീർഘിച്ചതും പെട്ടെന്ന് ആശയം ഉൾക്കൊള്ളാൻ ക്ലിഷ്ടത അനുഭവപ്പെട്ടേക്കാവുന്നതുമാണ് പാഠഭാഗം. അതുകൊണ്ട് അല്പാല്പമായി വായിച്ച് വിശകലനം ചെയ്യുന്നതായിരിക്കും ഉചിതം.)

- ആദ്യത്തെ രണ്ടു ഖണ്ഡിക ടീച്ചർ മാതൃകാപരമായി വായിക്കുന്നു.

ആ ഭാഗം വിശകലനം ചെയ്ത ശേഷം ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടികൾ അടുത്ത ഭാഗം വായിക്കട്ടെ. ഓരോ ഭാഗവും വായിച്ച് വിശകലന വിധേയമാക്കണം.

വിശകലനം : അധ്യാപകനും ഗുരുവും തമ്മിലുള്ള വ്യത്യാസം.

സാധാരണ ഈ രണ്ടുപദങ്ങളും ഒരേ ആശയത്തിലാണു നാം വ്യവഹരിക്കാറുള്ളത്. എന്നാൽ അവ തമ്മിൽ വ്യത്യാസമുണ്ടെന്നു ലേഖകൻ ചൂണ്ടിക്കാട്ടുന്നു. അറിവിൽ നിന്ന് അധ്യാപനം നടത്തുന്നവർ അധ്യാപകർ.

അറിയലിൽനിന്ന് അധ്യാപനം നടത്തുന്നവർ ഗുരു. ഇവ തമ്മിൽ എന്താണു വ്യത്യാസം? തുടർന്നുള്ള ഖണ്ഡികയിൽ അത് വിശദമാക്കുന്നുണ്ട്.

അധ്യാപകർ അറിവ് പഠിപ്പിക്കുന്നേയുള്ളൂ. എന്നാൽ ഗുരു അറിവ് പഠിച്ച് അറിവുതന്നെയായിത്തീരുന്നു. അപ്പോൾ അദ്ദേഹം പഠിപ്പിക്കുന്നത് സ്വന്തം അനുഭവങ്ങളാണ്. അത്രയും സ്വാംശീകരിച്ച അറിവുകളാണു ശിഷ്യരുടെ മനസ്സിലേക്കു സന്നിവേശിപ്പിക്കുന്നത്. ഹൃദയത്തിൽനിന്നു പുറപ്പെടുന്നതേ ഹൃദയത്തിലേക്കു കടന്നുചെല്ലുകയുള്ളൂ എന്നു സാധാരണ പറയാറുണ്ടല്ലോ. അതാണ് ഗുരുവിന്റെ അഭ്യസനത്തിലൂടെ ശിഷ്യരിലേക്കു പ്രവേശിക്കുന്നത്. 'ഉപദേശകൻ ഉപദേശം സിദ്ധിച്ചവനാകണം' എന്നൊരു ചൊല്ലുണ്ട്. ഇതും ഗുരുവിന്റെ അവസ്ഥയെ കാണിക്കുന്നുണ്ട്.

ആനന്ദന്റെ മനസ്സിനെ ബുദ്ധൻ പരിവർത്തനപ്പെടുത്തുന്ന കഥ വിശദീകരിക്കാം.

മനസ്സിലെ അസ്വസ്ഥതക്കും ദു:ഖത്തിനും നിവാരണം തേടിയാണ് ആനന്ദൻ ബുദ്ധനെ സമീപിക്കുന്നത്. ബുദ്ധനാവട്ടെ അപ്പോൾ ശിഷ്യനോടാവശ്യപ്പെടുന്നത് അവർ ചവുട്ടിക്കലക്കികടന്നു വന്ന അകലെയുള്ള പുഴയിൽ നിന്നു കുടിക്കാനുള്ള വെള്ളം കൊണ്ടുവരാനാണ്. തൊട്ടടുത്ത് തെളിനീരുള്ള അരുവിയുണ്ടായിരിക്കെ അകലെപോയി കലങ്ങിയ വെള്ളം കൊണ്ടുവരാൻ പറഞ്ഞതിന്റ പൊരുൾ ശിഷ്യന് മനസ്സിലാകുന്നില്ല . എങ്കിലും ഗുരുവിന്റെ ആജ്ഞ ധിക്കരിക്കാൻ കഴിയാത്തതിനാൽ അയാൾ വെള്ളമെടുക്കാൻ പോകുന്നു.

ആനന്ദൻ ചെന്നപ്പോൾ പുഴവെള്ളം തെളിഞ്ഞിട്ടില്ല. ഇളകിയ ചളിയും കരിയിലകളും അടിയിലടിഞ്ഞ് തെളിയാതെങ്ങനെ വെള്ളമെടുക്കും? കുടിക്കാൻ തെളിഞ്ഞ വെള്ളം വേണമല്ലോ. ആനന്ദൻ ആ വെള്ളത്തിലേക്കുനോക്കി പൊടിയൂറുന്നതും തെളിയുന്നതും കാത്തിരുന്നു. മറ്റെല്ലാം മറന്ന് വെള്ളത്തിലേക്ക് നോക്കി. കുറേ നേരമിരുന്നപ്പോൾ വെള്ളം തെളിഞ്ഞു, അതുപോലെ ആനന്ദന്റെ മനസ്സും.

ശിഷ്യന്റെ മനസ്സുവായിക്കാൻ ബുദ്ധന് കഴിഞ്ഞിരുന്നു. ആനന്ദനപ്പോൾ അല്പസമയം തിരക്കിൽ നിന്നെല്ലാം ഒഴിഞ്ഞു സ്വസ്ഥമായിരിക്കുകയാണ് മന:ശാന്തിക്കാവശ്യം എന്ന് ഗുരു മനസ്സിലാക്കുന്നു. അതിനുപറ്റിയ പ്രവർത്തനം നിർദ്ദേശിക്കുന്നു. വെള്ളം തെളിഞ്ഞുവരുന്നതു നിരീക്ഷിച്ചിരിക്കുമ്പോൾ തന്റെ മനസ്സും തെളിഞ്ഞു വരുന്നതായി അദ്ദേഹം അനുഭവിച്ചറിയുന്നു.

- ഗോപിനാഥിന്റെ ആദ്യ അരങ്ങേറ്റം പരാജയപ്പെട്ടതിലുമുണ്ട് ഒരു പാഠം. സൂത്രപ്പണികൾ പ്രദർശിപ്പിക്കേണ്ട രീതി കാണിച്ചു തരാനേ ഗുരുവിനു കഴിയൂ. സാഹചര്യത്തിനനുസരിച്ച് കാണികളെ കൈയിലെടുത്തു പ്രദർശിപ്പിക്കാനുള്ള സാമർത്ഥ്യം ശിഷ്യൻ തന്നെ കണ്ടെത്തണം.

അച്ഛൻ മകനെ പഠിക്കാൻ ഗുരുവിന്നടുത്തേക്കയച്ച കഥയിലും അറിവിന്റെ യഥാർത്ഥവശങ്ങൾ തന്നെയാണു സൂചിപ്പിക്കുന്നത്. അഹങ്കാരിയായ ശിഷ്യനോട് തനിക്കറിയാവുന്നതെല്ലാം

പഠിപ്പിച്ചു കഴിഞ്ഞെന്നു ഗുരു പറയുന്നു. അത് ശിഷ്യന്റെ അഹങ്കാരം വർദ്ധിപ്പിക്കുന്നു. ഇതു മനസ്സിലാക്കിയ അച്ഛൻ മകനെ വീണ്ടും ഗുരുവിന്നടുത്തേക്കു പറഞ്ഞയക്കുന്നു. പഠിപ്പിക്കുവാനാവാത്തതെന്തോ അതു പഠിപ്പിച്ചു തരാൻ ഗുരുവിനോട് പറയാൻ നിർദ്ദേശിക്കുന്നു. തിരിച്ചു പോകുന്ന മകന് അതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. അവസാനമാണ് അവൻ ആ യാഥാർത്ഥ്യം തിരിച്ചറിയുന്നത്.

അറിവ് എന്നത് കേവലം ക്ലാസുകളിൽനിന്നോ പാഠപുസ്തകത്തിൽ നിന്നോ മാത്രം പഠിച്ചെടുക്കുന്നതല്ല. അതൊക്കെ അറിവിന്റെ നിസ്സാരമായ അംശങ്ങൾ മാത്രമാണ്.ആദിഘട്ടത്തിൽ മാതാപിതാക്കളിൽ നിന്നാണറിവിന്റെ തുടക്കം; പിന്നെ ചുറ്റുപാടിൽ നിന്നും. തുടർന്നാണ് ഔപചാരിക വിദ്യാഭ്യാസത്തിലേക്കു കടക്കുന്നത്. അവിടെ അറിവു നേടാനുള്ള തന്ത്രങ്ങളും സൂചനകളുമാണ് പഠിക്കുന്നത്. കുറെ അറിവുകൾ ഗ്രന്ഥങ്ങൾ പരതി നേടാം. അതിലുപരി സമൂഹവുമായി ബന്ധപ്പെട്ടു നേടുന്നു. ഇതിലെല്ലാം പ്രധാനം സ്വന്തം ചിന്തകളാണ്. നേടുന്ന, അനുഭവിക്കുന്ന അറിവുകളൊക്കെ ചിന്തയിലിട്ട് അരിച്ചെടുത്ത് ശരിയും തെറ്റും വേർതിരിച്ചെടുത്തു വേണം സ്വാംശീകരിക്കാൻ. ക്ലാസ്കയറ്റത്തിലും ബിരുദസർട്ടിഫിക്കറ്റുകളിലും അഹങ്കരിക്കുന്നതിലർത്ഥമില്ലെന്ന് ഈ കഥ ചൂണ്ടിക്കാട്ടുന്നു.

### കണ്ടെത്താം

അവധാരണ ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തി എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

### അഭിമുഖം നടത്താം

അഭിമുഖ ചോദ്യാവലി തയ്യാറാക്കുന്നത് മുമ്പു പരിചയപ്പെട്ടിട്ടുണ്ട്.
പാഠഭാഗത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസത്തെക്കുറിച്ചു എന്തെല്ലാം ചോദ്യങ്ങൾ ചോദിക്കാമെന്നു കുട്ടികൾ ഗ്രൂപ്പിൽ ചർച്ചചെയ്തു കണ്ടെത്തട്ടെ. ഓരോ ഗ്രൂപ്പും തയ്യാറാക്കിയ ചോദ്യങ്ങൾ ക്ലാസിൽ പൊതുചർച്ചയ്ക്കു വിധേയമാക്കണം. മെച്ചപ്പെടുത്താൻ അവസരം നൽകാം.

### താരതമ്യക്കുറിപ്പ് തയ്യാറാക്കാം

"പഠിപ്പിക്കേണ്ട മട്ടിൽ ..........................................സിദ്ധിയുമുണ്ടാവും,"
കുഞ്ഞുണ്ണി മാഷിന്റെ ഈ നിർദ്ദേശങ്ങൾക്ക് ബുദ്ധന്റെ അധ്യാപനരീതിയുമായി വല്ല സാമ്യവുമുണ്ടോ? കുട്ടികൾ ആലോചിച്ചു കണ്ടെത്തട്ടെ.
സൂചനകൾ:

- ശിഷ്യന്റെ പ്രശ്നം പരിഹരിക്കാൻ ബുദ്ധൻ നിർദ്ദേശിച്ചത്..
- ആദ്യം ദേഷ്യവും സങ്കടവും തോന്നിയെങ്കിലും പിന്നീട് അതുൾക്കൊണ്ടത്.
- പൊടിയും ചളിയുമടങ്ങി വെള്ളം ശുദ്ധമാകുന്നതു ശ്രദ്ധയോടെ നോക്കിയിരുന്നത്,
- അതോടെ സ്വന്തം പ്രയാസങ്ങൾ അകന്നുപോയത്.

കുഞ്ഞുണ്ണി മാഷിന്റെ വരികളും ഈ രീതിയുമായുള്ള സാമ്യവ്യത്യാസങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ. കുട്ടികൾ തയ്യാറാക്കുന്ന കുറിപ്പുകൾ പരസ്പരം കൈമാറി വായിച്ച് ചർച്ച ചെയ്ത് മെച്ചപ്പെടുത്തട്ടെ. ഏതാനും കുറിപ്പുകൾ ക്ലാസിൽ വായിച്ചു കേൾപ്പിക്കണം.

**വിശകലനം ചെയ്യാം**

'അടങ്ങിയ മനസ്സാണ് ഗുരു:' അറിവുകൾ നേടി അവ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ് ഉൾക്കൊണ്ടവനാണ് ഗുരു. അറിയുന്നവൻ അറിവുതന്നെയായിത്തീരുക എന്ന അവസ്ഥയാണത്. അറിവ് ഹൃദയത്തിലുൾക്കൊള്ളുക എന്നും അർത്ഥമാക്കാം. അത്തരം ഗുരുനാഥന്മാർക്കേ ശിഷ്യരെ അറിവ് ഉൾക്കൊള്ളുന്ന അവസ്ഥയിലേക്കു നയിക്കാനാവൂ. മനസ്സിൽ നിന്നു പുറപ്പെടുന്ന വാക്കേ മനസ്സിൽ ചെന്നു കൊള്ളുകയുള്ളൂ എന്ന വാക്കുകൾ ഓർക്കുക.

അറിവിന്റെ ഒരംശം മാത്രമേ ഗുരു നൽകുന്നുള്ളൂ. ബാക്കിയുള്ളതെല്ലാം പല നിലക്കും സ്വായത്തമാക്കേണ്ടതാണ്. മാതാപിതാക്കളിൽ നിന്ന്, സഹോദരീ സഹോദരന്മാരിൽ നിന്ന്, കുടുംബക്കാരിൽ നിന്ന്, സമൂഹത്തിൽ നിന്ന്, കൂട്ടുകാരിൽ നിന്ന്, വായനയിൽ നിന്ന്, നിരീക്ഷണത്തിൽ നിന്ന്, മനനത്തിൽ നിന്ന്...........

വിശദീകരണത്തിൽ നിന്നു ലഭിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കുട്ടികൾ വിശകലനക്കുറിപ്പ് തയ്യാറാക്കട്ടെ.

**വർക്ക്ബുക്ക് - പ്രവർത്തനങ്ങൾ**

**വാക്യത്തിൽ പ്രയോഗിക്കുക**

പദങ്ങളുടെ, ശൈലികളുടെ ഉദ്ദേശ്യാർത്ഥം കുട്ടികൾ മനസ്സിലാക്കട്ടെ. എങ്കിൽ മാത്രമേ അർത്ഥവത്തായ വാക്യങ്ങൾ രചിക്കാൻ കഴിയുകയുള്ളൂ. നൽകിയിരിക്കുന്ന പദങ്ങളുടെ ഉദ്ദേശ്യാർത്ഥങ്ങളെക്കുറിച്ചു ചർച്ച ചെയ്യാം.

| | |
|---|---|
| ധർമ്മസങ്കടം: | തള്ളിക്കളയാൻ പറ്റാത്ത രണ്ടു കാര്യങ്ങൾക്കിടയിൽ ഏതു സ്വീകരിക്കണമെന്നറിയാതെ വിഷമത്തിലകപ്പെടുന്ന അവസ്ഥ |
| സ്വായത്തമാക്കുക: | സ്വന്തം അംശമാക്കി മാറ്റിയെടുക്കുക. |
| പകർന്നു കൊടുക്കുക: | പാനീയമോ മറ്റോ ഒഴിച്ചുകൊടുക്കുക എന്നർത്ഥമല്ല. സ്വന്തം മനസ്സിലുള്ള അറിവുകൾ, വിചാരങ്ങൾ മറ്റൊരാൾക്കു മനസ്സിലാക്കിക്കൊടുക്കുക എന്നാണർത്ഥം. ഉദാ: അറിവു പകർന്നുകൊടുക്കുക |
| കണ്ണിലുടക്കി : | ശ്രദ്ധയിൽപ്പെട്ടു എന്നർത്ഥം. |
| അരങ്ങേറ്റം : | പ്രകടിപ്പിക്കൽ - സ്റ്റേജിൽ പ്രദർശിപ്പിക്കൽ |

**വിപരീത പദമെഴുതുക**

| | |
|---|---|
| സ്വാസ്ഥ്യം x അസ്വാസ്ഥ്യം | സൂക്ഷ്മം x സ്ഥൂലം |
| നീരസം x രസം | പ്രാപ്യം x അപ്രാപ്യം |

**ഒറ്റവാക്യമാക്കുക**

- ആനന്ദൻ നീരരുവിയുടെ തീരത്തുചെന്ന് അതിലേക്കു നോക്കിയിരുന്നു.
- ഗുരുനാഥൻ എന്നെ ക്ഷണിച്ചപ്പോൾ ഞാൻ ആത്മവിശ്വാസത്തോടെ വേദിയിൽ കയറി,
- ഒരു ദിഗ്വിജയിയെപ്പോലെ നടന്നടുത്തുവന്ന അവന്റെയുള്ളിൽ നുരഞ്ഞുപൊങ്ങിയിരുന്ന ഭാവം അച്ഛൻ വായിച്ചെടുത്തു.

**വാക്യങ്ങൾ വികസിപ്പിക്കുക**

വിശേഷണങ്ങൾ ചേർത്തുപറയാനും എഴുതാനുമുള്ള പരിശീലനം ലക്ഷ്യമാക്കുന്ന പ്രവർത്തനമാണിത്.

മാതൃകയനുസരിച്ചു കുട്ടികൾ വിശേഷണം ചേർത്തെഴുതട്ടെ. ക്ലാസിൽ അവതരിപ്പിച്ചു വ്യക്തതയുണ്ടാക്കണം. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തണം.

**പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക**

- ദിഗ്വിജയി – ദിക് + വിജയി (സംസ്കൃതസന്ധി)
- തെളിനീരരുവി– തെളിനീർ + അരുവി ('ർ' പോയി'ര' ആദേശം)
- മടങ്ങിയെത്തി – മടങ്ങി + എത്തി (യ ആഗമം)
- കൈയിലെടുത്തു – കൈയിൽ + എടുത്തു ('ൽ' പോയി 'ല' ആദേശം)
- കരിയിലകൾ – കരി + ഇലകൾ (യ ആഗമം)

**വായിക്കാം, ആശയം ഗ്രഹിക്കാം**

ഗോപിനാഥ് മുതുകാടിന്റെ കൃതിയിൽ നിന്നെടുത്തതാണു വരികൾ.

കുട്ടികൾ വായിച്ച് ആശയം ഗ്രഹിക്കട്ടെ.

പെൻസിലിന്റെ എന്തെല്ലാം ഗുണങ്ങൾ നാം ഉൾക്കൊള്ളണമെന്നാണു പറയുന്നത്? ചർച്ച ചെയ്യാം.

ക്രോഡീകരണം :

- കട്ടികുറഞ്ഞ മരം കൊണ്ടു നിർമ്മിച്ച പുറം. അകമാകട്ടെ ദൃഢമാണ്.
  കട്ടികുറഞ്ഞ മരം നമ്മുടെ ബാഹ്യസമീപനങ്ങളെ സൂചിപ്പിക്കുന്നു.
  പരുപരുത്ത സമീപനം പാടില്ല. സൗമ്യമായി പെരുമാറണം. വിനയം കാണിക്കണം.
- പെൻസിലിന്റെ അകം ദൃഢമാണ്. അതാണതിന്റെ കാതൽ. അതുപോലെ നമ്മുടെ മനസ്സും ദൃഢമാവണം. പ്രതികൂല സാഹചര്യങ്ങളിൽ പതറിപ്പോകരുത്. ഉറച്ച തീരുമാനങ്ങളെടുക്കാൻ കഴിയണം.
- പെൻസിൽ പ്രയോജനം ചെയ്തു കൊണ്ടേയിരിക്കുന്നു. അവസാനത്തെ കണം വരെ എഴുതാൻ സഹായകമാവുന്നു. ഇതുപോലെ നമ്മുടെ ജീവിതവും മറ്റുള്ളവർക്കു പ്രയോജനകരമാവണം.

എന്തൊക്കെയോ ഉപകാരപ്രദമായത് രേഖപ്പെടുത്തിക്കൊണ്ടാണ് പെൻസിൽ തേഞ്ഞു തീരുന്നത്. ഇതുപോലെ നാം ജീവിച്ചിരുന്നു എന്നോർമ്മിപ്പിക്കാനായി നല്ല കാര്യങ്ങൾ ചെയ്യണം. അതാണു നന്മയുടെ കാല്പാടുകൾ കൊണ്ടുദ്ദേശിക്കുന്നത്.

## യൂണിറ്റ് -3

# സ്നേഹത്തിന്റെ സുഗന്ധം

"സ്നേഹമാണഖിലസാരമൂഴിയിൽ" - ഭൂമിയിലെ നിലനില്പിന്റെ അടിസ്ഥാനം സ്നേഹമാണ്. '**സ്നേഹത്തിൽ നിന്നുദിക്കുന്നൂ ലോകം**, സ്നേഹത്തിൽ വൃദ്ധിതടുന്നു...........' ജീവികളുടെ ഉത്ഭവവും വികാസവും സ്നേഹത്തിൽ നിന്നാണ്എന്നിങ്ങനെ സ്നേഹത്തെക്കുറിച്ചുള്ള കവിതാവരികൾ പ്രസിദ്ധമാണ്. സ്നേഹത്തിന്റെ വിവിധ മുഖങ്ങളാണ് ഈ ജീവിതത്തെ ആകർഷകവും സുന്ദരവും ചൈതന്യവത്തുമാക്കുന്നത്. കുഞ്ഞുങ്ങളോട് മാതാപിതാക്കൾക്കുള്ള സ്നേഹം, മാതാപിതാക്കൾക്ക് സന്താനങ്ങളോടുള്ള സ്നേഹം, ഭാര്യഭർത്താക്കന്മാർ പരസ്പരമുള്ള സ്നേഹം, കാമുകീകാമുകന്മാർ തമ്മിലുള്ള സ്നേഹം. സഹോദരങ്ങൾ തമ്മിലുള്ള സ്നേഹം, സുഹൃത്തുക്കൾ തമ്മിലുള്ള സ്നേഹം, മനുഷ്യന് പ്രകൃതിയോടുള്ള സ്നേഹം, ഇതരജീവജാലങ്ങൾ പരസ്പരമുള്ള സ്നേഹം, അവയ്ക്ക് മനുഷ്യരോടും മനുഷ്യർക്ക് അവയോടുമുള്ള സ്നേഹം. സർവ്വോപരി മനുഷ്യർക്ക് ദൈവത്തോടും ദൈവത്തിന് മനുഷ്യരോടുമുള്ള സ്നേഹം................. ഇങ്ങനെ സ്നേഹത്തിന്റെ മുഖങ്ങൾ വൈവിധ്യമാർന്നതും നിർവചനാതീതവുമാണ്. പരസ്പരമുള്ള സ്നേഹമാണ് ഈ ഭൂമിയുടെ നിലനില്പിന്നാധാരം. പരസ്പരസ്നേഹം സുഗന്ധം പരത്തുമ്പോഴാണ് ജീവിതം സംതൃപ്തവും സമാധാനപൂർണവും പുരോഗമനാത്മകവുമാകുന്നത്. സ്നേഹത്തിന്റെ അഭാവം വീടുകളെ മാത്രമല്ല, നാടുകളെയും രാജ്യത്തെയും നരകമാക്കി മാറ്റും.

സ്നേഹത്തിന്റെ വില കുട്ടികൾ തിരിച്ചറിയണം. സ്നേഹം നൽകാനും അംഗീകരിക്കാനും ആസ്വദിക്കാനും ശേഷി നേടണം. അങ്ങനെയൊരു ശേഷി ജന്മസിദ്ധമാണെന്നു തോന്നിയേക്കാം, യഥാർത്ഥത്തിൽ അത് ജീവിതവ്യവഹാരങ്ങളിലൂടെ ആർജിച്ചെടുക്കാവുന്നതാണെന്നു സൂക്ഷ്മമായി നിരീക്ഷിച്ചാൽ ബോധ്യമാവും. ക്രൂരമായ പെരുമാറ്റങ്ങൾ അനുഭവിച്ചു വളർന്നവർ ക്രൂരമന:സ്ഥിതിക്കാരായും സ്നേഹ പരിലാളനകൾ ഏറ്റു വളർന്നവർ സ്നേഹസമ്പന്നരായും മാറുന്നത് അനുഭവത്തിൽ കാണാവുന്നത്. അറിവിലൂടെയും അനുഭവത്തിലൂടെയും സ്നേഹശേഷി നേടിയെടുക്കാനാകുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

സ്നേഹം മനുഷ്യർക്കിടയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു വികാരമല്ലെന്ന് വ്യക്തമാണല്ലോ. ചുറ്റുപാടുമുള്ള സർവചരാചരങ്ങളിലും സ്നേഹത്തിന്റെ പ്രസാരണവും ചൈതന്യവും കാണാം. സ്നേഹത്തിന്റെ ഈ സാർവ്വത്രികതയും സ്നേഹിക്കേണ്ടതിന്റെ ആവശ്യകതയും തങ്ങൾ സ്നേഹം അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നുള്ള തിരിച്ചറിവും കുട്ടികൾക്കുണ്ടാവണം. ഈ ലക്ഷ്യത്തോടെയാണ് 'സ്നേഹത്തിന്റെ സുഗന്ധം' എന്ന യൂണിറ്റ് തയ്യാറാക്കിയിട്ടുള്ളത്.

യൂണിറ്റിലെ ആദ്യപാഠം റഫീഖ് അഹ്മദിന്റെ രണ്ടു രാഷ്ട്രങ്ങൾ എന്ന കവിതയാണ്. അയൽ ബന്ധങ്ങളുടെ ശൈഥില്യവും അത് സംഘർഷത്തിലേക്കു നയിക്കുന്നതുമായ അവസ്ഥ യാണ് കവിതയുടെ പ്രമേയം. ഉള്ളൂരിന്റെ 'പ്രേമസംഗീത'ത്തിൽ നിന്നെടുത്ത 'നൽകുകിൽ നേടീടാം' എന്ന പാഠഭാഗം പരസ്പര സ്നേഹത്തിന്റെ അനിവാര്യതയും സ്നേഹത്തിന്റെ ഗുണ ങ്ങളും സൂചിപ്പിക്കുന്നു. 'ചിന്നം ചെറുകിളിയേ കണ്ണമ്മാ.......' എന്ന ഗദ്യഭാഗം ഡോക്ടർ വി.പി. ഗംഗാധരന്റെ 'ജീവിതം എന്ന അത്ഭുതം' എന്ന ആത്മകഥയിൽ നിന്നെടുത്തതാണ്. മാരകമായ രോഗം ബാധിച്ചു പ്രതീക്ഷ നഷ്ടപ്പെട്ട അനേകം രോഗികളെ ജീവിതത്തിലേക്കു തിരിച്ചുവരാൻ സ്നേഹവചസ്സുകൾകൊണ്ടും സ്നേഹപരിചരണംകൊണ്ടും വഴിയൊരുക്കിയ ശ്രദ്ധേയനായ ഈ ഡോക്ടറുടെ അനുഭവങ്ങൾ കുട്ടികൾക്കു മഹത്തായ പാഠം നൽകുന്നുണ്ട്. 'പണിയാം സ്നേഹ ഗോപുരം' എന്ന അക്കിത്തത്തിന്റെ കവിത സ്നേഹം എങ്ങനെ കൈവരിക്കാമെന്നും എങ്ങനെ പ്രസരിപ്പിക്കാമെന്നുമുള്ള സൂചനകൾ നൽകുന്നു. സ്നേഹം എന്ന വികാരത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും സ്നേഹം കൊടുക്കാനും മാനിക്കാനുമുള്ള മനസ്സ് രൂപപ്പെടുത്തും വിധം പാഠ ഭാഗങ്ങൾ അവതരിപ്പിക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

# യൂണിറ്റ് വിശകലനം

യൂണിറ്റ് -3

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാരപ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതയില ആശയം, കാവ്യഭംഗി എന്നിവ ഉൾക്കൊള്ളുന്നു.<br>•ഉത്തരാധുനിക കവിതകളുടെയും കഥകളുടെയും സവിശേഷതകൾ തിരിച്ചറിയുന്നു.<br>•അവയിലടങ്ങിയ സാമൂഹിക വിമർശനത്തിൽ നിന്നു പാഠം ഉൾക്കൊള്ളുന്നു. | രണ്ടു രാഷ്ട്രങ്ങൾ | •അയൽപക്കബന്ധങ്ങളിൽ പുതിയ കാലത്ത് വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു.<br>•അയൽവാസിയെ പരിചയംപോലുമില്ലാത്തമട്ടിൽ അകൽച്ചകൾ സംഭവിച്ചിരിക്കുന്നു.<br>•ഈ അകൽച്ചകൾ ജനങ്ങളുടെ മാനസികാരോഗ്യത്തകർച്ചയ്ക്കു നിമിത്തമായിരിക്കുന്നു.<br>•ഉത്തരാധുനിക കവിതകൾ രൂക്ഷമായ സാമൂഹികവിമർശനം ഉൾക്കൊള്ളുന്നവയാണ്. | കവിത ഭാവമുൾക്കൊണ്ട് വായിക്കൽ<br>ആശയം വിശദീകരിക്കൽ.<br>ചർച്ച സംഘടിപ്പിക്കൽ<br>ധ്വനി കണ്ടെത്തൽ<br>ആസ്വാദനം തയ്യാറാക്കൽ<br>പ്രഭാഷണം തയ്യാറാക്കൽ<br>ദർശനങ്ങൾ കണ്ടെത്തൽ | കവിതാവായന<br>വിശദീകരണക്കുറിപ്പ്<br>ചർച്ചക്കുറിപ്പ്<br>കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>പ്രഭാഷണം | വിശദീകരണക്കുറിപ്പ്<br>•ആശയം കണ്ടെത്തിയിട്ടുണ്ട്.<br>•വിശദീകരിച്ചിട്ടുണ്ട്.<br>•ഉചിതമായ ഭാഷ<br>ആസ്വാദനക്കുറിപ്പ്<br>•കവിതയിലെ പ്രമേയം<br>•സമകാലികപ്രസക്തി<br>•പ്രയോഗ സവിശേഷതകൾ<br>•സ്വന്തം നിരീഷണം<br>•ഭാഷ |
| •കവിതകളുടെ കാലം, പ്രമേയം, ചമത്കാരഭംഗി എന്നിവ ഉൾക്കൊള്ളുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•പ്രമേയപരമായ സവിശേഷതകൾ വിലയിരുത്തി സമകാലിക പ്രസക്തി തിരിച്ചറിഞ്ഞു ജീവിതത്തിൽ പകർത്തുന്നു.<br>•പ്രകൃതിയിൽ നിന്നു മഹത്തായ പാഠങ്ങൾ ഉൾക്കൊള്ളാനുണ്ടെന്നു തിരിച്ചറിയുന്നു. | നൽകുകിൽ നേടീടാം | •ദാർശനികവ്യാഖ്യാനങ്ങൾ സാധ്യമാണ്.<br>•നമ്മുടെ സമീപനമെന്തോ അതിനനുസരിച്ചായിരിക്കും നമുക്കു തിരിച്ചുലഭിക്കുന്നതും.<br>•പ്രകൃതിയിലെവിടെ നോക്കിയാലും ഈശ്വരന്റെ സ്നേഹം വ്യക്തമായി കാണാം.<br>•സ്വന്തം സഹോദരനെ കാണാൻ കണ്ണില്ലാത്തവർക്ക് ഈശ്വരനെ കാണാനും കഴിയില്ല. | വരികൾ വിശകലനം ചെയ്യൽ<br>ആശയം വിശദീകരിക്കൽ<br>കവിത ഭാവാത്മകമായി വായിക്കൽ | കുറിപ്പ്<br>വിശകലനക്കുറിപ്പ്<br>വിശദീകരണക്കുറിപ്പ്<br>കവിതാവായന | വിശകലനക്കുറിപ്പ്<br>•കവിതയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്<br>•സൗന്ദര്യാംശം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>• ദാർശനികവശം വിശദമാക്കിയിട്ടുണ്ട്.<br>അനുയോജ്യമായ ഭാഷ<br>കവിതാവായന<br>•ഭാവം ഉൾക്കൊണ്ടിട്ടുണ്ട്.<br>•ആശയവ്യക്തതയു ണ്ട്<br>•ഈണവും താളവും ഉൾക്കൊണ്ടിട്ടുണ്ട്. |

## യൂണിറ്റ് വിശകലനം

യൂണിറ്റ് -3

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാരരൂപപ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • അനുഭവക്കുറിപ്പുകൾ, ആത്മകഥകൾ തുടങ്ങിയ വ്യവഹാരരൂപങ്ങൾ വായിച്ച് ഉൾക്കൊള്ളുകയും സമാനമായവ തയ്യാറാക്കുകയും ചെയ്യുന്നു.<br>•വ്യക്തികളുടെ സമീപനങ്ങൾ മറ്റുള്ളവരുടെ മനസ്സിലുണ്ടാക്കുന്ന പ്രതിഫലനങ്ങളുടെ ആഴം തിരിച്ചറിയുന്നു.<br>•സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ചു ചർച്ചകൾ സംഘടിപ്പിക്കുന്നു. | ചിന്നം ചെറുക്കിളിയേ കണ്ണമ്മാ........ | •കാൻസർപോലുള്ള മാരകരോഗങ്ങളെ അതിജയിക്കാൻ മാനസികാരോഗ്യം സഹായകമാണ്.<br>•ഡോക്ടർമാരുടെ നല്ല സമീപനങ്ങൾ രോഗശമനം എളുപ്പമാക്കുന്നു.<br>•മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ മരുന്നുകളെക്കാൾ ഫലപ്രദമായിരിക്കും.<br>•ഭാവാത്മകസാഹിത്യ രചനകളെക്കാൾ ഹൃദ്യമായ അനുഭവക്കുറിപ്പുകൾ മലയാളത്തിലുണ്ട്. | ഗദ്യഭാഗം ഭാവമുൾക്കൊണ്ട് വായിക്കൽ<br>അഭിമുഖചോദ്യാവലി തയ്യാറാക്കൽ<br>ചർച്ച<br>അന്വേഷിച്ചറിയൽ<br>ഡയറിക്കുറിപ്പ്തയ്യാറാക്കൽ | വായന<br>ചോദ്യാവലി<br>ചർച്ചക്കുറിപ്പ്<br>കുറിപ്പ്<br>ഡയറിക്കുറിപ്പ് | ചോദ്യാവലി<br>•വിവരശേഖരണ സ്വഭാവമുള്ളത്.<br>ആശയപൂർണം<br>പ്രതികരണക്ഷമം<br>കുറിപ്പ്<br>•ആശയവ്യക്തത<br>•വിവരങ്ങളുടെ കൃത്യ ത<br>•അനുയോജ്യഭാഷ<br>ഡയറിക്കുറിപ്പ്<br>•ആത്മാംശപ്രകാശനം<br>•അനുയോജ്യ ഭാഷ |
| •കവിതകളുടെ പ്രമേയം, ചമത്കാരഭംഗി എന്നിവ ഉൾക്കൊള്ളുകയും തൽസംബന്ധമായ കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•ലോകം നന്നാക്കുവാൻ ആദ്യം വേണ്ടത് വ്യക്തി വിശുദ്ധിയാണെന്നു തിരിച്ചറിയുന്നു.<br>•മഹാത്മാക്കളുടെ സേവനങ്ങൾ ലോകസമാധാനത്തിൽ വഹിച്ച പങ്ക് വിലയിരുത്തുന്നു. | പണിയാം സ്നേഹഗോപുരം | •മഹാത്മാക്കൾ കൊളുത്തിത്തന്ന വെളിച്ചത്തിലൂടെയാണ് ലോകമിന്നും സഞ്ചരിക്കുന്നത്.<br>•ഭൂമിയിൽ സർവ്വജ്ഞരോ സർവ്വശക്തരോ സർവ്വസന്തുഷ്ടരോ ആയി ആരുമില്ല.<br>•പ്രതികാരചിന്തകളുമായി നടക്കുന്നവർക്ക് ഒരിക്കലും സുഖം ലഭിക്കുകയില്ല.<br>•ലോകത്തെ നന്നാക്കാൻ ശ്രമിക്കുന്നവർ ആദ്യം ചെയ്യേണ്ടത് സ്വയം നന്നാവുകയാണ്. | കവിത ഭാവമുൾക്കൊണ്ട് വായിക്കൽ<br>താരതമ്യക്കുറിപ്പ് തയ്യാറാക്കൽ<br>ഉപന്യാസം തയ്യാറാക്കൽ<br>ആശയം വിശകലനം ചെയ്യൽ | കവിതാവായന<br>താരതമ്യക്കുറിപ്പ്<br>ഉപന്യാസം<br>വിശകലനക്കുറിപ്പ് | താരതമ്യക്കുറിപ്പ്<br>•സാമ്യവ്യത്യാസങ്ങളുടെ തിരിച്ചറിവ്<br>•സ്വന്തം കാഴ്ചപ്പാട്<br>•അനുയോജ്യ ഭാഷ<br>ഉപന്യാസം<br>• ഘടന<br>• ആശയങ്ങൾ<br>• ക്രമീകരണം<br>• വിശകലനം<br>• സമഗ്രത<br>• ഭാഷ |

## പ്രവേശകപ്രവർത്തനം

യൂണിറ്റിന്റെ പ്രവേശകമായി നൽകിയ ചിത്രം കുട്ടികൾ നിരീക്ഷിക്കട്ടെ.
എന്താണ് ആ ചിത്രം സൂചിപ്പിക്കുന്നതെന്ന് കണ്ടെത്തി പറയട്ടെ.

> വലിയൊരു വൃക്ഷത്തിന്റെ ചുവട്ടിലിരിക്കുന്ന ഒരു കുട്ടിയും മുതിർന്നയാളും. നമുക്കവരെ അച്ഛനും മകനുമെന്ന് വിശേഷിപ്പിക്കാം. കഠിനമായ മാനസിക പ്രയാസമനുഭവിക്കുന്നുണ്ട് അവരെന്ന് ഇരുത്തം കണ്ടാൽ ഊഹിക്കാം.അവർക്കുസാന്ത്വനമരുളുകയാണ് കരുണാപൂർണമായ മുഖം താഴ്ത്തിക്കൊണ്ട് വൃക്ഷം. തന്റെ പരുപരുത്ത കരങ്ങൾകൊണ്ട് വൃക്ഷം ആ കുട്ടിയെ തലോടുന്നുമുണ്ട്.

പ്രകൃതിയിലെ വൃക്ഷലതാദികൾ മനുഷ്യർക്കു സ്നേഹമരുളുകളും വിഷമാവസ്ഥകളിൽ സാന്ത്വനം നൽകുകയും ചെയ്യുന്നുണ്ടെന്ന് ഈ ദൃശ്യം സൂചിപ്പിക്കുന്നുണ്ടെന്ന് മനസ്സിലാക്കാം.

- കുട്ടികൾ ഉള്ളൂരിന്റെ കവിതാവരികൾ വായിക്കട്ടെ.

എന്താണ് ഈ വരികളുടെ ആശയം? കുട്ടികൾ പരസ്പരം ചർച്ച ചെയ്തു കണ്ടെത്തി പറയട്ടെ. തുടർന്നു ടീച്ചർ വിശദീകരിക്കുന്നു:

- സൂര്യന്റെ ചെമന്ന തീപോലുള്ള ഉഗ്രരശ്മികൾ നിത്യവും തലയിൽ താങ്ങി ദീനദയാലുവായ തേന്മാവ് നമുക്കു പച്ചക്കുട പിടിച്ചു നിൽക്കുന്നു. സൂര്യന്റെ കൊടുംചൂട് ഇലകൾകൊണ്ടു താങ്ങി താഴെയുള്ളവർക്കു തണുപ്പുനൽകിക്കൊണ്ടാണ് തേന്മാവ് നിൽക്കുന്നത്. വിഷമിക്കുന്നവരോടുള്ള തേന്മാവിന്റെ ദയയെയാണതു സൂചിപ്പിക്കുന്നത്. താപം ആവാഹിച്ചടുത്ത് തണുപ്പും ശുദ്ധവായുവും പ്രസരിപ്പിക്കുന്ന മാവ് പരോപകാരിയാണെന്നു സൂചന.
- ഉല്ലാസത്തോടെ അന്തരീക്ഷത്തിലൂടെ പാറിപ്പറക്കുന്ന പൈങ്കിളി നമ്മെ നോക്കി കേൾക്കാൻ ഇമ്പമുള്ള സ്വാതന്ത്ര്യസംഗീതം ആലപിക്കുന്നു. പറവകൾ പാട്ടുപാടുന്നതു നമ്മെ രസിപ്പിക്കാനാണെന്നും അവ പാടുന്നത് സ്വാതന്ത്ര്യഗീതങ്ങളാണെന്നും സൂചന.

ക്രോഡീകരണം::

പ്രകൃതിയിലെ ജീവജാലങ്ങളും വൃക്ഷലതാദികളും പരോപകാര പ്രവണതയുള്ളതാണ്. അവയുടെ പ്രവർത്തനങ്ങൾ മനുഷ്യരുടെ വേദനകളകറ്റാനും സന്തോഷം പ്രദാനം ചെയ്യാനും പര്യാപ്തമാണ്. പ്രകൃതിയുടെ ഈ പരോപകാര പ്രവണത അതിന്റെ ഉപഭോക്താക്കളായ നമ്മളും ജീവിതത്തിൽ പകർത്തേണ്ടതാണ്.

## പാഠം -8

# രണ്ടു രാഷ്ട്രങ്ങൾ

റഫീഖ് അഹമ്മദ് എഴുതിയ കവിതയാണ് രണ്ടുരാഷ്ട്രങ്ങൾ. ഉത്തരാധുനിക സമൂഹത്തിന്റെ പെരുമാറ്റരീതികളിലും ജീവിതസമ്പ്രദായങ്ങളിലും വന്നു ചേർന്ന മാറ്റത്തെക്കുറിച്ചു ഈ കവിത സൂചനകൾ നൽകുന്നു. അയൽബന്ധങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളാണു കവിതയിലെ പരാമർശം.

ഗതകാല സമൂഹങ്ങളിൽ അയൽബന്ധങ്ങൾ പലപ്പോഴും കുടുംബബന്ധത്തെക്കാളും രക്തബന്ധത്തെക്കാളും ദൃഢമായിരുന്നു. ഉപ്പും മുളകും പഞ്ചസാരയും തീ പോലും അങ്ങോട്ടുമിങ്ങോട്ടും കൊടുക്കുകയും വാങ്ങുകയും ഭക്ഷണങ്ങളും മറ്റും പങ്കുവയ്ക്കുകയും ഒന്നിച്ച് ഒരു വീട്ടുകാരെപ്പോലെ കഴിയുകയും ചെയ്തവരായിരുന്നു അയൽവാസികൾ. മറച്ചുവയ്ക്കാനൊന്നുമില്ലാത്തവിധം ഒരു വീട്ടുകാരെപ്പോലെ പരസ്പരം ഇഴുകിച്ചേർന്നു കഴിഞ്ഞിരുന്ന ആ അവസ്ഥ സാമൂഹിക ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പുവരുത്തിയിരുന്നു. സന്തോഷങ്ങളിൽ പങ്കുചേരുന്നതുപോലെ ദു:ഖങ്ങളും പങ്കുവയ്ക്കാൻ അവസരങ്ങളുണ്ടായിരുന്നു. ഏതാപത്തിലും ഓടിവന്നു സഹായിക്കാൻ ആളുകളുണ്ടായിരുന്നു. എന്നാലിന്ന് അയൽപക്കബന്ധങ്ങളുടെ ഈ ദൃഢത തകർന്നുപോയിരിക്കുന്നു. ജാതിയും മതവും വിഭാഗീയതയുമൊക്കെ അയൽപക്കബന്ധങ്ങളിൽ വിള്ളലുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. മതിൽകെട്ടുകൾ ആ വിള്ളലുകൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. പരസ്പര സംശയവും അസൂയയും വെറുതെയുള്ള പകകളും അകലം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുക മാത്രമല്ല, സംഘർഷങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അയൽപക്ക ബന്ധങ്ങളുടെ തകർച്ച സാമൂഹികാവസ്ഥയിലും വലിയ പ്രശ്നങ്ങളാണു സൃഷ്ടിക്കുന്നത്.

പുതുകാല ഫ്ളാറ്റ് ജീവിതത്തിൽ അയൽപക്കമെന്നൊന്നില്ല തന്നെ. ചുമരുകളുടെ അകലമേ രണ്ടു വീട്ടുകാർ തമ്മിലുള്ളൂവെങ്കിലും പരസ്പരം അപരിചിതരാണവർ. ഒരു വീട്ടിലെ മരണം പോലും തൊട്ടടുത്ത വീട്ടിലുള്ളവർ അറിയുന്നില്ല; ഗൗരവതരമായ പ്രശ്നമാകുന്നില്ല. ഓരോ കുടുംബവും ഒറ്റപ്പെട്ട തുരുത്തുകളിൽ അകപ്പെട്ടുപോകുന്ന അവസ്ഥ. ആത്മഹത്യകളും രോഗങ്ങളും പലതരം തട്ടിപ്പുകളും അക്രമങ്ങളും വർദ്ധിക്കുന്നതിൽ, ജനജീവിതത്തിൽ സുരക്ഷിതത്വം നഷ്ടമാവുന്നതിൽ ഈ ബന്ധശൈഥില്യത്തിനു വലിയ പങ്കുണ്ട്.

അയൽബന്ധത്തിന്റെ പ്രാധാന്യം പുതുതലമുറകൾ തിരിച്ചറിയണം, പരസ്പരം കൊണ്ടും കൊടുത്തും പങ്കുവച്ചു കഴിയുന്ന ജീവിതത്തിന്റെ മധുരം മനസ്സിലാക്കണം. അകന്നു കഴിയുമ്പോഴുണ്ടാകുന്ന അപകടങ്ങളെക്കുറിച്ചു ബോധവാന്മാരാകണം. അയൽവാസികളെ സ്നേഹിക്കാനും സേവിക്കാനുമുള്ള സന്മനസ്സ് കൈവരിക്കണം. ഈ അവബോധത്തിലേക്കു കുട്ടികളെ നയിക്കാൻ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്.

**പാഠാവതരണം**

ടീച്ചർ അയൽവാസികളെക്കുറിച്ചുള്ള വർത്തമാനങ്ങൾ കുട്ടികളുമായി പങ്കു വയ്ക്കുന്നു. കുട്ടികളും തങ്ങളുടെ അയൽവാസികളെക്കുറിച്ചു പറയട്ടെ.

- അയൽവാസികളെ എന്നും കാണാറുണ്ടോ? അവരുമായി വർത്തമാനങ്ങൾ പറയാറുണ്ടോ?
- വീട്ടിലെ വിശേഷങ്ങൾ അവരെ അറിയിക്കാറുണ്ടോ?
- കളിക്കാൻ അവരുടെ വീടുകളിലേക്കു പോകാറുണ്ടോ?
- വിശേഷ ഭക്ഷണങ്ങൾ പങ്കു വയ്ക്കാറുണ്ടോ? വിശേഷാവസരങ്ങളിൽ അങ്ങോട്ടുമിങ്ങോട്ടും പോകാറുണ്ടോ?
- അവിടെയുള്ള രോഗികളെയും വൃദ്ധരെയുമൊക്കെ സന്ദർശിക്കാറുണ്ടോ?
- ഇങ്ങനെയൊന്നുമില്ലെങ്കിൽ എന്തുകൊണ്ടാണത്?

കുട്ടികൾക്കു പറയാനുള്ളത് കേൾക്കാം.

"-അയൽവാസികളുമായുള്ള ബന്ധം സൂചിപ്പിക്കുന്ന ഒരു കവിത വായിക്കാം" എന്ന ആമുഖത്തോടെ ടീച്ചർ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു:

ആശയ വിശകലനത്തിന്നായി ടീച്ചർ ചോദ്യങ്ങൾ ചോദിക്കുന്നു.

- കവിയും നാരായണൻകുട്ടിയും തമ്മിലുള്ള ആദ്യകാലബന്ധം എങ്ങനെയായിരുന്നു?
- പിന്നീടെന്താണ് ആ ബന്ധങ്ങളിൽ സംഭവിച്ചത്?
- അവർ കാണിച്ച ദ്രോഹപ്രവർത്തനങ്ങൾ എന്തെല്ലാം?
- അതിന്റെ പ്രത്യാഘാതങ്ങൾ എങ്ങനെയായിരുന്നു?

**വിശദീകരിക്കാം**

"ഞാനും നാരായണൻകുട്ടിയും രണ്ടു രാഷ്ട്രങ്ങളായി."

ഒരു വീട്ടിലെ അംഗങ്ങളെപ്പോലെ കഴിഞ്ഞിരുന്നവരായിരുന്നു കവിയും നാരായണൻകുട്ടിയും. എന്നാൽ പെട്ടെന്ന് അവർക്കിടയിലുള്ള ദൃഢബന്ധം തകർന്നു. രണ്ടു രാഷ്ട്രങ്ങൾ എന്നപോലെ അവർ അകന്നു. അകൽച്ചയുടെ ആഴം കാണിക്കുന്നുണ്ട് ഈ പ്രയോഗം. സുഖങ്ങളും ദു:ഖങ്ങളും പങ്കുവച്ചു സഹോദരങ്ങളെപ്പോലെ കഴിഞ്ഞിരുന്ന അവർക്കിടയിലുണ്ടായ പകയുടെയും വിദ്വേഷത്തിന്റെയും തീവ്രതയും ഈ പ്രയോഗം സൂചിപ്പിക്കുന്നുണ്ട്.

- ഒരേ അടുക്കള, ഒരു പേറ്റുമുറി, ഒരൊറ്റ മരണവീട്, കാത്തിരിപ്പിൻ തിണ്ട്, വർത്തമാനത്തിണ്ണ, ഒന്നായ കല്ല്യാണപ്പന്തൽ എന്നിവ ആ രണ്ടു വീട്ടുകാർ തമ്മിലുണ്ടായിരുന്ന അടുപ്പത്തെ സൂചിപ്പിക്കുന്നു.
- "ഇപ്പോൾ എന്റെ കൈ നീളുന്നിടത്തോ.................... അതിർത്തികൾ ഉണ്ടായി."

എന്റേത്, നിന്റേത് എന്ന വിവേചനവുംപരസ്പര സംശയവുമായിരിക്കാം സൂചന. അതോടെ അതിർത്തികൾ അതിക്രമിച്ചു കടക്കുന്നതിനെക്കുറിച്ചുള്ള ജാഗ്രത വന്നുചേരുന്നു. ഓരോ വീട്ടുകാരുടെയും നടത്തവും നോട്ടവും മറ്റു ചലനങ്ങളും മറുവീട്ടുകാരുടെ മനസ്സിൽ സംശയങ്ങളുണ്ടാക്കുന്നു. മനസ്സിനെ മഥിക്കുന്ന സംശയങ്ങളും ആശങ്കകളും പേടിസ്വപ്നങ്ങളായി മുമ്പിൽ കവാത്തു നടത്തുന്നു.

- അവർക്കിടയിൽ കാരണമില്ലാത്ത പക നിർബാധം പടർന്നു കയറുന്നു. വെറുപ്പ് ത ഴ ച്ചുവളരുന്നു. ഏതുസമയവും മറുഭാഗത്തുനിന്നു അക്രമമുണ്ടായേക്കാം എന്ന ഭീതി മനസ്സിൽ ആയുധത്തെക്കുറിച്ചുള്ള ചിന്തയുണർത്തുന്നു. രാസായുധവും ആണവനിലയവും മനസ്സിലെ ആ ചിന്തകളുടെ പ്രതീകമാവാം.
- "ഒരു രാത്രി............."

പരസ്പരമുള്ള പകയും വിദ്വേഷവും പ്രവൃത്തിപഥത്തിലേക്കു പടരുന്നതിന്റെ സൂചനയാണ് ഈ വരികളിൽ. ഒരു പ്രയോജനവും കിട്ടാനില്ലെങ്കിലും അയൽവാസിക്ക് എന്തെങ്കിലുമൊരു ഉപദ്രവവമുണ്ടാക്കണം എന്ന നിലയിലാണ് അവന്റെ ആലയിൽ കെട്ടിയ പുള്ളിപ്പശുവിനെ കയറഴിച്ചുവിടുന്നത്. പക്ഷേ അതിന്റെ ഫലം അനുഭവിക്കേണ്ടിവന്നത് കവി തന്നെയാണ്. ആ പശു തിന്നുതീർത്തത് കവിയുടെ വാഴക്കന്നുകൾ! അത് അവന്റെ മനസ്സിൽ സന്തോഷം നിറയ്ക്കുന്നതായി മാറിയെന്നു ചുരുക്കം. പക്ഷേ അവന്റെ മനസ്സിൽ കലിയടങ്ങുന്നില്ല.

അവൻ ഒരു രാത്രി വന്നു കവിയുടെ വളർത്തുപട്ടിയെ കൂടുതുറന്നു വിടുന്നു. പരിണതഫലം അനുഭവിക്കേണ്ടി വന്നത് അവൻ തന്നെയാണ്. പട്ടിചെന്ന് അവന്റെ മകനെ കടിക്കുന്നു. മകനുമായി ആശുപത്രിയിലേക്കു പോകുന്ന നാരായണൻകുട്ടിയെ കണ്ടപ്പോൾ കവിക്കു സന്തോഷമടക്കാനാവുന്നില്ല. ആ കൈവീശൽ കേവലമൊരു സൗഹൃദപ്രകടനമല്ല, ഉള്ളിലെ ആഹ്ലാദപ്രകടനമായിരുന്നു. ഉള്ളിൽ എരിയുന്ന പക അടക്കിക്കൊണ്ടുള്ള ബാഹ്യസൗഹൃദഭാവം അപ്പോഴും അവർ നിലനിർത്തിയിരുന്നു എന്ന് ഈ പ്രയോഗങ്ങൾ സൂചിപ്പിക്കുന്നു.

- "ഞങ്ങൾ തമ്മിലുണ്ടായിരുന്ന നയതന്ത്രബന്ധങ്ങൾ........................"

ക്രമേണ അവർ കൂടുതൽ അകന്നുവെന്നാണ് ഈ വരികൾ സൂചിപ്പിക്കുന്നത്. ഉള്ളിലെ പക നിലനിർത്തിക്കൊണ്ട് ഔപചാരികബന്ധങ്ങൾ നിലനിർത്തിയിരുന്ന അവർ പിന്നെ പിണക്കം പ്രകടമാക്കുന്നു. നാരായണൻകുട്ടിയുടെ അമ്മ മരിച്ചിട്ട് കവി പോകാതിരുന്നതും അവൻ തന്റെ മകളുടെ കല്ല്യാണത്തിനു കവിയെ ക്ഷണിക്കാതിരുന്നതും അതിന്റെ അടയാളങ്ങളാണ്.

- "ഇന്നലെ അങ്ങാടിയിൽവെച്ച്................."

വീണ്ടും സൗഹൃദത്തിലാവാനുള്ള ശ്രമങ്ങൾ ഏതെങ്കിലും പക്ഷത്തു നിന്നുണ്ടായാൽ അത് തെറ്റിദ്ധരിക്കപ്പെടുന്നു എന്നാവാം ഈ വരികളിൽ സൂചിപ്പിക്കുന്നത്. എതിർപക്ഷത്തിന്റെ ഏതു സമീപനവും സംശയത്തോടെ വീക്ഷിക്കപ്പെടുന്നു. ഏതു പ്രവർത്തനവും പ്രശ്നങ്ങൾ സൃഷ്ടിക്കാനുള്ള തന്ത്രങ്ങളായി വ്യാഖ്യാനിക്കപ്പെടുന്നു. അവരുടെ നഷ്ടങ്ങളും പ്രയാസങ്ങളും ആഘോഷിക്കപ്പെടുകയും സ്വന്തം സമീപനങ്ങൾ ന്യായീകരിക്കാനുള്ള ശ്രമം നടത്തുകയും ചെയ്യുന്നു.

അയൽബന്ധങ്ങൾക്കിടയിലുള്ള ഇത്തരം അവസ്ഥകൾ തന്നെയാണ് അയൽരാഷ്ട്രങ്ങൾക്കിടയിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. പരസ്പര സ്നേഹവും സൗഹൃദവും നഷ്ടപ്പെട്ട് പകയുടെയും വിദ്വേഷത്തിന്റെയും തീപ്പൊരികൾ മനസ്സിൽ കൊണ്ടുനടക്കുന്നവരുടെ അവസ്ഥകളിലേക്കാണ് കവിതയിലെ ഓരോ വരിയും വിരൽചൂണ്ടുന്നത്.

## വരികൾ കണ്ടെത്താം

നൽകിയിരിക്കുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്ന വരികൾ കുട്ടികൾ കണ്ടെത്തി പറയട്ടെ. ആശയവിശകലനത്തോടൊപ്പം നിർവഹിക്കാവുന്ന പ്രവർത്തനമാണിത്. കവിതയുടെ ആശയം കൂടുതൽ വ്യക്തമായി മനസ്സിൽ പതിയാൻ ഈ പ്രവർത്തനം സഹായകമാവും. വരികൾ കണ്ടെത്തി പറഞ്ഞാൽ മതി; എഴുതേണ്ടതില്ല.

**ആശയം വിശദീകരിക്കാം**

ആശയ വിശകലന സമയത്ത് വരികളുടെ ആശയം വിശദീകരിച്ചിട്ടുണ്ടാവുമല്ലോ. അതനുസരിച്ച് കുട്ടികൾ വ്യക്തിഗതമായി വരികൾ വിശദീകരിച്ചു കുറിപ്പു തയ്യാറാക്കട്ടെ. തുടർന്ന് ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്താം. ഏതാനും കുറിപ്പുകൾ ക്ലാസിൽ വായിച്ച് വിലയിരുത്തണം.

**ചർച്ച സംഘടിപ്പിക്കാം**

ക്രോഡീകരിച്ച ആശയങ്ങളുടെ അടിസ്ഥാനത്തിലാവണം ചർച്ച നടത്തേണ്ടത്. ക്ലാസിൽ പൊതുവായി നടന്നുപോകുന്ന ചർച്ചയിൽ നിന്നു വ്യത്യസ്തമായി ഔപചാരിക പരിപാടിയായി നടത്തണം. അതിന്നായി ആദ്യം ഒരാലോചന നടത്താം.

എന്തൊക്കെ കാര്യങ്ങളാണ് ചർച്ച ചെയ്യേണ്ടത്?

- നമ്മുടെ അയൽപക്ക ബന്ധങ്ങളിലും സൗഹൃദങ്ങളിലും അകൽച്ചകൾ സംഭവിക്കുന്നുണ്ടോ?/ ഏതൊക്കെ വിധത്തിലാണ് നാം അകന്നുകൊണ്ടിരിക്കുന്നത്?
- ഉണ്ടെങ്കിൽ എന്തൊക്കെയാവാം അതിന്റെ കാരണങ്ങൾ?
- അകൽച്ചയുടെ ദുരന്തഫലങ്ങൾ എന്തൊക്കെയാണ്?
- ഇത്തരം ബന്ധങ്ങൾ ഊട്ടിയുറപ്പിക്കേണ്ടതുണ്ടോ?
- അയൽബന്ധവും സൗഹൃദബന്ധവും ഉറപ്പിച്ചു നിർത്താൻ എന്തൊക്കെയാണ് ചെയ്യേണ്ടത്?
- കുട്ടികൾക്ക് ഈ കാര്യത്തിൽ എന്തു പങ്കുവഹിക്കാൻ കഴിയും?

◆ ആരൊക്കെയാണ് ചർച്ചയിൽ പങ്കെടുത്തു സംസാരിക്കേണ്ടത്?

- കുട്ടികളെ നാലോ അഞ്ചോ ഗ്രൂപ്പുകളായി തിരിക്കാം.
- ചർച്ചാവിഷയങ്ങൾ വേർതിരിച്ച് നിശ്ചിതഭാഗങ്ങൾ ഓരോ ഗ്രൂപ്പിനും നൽകാം. ആ വിഷയം ചർച്ച ചെയ്ത് എന്തെല്ലാം അവതരിപ്പിക്കണമെന്നു കണ്ടെത്തട്ടെ.
- വിഷയം അവതരിപ്പാക്കൻ ഈരണ്ടുപേരെ വീതം ഓരോ ഗ്രൂപ്പും തിരഞ്ഞെടുക്കണം.

◆ ചർച്ചാ വേദി എങ്ങനെ?

- ഓരോ ഗ്രൂപ്പിൽനിന്നും ഓരോ അംഗം ചർച്ച സംഘടിപ്പിക്കുന്ന കമ്മറ്റിയിൽ അംഗമായിരിക്കും.
- എങ്ങനെയൊക്കെയാണു പരിപാടി നടത്തേണ്ടതെന്ന് അവർ തീരുമാനിക്കണം.
- ചർച്ച ഉദ്ഘാടനത്തിന് വിശിഷ്ടാതിഥിയെ ക്ഷണിക്കാം.
- ചർച്ചാവിഷയം അവതരിപ്പിക്കാൻ ക്ലാസിൽനിന്നൊരു കുട്ടിയെ കണ്ടെത്തണം.
- ചർച്ച നിയന്ത്രിക്കാനും അവസാനം ക്രോഡീകരിച്ചു പറയാനും ഒരാൾ വേണം.
- സ്വാഗതവും നന്ദിയും പറയാൻ ഒരാൾ വേണം.
- ടീച്ചർ കാര്യങ്ങളെല്ലാം നിയന്ത്രിക്കണം. ചർച്ചയിലെ പ്രധാനാശയങ്ങൾ കുറിച്ചു വയ്ക്കാൻ നിർദ്ദേശിക്കണം. ചർച്ച കഴിഞ്ഞശേഷം ഗ്രൂപ്പുകളിൽ അവ സംഗ്രഹിച്ച് ചർച്ചാക്കുറിപ്പ് തയ്യാറാക്കണം.

**വിശകലനം ചെയ്യാം**

പാഠഭാഗത്തെ ആശയവുമായി ബന്ധപ്പെട്ട ഏതാനും വരി കവിതയാണു വിശകലനത്തിനു നൽകിയിരിക്കുന്നത്. കുട്ടികൾ അവ വായിച്ച് ആശയം കണ്ടെത്തട്ടെ.

ടീച്ചർ ചില ചോദ്യങ്ങൾ ചോദിക്കുന്നു:

- ഈ മരത്തോപ്പിലെ തൈമണിക്കാറ്റ് (ഇളംകാറ്റ്) മന്ത്രിക്കുന്നതെന്താണ്?
- മാനത്തു വട്ടമിട്ടു പറക്കുന്ന പക്ഷിയുടെ മധുരഗീതത്തിന്റെ സാരമെന്താണ്?

കുട്ടികൾ ഉത്തരം പറയട്ടെ.

ക്രോഡീകരണം:

- ഇളംകാറ്റ് അയൽവീടുകളൊക്കെ ചുറ്റിക്കടന്ന് വരുകയാണ്. എല്ലാ വീടുകളിലെയും ആൾക്കാർ ഒരുപോലെ മനുഷ്യരാണെന്നും ആരും മനുഷ്യരെന്ന നിലയിൽ ഭിന്നരല്ലെന്നും അതു കൊണ്ട് എല്ലാവരും സ്നേഹത്തിലും സൗഹൃദത്തിലും കഴിയണമെന്നുമാണ് കാറ്റ് പറയുന്നത്.
- മാനത്ത് വട്ടമിട്ടു പറക്കുന്ന പക്ഷി അയൽനാടുകളും ചുറ്റിക്കണ്ടു വരുകയാണ്. എല്ലാ നാട്ടുകാരും ഒരുപോലെയുള്ള മനുഷ്യരാണെന്നും രാജ്യങ്ങൾ മാറിയതുകൊണ്ട് മനുഷ്യർ തമ്മിൽ വേർതിരിവു കാണിക്കേണ്ടതില്ലെന്നുമാണ് മധുരശബ്ദത്തിൽ ആ പക്ഷി പാടുന്നത്.

ചർച്ചയിൽ നിന്നു വ്യക്തമായ ആശയങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു വ്യക്തത വരുത്തിയ ശേഷം ഓരോ ഗ്രൂപ്പും ഓരോ കുറിപ്പ് ക്ലാസിൽ അവതരിപ്പിച്ചു വിലയിരുത്തണം. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തണം.

## വർക്കുബുക്കിലെ പ്രവർത്തനങ്ങൾ

### ആശയം വിശദീകരിക്കുക

- "ഞാനെന്റെ തലച്ചോറിൽ ...................................... പ്രവർത്തിപ്പിച്ചു."

ചർച്ച ചെയ്യാം.

- രാസായുധങ്ങൾ തലച്ചോറിൽ സൂക്ഷിക്കുക എന്നുപറഞ്ഞാൽ?
- തലച്ചോർ ചിന്താകേന്ദ്രമാണല്ലോ. രാസായുധങ്ങൾ അത്യന്തം മാരകവുമാണ്?
- ഹൃദയ വിചാര വികാരങ്ങളുടെ ഇരിപ്പിടമാണ്. അവിടെ ആണവനിലയം പ്രവർത്തിപ്പിക്കുകയെന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്? ക്രോഡീകരണം :
- തന്റെ എതിരാളിയോടുള്ള കടുത്ത വിരോധത്താൽ അവനെ എങ്ങനെ നശിപ്പിക്കാം എന്ന ചിന്തയുമായാണ് കവി നടക്കുന്നതെന്നു സൂചന.
- അതേസമയെ നാരായണൻകുട്ടി അതിനെക്കാൾ കടുത്ത കടുത്ത നശീകരണ ചിന്തയുമായാണു നടക്കുന്നതെന്നു സൂചന. കവി രാസായുധങ്ങൾ വാങ്ങുന്നേയുള്ളൂ; എന്നാൽ നാരായണൻകുട്ടി അവ നിർമ്മിക്കുകയാണു ചെയ്യുന്നത്. പരസ്പരമുള്ള പകയും വിദ്വേഷവും നശീകരണ വിചാരമുണർത്തുന്നു എന്നാവാം ഉദ്ദേശ്യം.
- "താൻ താൻ നിരന്തരം ........................കെന്നേ വരൂ."

ഓരോരുത്തരും ചെയ്യുന്ന കർമ്മങ്ങളുടെ അനന്തരഫലം അവരവർതന്നെ അനുഭവിക്കേണ്ടി വരുമെന്നാണ് ഈ വരികളുടെ സൂചന.

പാഠഭാഗത്ത് ഈ ആശയത്തിനു തെളിവായി വരുന്ന സംഭവങ്ങൾ കുട്ടികൾ കണ്ടെത്തി പറയട്ടെ.

- കവി നാരായണൻകുട്ടിയുടെ പശുവിനെ അഴിച്ചുവിട്ടപ്പോൾ അതു തിന്നു നശിപ്പിച്ചത് കവിയുടെ തന്നെ വാഴക്കന്നുകളാണ്.
- നാരായണൻകുട്ടി കവിയുടെ വളർത്തുപട്ടിയെ കൂടുതുറന്നു വിട്ടപ്പോൾ കടിയേറ്റത് നാരായണൻകുട്ടിയുടെ മകനാണ്.

ചർച്ചയിൽനിന്നു മനസ്സിലായ ആശയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾ കുറിപ്പ് തയ്യാറക്കട്ടെ. ടീച്ചർ വിലയിരുത്തണം.

**പൊരുൾ കണ്ടെത്തി വിശദീകരിക്കുക**

നൽകിയിരിക്കുന്ന വരികളുടെ ആശയം പലവട്ടം ചർച്ചചെയ്തു കഴിഞ്ഞിട്ടുണ്ട്. ആ അടിസ്ഥാനത്തിൽ ആ വരികളിൽ പരാമർശിച്ച വസ്തുതകളുടെ പൊരുൾ കുട്ടികൾ കണ്ടെത്തട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് വിശദീകരണക്കുറിപ്പ് തയ്യാറാക്കണം. ഓരോ ഗ്രൂപ്പും ഓരോ കുറിപ്പ് ക്ലാസിൽ വായിച്ചു കേൾപ്പിക്കണം. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തണം. പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാട്ടുകയും കൂട്ടിച്ചേർക്കലുകൾ ആവശ്യമെങ്കിൽ നടത്തുകയും വേണം. ടീച്ചർ ഇടപെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം, വിലയിരുത്തണം.

**ആസ്വാദനക്കുറിപ്പ് തയ്യാറാക്കാം**

പി.കെ. പാറക്കടവിന്റെ ഒരു ചെറുകഥയാണ് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ നൽകിയിരിക്കുന്നത്. കഥ കുട്ടികൾ വായിച്ച് ആസ്വദിക്കട്ടെ. തുടർന്നു ചർച്ച ചെയ്യാം.

- കഥയുടെ പശ്ചാത്തലമെന്ത്?
- മാഷ് കഥ പറയാൻ തുടങ്ങിയപ്പോൾ കുട്ടികളുടെ പ്രതികരണമെന്ത്?
- ആ പ്രതികരണങ്ങൾ എന്താണു സൂചിപ്പിക്കുന്നത്?
- കുട്ടികൾ പരസ്പരം തർക്കിച്ചപ്പോൾ മാഷിന് എന്താണ് സംഭവിച്ചത്?
- അയാളുടെ മനസ്സിലൂടെ കടന്നുപോകുന്ന ഭീതികൾ എന്തെല്ലാം?
- ഈ കഥയുടെ പരിണാമം എങ്ങനെയായിരിക്കും സംഭവിച്ചിട്ടുണ്ടാവുക?
- കഥ നൽകുന്ന പാഠമെന്ത്?
- ഇന്നത്തെ സാമൂഹിക രാഷ്ട്രീയ അവസ്ഥകളുമായി കഥയ്ക്ക് എന്തെങ്കിലും ബന്ധം കണ്ടെത്താനാവുമോ?
- കാലത്തിന്റെ അവസ്ഥ കഥാകൃത്ത് എങ്ങനെ സൂചിപ്പിച്ചിരിക്കുന്നു?

ചർച്ചയിലൂടെ കഥ വിരൽചൂണ്ടുന്ന വിവിധവശങ്ങളിലേക്കു കുട്ടികളുടെ ശ്രദ്ധ തിരിക്കണം. കഥ എത്രത്തോളം ആസ്വാദ്യകരമാണെന്നു വിലയിരുത്തണം.

ഏതുകാര്യവും മതത്തിന്റെയും വർഗീയ ചിന്തകളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തുകയും അതിന്റെ പേരിൽ തർക്കിക്കുകയും ആയുധമെടുക്കുകയും അക്രമവും കൊലപാതകങ്ങളും നടത്തുകയും ചെയ്യുന്ന അവസ്ഥ രാജ്യത്തിന്റെ പല ഭാഗത്തുമുണ്ട്. നിസ്സാരമായ കാര്യത്തെച്ചൊല്ലിയാണ് പലയിടത്തും വൻകലാപങ്ങൾ പൊട്ടിപ്പുറപ്പെടുന്നത്.

ക്ലാസ്മുറിയിൽ അധ്യാപകർ ഒരു കഥ പറയാൻ തുടങ്ങിയതാണിവിടെ പ്രശ്നകാരണം. 'കാശി' ഹിന്ദുക്കളുടെ പുണ്യകേന്ദ്രമാണല്ലോ. പറഞ്ഞുപഴകിയ കഥയാണെങ്കിലും മനസ്സിൽ അടിഞ്ഞുകൂടിയ വിചാരങ്ങൾ ചില കുട്ടികളെ അതിനെതിരെ ശബ്ദിക്കാൻ പ്രേരിപ്പിക്കുന്നു. മക്കയും ബത്‌ലഹേമും (മുസ്‌ലിം ക്രൈസ്തവ പുണ്യസ്ഥലങ്ങൾ) കടന്നുവരുന്നു. അസഹിഷ്ണുത കലാപത്തിനു വഴി വയ്ക്കുന്നു.

ഈ അവസ്ഥ ക്ലാസ്മുറിയിലെ കറുത്ത ബോർഡിലൂടെ പ്രതീകവൽക്കരിക്കുകയാണ്. ചിതറി വീണ മഞ്ചാടിമണികൾ ആ കറുത്ത കാലമൊഴുക്കിയ രക്തത്തുള്ളികളാവാം.

ആസ്വാദനക്കുറിപ്പ് തയ്യാറാക്കുമ്പോൾ:

- ആശയം ചുരുക്കി എഴുതണം.
- സൂചനകൾ വിശദീകരിക്കണം.
- പ്രയോഗ സവിശേഷതകൾ ചൂണ്ടിക്കാട്ടണം,
- ആസ്വദനീയ അംശങ്ങൾ എടുത്തെഴുതണം.
- ഉചിതമായ ഭാഷയിൽ എഴുതണം.

**പ്രഭാഷണം തയ്യാറാക്കുക**

'വിശാലമായ സൗഹൃദം പുന:സ്ഥാപിക്കാൻ നിങ്ങളുടെ നിർദ്ദേശങ്ങൾ.'

പ്രഭാഷണത്തിന്റെ വിഷയം ചർച്ചയ്ക്കു വിധേയമാക്കണം.

- മതചിന്തകൾ ഒരിക്കലും പരസ്പരവിരോധം ഉണർത്തുന്നില്ല. എനിക്കെന്റെ മതം, നിങ്ങൾക്ക് നിങ്ങളുടെ മതം. മനുഷ്യരെന്ന നിലയ്ക്കു പരസ്പരം വിരോധം വച്ചുപുലർത്താനും അക്രമങ്ങൾ നടത്താനും ഒരു മതവും പ്രോത്സാഹിപ്പിക്കുന്നില്ല.
- ദൈവത്തിന്റെ കല്പനകളനുസരിച്ച് നല്ല കർമ്മങ്ങൾ ചെയ്ത് ജീവിതവിജയം കരസ്ഥമാക്കാനുള്ള ഉപാധിയാണു മതം.
- മാനവിക വിചാരമുണർത്തുകയാണ് എല്ലാ മതങ്ങളും ചെയ്യുന്നത്. പരപീഡനം വലിയ പാപമായി എല്ലാ മതങ്ങളും കാണുന്നുണ്ട്. മറ്റുള്ളവരെ ദ്രോഹിക്കുന്നവർക്ക് മോക്ഷം ലഭിക്കുമെന്ന് ഒരു മതവും പഠിപ്പിക്കുന്നില്ല.
- സ്നേഹമാണ് എല്ലാ മതങ്ങളുടെയും അടിസ്ഥാനശില; ഈശ്വരനോടുള്ള സ്നേഹവും സൃഷ്ടിജാലങ്ങളോടുള്ള സ്നേഹവും.
- അതുകൊണ്ട് മതം നമ്മെ ഭിന്നിപ്പിക്കാനും പരസ്പരം കലഹിക്കാനും കാരണമാവരുത്. ഈ ചിന്തയിലേക്കു കുട്ടികളെ നയിക്കുംവിധം ചർച്ച നടക്കട്ടെ. തുടർന്നു പരസ്പരസ്നേഹവും സൗഹാർദ്ദവും നിലനിർത്താൻ എന്തൊക്കെ ചെയ്യാൻ കഴിയും എന്ന ചർച്ചയാവാം.
- മതത്തിന്റെ സന്ദേശം മനസ്സിലാക്കൽ
- എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവരോടും സ്നേഹവും സൗഹാർദ്ദവും നില നിർത്തൽ.
- അയൽബന്ധങ്ങൾ ഊട്ടിയുറപ്പിക്കൽ
- വിശേഷാവസരങ്ങളിൽ സമ്മാനങ്ങൾ കൈമാറൽ
- ഒരു വിഭാഗത്തിന്റെയും അരാധനാരീതികളെയും ആരാധനാലയങ്ങളെയും നിന്ദിക്കാതിരിക്കൽ, എല്ലാവരെയും ബഹുമാനിക്കൽ
- ക്ഷണം സ്വീകരിക്കലും പരസ്പരം സന്ദർശിക്കലും.................

ചർച്ചയിലൂടെ വ്യക്തമായ ആശയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾ വ്യക്തിഗതമായി പ്രഭാഷണം എഴുതട്ടെ. അവ ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താൻ അവസരം നൽകാം. തുർന്ന് ഓരോ ഗ്രൂപ്പും ഓരോ പ്രഭാഷണം ക്ലാസിൽ അവതരിപ്പിക്കട്ടെ. ടീച്ചർ എല്ലാ കുട്ടികളുടെയും രചനകൾ പരിശോധിക്കുകയും വിലയിരുത്തുകയും വേണം.

പാഠം - 9

# നൽകുകിൽ നേടീടാം

ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ 'പ്രേമസംഗീതം' എന്ന കാവ്യസമാഹാര കൃതിയിൽ നിന്നെടുത്തതാണ് 'നൽകുകിൽ നേടീടാം' എന്ന പാഠഭാഗം. സ്നേഹത്തിന്റെയും പരോപകാരത്തിന്റെയും ആത്മീയ മേന്മകളുടെയും പ്രാധാന്യം കവിതകളിലൂടെ ആവിഷ്ക്കരിച്ചു വായനക്കാരെ സംസ്കൃതചിത്തരാക്കാൻ പ്രയത്നിച്ച മഹാകവിയാണ് ഉള്ളൂർ. ഉള്ളൂരിന്റെ ഓരോ ഈരടിയും ആശയസമൃദ്ധമാണ്. ഗംഭീരമായ പദാവലികളിലൂടെ ആവിഷ്കൃതമാവുന്ന ആ വരികൾ നമ്മുടെ ചിന്തകളെയുണർത്തുകയും മനസ്സുകളെ കാണാക്കാഴ്ചകളിലേക്കു നയിക്കുകയും ചെയ്യുന്നു.

കർമ്മങ്ങളാണ് മനുഷ്യന്റെ ഭാഗധേയവും സ്ഥാനവും മേന്മയും നിർണ്ണയിക്കുന്നത്. 'നമുക്ക് നാമേ പണിവതു നാകം, നരകവുമതുപോലെ' എന്ന കവിവാക്യം ഈ കാര്യമുണർത്തുന്നുണ്ട്. കർമ്മങ്ങൾ പരോപകാരപ്രവണമായാൽ, നന്മാധിഷ്ഠിതമായാൽ അതിന്റെ ഗുണഫലങ്ങൾ നമുക്കുതന്നെ അനുഭവിക്കാം. അവ പരദ്രോഹ പ്രവണവും തിന്മാധിഷ്ഠിതവുമായാൽ അതിന്റെ ദൂഷ്യഫലങ്ങളിൽ നിന്നു രക്ഷപ്പെടാൻ നമുക്കു കഴിയില്ല; അതു നാം അനുഭവിക്കേണ്ടി തന്നെ വരുമെന്നു കവി ചൂണ്ടിക്കാട്ടുന്നുണ്ട്.

ജീവിതത്തിൽ സുഖവും സന്തോഷവും വേണോ, ജീവിതം പരോപകാരാധിഷ്ഠിതമാവട്ടെ എന്നാണു കവി പറയുന്നത്.

"സുഖം സുഖം കൈവശമുള്ള വസ്തു
കാന്താരമെങ്ങും തിരയുന്നു നമ്മൾ
പരം സുഖപ്രാപകമിപ്രപഞ്ച
പാഥേയമാകുന്ന പരോപകാരം."

സുഖമന്വേഷിച്ചു പരക്കം പായുകയാണു മനുഷ്യർ. എന്നാൽ സുഖം ഓരോരുത്തരുടെയും കൈയിത്തന്നെയുണ്ട്. പരമസുഖം പ്രാപിക്കാനുള്ള വഴി പരോപകാര നിരതരാവുക എന്നുള്ളതാണ്. ഈ അവസ്ഥയിലേക്കു മനുഷ്യൻ എത്തിച്ചേരണമെങ്കിൽ മന:സംസ്കരണം വേണം. സ്വാർത്ഥതയെന്ന ദുഷിച്ച വികാരത്തെ കീഴടക്കി മറ്റുള്ളവർക്കു നന്മ കാംക്ഷിക്കാൻ കഴിയുംവിധം ഹൃദയം പ്രകാശപൂർണമാകണം.

മനസ്സിൽ പലതരം അന്ധകാരങ്ങളുണ്ട്. അജ്ഞത മാത്രമല്ല, അസൂയയും പകയും വിദ്വേഷവും അഹന്തയും അക്രമവാസനകളുമെല്ലാം അന്ധകാരങ്ങളാണ്. ആ അന്ധകാരങ്ങളെ അകറ്റി മനസ്സിനെ നന്മകളെക്കൊണ്ട്, ഗുണകാംക്ഷ കൊണ്ടു നിറയ്ക്കുകയാണു വേണ്ടത്. അപ്പോൾ മനസ്സ് പ്രകാശിക്കും. ദു:ഖവും നിരാശയും മറ്റു പ്രയാസങ്ങളുമകലും. ജീവിതത്തിലെ പ്രയാസഘട്ടങ്ങളിൽ നിരാശപ്പെടാതെ ശുഭാപ്തിവിശ്വാസത്തോടെ മുന്നേറുവാൻ കരുത്തു നൽകുന്നത് ഇത്തരം മനസ്സാണ്.

ഇപ്രകാരമുള്ള ഗുണാത്മക ചിന്തയിലൂടെ വായനക്കാരെ പ്രബുദ്ധരാക്കുന്ന കാവ്യഭാഗമാണ് ഈ പാഠഭാഗം. കുട്ടികളുടെ മനസ്സിലേക്ക് ഈ ഗുണാത്മക ചിന്തകൾ സന്നിവേശിപ്പിക്കാൻ അധ്യാപകർ ശ്രമിക്കേണ്ടതാണ്.

**പാഠാവതരണം**

ടീച്ചർ പാഠഭാഗം ഭാവാത്മകമായി ഈണത്തിൽ അവതരിപ്പിക്കുന്നു. കുട്ടികൾ വ്യക്തിഗതമായി മൗനവായന നടത്തുന്നു. തുടർന്ന് ഏതാനും കുട്ടികൾ കവിത ചൊല്ലി അവതരിപ്പിക്കട്ടെ.

**അർത്ഥം കണ്ടെത്താം**

അർത്ഥമറിയാത്ത ധാരാളം പദങ്ങൾ ഈ പാഠഭാഗത്തുണ്ട്. ആ പദങ്ങളുടെ ചുവടെ പെൻസിൽ കൊണ്ടു വരച്ച് അർത്ഥം കണ്ടെത്താനുള്ള ശ്രമം നടക്കട്ടെ. നോട്ടുബുക്കിൽ ആ പദങ്ങളെഴുതി നിഘണ്ടു നോക്കി അർത്ഥമെഴുതാം. തുടർന്ന് വരികൾ വായിച്ച് ആശയം ഗ്രഹിക്കാൻ ശ്രമിക്കട്ടെ.

**ആശയവിശകലനം:**

- "വിളക്കു കൈവശമു........................"

വിളക്കു കൈവശമുണ്ടെങ്കിൽ ലേകം പ്രകാശമായിത്തീരും.

മനസ്സിൽ വെണ്മയുള്ളവനു മേൽക്കുമേൽ സംതൃപ്തിയും സന്തോഷവും വന്നുചേരും.

- ഈ വരികളിൽ 'വിളക്ക്' എന്ന പദത്തിന്റെ അർത്ഥതലങ്ങൾ എന്തൊക്കെയാണ്?

| |
|---|
| വിളക്ക് എന്ന പദത്തിനെ പ്രകാശം, അറിവ്, വിശ്വാസം, ശുഭചിന്ത എന്നിങ്ങനെ നന്മാധിഷ്ഠിതമായ വിചാരവികാരങ്ങൾ എന്നു നിർവചിക്കാം. ഇത്തരമൊരു വിളക്ക് മനസ്സിലുള്ളവന് ലോകം വെളിച്ചം നിറഞ്ഞതായി അനുഭവപ്പെടുന്നു. ഇത്തരം വെളിച്ചം മനസ്സിലുള്ളവർക്കു ജീവിതത്തിൽ സന്തോഷവും സംതൃപ്തിയുമുണ്ടാവും. |

- "പേശലമല്ലൊരു.............................."

ഏതു വസ്തുവിന്റെയും സൗന്ദര്യം വിലയിരുത്തപ്പെടുന്നത് അതിന്നു കാഴ്ചക്കാരുണ്ടാകുമ്പോഴാണ്. കാഴ്ചകളിലൂടെയാണു ലോകത്തിന്റെ മനോഹാരിത ആസ്വദിക്കപ്പെടുന്നത്. വൈവിധ്യങ്ങളാണ് അതിന്നടിസ്ഥാനം. ഈശ്വര സൃഷ്ടികളെല്ലാം വൈവിധ്യം നിറഞ്ഞവയാണ്.

- "പദാർത്ഥനിര തൻ.........................."

പദാർത്ഥങ്ങളുടെയെല്ലാം പ്രകൃതിജന്യമായ ഭാവം പരസ്പരാകർഷണമാണ്. ഓരോന്നും മറ്റു ചിലതിനെ ആകർഷിക്കുകയും അവലംബിക്കുകയും ചെയ്യുന്നു. ജീവിവർഗ്ഗങ്ങളുടെ ആത്മഗുണം പരസ്പര പ്രേമമാണ്. പരസ്പര പ്രമേമുണ്ടെങ്കിലേ അവ വികസിക്കുകയുള്ളൂ.

- "നമിക്കിലുയരാം..........................."

വിനയം കാണിച്ചാൽ ഉന്നതരാവാം. കൃഷി, ചെയ്താൽ ഭക്ഷിക്കാം, കൊടുത്താൽ നേടാം; ഇങ്ങനെ പരസ്പരബന്ധിതമാണ് കാര്യങ്ങൾ. നമുക്കു സ്വർഗം പണിയുന്നതും നരകം പണിയുന്നതും നാം തന്നെയാണ്. നമ്മുടെ കർമ്മങ്ങൾക്കനുസരിച്ചായിരിക്കും നാം നേരിടുന്ന ഗുണഗണങ്ങളും.

- "മനവും മിഴിയും.................................."

മനസ്സും കണ്ണും നാവും കൈകളും ജീവികളുടെ ദു:ഖമകറ്റാൻ അനുകമ്പയോടെ, ദയയോടെ പ്രയോഗിക്കുന്ന മനുഷ്യർ ദേവതുല്യരാണ്. നമ്മുടെ അവയവങ്ങളും വിചാരവികാരങ്ങളുമെല്ലാം ജീവജാലങ്ങളുടെ പ്രയാസങ്ങളകറ്റാനുള്ള ശ്രമത്തിൽ വ്യാപൃതമാവണം എന്നു ചുരുക്കം.

- “പാഷാണൗഷധി..............................”

പാഷാണമായും ഔഷധമായും പക്ഷിമൃഗാദികളായും പലപല രൂപങ്ങളിൽ പ്രകൃതി നമുക്കു ചുറ്റും സന്തോഷം പകർന്നുകൊണ്ടു പരിലസിക്കുന്നു. നമ്മെയും അവയെയും സൂക്ഷ്മ മായി നിരീക്ഷിക്കുന്നവർക്കെല്ലാം അവയിലെല്ലാം പ്രേമത്തിന്റെ ആത്മാവായി നിലകൊള്ളുന്ന നമ്മുടെ പിതാവിനെ കാണാം. പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ അവയ്ക്കെല്ലാം സ്നേഹം ചൊരിഞ്ഞു നിലകൊള്ളുന്ന ഈശ്വരനെ കണ്ടെത്താൻ കഴിയും.

- “ഉലകാമുത്തമ.......................................”

ലോകം ഉത്തമമായ ഒരു വിദ്യാലയമാണ്. അവിടെനിന്ന് ഉപകാരോപനിഷത്ത് ഉറക്കെ ഉപദേശിക്കുന്നത് നമുക്കു കേൾക്കാൻ കഴിയും. പ്രകൃതിയിലെ ജീവജാലങ്ങളെയും പ്രകൃതി യിൽ വന്നുചേരുന്ന മാറ്റങ്ങളെയും പ്രകൃതിപ്രതിഭാസങ്ങളെയും നിരീക്ഷിക്കുക; എങ്കിൽ അവ പരോപകാരത്തിന്റെ പ്രാധാന്യം ഉപദേശിക്കുന്നതു കേൾക്കാൻ നമുക്ക് കഴിയും. പകൽ, രാത്രി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങിയവ ഉചിതമായ പാഠങ്ങൾ പലതും മനുഷ്യനു കാട്ടിത്ത രുന്നുണ്ടെന്നു സൂചന.

- “ഏകോദര സോദരർ................................”

നമ്മളെല്ലാവരും ഏകോദരസോദരങ്ങളാണ്. മനുഷ്യരും മറ്റു ജീവജാലങ്ങളുമെല്ലാം ലോക പടത്തിൽ നെടുകെയും കുറുകെയും നെയ്തുചേർത്ത, നന്നായിണങ്ങുന്ന നൂലുകളാണ്. പ്രകൃ തിയിൽ മനുഷ്യർക്കും ജീവജാലങ്ങൾക്കുമെല്ലാം തുല്യാവകാശവും തുല്യപങ്കുമാണെന്നു സൂച ന. എല്ലാം ഒത്തിണങ്ങുമ്പോഴേ അതിന്റെ സൗന്ദര്യം നിലനില്ക്കൂ. ഒന്നിന്റെ നാശം പൂർണനാശ ത്തിന്റെ തുടക്കമായിരിക്കും.

- അടുത്തു നില്പോരനുജനെ....................................

തൊട്ടടുത്തുള്ള സഹോദരനെ സ്നേഹപൂർവ്വം നോക്കാൻ കഴിയാത്ത മനുഷ്യന് അരൂപ നായ ഈശ്വരനെ കാണാൻ കഴിയാത്തതിൽ ആശ്ചര്യമൊന്നുമില്ല. സഹജീവികളെ, അവശരെ, ആവശ്യക്കാരെ സഹായിക്കുന്നതിലൂടെയും പരിചരിക്കുന്നതിലൂടെയുമേ ഈശ്വരസാക്ഷാത്ക്കാരം നേടാൻ കഴിയൂ എന്നാണു സൂചിപ്പിക്കുന്നത്.

- “പരാപരാത്മൻ.................................”

എങ്ങും വ്യാപിച്ചുനിൽക്കുന്നവനും ഭക്തന്മാർക്കു പ്രാപിക്കാൻ കഴിയുന്നവനുമായ ഈശ്വ രനെ കണ്ടെത്തണമെങ്കിൽ ചരാചരങ്ങളോടുള്ള പ്രേമമാകുന്ന അഞ്ജനമെഴുതിയ കണ്ണുവേ ണം. ഭൂമിയിലെ ചരിക്കുന്നതും ചരിക്കാത്തതുമായ സർവ്വത്തെയും സ്നേഹത്തോടെയും കാരു ണ്യത്തോടെയും വീക്ഷിക്കാൻ കഴിയാത്തവർക്ക് ഒരിക്കലും ഈശ്വരസാക്ഷാത്ക്കാരം സാധ്യമ ല്ലെന്നർത്ഥം. ഇവിടെ ചരാചരങ്ങൾ എന്ന പ്രയോഗം ശ്രദ്ധേയമാണ്. ഭൂമിയിലെ സുസ്ഥിതി നശി പ്പിക്കുംവിധമുള്ള പ്രവൃത്തികളും ഈശ്വര സാക്ഷാത്കാരത്തിനു വിഘ്നം സൃഷ്ടിക്കുന്നുവെന്നു വ്യക്തം.

- “പരസുഖമേസുഖ................................”

മറ്റുള്ളവരുടെ സുഖമായിരിക്കണം എന്റെയും സുഖം, മറ്റുള്ളവരുടെ ദു:ഖം എന്റെയും ദു:ഖമായിരിക്കണം. അത്രയും ഞാൻ മറ്റുള്ളവരുടെ ഭാഗമായിത്തീരണം. യഥാർത്ഥത്തിൽ മറ്റു ള്ളവരും ഞാനും ഈശ്വരനുമെല്ലാം ഒന്നു തന്നെയാണല്ലോ. മനുഷ്യൻ പ്രകൃതിയുടെയും അതിലെ ജീവജാലങ്ങളുടെയും ഒരു ഭാഗം തന്നെയാണെന്നു സൂചന.

- “ഭവാന്നധീനം പര................................”

ഈശ്വരന്ന് അധീനമാണ് എന്റെ ഉടലും പ്രാണനും. അവ രണ്ടും രാവുംപകലും മറ്റുള്ള വർക്കു വേണ്ടി വിനിയോഗിക്കാൻ കരുത്തുണ്ടാവണം. ഈശ്വരനു വന്ദനം. തന്റെ സർവ്വകഴിവു കളും എല്ലാവർക്കും വേണ്ടി വിനിയോഗിക്കാനുള്ള കരുത്തിന്നായി പ്രാർത്ഥിക്കുന്നു.

**വരികൾ കണ്ടെത്താം**

ടീച്ചർ ആശയങ്ങൾ ബോർഡിൽ എഴുതുന്നു. പ്രസ്തുത ആശയങ്ങൾ ഉൾക്കൊള്ളുന്ന കാവ്യ ഭാഗം കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കട്ടെ. അവയുടെ ആശയം വിശദീകരിക്കുകയും വേണം.

**ആശയം പറയാം, എഴുതാം**

കാവ്യഭാഗത്തിന്റെ ആശയം സ്വന്തം വാക്യത്തിൽ പറയാനും എഴുതാനുമുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമാക്കുന്നത്. ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് ആശയങ്ങൾ സ്വന്തം വാക്കുകളിൽ പറഞ്ഞുനോക്കട്ടെ. ചർച്ചകളിലൂടെ പൂർണ്ണാശയം മനസ്സിലാക്കി നോട്ടുബുക്കിലെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

**ഉത്തരം കണ്ടെത്താം**

ആശയം മനസ്സിലാക്കിക്കഴിഞ്ഞാൽ പെട്ടെന്നു നിർവഹിക്കാവുന്ന പ്രവർത്തനമാണിത്. ഹോംവർക്കായി നൽകാം, അടുത്ത ദിവസം ക്ലാസിൽ വായിച്ചു കേൾപ്പിക്കാനും ആവശ്യമെങ്കിൽ മെച്ചപ്പെടുത്താനും അവസരം നൽകണം.

**വർക്ക്ബുക്ക് പ്രവർത്തനങ്ങൾ**

പദങ്ങൾ പിരിച്ചെഴുതി ആശയം കണ്ടെത്തുക

പദങ്ങളുടെ അർത്ഥം നേരത്തെ മനസ്സിലാക്കിയിട്ടുണ്ട്. ആശയബോധവുമുണ്ടായിട്ടുണ്ട്. അവ ഒന്നുകൂടി ഉറപ്പിക്കാനുള്ള പരിശീലനമാണിവിടെ നടക്കേണ്ടത്. കുട്ടികൾ പദങ്ങൾ ഓരോന്നായി പിരിച്ചെഴുതി അർത്ഥം മനസ്സിലാക്കട്ടെ.

മാതൃക: ഉലകം + ഉത്തമ + വിദ്യാലയം + അതിൽ + ഉപകാര + ഉപനിഷത്ത്
ഓതിക്കോൻ + അവൻ + ഉപദേശിപ്പത് + ഉറക്കവേ + കേൾക്കാം.

**വിഗ്രഹിച്ചെഴുതുക**

- ഏക ഉദരത്തിൽ ജനിച്ച സോദരർ
- ദീപത്താൽ മയമായത്
- പ്രാണികളുടെ കുലം
- പാഷാണവും ഔഷധിയും
- പരമാത്മാവിന്റെ ഗുണം
- പരന്റെ സുഖം
- ചരാചരങ്ങളോടുള്ള പ്രേമം
- പരമ്മായ ഉത്സവം ദാനം ചെയ്യുന്നവൾ
- അരൂപനായ ഈശ്വരൻ
- പക്ഷികൾ, മൃഗങ്ങൾ ആദിയായവ

**ആശയം വിശദീകരിക്കുക**

"പാഷാണൗഷധി........................"

നൽകിയിരിക്കുന്ന വരികൾ കുട്ടികൾ വായിച്ച് ആശയം മനസ്സിലാക്കട്ടെ.

- പ്രകൃതി ഏതെല്ലാം വടിവുകളിലാണ് നമുക്കും ചുറ്റും പരിലസിക്കുന്നത്?
- അത് എങ്ങനെയാണ് പരമോത്സവം സമ്മാനിക്കുന്നത്?
- നമ്മെയും അവയെയും പ്രേക്ഷിക്കുന്നവർക്ക് ആരെയാണു കാണാൻ കഴിയുക?
- പിതാവ് എന്നതുകൊണ്ട് വിവക്ഷിക്കുന്നതാരെ?
- പ്രകൃതിയിൽ ആ പിതാവ് എങ്ങനെയാണു വിലസുന്നത്?

ആശയവിശകലനത്തിനായുള്ള ചോദ്യങ്ങളിലൂടെ കുട്ടികളെ കേന്ദ്രാശയത്തിലേക്കു നയിക്കാം. അവരുടെ കണ്ടെത്തലുകൾ ടീച്ചർ ക്രോഡീകരിക്കുന്നു.

| |
|---|
| പാഷാണമായും ഔഷധിയായും പക്ഷിമൃഗാദികളായും പലപല രൂപങ്ങളിൽ പ്രകൃതി നമ്മുടെ ചുറ്റും പരിലസിക്കുന്നു. അവ നമുക്ക് ആഹ്ലാദം പകരുന്നു. നമ്മെയും ആ പ്രകൃതിയെയും സൂക്ഷ്മമായി നിരീക്ഷിച്ചാൽ എല്ലാറ്റിന്റെയും പിന്നിൽ പ്രേമാത്മാവായി നില കൊള്ളുന്ന ഈശ്വരശക്തിയെ കണ്ടെത്താൻ കഴിയും, |

"പരസുഖമേ.........................."

- കവിക്കു സുഖമായും ദു:ഖമായും അനുഭവപ്പെടുന്നതെന്താണ്?
- എന്താണ് കവിയുടെ പ്രാർത്ഥന?
- എന്തെല്ലാം പരാർത്ഥമാക്കണമെന്നാണ് കവി ആഗ്രഹിക്കുന്നത്?
- എന്തെല്ലാമാണ് ഒന്നായി കാണുന്നത്?

| |
|---|
| ക്രോഡീകരണം :<br>മറ്റുള്ളവരുടെ സുഖം എന്റെ സുഖമാണ്. മറ്റുള്ളവരുടെ ദു:ഖം എന്റെയും ദു:ഖമാണ്. യഥാർത്ഥത്തിൽ ഞാനും മറ്റുള്ളവരും ഈശ്വരനുമെല്ലാം ഒന്നുതന്നെയാണ്. ഈശ്വന്ന ധീനമായ എന്റെ ഉടലും ജീവനും സദാസമയവും മറ്റുള്ളവർക്കു പ്രയോജനകരമായി ത്തീരണം. |

ചർച്ചയിൽ ഗ്രഹിച്ച ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ കുറിപ്പു തയ്യാറാക്കുന്നു. പരസ്പരം പങ്കു വയ്ക്കുന്നു. മെച്ചപ്പെടുത്തി അവതരിപ്പിക്കുന്നു.

**പര്യായപദമെഴുതുക**

| | | |
|---|---|---|
| സ്വർഗം | : | നാകം, സുരലോകം, ദ്യോവ് |
| കണ്ണ് | : | നയനം, അക്ഷി, മിഴി |
| സ്നേഹം | : | പ്രേമം, പ്രണയം, പ്രിയം |
| ലോകം | : | ഉലകം, ഭുവനം, ജഗത്ത് |
| അധ്യാപകൻ | : | ആചാര്യൻ, ഓതിക്കോൻ, ഉപാധ്യായൻ |

**ആശയമെഴുതുക**

കുട്ടികൾക്കു സ്വയം ആശയം കണ്ടെത്താവുന്ന വരികളാണിവ. പരോപകാരത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട് കുഞ്ഞുണ്ണിമാഷിന്റെ ഈ വരികൾ. കുട്ടികൾ സ്വയം ആശയമെഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തണം. ശേഷം ക്ലാസിൽ അവതരിപ്പിച്ചു വിലയിരുത്താം.

| |
|---|
| കഴിയുന്നത്ര ഗുണങ്ങൾ, കഴിയുമ്പോലെ, കഴിയുന്ന വിധത്തിലെല്ലാം, അങ്ങേയറ്റത്തെ മനസ്സലിവോടെ എല്ലാവർക്കും ചെയ്തു കൊടുത്തു കൊണ്ടേയിരിക്കണം. |

പാഠം – 10

# ചിന്നം ചെറുകിളിയേ കണ്ണമ്മാ

ഡോക്ടറുടെ സ്നേഹസമീപനം രോഗം സുഖപ്പെടുത്തുമോ? സുഖപ്പെടുത്തും എന്നു പറയാൻ പ്രേരിപ്പിക്കുന്നുണ്ട് ഡോക്ടർ വി.പി. ഗംഗാധരന്റെ ആതുര ശുശ്രൂഷാരംഗത്തെ അനുഭവങ്ങൾ. മരുന്നുകൾ ശരീരത്തിൽ പ്രതിഫലനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എന്നാൽ മരുന്നുകളെക്കാൾ തീവ്രമായി പ്രതിഫലനം സൃഷ്ടിക്കുന്നതാണ് മനസ്സിന്റെ അവസ്ഥകൾ. മരുന്നുകൾ ഫലിക്കുന്നതിലും രോഗം പെട്ടെന്നു ഭേദമാകുന്നതിലും രോഗിയുടെ ശുഭാപ്തിവിശ്വാസം നിറഞ്ഞ മനസ്സിന്റെ സ്വാധീനം വളരെയേറെയാണെന്നും പറയാം.

നിസ്സാരരോഗവുമായി ഒരാൾ ഡോക്ടറെ സമീപിക്കുന്നു; ഡോക്ടർ പറയുന്നു: 'നിങ്ങളുടെ രോഗം ഗുരുതരമാണ്. ഗൗരവതരമായ ചികിത്സ ലഭിച്ചില്ലെങ്കിൽ മരണം വരെ സംഭവിക്കാം.' അതോടെ രോഗി തളരുന്നു. മനസ്സിടിയുന്നു. നിരാശ ബാധിക്കുന്നു. ഇല്ലാത്ത രോഗങ്ങൾ കടന്നുവരുന്നു. അതൊരു പക്ഷേ അയാളുടെ പെട്ടെന്നുള്ള മരണത്തിലേക്കു നയിച്ചേക്കാം.

അതേസമയം മാരകമായ രോഗമുള്ള ഒരാൾ ഡോക്ടറെ സമീപിക്കുന്നു; രോഗം കൃത്യമായി നിർണ്ണയിച്ചു മനസ്സിലാക്കിയ ഡോക്ടർ രോഗിയെ സാന്ത്വനിപ്പിക്കുന്നു: 'പേടിക്കാനൊന്നുമില്ല. ചില പ്രശ്നങ്ങളുണ്ട്; ചികിത്സിച്ചു മാറ്റാവുന്നതേയുള്ളൂ. മരുന്നുകൾ കൃത്യമായി കഴിക്കണം. ചെറിയൊരു ശസ്ത്രക്രിയയും വേണ്ടി വന്നേക്കാം. എന്നാലും ഭയപ്പെടാനൊന്നുമില്ല.'

ഡോക്ടറുടെ ഈ പ്രതികരണം കേൾക്കുന്നതോടെ തന്നെ രോഗിയുടെ പ്രയാസങ്ങൾക്ക് ആശ്വാസമുണ്ടാവും. ഡോക്ടറുടെ വാക്കുകൾ അനുസരിക്കാൻ അയാൾ തയ്യാറാവും. അയാളുടെ മനസ്സിൽ ശുഭാപ്തിവിശ്വാസം നിറയും. ഈ വിശ്വാസം അനുകൂലമായ പ്രതികരണങ്ങൾ ശരീരത്തിലുടനീളം സൃഷ്ടിക്കും. അത് രോഗത്തെ തുരത്താനുള്ള ശ്രമങ്ങൾക്കു പിന്തുണയേകും. മാരകമായ രോഗങ്ങൾ പിടിപെട്ട് മരണമുഖത്തെത്തിയ അനേകംപേരെ ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവരുന്നതിൽ ഇത്തരം സമീപനങ്ങൾക്കു വലിയ പങ്കുണ്ടെന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. ഡോക്ടർ വി.പി. ഗംഗാധരന്റെ അനുഭവങ്ങൾ ഇതിന് ഒന്നാംതരം തെളിവുകളാണ്.

മാരകമായ കാൻസർരോഗ ചികിത്സാരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച വിദഗ്ധ ഡോക്ടറാണ് ഗംഗാധരൻ. വർഷങ്ങളായി ഈ ചികിത്സാരംഗത്ത് തുടരുന്ന അദ്ദേഹം ഇതിനകം ആയിരക്കണക്കിനു രോഗികളെ മരണകരങ്ങളിൽ നിന്നു മോചിപ്പിച്ച് ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവന്നിട്ടുണ്ട്. 'കാൻസർ ബാധിച്ചാൽ പിന്നെ രക്ഷയില്ല' എന്ന മനോഭാവത്തിൽ നിന്നു രോഗികളുടെ മനസ്സ് മാറ്റുന്നതിൽ ഇദ്ദേഹം വഹിച്ച പങ്ക് വളരെ വലുതാണ്. അങ്ങനെ രോഗം സുഖപ്പെട്ട് ആരോഗ്യവാന്മാരായി ദീർഘകാലം പിന്നെയും ജീവിച്ച, ജീവിച്ചുക്കൊണ്ടിരിക്കുന്ന അനേകം വ്യക്തികളെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നുണ്ട്. ആ വിവരണങ്ങളിൽ നിന്നു മനസ്സി

ലാക്കാവുന്ന മുഖ്യയാഥാർത്ഥ്യം മരുന്നുകളെക്കാൾ രോഗികളിൽ പ്രതിഫലിച്ചത് ഡേക്ടറുടെ അനുഭാവപൂർണ്ണവും സ്നേഹാധിഷ്ഠിതവുമായ സമീപനങ്ങളാണെന്നാണ്. കാൻസറിന്റെ കൊടുംവേദനകൾക്കിടയിലും പുഞ്ചിരിക്കാനും ജീവിതത്തിന്റെ മനോഹാരിതകളിലേക്കു കണ്ണു തിരിക്കാനും അതുവഴി രോഗശാന്തി എളുപ്പമാക്കിത്തീർക്കാനും കുട്ടികളടക്കമുള്ള രോഗികളെ അദ്ദേഹം പ്രാപ്തരാക്കിയതെങ്ങനെയെന്ന് 'ജീവിതം എന്ന അത്ഭുതം' എന്ന കൃതി വ്യക്തമാക്കുന്നുണ്ട്. ഹോസ്പിറ്റൽ അന്തരീക്ഷം ആഹ്ലാദാരവങ്ങളുടെയും പ്രതീക്ഷയുടെയും പുതുസ്വപ്നങ്ങളുടെയും വേദിയാക്കി മാറ്റുന്നതിൽ ഈ ഡോക്ടറുടെ പങ്ക് അതിമഹത്തായതാണ്.

ഇത്തരം അനുഭവകഥകൾ കുട്ടികളുടെ മനസ്സിൽ പല നിലയിലുള്ള അനുകൂലപ്രവണതകൾ സൃഷ്ടിക്കും. ഒന്നാമതായി ശുഭാപ്തിവിശ്വാസം നിറയ്ക്കുന്നു. രോഗം വന്നാലും ചികിത്സിച്ചു ഭേദമാക്കാൻ കഴിയുമെന്ന വിശ്വാസം വലിയ നേട്ടം തന്നെയാണ്. അതോടൊപ്പം സമീപനത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ പ്രേരിപ്പിക്കുന്നു. ഭാവിയിൽ ജീവിതത്തിന്റെ പല മേഖലകളിലേക്കും കടന്നു ചെല്ലേണ്ടവരാണ് ഇന്നത്തെ കുട്ടികൾ. ഏതു മേഖലയിലാണെങ്കിലും തന്റെ കീഴിലുള്ളവരുടെയും ആശ്രിതരുടെയും സഹപ്രവർത്തകരുടെയും ബന്ധപ്പെടുന്നവരുടെയും മനസ്സിൽ തന്റെ വാക്കുകളും പ്രവൃത്തികളും മറ്റു സമീപനങ്ങളും സൃഷ്ടിക്കുന്ന പോസിറ്റീവും നെഗറ്റീവുമായ മനോവ്യാപാരങ്ങളെക്കുറിച്ചും അത് വ്യക്തിപരവും സാമൂഹികപരമായുണ്ടാക്കുന്ന ലാഭനഷ്ടങ്ങളെക്കുറിച്ചുമുള്ള അവബോധം കുട്ടികളിൽ ഉറയ്ക്കേണ്ടതുണ്ട്. ഈ പാഠഭാഗം അതിനു സഹായകമാവുമെന്നു പ്രതീക്ഷിക്കുന്നു.

**പാഠാവതരണം**

- രോഗം വരാത്തവരുണ്ടാവില്ലല്ലോ.
- രോഗത്തിനു ചികിത്സിക്കാൻ നിങ്ങൾ പല ഡോക്ടർമാരെയും സമീപിച്ചിട്ടുണ്ടാവുമല്ലോ.
- ഡോക്ടറെ സമീപിച്ചപ്പോൾ നിങ്ങൾക്ക് വേറെ ആശ്വാസവും പ്രതീക്ഷയും അനുഭവപ്പെട്ട സന്ദർഭമില്ലേ?
- നിരാശയും വിഷാദവും തോന്നിയ സന്ദർഭമുണ്ടോ? ഡോക്ടറെ നിങ്ങൾക്കു പേടിയാണോ? കുട്ടികളുടെ പ്രതികരണങ്ങൾക്കനുസരിച്ചു ടീച്ചർ വീണ്ടും ചോദ്യങ്ങൾ ചോദിക്കുന്നു.
- 'നമുക്ക് നല്ലൊരു ഡോക്ടറെ പരിചയപ്പെടാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു. കുട്ടികൾ മൗനമായി പാഠഭാഗം വായിക്കട്ടെ.

വിശകലന സൗകര്യത്തിന്നായി പാഠം മൂന്നോ നാലോ ഭാഗങ്ങളായി നിർണ്ണയിച്ചു വായിക്കാൻ നിർദ്ദേശിക്കാം. ഓരോ ഭാഗവും വായിച്ചു കഴിഞ്ഞാൽ ആ ഭാഗത്തെ ആശയങ്ങൾ അവധാരണ ചോദ്യങ്ങളിലൂടെ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. കീമോതെറാപ്പി, ലുക്കീമിയ, ഓപറേഷൻ തിയറ്റർ, റൗണ്ട്സ്,....... തുടങ്ങിയ സാങ്കേതിക പ്രയോഗങ്ങൾ വിശദീകരിച്ചുകൊടുക്കണം.

**കണ്ടെത്താം**

ഈ ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതണം. ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തിയ ശേഷം ക്ലാസിൽ വായിച്ചുകേൾപ്പിക്കണം. ഏതാനും പേരുടെ ഉത്തരം വായിച്ചു വിലയിരുത്തുമ്പോൾ അപാകതകൾ തിരുത്താനും മെച്ചപ്പെടുത്താനുമുള്ള അവസരം എല്ലാവർക്കും ലഭിക്കുമല്ലോ.

**അഭിമുഖചോദ്യാവലി തയ്യാറാക്കാം**

വെറുമൊരു ചോദ്യാവലി തയ്യാറാക്കലായി ഈ പ്രവർത്തനം മാറിപ്പോവരുത്. ഇന്ന് സർവ്വ വ്യാപകമായ ഒരു മാരകരോഗമാണു കാൻസർ. പലവിധത്തിലുള്ള കാൻസർ രോഗങ്ങളുണ്ട്. അതിൽ അതിമാരകമായതും അല്ലാത്തതുമുണ്ട്. ചില കാൻസറുകൾ നേരത്തേതന്നെ ലക്ഷണങ്ങളിലൂടെ മനസ്സിലാക്കിയെടുക്കാൻ കഴിയും. കാൻസർ വന്നാൽ പിന്നെ ചികിത്സയില്ല എന്ന ധാരണ ജനങ്ങൾക്കിടയിൽ വ്യാപകമാണ്. എന്നാൽ മൂന്നിലൊരുഭാഗം കാൻസർരോഗങ്ങൾ പൂർണമായും ചികിത്സിച്ചു ഭേദമാക്കാൻ കഴിയും. കാൻസറിന്റെ ചികിത്സാരീതിയെക്കുറിച്ചും പലതും മനസ്സിലാക്കാനുണ്ട്. കാൻസർ വരാനുള്ള കാരണങ്ങൾ, പ്രതിരോധമാർഗ്ഗങ്ങൾ, ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ തുടങ്ങിയവയെല്ലാം ചോദ്യങ്ങളിൽ ഉൾപ്പെടുത്തണം.

കുട്ടികൾക്ക് ആദ്യം ഇത്തരം സൂചനകൾ നൽകണം. മൂന്നോ നാലോ ഗ്രൂപ്പുകളാക്കി തിരിക്കാം. ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുട്ടികൾ ചോദ്യം തയ്യാറാക്കട്ടെ. ഓരോ ഗ്രൂപ്പിനും നിശ്ചിത മേഖലകൾ (കാൻസർ രോഗങ്ങൾ, ലക്ഷണങ്ങൾ, ചികിത്സാരീതികൾ, പ്രതിരോധമാർഗങ്ങൾ, ബാധിക്കാനുള്ള കാരണങ്ങൾ എന്നിങ്ങനെ) നൽകിയാൽ ചോദ്യങ്ങളുടെ ആവർത്തനം ഒഴിവാക്കാം.

തയ്യാറാക്കിയ ചോദ്യങ്ങൾ ക്ലാസിൽ പൊതുവായി ചർച്ച ചെയ്തു ക്രോഡീകരിക്കണം. അതിനുശേഷം കാൻസർരോഗ വിദഗ്ധനായ ഒരു ഡോക്ടറുമായി അഭിമുഖം നടത്തണം. പാലിയേറ്റീവ് കെയർ സെർററുകളുമായോ ഹെൽത്ത് സെന്ററുകളുമായോ ബന്ധപ്പെട്ടാൽ ഇതിനുള്ള അവസരം ലഭിച്ചേക്കും. അഭിമുഖം ക്ലാസ്മുറികളിൽ വച്ചായാൽ എല്ലാ കുട്ടികൾക്കും കാര്യങ്ങൾ ഗ്രഹിക്കാൻ അവസരമുണ്ടാവും.

**ചർച്ചചെയ്യാം**

- ഒരു ഡോക്ടർ എങ്ങനെയായിരിക്കണം?
- അദ്ദേഹം എങ്ങനെയാണു രോഗികളോടു പെരുമാറേണ്ടത്?
- എങ്ങനെ സംസാരിച്ചാലാണ് രോഗികൾക്ക് ആശ്വാസം ലഭിക്കുക?
- ഡോക്ടർമാരുടെ പെരുമാറ്റം സുഖകരമാണോ?

കുട്ടികൾ ചർച്ച നടത്തട്ടെ. ആമുഖത്തിലെ പരാമർശങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കണം. പാഠഭാഗത്തു പരാമർശിക്കപ്പെട്ട ഡോക്ടർമാരുടെ സമീപനങ്ങൾ വിലയിരുത്തണം. ഡോക്ടർ ഗംഗാധരനെ കുട്ടികൾ ഇഷ്ടപ്പെടുന്നു; എന്നാൽ വേലമൂർത്തിയെ വെറുക്കുന്നു, ഭയക്കുന്നു. എന്തുകൊണ്ടാണിത്? രണ്ടുപേരും ഒരേതരത്തിലുള്ള ചികിത്സയാണല്ലോ നിർവഹിക്കുന്നത്? എന്താണിതിന് കാരണം?

ഇത്തരം ചോദ്യങ്ങളിലൂടെ നല്ല ഡോക്ടർ എങ്ങനെയായിരിക്കണം എന്ന കാര്യത്തിൽ ഒരവബോധമുണ്ടാക്കുന്ന അവസ്ഥയിലേക്കു ചർച്ച നയിക്കണം. തുടർന്നു കുട്ടികൾ വ്യക്തിഗതമായി ചർച്ചക്കുറിപ്പ് തയ്യാറാക്കട്ടെ. ടീച്ചർ വിലയിരുത്തണം.

**അന്വേഷിച്ചറിയാം**

അഭിമുഖ ചോദ്യാവലിയിൽ ഇതു സംബന്ധമായ ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടാവുമല്ലോ. ആ ചോദ്യവലി ഉപയോഗിച്ച് അഭിമുഖം നടത്തിയാൽ ഈ പ്രവർത്തനം ഭംഗിയായി നിർവഹിക്കാൻ കഴിയും.

**വർക്കുബുക്ക് പ്രവർത്തനങ്ങൾ**

സന്ദർഭം കണ്ടെത്തി വിശദീകരിക്കുക

പാഠഭാഗം വീണ്ടും വായിച്ച് സന്ദർഭം കണ്ടെത്താൻ നിർദ്ദേശിക്കണം.
വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ടീച്ചർ, വിലയിരുത്തണം.

**അർത്ഥവ്യത്യാസമെഴുതുക**

പദങ്ങൾ ടീച്ചർ BBയിൽ കുറിക്കുന്നു. കുട്ടികൾ അവ വായിച്ച് അർത്ഥവ്യത്യാസമുണ്ടോ എന്നു തിരിച്ചറിയട്ടെ.

- യകാരം കൊണ്ട് അർത്ഥഭേദം വരുന്ന കുറെ ക്രിയാപദങ്ങളുണ്ട്. ഇവ മനസ്സിലാക്കാതെ പ്രയോഗിക്കുമ്പോൾ ഉദ്ദേശ്യാർത്ഥം ലഭിക്കാതെ പോകുന്നു. നൽകിയിരിക്കുന്ന പദങ്ങൾ ആ ഇനത്തിൽപ്പെട്ടതാണ്.

| | |
|---|---|
| മറയ്ക്കുക = മറയുണ്ടാക്കുക | ഉടയ്ക്കുക = ഉടച്ചു ഭാഗങ്ങളാക്കുക |
| മറക്കുക = മറന്നുപോവുക | ഉടക്കുക = പിണങ്ങുക, വഴക്കുണ്ടാക്കുക |
| ഉറക്കുക = ഉറങ്ങാൻ പ്രേരിപ്പിക്കുക | കിടയ്ക്കുക = ലഭിക്കുക |
| ഉറയ്ക്കുക = ഉറച്ചുപോവുക | കിടക്കുക = ശയിക്കുക |

> യ കാരം ചേർക്കുന്നതിനെക്കുറിച്ചു വ്യക്തമായ ബോധമില്ലാത്തതിനാൽ ആവശ്യമില്ലാത്ത സ്ഥലത്ത് ചേർക്കുകയും ആവശ്യമുള്ള സ്ഥലത്ത് ചേർക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത സാർവത്രികമാണ്. ഇകാരത്തിലവസാനിക്കുന്ന ധാതുക്കളുടെ ക്രിയാരൂപങ്ങളിൽ ഇകാരത്തിനും 'ക' കാരത്തിനുമിടയ്ക്ക് 'യ'കാരം ചേർക്കേണ്ടതില്ല. അടിയ്ക്കും, പിടിയ്ക്കും, ഇടിയ്ക്കും,വിളിയ്ക്കും, ചിരിയ്ക്കും എന്നൊന്നും 'യ' ചേർത്ത് എഴുതരുത്.

**വായിക്കാം, ഗ്രഹിക്കാം, ഉത്തരമെഴുതാം**

ഡോ. വി.പി. ഗംഗാധരന്റെ കൃതിയിൽ നിന്നെടുത്തതാണ് ഈ ഭാഗം. കാൻസർ രോഗത്തെക്കുറിച്ചും ചികിത്സയെക്കുറിച്ചും ഈ ഭാഗത്തു പ്രതിപാദിക്കുന്നു. കുട്ടികൾ ഖണ്ഡിക വായിച്ച് താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതട്ടെ.

**ഡയറി എഴുതുക**

കാൻസർ ചികിത്സാകേന്ദ്രം സന്ദർശിക്കുകയെന്നത് രോഗത്തെയും രോഗികളെയും കുറിച്ച് അറിയാനുള്ള വഴികളിലൊന്നാണ്. രോഗത്തിന്റെ ഭീകരാവസ്ഥയും മറ്റും വ്യക്തമായറിയണമെങ്കിൽ അത്തരം കേന്ദ്രങ്ങൾ സന്ദർശിക്കുക തന്നെ വേണം. അതിനു സൗകര്യപ്പെടുന്നില്ലെങ്കിൽ അടുത്തുള്ള സാന്ത്വനചികിത്സാകേന്ദ്രമെങ്കിലും സന്ദർശിക്കണം. പറഞ്ഞറിയിക്കാൻ പറ്റാത്ത പല അനുഭവങ്ങളും പാഠങ്ങളും കുട്ടികൾക്കു മനസ്സിലാക്കാൻ അവസരമൊരുക്കുന്ന പ്രവർത്തനമാണത്. സന്ദർശന ദിവസം ഡയറിക്കുറിപ്പ് തയ്യാറാക്കാൻ നിർദ്ദേശിക്കുക. ആ കുറിപ്പിന് അനുഭവത്തിന്റെ രുചിയും മണവുമുണ്ടാവും.
ഡയറി എഴുതുന്ന രൂപവും ശ്രദ്ധിക്കേണ്ട കാര്യങ്ങളും ചർച്ച ചെയ്തിട്ടുണ്ടല്ലോ.

**വിവരണം തയ്യാറാക്കം**

കാഴ്ചകളും അനുഭവങ്ങളും മറ്റും മനോഹരമായി അവതരിപ്പിക്കാനുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമാക്കുന്നത്.

എങ്ങനെ എഴുതിത്തുടങ്ങണം; എന്തെല്ലാം ശ്രദ്ധിക്കണം......................... എന്നൊക്കെ മനസ്സിലാക്കാൻ പാഠഭാഗത്തേക്ക് ഒന്നുകൂടി ശ്രദ്ധിക്കാം. ടീച്ചർ പാഠത്തിലെ ശ്രദ്ധേയമായൊരു ഭാഗം ഭാവാത്മകമായി വായിച്ചുകേൾപ്പിക്കുന്നു.

ഈ വിവരണം വളരെ ആകർഷകമല്ലേ?

എന്താണീ വിവരണത്തിനുള്ള പ്രത്യേകത? ചർച്ച ചെയ്യാം.

കുട്ടികൾ തങ്ങൾക്കു മനസ്സിലായ കാര്യങ്ങൾ പറയട്ടെ. ടീച്ചർ ക്രോഡീകരിക്കുന്നു.

ചെറിയ ചെറിയ വാക്കുകൾ, പശ്ചാത്തല വർണനകൾ,
നാടകീയമായ അവതരണം, കൗതുകം ജനിപ്പിക്കുന്ന രംഗങ്ങൾ
ദൃശ്യങ്ങൾ കൺമുമ്പിൽ കാണുന്നതുപോലുള്ള ആവിഷ്ക്കാരം.

ഇങ്ങനെ ഒരു സംഭവം വിവരിക്കാൻ നിങ്ങൾക്കും കഴിയില്ലേ? സ്കൂളിൽ നടന്ന സ്പോർട്സിലെ ഒരു രംഗം വിവരിച്ചുനോക്കൂ.

കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം ഏതാനും കുറിപ്പുകൾ ക്ലാസിൽ വായിച്ചു കേൾപ്പിക്കാം. എല്ലാ കുട്ടികളുടെയും രചനകൾ ടീച്ചർ വിലയിരുത്തണം.

### പാഠം – 11

# പണിയാം സ്നേഹഗോപുരം

അക്കിത്തം അച്യുതൻനമ്പൂതിരിയുടെ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കവിതയിൽ നിന്നെടുത്ത ഏതാനും വരികളാണു പാഠഭാഗം. ലോകം  അസമാധാനത്തിലാണ്. രാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരങ്ങൾ! പോരാട്ടങ്ങൾ! വംശീയവും വർഗ്ഗീയവും മതപരവും ജാതീയവുമായ വൈരാഗ്യങ്ങൾ സൃഷ്ടിക്കുന്ന ചോരപ്പുഴകൾ! അധികാര വടംവലികൾ! രാഷ്ട്രീയ പകപോക്കലുകൾ! ഇവയ്ക്കൊക്കെ ഇരയാവുന്നതോ, സാധാരണ ജനങ്ങളും. മനുഷ്യർ അനുഭവിക്കുന്ന സകലപ്രശ്നങ്ങൾക്കും പരിഹാരമാണു വിപ്ലവങ്ങളും വിപ്ലവപ്രസ്ഥാനങ്ങളുമെന്ന് ഒരു കാലത്ത് വിശ്വസിച്ചിരുന്ന കവി പിന്നീട് തിരിച്ചറിയുന്നു, ഭൗതികമാത്രപ്രസക്തമായ എല്ലാ പ്രത്യയശാസ്ത്രങ്ങളും പരാജമാണെന്ന്; ലോകത്തിനും ലോകജനതക്കും എന്തെങ്കിലും സമാധാനം നൽകാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് ആത്മീയാചാര്യന്മാർക്കും മതങ്ങൾക്കുമാണെന്ന്. ഈ തിരിച്ചറിവിന്റെ അനുരണങ്ങളാണ് ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസത്തിൽ തെളിഞ്ഞുകാണുന്നത്

ഭൗതിക പ്രത്യയശാസ്ത്രത്തിൽ മാനവതയുടെ മോചനം കണ്ട് അതിന്നായി പ്രവർത്തിച്ച കവി പിന്നീട് കാണുന്നത് അതിന്റെ പേരിലുള്ള അധികാര വടംവലികളും അരുംകൊലകളുമാണ്. ജനങ്ങളുടെ പട്ടിണിയും ദാരിദ്ര്യവും പരിഗണിക്കാതെ രാജ്യത്തിന്റെ വരുമാനത്തിൽ സിംഹഭാഗവും ആയുധങ്ങൾ വാങ്ങിക്കൂട്ടാനായി ചെലവഴിക്കുന്ന ഏകാധിപതികളെയാണ്. അതോടെ കവിയുടെ മനസ്സ് പശ്ചാത്താപഭരിതമാകുന്നു. തന്റെ ധാരണകൾ മൂഢമായിരുന്നുവെന്നു തിരിച്ചറിയുന്നു. ആത്മീയാചാര്യന്മാർ കൊളുത്തിയ വെളിച്ചമുൾക്കൊണ്ട് അരോഗദൃഢഗാത്രരാവുകയും ആ വെളിച്ചത്തിലൂടെ നന്മ കണ്ടെത്തുകയും ചെയ്ത ജനങ്ങളുടെ മുമ്പിൽ തന്റെ തെറ്റുകൾ ഏറ്റുപറഞ്ഞു പൊറുക്കാനപേക്ഷിക്കുന്നു.

സ്നേഹത്തിന്റെ മാഹാത്മ്യം കവി വിളംബരം ചെയ്യുന്നു. അധികാരവും ആയുധവും യുദ്ധങ്ങളുമല്ല ഐശ്വര്യത്തിന്റെയും സുരക്ഷയുടെയും നിദാനമെന്നും നിരുപാധികമായ സ്നേഹമുണ്ടെങ്കിലേ ലോകം സമാധാനത്തിലെത്തിച്ചേരുകയുള്ളൂവെന്നും പ്രഖ്യാപിക്കുന്നു. സാധാരണ ജനങ്ങൾക്കാവശ്യം ബോംബും തോക്കുമല്ല, ആണവായുധങ്ങളല്ല, ബലമുള്ള കലപ്പകളാണ്, സമാധാനമാണ്, ശാന്തിയാണ്. അത് ലഭ്യമാക്കാനുള്ള ശ്രമങ്ങളാണിന്നാവശ്യം എന്ന സത്യം കവി കണ്ടെത്തുന്നു.

കുട്ടികളുടെ മനസ്സിൽ ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശമെത്തിക്കാൻ ഈ കാവ്യഭാഗം പ്രയോജനപ്പെടുത്തണം. ശാന്തിയും സമാധാനവും നിരുപാധിക സ്നേഹത്തിലൂടെ മാത്രമേ കൈവരിക്കാനാവൂ എന്നു ബോധ്യപ്പെടുത്തണം. ഈ അവബോധം വളർത്താൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

**പാഠാവതരണം**

ടീച്ചർ കൊളാഷ് പ്രദർശിപ്പിക്കുന്നു.

ലോകത്തിന്റെ പല ഭാഗങ്ങളിൽ നടക്കുന്ന വിവിധതരം ഭീകരാക്രമങ്ങളുടെയും കൊലപാതകങ്ങളുടെയും യുദ്ധങ്ങളുടെയും വാർത്തകളടങ്ങുന്ന കൊളാഷ്.

| |
|---|
| ഭീകരാക്രമണം : 28 പട്ടാളക്കാർ കൊല്ലപ്പെട്ടു |
| കലാപകാരികൾ 38 കുട്ടികളെ വെടിവച്ചുകൊന്നു |
| പള്ളിയിൽ ഭീകരാക്രമണം അൻപതോളം മരണം |
| സിറിയയിൽ രാസായുധ പ്രയോഗം: നൂറുകണക്ക്നു കുട്ടികൾ മരണത്തിന്റെ വക്കിൽ |
| പട്ടണത്തിൽ ചാവേറാക്രമണം; സ്ത്രീകളും കുട്ടികളുമടക്കം നൂറോളം പേർ മരണപ്പെട്ടു |
| അഭയാർത്ഥികളുടെ ബോട്ടുമുങ്ങി ഇരുനൂറോളം പേർ മരണപ്പെട്ടു |
| ഇസ്രയേലി പട്ടാളത്തിന്റെ കൂട്ടക്കുരുതി ലേകം അപലപിച്ചു |

കുട്ടികൾ കൊളാഷ് വായിക്കുന്നു.

- ഈ വാർത്തകൾ എന്താണു സൂചിപ്പിക്കുന്നത്?
- എന്തിനാണിത്തരം അരുംകൊലകൾ നടക്കുന്നത്?
- ഇത്തരം കൊലപാതകങ്ങൾകൊണ്ട് ആർക്കെങ്കിലും എന്തെങ്കിലും നേട്ടമുണ്ടോ?
- ഇത്തരം കൊടുംക്രൂരതകൾ ഇല്ലാതാക്കാൻ എന്താണു മാർഗ്ഗം?

ചർച്ച പരസ്പര സ്നേഹത്തിന്റെ ആവശ്യകതയിലേക്കു നയിക്കാൻ ടീച്ചർ ശ്രദ്ധിക്കണം.

ക്രോഡീകരണം:

> മനുഷ്യമനസ്സിൽനിന്നു ദയയും കാരുണ്യവും സ്നേഹവും നഷ്ടമാവുമ്പോഴാണ് ഇത്തരം കൊടുംക്രൂരതകൾ ചെയ്യുന്നത്.
> വ്യക്തികൾ നന്നായാലേ ഭൂമി നന്നാവൂ. അതിന്നായി ഓരോരുത്തരും സ്വന്തം മനസ്സുകളെ നന്നാക്കാൻ ശ്രമിക്കണം.
> വ്യക്തിമനസ്സിനെ സംസ്കരിക്കുന്നതിൽ മുഖ്യപങ്ക് ദൈവവിശ്വാസത്തിനുണ്ട്.
> ആത്മീയാചാര്യരുടെ ഉപദേശങ്ങൾ ഉൾക്കൊള്ളാൻ ജനങ്ങൾ തയ്യാറാവണം.

'നമുക്ക് ഈ വിഷയസംബന്ധമായ ഒരു കവിത വായിക്കാം' എന്ന ആമുഖത്തോടെ ടീച്ചർ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികളുടെ മൗനവായനയ്ക്കുശേഷം ടീച്ചർ ഭാവാത്മകമായി കവിത ചൊല്ലി അവതരിപ്പിക്കുന്നു.

## ആശയവിശകലനത്തിലേക്ക്

കവിതയുടെ ആശയം വ്യക്തമായോ?

- ആദ്യവരികളിൽ കവിയുടെ ക്ഷമാപണമാണ്; ആത്മീയാചാര്യരുടെ സന്ദേശങ്ങൾ തള്ളിക്കളഞ്ഞ് ഭൗതിക പ്രത്യയശാസ്ത്രത്തിൽ എല്ലാറ്റിനും പരിഹാരമുണ്ടെന്നു കരുതി അതിന്നു വേണ്ടി പ്രവർത്തിച്ചതിൽ.
- വാൽമീകി മുതൽ ഗാന്ധിജി വരെയുള്ള മഹാത്മാക്കൾ കൊളുത്തിയ വെളിച്ചത്തിൽ ആറാടുന്ന അരോഗദൃഢചിത്തരായ, ഭൂമിയിൽ പാർക്കുന്ന ഇരുനൂറുകോടി ജനങ്ങളോടാണ് തന്റെ അപരാധം പൊറുക്കാൻ കവി അപേക്ഷിക്കുന്നത്. പ്രസ്തുത മഹാത്മാക്കൾ കൊളുത്തിയ വെളിച്ചമുൾക്കൊണ്ടവരെ കവി 'ആരോഗദൃഢഗാത്രർ' എന്നു വിശേഷിപ്പിച്ചത് ശ്രദ്ധേയമാണ്.
- ആർക്കും തകർക്കാൻ കഴിയാത്ത ഉത്തുംഗമായ സ്നേഹഗോപുരം പണിയാൻ കവി ജനങ്ങളോട് ആഹ്വാനം ചെയ്യുന്നു. ആ സ്നേഹഗോപുരം തകർക്കാൻ ഇനിയൊരു കുനിയനുറുമ്പും വരാൻ പോകുന്നില്ല. വിശ്വാസത്തിലധിഷ്ഠിതമായ സ്നേഹഗോപുരം തകർക്കാൻ ആർക്കും സാധ്യമല്ലെന്നു സൂചന. 'കൂനൻ കുത്തിയാൽ ഗോപുരം തകരുമോ' എന്നൊരു ചൊല്ലുണ്ട്. കൂനനുറുമ്പ് ഗോപുരം തകർക്കാൻ അഹങ്കരിച്ചുവന്നിട്ടു കാര്യമില്ലെന്നു വ്യക്തം. സ്നേഹഗോപുരം തകർക്കാൻ അഹങ്കാരികളായ കൂനനുറുമ്പുകൾക്കു സാധിക്കില്ലെന്നായിരിക്കും കവി സൂചിപ്പിക്കുന്നത്.
- സർവജ്ഞരായും സർവ്വ സ്വാർത്ഥികളായും സർവ സന്തുഷ്ടരായും സർവശക്തരായും ഭൂമിയിൽ ആരുമില്ല. എല്ലാം തികഞ്ഞവരെന്ന അഹങ്കാരം ആർക്കും വേണ്ടെന്നും അങ്ങനെയൊരാളും ഭൂമിയിലില്ലെന്നും സൂചിപ്പിക്കുന്നു.
- ശത്രുത, പക, പ്രതികാരമനോഭാവം - ഇവയെല്ലാം മാരകരോഗങ്ങളായിട്ടാണു കവി കാണുന്നത്. ഇതു ബാധിച്ച ക്ഷീണരോഗികൾക്ക് സുഖമെന്ന മഹാശക്തി ഒരിക്കലും കണ്ടെത്താൻ കഴിയില്ല. സൗഹാർദ്ദത്തിലും സ്നേഹത്തിലുമാണ് സുഖമെന്നർത്ഥം.
- ഈ ഭൂമിയെ നന്നാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യമായി ഞാൻ എന്നിലുള്ള കളങ്കത്തെ കഴുകിക്കളയണം. അങ്ങനെ കളങ്കമുക്തനായി മന:ശുദ്ധി കൈവരുമ്പോൾ നിരുപാധികമായി എല്ലാവരെയും സ്നേഹിക്കാൻ കഴിയും. ജാതിക്കും മതത്തിനും വംശീയ വർഗീയ വിചാരങ്ങൾക്കും അതീതമായ സ്നേഹം. ആ സ്നേഹമാണ് മനുഷ്യന്റെ സൗന്ദര്യം, സത്യവും അതുതന്നെ. ആ സ്നേഹം കൈവരിക്കൽ ഓരോ മനുഷ്യന്റെയും ധർമ്മവുമാണ്.
- പരസ്പരം വൈരം വെടിഞ്ഞ് ആത്മശുദ്ധി കൈവരുത്തിയാൽ പിന്നെ മാരകായുധങ്ങൾക്ക് പ്രസക്തിയില്ല. തോക്കിനും വാളിനും ചെലവഴിക്കുന്ന ഇരുമ്പുകൾ ഉരുക്കി ബലമുള്ള കലപ്പകൾ വാർത്തെടുക്കാം. പരസ്പര സംഹാരത്തിനല്ല, നിർമ്മാണത്തിനാണ് വിഭവങ്ങൾ ഉപയോഗപ്പെടുത്തേണ്ടത്.
- ബോംബുനിർമ്മാണത്തിനായി ദുർവ്യയം ചെയ്യുന്ന ആണവശക്തി കൊണ്ട് അന്ധഗ്രാമക്കവലയിൽ സ്നേഹദീപം കൊളുത്താം.

'അന്ധഗ്രാമക്കവല' എന്ന പ്രയോഗത്തിന്റെ ഉദ്ദേശ്യം സ്നേഹവും സൗഹാർദ്ദവുമില്ലാത്ത, മനുഷ്യരെ കാണാൻ കഴിയാത്തവിധം അന്ധരായ ജനങ്ങളുള്ള ഗ്രാമങ്ങളാവാം. മതവർഗ്ഗവർണ ചിന്തകൾ മനസ്സിൽ നിറയുമ്പോൾ സത്യവും നീതിയും സമാധാനവും കാണാനുള്ള കണ്ണുണ്ടാവില്ലല്ലോ.

- അജയ്യമായ സ്നേഹമാകുന്ന അണ്ഡം വിരിഞ്ഞുണ്ടാവുന്ന പ്രകാശമേ, സമാധാനപ്പിറാവേ, നീ ജയിച്ചാലും!

സ്നേഹവും സൗഹൃദവും സമാധാനവും ശാന്തിയും പുലരുന്ന ഒരു ലോകം കവി സ്വപ്നം കാണുകയാണീ വരികളിൽ.

**വരികൾ കണ്ടെത്താം**

ആശയങ്ങൾ ടീച്ചർ വായിക്കുന്നു. കുട്ടികൾ വരികൾ കണ്ടെത്തി പറയട്ടെ. തുടർന്നു വരികളുടെ പൂർണാശയം അവർ വിശദീകരിക്കണം. പൊരുൾ ബോധ്യമാക്കിക്കൊടുക്കണം.

**ഉത്തരം കണ്ടെത്താം**

അവധാരണ ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തണം. ടീച്ചർ വിലയിരുത്തണം.

**ആശയം വിശദീകരിക്കാം, സമാനവരികൾ കണ്ടെത്താം**

"വലിയൊരീ........................... സ്വയം നന്നാവുക."

കുഞ്ഞുണ്ണി മാഷിന്റെ വരികൾ ടീച്ചർ ബോർഡിലെഴുതുന്നു. കുട്ടികൾ അതിന്റെ ആശയം കണ്ടെത്തി വിവരിക്കട്ടെ.

ഈ ലോകം മുഴുവൻ നന്നാവാനുള്ള ചെറിയ സൂത്രമാണ് ഓരോരുത്തരും സ്വയം നന്നാവുക എന്നത്. വ്യക്തികൾ കൂടുമ്പോഴാണ് സമൂഹമുണ്ടാകുന്നത്. ഓരോ വ്യക്തിയും നന്നായിത്തീരുമ്പോൾ വീട് നന്നാവും, അയൽബന്ധങ്ങൾ നന്നാവും. നാടു നന്നാവും, രാജ്യം നന്നാവും, ലോകം നന്നാവും.

- ഇതേ ആശയമുള്ള വരികൾ പാഠഭാഗത്തുണ്ട്. അവയേതെന്നു കുട്ടികൾ കണ്ടെത്തട്ടെ.
- രണ്ടിലുമുള്ളത് ഒരേ ആശയം തന്നെയാണോ എന്നു വിലയിരുത്തട്ടെ.

ചർച്ചയിൽ നിന്നു മനസ്സിലാക്കിയ ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ വിശദീകരണക്കുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കണം. ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിച്ചു വിലയിരുത്തി മെച്ചപ്പെടുത്താൻ അവസരം നൽകണം.

**വർക്കുബുക്ക് പ്രവർത്തനങ്ങൾ**

ആശയം വിശദീകരിക്കുക

കവിതയുടെ ആശയം വിശകലനം ചെയ്തിട്ടുണ്ടാവുമല്ലോ. അതടിസ്ഥാനത്തിൽ ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആശയം വിശദീകരിക്കുന്ന കുറിപ്പ് തയ്യാറാക്കട്ടെ. ആശയവിശകലനം എന്ന ഭാഗം പരിശോധിക്കുക. കുട്ടികളുടെ കുറിപ്പുകൾ ടീച്ചർ വിലയിരുത്തണം.

**വിഗ്രഹിച്ചെഴുതുക**

- സർവ്വജ്ഞൻ - സർവത്തെക്കുറിച്ചും ജ്ഞാനമുള്ളവൻ
- സർവസ്വാർത്ഥി - സർവകാര്യത്തിലും സ്വാർത്ഥനായവൻ
- സർവശക്തൻ - സർവകാര്യത്തിലും ശക്തനായവൻ
- സർവ സന്തുഷ്ടൻ - സർവകാര്യങ്ങളിലും സന്തുഷ്ടനായവൻ
- ഉത്തുംഗസ്നേഹഗോപുരം - ഉത്തുംഗമായ സ്നേഹത്തിന്റെ ഗോപുരം
- ആണവോൽബ്ബണശക്തി - ആണവപരമായ ഉൽബ്ബണ ശക്തി
- സ്നേഹദീപം - സ്നേഹമാകുന്ന ദീപം
- അന്ധഗ്രാമക്കവല - അന്ധമായ ഗ്രാമത്തിലെ കവല

ടീച്ചർ ഓരോ പദവും BBയിൽ കുറിക്കുന്നു. കുട്ടികൾ അതിന്റെ വിഗ്രഹരൂപം പറയട്ടെ. ആശയ ബോധമുണ്ടാക്കി കൃത്യത വരുത്തിയ ശേഷം ബോർഡിൽ എഴുതിക്കാണിക്കണം.

**പിരിച്ചെഴുതി സന്ധി നിർണയിക്കുക**

| | |
|---|---|
| വാർത്ത് + എടുക്കുക | (ലോപസന്ധി) |
| കഴുകി + കളയുക | (ദ്വിത്വസന്ധി) |
| ഇതാണ് + അഴക് | ( ലോപസന്ധി) |
| വെളിച്ചത്തിൽ + ആറാടുക | (ആദേശസന്ധി) |

**ലഘുഉപന്യാസം തയ്യാറാക്കുക**

'ലോക സമാധാനം എങ്ങനെ സാധ്യമാക്കാം' എന്ന വിഷയത്തിലാണ് ഉപന്യാസം തയ്യാറാക്കേണ്ടത്. വിഷയത്തെക്കുറിച്ച് ആദ്യം പൊതുവായി ചർച്ച നടത്തണം.

ഇന്നത്തെ ലോകത്തിന്റെ– അവസ്ഥ :

- രാജ്യങ്ങൾ പരസ്പരമുള്ള പോരടികൾ
- ആഭ്യന്തര കലഹങ്ങൾ
- വർഗീയ വംശീയ കലാപങ്ങൾ
- മതത്തിന്റെ പേരിൽ നടക്കുന്ന അതിക്രമങ്ങൾ
- രാഷ്ട്രീയപ്രശ്നങ്ങൾ..................

ഇത്തരം പ്രശ്നങ്ങളുണ്ടാക്കുന്ന ദുരന്തങ്ങൾ :

- കുട്ടികളും സ്ത്രീകളുമടക്കമുള്ള സാധാരണ ജനങ്ങളെ കൊന്നൊടുക്കൽ, അഭയാർത്ഥികളാക്കി മാറ്റൽ, ദാരിദ്ര്യം, പട്ടിണി, രോഗങ്ങൾ.........

എന്താണു പരിഹാരം ? ലോകസമാധാനത്തിൽ മതത്തിന്റെ പങ്ക് :

- മതങ്ങളല്ല ഇത്തരം പ്രശ്നങ്ങൾക്കു കാരണം. മനുഷ്യരുടെ അധികാരമോഹവും സ്വാർത്ഥ ചിന്തകളുമാണ്.
- യഥാർത്ഥമതം അക്രമവും അനീതിയും പ്രോത്സാഹിപ്പിക്കുന്നില്ല.
- സമാധാനജീവിതം നയിക്കാനും എല്ലാവർക്കും ഗുണം കാംക്ഷിക്കാനുമാണ് യഥാർത്ഥ മതങ്ങൾ പഠിപ്പിക്കുന്നത്.
- പ്രശ്നങ്ങൾ അവസാനിക്കണമെങ്കിൽ മനുഷ്യ മനസ്സ് നന്നാവണം.
- തന്റെ കർമ്മങ്ങൾക്കെല്ലാം ദൈവത്തിന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടി വരുമെന്ന വിശ്വാസം വേണം.
- നന്മയുടെ ഗുണഫലത്തെയും തിന്മയുടെ ദൂഷ്യഫലത്തെയും കുറിച്ചുള്ള ബോധം വേണം

ചർച്ചകളിലൂടെ മനസ്സിലാക്കിയ ആശയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾ വ്യക്തിഗതമായി ഉപന്യാസം തയ്യാറാക്കട്ടെ. ഉപന്യാസത്തിന്റെ ഘടന മുമ്പു പരിചയപ്പെട്ടിട്ടുണ്ടല്ലോ. ടീച്ചർ വിലയിരുത്തണം

**പര്യായപദങ്ങൾ എഴുതുക**

| | |
|---|---|
| രോഗം : | വ്യാധി, അസുഖം, ആതങ്കം |
| യുദ്ധം : | രണം, പട, പോര് |
| വിളക്ക് : | ദീപം, പ്രദീപം, സ്നേഹാശം |
| കളങ്കം : | ചേറ്, അഴുക്ക്, മാലിന്യം, കറ |

## യൂണിറ്റ് – 4

# മാറ്റത്തിന്റെ മാറ്റൊലി

മാറ്റം ഒരു പ്രാപഞ്ചിക പ്രതിഭാസമാണെന്നു പറയാം. ലോകം മാത്രമല്ല പ്രപഞ്ചമഖിലം നിരന്തരം മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നുവെന്നാണു നിരീക്ഷിക്കപ്പെടുന്നത്. ഇന്നലെയുള്ള ലോകാവസ്ഥയല്ല ഇന്ന്, ഇന്നുള്ളതല്ല നാളെ; പുഴയിലൂടെ ഒഴുകിപ്പോകുന്ന വെള്ളം പോലെ. ഒരേ വെള്ളം വീണ്ടും ഉപയോഗിക്കാൻ കിട്ടുന്നില്ലല്ലോ. ഈ മാറ്റം സൃഷ്ടിജാലങ്ങളിലും പ്രകടമാണ്. ഭൂമിയിൽ ആദികാലത്തുണ്ടായിരുന്ന ജീവജാലങ്ങളിലും സസ്യലതാദികളിലുമെല്ലാം നല്ലൊരു ശതമാനം വംശനാശം സംഭവിച്ചുകഴിഞ്ഞു. എന്നാൽ സ്വഭാവപ്രകൃതിയിലും മറ്റും ചില മാറ്റങ്ങൾ വന്നിട്ടുണ്ടാകാമെങ്കിലും മനുഷ്യനിൽ പൂർണ്ണമാറ്റം സംഭവിക്കുന്നില്ല. ആദികാലത്തെ മനുഷ്യരും ഇപ്പോഴത്തെ മനുഷ്യരും തമ്മിൽ ശാരീരികപ്രകൃതിയിൽ വലിയ മാറ്റങ്ങളൊന്നും ദൃശ്യമല്ലെന്നാണ് കണ്ടെത്തൽ.

പ്രകൃതിയിലെ മാറ്റങ്ങൾ സഹജമാണ്. എന്നാൽ മനുഷ്യരെ സംബന്ധിച്ചിടത്തോളം മാറ്റങ്ങൾ അധികവും മനുഷ്യൻ സൃഷ്ടിക്കുന്നതാണ്. ബുദ്ധിയുപയോഗിച്ച് ചിന്തിച്ച് മനുഷ്യൻ തന്റെയും ലോകത്തിന്റെയും അവസ്ഥകളിൽ വൻമാറ്റം സൃഷ്ടിക്കുന്നു. മാറ്റത്തിനു വേണ്ടി നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരാണു മനുഷ്യർ എന്നും പറയാം. സ്വന്തം അവസ്ഥകളിൽ മാത്രമല്ല ചുറ്റുപാടിലും ലോകാവസ്ഥകളിലും വരെ മനുഷ്യൻ സൃഷ്ടിക്കുന്ന മാറ്റങ്ങൾ പ്രകടമാണ്. ബുദ്ധിയെന്ന മഹാശക്തിയുപയോഗിച്ചാണ് ഈ മാറ്റങ്ങളുണ്ടാക്കുന്നത്. മനുഷ്യനെ ഇതര ജീവജാലങ്ങളിൽ നിന്നു വേർതിരിക്കുന്ന മുഖ്യസവിശേഷത ഇതാണല്ലോ.

ശാസ്ത്രരംഗത്തും സാഹിത്യരംഗത്തും രാഷ്ട്രീയ സാംസ്കാരികരംഗത്തും വന്ന ശ്രദ്ധേയമായ ചില മാറ്റങ്ങളിലേക്ക് കുട്ടികളുടെ ശ്രദ്ധ നയിക്കാനാണ് 'മാറ്റത്തിന്റെ മാറ്റൊലി' എന്ന യൂണിറ്റിലൂടെ ലക്ഷ്യമിടുന്നത്. നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചു കുട്ടികൾ ബോധമുൾക്കൊള്ളണം. മാറ്റങ്ങളിൽ കൊള്ളേണ്ടത് അംഗീകരിക്കാനും തള്ളേണ്ടത് തള്ളിക്കളയാനുമുള്ള വിവേചനബോധം ആർജ്ജിക്കണം. ഈ മാറ്റങ്ങളിൽ തന്റേതായ പങ്ക് കണ്ടെത്താനും യഥാവിധി അതിൽ പങ്കാളിയാകാനുമുള്ള ഊർജ്ജം നേടണം. സർവ്വോപരി സ്വന്തം കണ്ടെത്തലുകളിൽ ഉറച്ചുനിൽക്കാനും മുന്നേറാനുമുള്ള ഇച്ഛാശക്തിയും വേണം. മാറ്റങ്ങളെക്കുറിച്ചുള്ള ശരിയായ തിരിച്ചറിവ് ഇക്കാര്യത്തിൽ അനിവാര്യമാണ്.

ഈ യൂണിറ്റിലെ 'അജയ്യമായ ഇച്ഛാശക്തി' എന്ന പാഠഭാഗം മുൻരാഷ്ട്രപതിയും ശാസ്ത്രജ്ഞനുമായ എ.പി.ജെ. അബ്ദുൽ കലാമിന്റെ ഒരു പ്രഭാഷണം സംഗ്രഹമാണ്. കുട്ടികളുടെ മനസ്സിൽ ഇച്ഛാശക്തിയുറപ്പിക്കാൻ ഈ പാഠഭാഗം സഹായകമായിരിക്കും. 'ബഷീർ – വേദനയുടെ മന്ദഹാസം' എന്ന എം.ടി. വാസുദേവൻ നായരുടെ ലേഖനത്തിൽ പ്രഗത്ഭനായ ഒരു എഴുത്തുകാരൻ

മറ്റൊരു പ്രഗത്ഭ എഴുത്തുകാരന്റെ സവിശേഷതകൾ വിവരിക്കുന്നു. സാഹിത്യരംഗത്ത് വലിയ മാറ്റം സൃഷ്ടിച്ച വൈക്കം മുഹമ്മദ് ബഷീർ കുട്ടികൾക്ക് നല്ലൊരു മാതൃകയായിരിക്കും. 'പരിവർത്തനം' എന്ന കവിത എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിൽ നിന്നെടുത്ത ഒരു ഭാഗമാണ്. രാമായണ രചയിതാവായ വാല്മീകിയുടെ മന:പരിവർത്തനം പ്രതിപാദിക്കുന്ന ഈ ഭാഗം മാറ്റത്തിന്റെ ആത്മീയ മേഖലയെക്കുറിച്ചുള്ള തിരിച്ചറിവുണ്ടാക്കുന്നു. 'സോഫിയ പറയുന്നത്' എന്ന ലേഖനം റോബോട്ടിക് ശാസ്ത്രരംഗത്തെ വലിയൊരു മുന്നേറ്റത്തെക്കുറിച്ചുള്ള അവബോധമുണ്ടാക്കുന്നു. കുട്ടികളുടെ മനസ്സിൽ മാറ്റത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതോടൊപ്പം മാറ്റത്തിൽ തള്ളേണ്ടതും കൊള്ളേണ്ടതും വിവേചിച്ചറിയാനുള്ള ബോധവുമുണ്ടാക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

<u>പ്രവേശക പ്രവർത്തനം</u>

പ്രവേശകത്തിൽ നൽകിയ കുറിപ്പ് കുട്ടികൾ വായിക്കട്ടെ. ടീച്ചർ ചോദിക്കുന്നു.

- ആരാണീ ശാസ്ത്രജ്ഞൻ എന്ന് മനസ്സിലായോ?
- അദ്ദേഹത്തെ ബാധിച്ച രോഗം എന്തായിരുന്നു?
- ആ രോഗം ബാധിച്ചാൽ എന്താണു സംഭവിക്കുക?
- എങ്ങനെയാണദ്ദേഹം ആ മാരകരോഗത്തെ അതിജീവിച്ചത്?
- അദ്ദേഹം ആശയവിനിമയം നടത്തിയതെങ്ങനെയായിരുന്നു?
- സ്റ്റീഫൻ ഹോക്കിങ് രചിച്ച പ്രധാന ശാസ്ത്രഗ്രന്ഥങ്ങൾ ഏതെല്ലാം?

ചോദ്യങ്ങളിലൂടെ സ്റ്റീഫൻ ഹോക്കിങ് എന്ന മഹാനായ ശാസ്ത്രജ്ഞനെക്കുറിച്ചുള്ള അവബോധമുണ്ടാക്കാം.

ഇരുപത്തിയൊന്നാം വയസ്സിൽ ഏറിയാൽ രണ്ടു വർഷത്തെ ആയുസ്സ് മാത്രം പ്രവചിപ്പിക്കപ്പെട്ട അദ്ദേഹം 86 വയസ്സ് വരെ ജീവിച്ചതിന്റെ പിന്നിലുള്ള ശക്തിവിശേഷം കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തണം. അദ്ദേഹത്തിന്റെ 'തലവര' എന്നു വിലയിരുത്തിയേക്കാമെങ്കിലും അതിനുമുണ്ടാകുമല്ലോ ചില നിമിത്തങ്ങൾ. ആ നിമിത്തങ്ങൾ എന്തെല്ലാമായിരുന്നു?

ഒന്നാമത്തെ കാര്യം അദ്ദേഹത്തിന്റെ ഇച്ഛാശക്തി തന്നെ. തോറ്റുകൊടുക്കാൻ തയ്യാറല്ല, തനിക്കു ജീവിക്കണം, പഠിക്കണം, ലക്ഷ്യം നേടണം, ജനശ്രദ്ധ നേടണം എന്നെല്ലാമുള്ള ഉറച്ച ആഗ്രഹവും അതിന്നനുസരിച്ചുള്ള പരിശ്രമവും. രോഗത്തിന്റെ പ്രയാസം അദ്ദേഹം വകവച്ചതേയില്ല. നടക്കാൻ വയ്യാതായപ്പോൾ തന്റെ മനസ്സിലെ ആശയം മറ്റുള്ളവരെ അറിയിക്കാൻ അദ്ദേഹം മറുവഴികൾ തേടി. അങ്ങനെയദ്ദേഹം 'സ്പീച്ച് സിന്തസൈസർ' എന്ന ഉപകരണം വഴി ആശയവിനിമയം നടത്തി. വിവാഹിതനായി. അദ്ദേഹത്തിനു സന്താനങ്ങളുമുണ്ടായി. മനസ്സുറപ്പുകൊണ്ടു തന്നെയായിരുന്നു ഈ നേട്ടങ്ങളെല്ലാം അദ്ദേഹം കൈവരിച്ചത്. ജീവിതത്തിൽ പ്രശ്നങ്ങളുണ്ടാകാം, പ്രയാസങ്ങൾ ഉണ്ടാകാം, പലതരം വെല്ലുവിളികൾ നേരിട്ടേക്കാം. എന്നാലും എന്റെ ലക്ഷ്യം ഞാൻ നേടിയെടുക്കുകതന്നെ ചെയ്യും എന്ന ഉറപ്പ്, നേടിയെടുക്കണമെന്ന ആഗ്രഹം, നേടിയെടുക്കാൻ കഴിയുമെന്ന ആത്മവിശ്വാസം. ഇവയുണ്ടെങ്കിൽ നമുക്ക് ജീവിതവിജയം ഉറപ്പാണെന്ന് ഹോക്കിങ്ങിന്റെ ജീവിതം തെളിയിക്കുന്നു.

# യൂണിറ്റ് വിശകലനം

യൂണിറ്റ് -4

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാര പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • സാഹിത്യകൃതികൾ, പ്രഭാഷണങ്ങൾ, അനുഭവക്കുറിപ്പുകൾ തുടങ്ങിയവ വായിച്ച് പ്രമേയപരമായ സവിശേഷതകൾ വിലയിരുത്തുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു.<br>•മഹാന്മാരുടെ ജീവിതം മനസ്സിലാക്കി പാഠമുൾക്കൊള്ളുന്നു.<br>•വിവിധ വ്യവഹാരരൂപങ്ങളിൽ രചനകൾ നടത്തുന്നു. | അജയ്യമായ ശക്തി | •ആത്മവിശ്വാസവും ശുഭപ്രതീക്ഷയുമുണ്ടെങ്കിൽ ഏതു ശാരീരിക വൈകല്യങ്ങളെയും അതിജയിക്കാൻ കഴിയും.<br>•മഹാൻമാരായ നേതാക്കളുടെ ജീവിതത്തിൽ നിന്നു പല പാഠങ്ങളും ഉൾക്കൊള്ളാനുണ്ട്.<br>•അജയ്യമായ ഇച്ഛാശക്തിയുണ്ടെങ്കിൽ പ്രതിബന്ധങ്ങൾ തട്ടിനീക്കി ലക്ഷ്യസ്ഥാനത്തെത്താൻ എല്ലാവർക്കും കഴിയും. | ഗദ്യഭാഗം ആശയമുൾക്കൊണ്ട് വായിക്കൽ<br>മഹദ് വചനങ്ങളുടെ പൊരുൾ കണ്ടെത്തൽ.<br>പ്രഭാഷണം തയ്യാറാക്കൽ<br>കുറിപ്പുകൾ തയ്യാറാക്കൽ | വായന<br>കുറിപ്പ്<br>പ്രഭാഷണം<br>കുറിപ്പുകൾ | വായന<br>•ആശയവ്യക്തത<br>•ഭാവം<br>•ഒഴുക്ക്<br>കുറിപ്പ്<br>•ആശയവ്യക്തത<br>•വിവരണരീതി<br>•ഭാഷ<br>പ്രഭാഷണം<br>•ആമുഖം<br>•വിഷയാവതരണം<br>•സ്വാഭിപ്രായസമർത്ഥനം<br>•ഉപസംഹാരം |
| •ലേഖനം, നിരൂപണം, പഠനം എന്നിവ വായിച്ച് പ്രമേയപരവും ആസ്വാദനപരവുമായ അംശങ്ങൾ തിരിച്ചറിഞ്ഞ് രചനകളിലും ജീവിതസന്ദർഭങ്ങളിലും ഔചിത്യപൂർവ്വം പ്രയോജനപ്പെടുത്തുന്നു.<br>•സാഹിത്യകൃതികൾ വായിച്ച് വായനാനുഭവങ്ങൾ പങ്കുവയ്ക്കുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•തദ്ധിതം, കൃത്ത്, എന്നിവ മനസ്സിലാക്കുകയും രചനകളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. | ബഷീർ: വേദനയുടെ മന്ദഹാസം | •'വേദനയുടെ മന്ദഹാസം' എന്ന പ്രയോഗം ആദ്യമായി മലയാളത്തിൽ കൊണ്ടുവന്നത് ബഷീർ എന്ന സാഹിത്യകാരനാണ്.<br>•ചെറിയ ചെറിയ സത്യങ്ങളിലൂടെ മഹാസത്യത്തിലേക്കു വായനക്കാരെ എത്തിക്കുക എന്ന ദൗത്യമാണ് ബഷീർ സ്വന്തം കൃതികളിലൂടെ നിറവേറ്റിയത്.<br>•ഭാഷ നമ്മുടെ പണിയായുധവും പണിത്തരവുമൊക്കെയാണ്. പക്ഷേ അതിന്റെ അലങ്കാരത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നത് സ്വന്തം വീട് തടവറയാക്കുന്നതുപോലെയാണ്. | പാഠഭാഗം വായനയും വിശകലനവും<br>ബഷീർകൃതികൾ; വായനാനുഭവം പങ്കുവെക്കൽ<br>വിശദീകരണക്കുറിപ്പ് തയ്യാറാക്കൽ<br>ഉപന്യാസം തയ്യാറാക്കൽ<br>തദ്ധിതം, കൃത്ത് മനസ്സിലാക്കി കുറിപ്പ് തയ്യാറാക്കൽ | വിശകലനക്കുറിപ്പ്<br>വായനക്കുറിപ്പ്<br>വിശദീകരണക്കുറിപ്പ്<br>ഉപന്യാസം<br>കുറിപ്പ് | വിശകലനക്കുറിപ്പ്<br>•ആശയവ്യക്തത<br>•വിശകലനശേഷി<br>•അഭിപ്രായസമർ ത്ഥ നം<br>•ഭാഷ<br>വായനക്കുറിപ്പ്<br>•ആശയസംഗ്രഹം<br>•ആസ്വാദനീയ അംശങ്ങളുടെ സൂചന<br>•സ്വാഭിപ്രായപ്രകടനം<br>•അനുയോജ്യഭാഷ<br>ഉപന്യാസം<br>•ആമുഖം<br>•തലക്കെട്ട്<br>•പ്രബന്ധ ശരീരം<br>•നിഗമനങ്ങൾ<br>•ഭാഷ |

# യൂണിറ്റ് വിശകലനം

യൂണിറ്റ് -4

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാര പ്രകടിത രൂപ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതയുടെ കാലം, പ്രമേയം, ചമത്കാരഭംഗി എന്നിവ മനസ്സിലാക്കുകയും അവയെ താരതമ്യം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•ഭാഷയിലെ പഴയ പ്രയോഗരീതികളെക്കുറിച്ചു മനസ്സിലാക്കുന്നു.<br><br>•ആനുകാലിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന ലേഖനങ്ങൾ വായിച്ച് ആശയം ഉൾക്കൊള്ളലും വിലയിരുത്തലും.<br><br>•ശാസ്ത്ര സംബന്ധമായ പുതിയ അറിവുകൾ കണ്ടെത്തൽ. | പരിവർത്തനം<br><br>സോഫിയ | •ഓരോരുത്തരും ചെയ്യുന്ന കർമ്മങ്ങളുടെ ഫലങ്ങൾ അവരവർ തന്നെ അനുഭവിക്കേണ്ടി വരും.<br>•എത്ര തെറ്റുകൾ ചെയ്തുപോയാലും അതിൽനിന്നു പശ്ചാത്തപിച്ചു മടങ്ങിയാൽ മോക്ഷം ലഭിക്കാൻ സാധ്യതയുണ്ട്.<br>•മലയാള ഭാഷയ്ക്ക് രൂപവും ഭാവവും നൽകിയതിൽ എഴുത്തച്ഛനുള്ള പങ്ക് വലിയതാണ്.<br><br>•'മനുഷ്യജീവിതം പ്രയാസരഹിതവും സുഖകരവുമാക്കാനുള്ള യന്ത്രങ്ങൾ മനുഷ്യരുടെമേൽ ആധിപത്യം സ്ഥാപിക്കുമോ എന്ന ഭീതിയിലാണു മനുഷ്യൻ.<br>•നിർമ്മിത ബുദ്ധി മാനവരാശിക്കു | കവിത ആശയമുൾക്കൊണ്ട് ചൊല്ലി അവതരിപ്പിക്കൽ<br><br>പഴയ ഭാഷാപ്രയോഗരീതികൾ പരിചയിക്കൽ<br><br>പദങ്ങൾ കണ്ടെത്തൽ, വിഗ്രഹിച്ചെഴുതൽ<br><br>പൂർവ്വകഥ കണ്ടെത്തൽ<br><br>അനുപ്രയോഗം തിരിച്ചറിയൽ<br><br>ഉപന്യാസം തയ്യാറാക്കൽ<br><br>ലേഖനം വായിച്ചു വിലയിരുത്തൽ<br><br>പഴഞ്ചൊല്ലുകളുടെ ആശയം കണ്ടെത്തൽ, താരതമ്യം ചെയ്യൽ | കവിതാ വായന<br><br>കുറിപ്പ്<br><br>പ്രഭാഷണം<br><br>വിഗ്രഹാർത്ഥം<br><br>കുറിപ്പ്<br><br>വിശകലനക്കുറിപ്പ്<br><br>ഉപന്യാസം<br><br>വായന<br><br>വിലയിരുത്തൽ കുറിപ്പ്<br><br>സംവാദക്കുറിപ്പ്<br><br>വസ്തുതാ വിവരണക്കുറിപ്പ് | കവിതാ വായന<br>•ആശയ വ്യക്തത<br>•ഈണം താളം<br>കുറിപ്പ്<br>•ആശയങ്ങളുടെ ക്രോഡീകരണം<br>•വ്യക്തത<br>•പരസ്പരബന്ധം<br>•ഭാഷ<br>താരതമ്യക്കുറിപ്പ്<br>•സാമ്യവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>•സ്വന്തം വീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്.<br>•ആശയം ക്രമീകരിച്ചിട്ടുണ്ട്<br>•ഉചിതമായ ഭാഷ<br>സംവാദം<br>•അവലോകനം<br>•വാദങ്ങൾ - അവതരണം<br>•താരതമ്യം<br>•ക്രോഡീകരണം |

## പാഠം – 12

# അജയ്യമായ ഇച്ഛാശക്തി

ലോകത്തിലുണ്ടായിത്തീർന്നിട്ടുള്ള അഭിവൃദ്ധികൾക്കെല്ലാം ചുക്കാൻ പിടിച്ചത് ഓരോ വ്യക്തികളാണ്. ഒരു വ്യക്തിയുടെ മനസ്സിൽ നിന്നുദിച്ച ആശയങ്ങൾ, അദ്ദേഹത്തിന്റെ കഠിന പരിശ്രമങ്ങൾ, ആത്മവിശ്വാസത്തോടെയുള്ള പ്രവർത്തനം, ലക്ഷ്യബോധത്തോടെയുള്ള മുന്നേറ്റം – ഇതൊക്കെയാണ് മഹത്തായ നേട്ടങ്ങൾക്കെല്ലാം നിമിത്തമായിട്ടുള്ളത്. അവർ ചിന്തിക്കുന്നു, പദ്ധതികൾ ആസൂത്രണം ചെയ്യുന്നു, സ്ഥിരോത്സാഹത്തോടെ കർമ്മനിരതരാകുന്നു, മറ്റുള്ളവരുടെ സഹായം തേടുന്നു. ഇങ്ങനെ എല്ലാ നിലയ്ക്കും മുന്നിട്ടിറങ്ങുന്നത് ഓരോ വ്യക്തികളായിരിക്കും. സമാന മനസ്കരോ അവരുടെ ആശ്രിതരോ ബന്ധപ്പെട്ടവരോ പിന്നെ അവരെ പിന്തുടർന്നു സഹകരിക്കുമ്പോൾ അതൊരു സാമൂഹിക വിപ്ലവമായിത്തീരുന്നു എന്നു മാത്രം. ലോകചരിത്രത്തിൽ ഇത്തരം പല മഹാവ്യക്തിത്വങ്ങളെയും കാണാൻ സാധിക്കും. അവരുടെ ജീവചരിത്രമെടുത്തു പരിശോധിച്ചാൽ ആ മഹാവ്യക്തിത്വത്തിനു പിന്നിലുള്ള മഹാശക്തി കണ്ടെത്താൻ കഴിയും. അവരിലെല്ലാം പൊതുവായി കാണുന്ന സവിശേഷതകളാണ് ആത്മവിശ്വാസവും ഇച്ഛാശക്തിയും.

ഓരോ വ്യക്തിക്കും തന്റെ കഴിവുകളെക്കുറിച്ചുള്ള ബോധവും വിശ്വാസവുമാണ് ആത്മവിശ്വാസം. എനിക്കതു ചെയ്യാൻ കഴിയും, എനിക്കതിനു ശേഷിയുണ്ട്, ഞാൻ അത് ചെയ്യാൻ ബാധ്യതപ്പെട്ടവനാണ്, ഞാൻ തന്നെയാണതു ചെയ്യേണ്ടത് എന്നിങ്ങനെ ഒരു ലക്ഷ്യത്തെക്കുറിച്ചു നമ്മുടെ മനസ്സിലുള്ള വിചാരവും ഉറപ്പുമാണ് വ്യക്തികളെ നിശ്ചിത ലക്ഷ്യങ്ങളിലേക്കു നയിക്കുന്നത്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനു പല പ്രതിബന്ധങ്ങളുമുണ്ടാകാം. ആ പ്രതിബന്ധങ്ങളെയെല്ലാം ചെറുത്തു തോൽപ്പിക്കാനുള്ള തന്റേടവും കരുത്തുമാണ് ഇച്ഛാശക്തി. അതായത് താൻ ആഗ്രഹിച്ചത് നേടിയെടുക്കുക തന്നെ ചെയ്യുമെന്നുള്ള ഉറച്ച വിശ്വാസം.

ഈ കരുത്തുകൊണ്ട് പ്രതിബന്ധങ്ങളെയെല്ലാം തട്ടിനീക്കി മുന്നേറിയ മഹാത്മാക്കൾ മാത്രമല്ല, സാധാരണക്കാരും ധാരാളമുണ്ട്. സൂക്ഷ്മമായി പരിശോധിച്ചാൽ അത്തരക്കാരെ പലരെയും നമുക്കിടയിലും കണ്ടെത്താൻ കഴിയും. ആത്മവിശ്വാസവും ഇച്ഛാശക്തിയും മഹാത്മാക്കളുടെ മാത്രം സവിശേഷതയല്ല എന്നർത്ഥം. ഓരോ വ്യക്തിയിലും ഉറങ്ങിക്കിടക്കുന്നുണ്ട് നിർവചനാതീതമായ കരുത്തുകൾ. അവ പുറത്തുകൊണ്ടുവരുവാനുള്ള പ്രചോദനം മാത്രമാണ് ഔപചാരിക വിദ്യാഭ്യാസം. മഹാന്മാരുടെ ചരിത്രവും അവരുടെ പിൻബലവും വിലയിരുത്തി കുട്ടികൾ ആ കരുത്ത് വികസിപ്പിക്കാൻ പരിശീലിക്കേണ്ടതുണ്ട്. പരിശീലനം എന്നതിലുപരി അത് സ്വയം കണ്ടെത്തലാണെന്നോർക്കുക. സ്വന്തം കരുത്ത് കണ്ടെത്തുക, അത് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലോ? വ്യക്തിത്വം വിലയില്ലാത്തതായി, വെറും അനുകരണം മാത്രമായി അധ:പതിച്ചു പോകും.

ഇക്കാര്യത്തിൽ സാധാരണ നാം ഉദാഹരിക്കാറുള്ള ഒന്നാണ് ആനയുടെ അവസ്ഥ. കൂടുതൽ ശരീരബലമുള്ള ജീവിയാണത്. പക്ഷേ, സ്വന്തം ബലത്തെക്കുറിച്ച് അതിനു ബോധമില്ല. അതുകൊണ്ടു തന്നെ ദുർബലനായ മനുഷ്യനു മുന്നിൽ അത് അടിമയാകുന്നു. അവന്റെ തോട്ടിക്കു മുന്നിൽ വഴങ്ങിക്കൊടുക്കുന്നു. സ്വന്തം കഴിവുകൾ കണ്ടെത്താതെ മനുഷ്യനും ഇതുപോലെ ആരുടെയൊക്കെയോ അടിമയും വിധേയനുമായിത്തീരുന്നു. സ്വന്തം അസ്തിത്വം പണയം വയ്ക്കുന്നു.

കുട്ടികളെ ഇത്തരം അവസ്ഥകളെക്കുറിച്ചു ബോധവാന്മാരാക്കണം. അവരുടെ മനസ്സിൽ ആത്മവിശ്വാസവും ഇച്ഛാശക്തിയും വളർത്താനുള്ള പ്രേരണ നൽകണം. സ്വാതന്ത്ര്യബോധമുണർത്തണം. ലക്ഷ്യബോധത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തണം. അതിന് എ.പി.ജെ. അബ്ദുൽ കലാമിന്റെ പ്രഭാഷണത്തിൽ നിന്നെടുത്ത ഈ ഭാഗം പര്യാപ്തമാണ്. സ്വന്തം അനുഭവങ്ങളിലൂടെ മഹത്തായ പാഠങ്ങൾ പകർന്നുതരുന്നുണ്ട് അബ്ദുൽ കലാം. അതിൽ ശ്രദ്ധേയമാണ് ദക്ഷിണാഫ്രിക്കൻ പ്രസിഡണ്ടായിരുന്ന നെൽസൺ മണ്ടേലയെ സന്ദർശിച്ച അനുഭവം. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയോളം ആദരണീയനാണല്ലോ മണ്ടേല.

അതോടൊപ്പം ഏതു വൈകല്യത്തെയും അതിജയിച്ചു മുന്നേറാനുള്ള പ്രചോദനം നൽകുന്നുണ്ട്, രണ്ടുകാലുമില്ലാത്ത മുസ്തഫയുടെയും വലതുകൈ തളർന്നു പോയപ്പോൾ ഇടതു കൈകൊണ്ട് ചിത്രം വരച്ച ലോകപ്രശസ്ത ചിത്രകാരനായ സ്ലാഡ്ജു ബൊജാദീവിയുടെയും കഥകൾ.

## പാഠാവതരണം

ടീച്ചർ ഒരു കഥ പറയുന്നു:

അനസിനെക്കുറിച്ചു കേട്ടിട്ടുണ്ടോ നിങ്ങൾ? ഒരു പാവപ്പെട്ട കുടുംബത്തിലാണവൻ ജനിച്ചത്; ശരീരം വളർന്നപ്പോഴും അവന്റെ കാലുകൾ വളർന്നില്ല. അതുകൊണ്ട് അവന് നടക്കാനും കഴിഞ്ഞില്ല. എട്ടാം വയസ്സിൽ അവനെ സ്കൂളിൽ ചേർത്തെങ്കിലും പഠനം തുടരാൻ സാധിക്കാതെ വന്നു. സ്കൂളിലെത്തിക്കാനും അവിടെ നിന്നു തിരിച്ചുകൊണ്ടു വരാനും തൊഴിലെടുത്ത് ഉപജീവനം കഴിക്കുന്ന അവന്റെ മാതാപിതാക്കൾക്കു പ്രയാസമായിരുന്നു. അനസ് പക്ഷേ പഠനം നിർത്തിയില്ല. അക്ഷരങ്ങൾ കൂട്ടി വായിക്കാൻ പഠിച്ച അവൻ മറ്റു കുട്ടികളുടെ പുസ്തകങ്ങൾ വായിച്ചു പഠിച്ചു. അറിയാത്തവ മറ്റുള്ളവരോടു ചോദിച്ചു പഠിച്ചു. അങ്ങനെ പതിനെട്ടാം വയസ്സിൽ അവൻ SSLC എഴുതി നല്ല മാർക്കോടെ വിജയിച്ചു.

പിന്നെയും പഠനം തുടർന്നു. പഠിക്കാനുള്ള അവന്റെ താൽപ്പര്യം മനസ്സിലാക്കിയ പലരും സഹായവുമായെത്തി. പരീക്ഷകൾ ഒന്നൊന്നായി ജയിച്ചുകയറി അവൻ മുന്നേറി, കമ്പ്യൂട്ടർ വിദഗ്ധനായി. ഇപ്പോൾ സർക്കാർ ഉദ്യോഗസ്ഥനാണ്. കുടുംബത്തോടൊപ്പം സുഖജീവിതം നയിക്കുന്ന അനസ് നല്ലൊരു സാമൂഹിക സാംസ്കാരിക പ്രവർത്തകൻ കൂടിയാണ്. ചക്രക്കസേരയിലിരുന്നു കൊണ്ട് ആർക്കും ഭാരമാകാതെ ജനങ്ങൾക്ക് ഉപകാരിയായി അവൻ ജീവിതസഞ്ചാരം തുടരുന്നു.

- അനസിനെ ജീവിത വിജയത്തിലേക്ക് നയിച്ചതെന്താണ്?

ക്ലാസ്സിൽ ചർച്ച നടത്തണം.

**ക്രോഡീകരണം:**

- നടക്കാൻ വയ്യാതിരുന്നിട്ടും, പഠനം തുടരാൻ കഴിയാതിരുന്നിട്ടും നിരാശ അവനെ ബാധിച്ചില്ല.
- പഠിച്ചു ജയിക്കണം എന്ന ലക്ഷ്യത്തിൽ അവൻ ഉറച്ചുനിന്നു.
- അതിനു തടസ്സമാകുന്നതെല്ലാം തട്ടിനീക്കി മുന്നേറാൻ അവൻ ശ്രമിച്ചു.
- അവസരങ്ങളെല്ലാം പ്രതികൂലമായിട്ടും ഈ ആത്മവിശ്വാസവും ഇച്ഛാശക്തിയും അവനെ വിജയത്തിലെത്തിച്ചു.
- ആത്മവിശ്വാസവും ഇച്ഛാശക്തിയുമുണ്ടെങ്കിൽ ഏത് പ്രതിബന്ധവും തട്ടി നീക്കി വിജയിക്കാൻ സാധിക്കും.

ഈ ആശയത്തിലേക്കു കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരണം. തുടർന്ന് 'അജയ്യമായ ഇച്ഛാശക്തി' എന്ന പാഠഭാഗം വായിക്കാൻ ടീച്ചർ നിർദ്ദേശിക്കുന്നു. കുട്ടികളുടെ മൗനവായനക്ക് ശേഷം ടീച്ചർ ആദ്യഭാഗം മാതൃകാപരമായി വായിക്കുന്നു. ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടികൾ ഓരോ ഖണ്ഡിക വീതം വായിക്കട്ടെ. ആശയ വ്യക്തതയുണ്ടാക്കാൻ എല്ലാ ഭാഗത്തുനിന്നും അവധാരണ ചോദ്യങ്ങൾ ചോദിക്കാം.

- അംഗവൈകല്യമുള്ള കുട്ടികളെ സ്വീകരിക്കാൻ അബ്ദുൽ കലാം എഴുതിയ കൊച്ചു കവിതയുടെ ആശയം:
  ദൈവത്തിന്റെ സൃഷ്ടികളാണ് നാം.
  നമ്മുടെ മനസ്സിന് വജ്രത്തെക്കാൾ കാഠിന്യമുണ്ട്. (മനസ്സുറപ്പുണ്ടെങ്കിൽ നമ്മെ കീഴ്പ്പെടുത്താനോ തകർക്കാനോ തോൽപ്പിക്കാനോ ആർക്കും കഴിയില്ലെന്നു സൂചന)
  ഇച്ഛാശക്തിയുണ്ടെങ്കിൽ നമുക്കു തീർച്ചയായും ജയിക്കാം. ദൈവസഹായം നമുക്കുണ്ടെങ്കിൽ മറ്റാർക്കും നമ്മെ പരാജയപ്പെടുത്താനാകില്ല. കലാമിന്റെ ദൈവവിശ്വാസം ഈ വരികളിൽ തുടിച്ചു നിൽക്കുന്നതായി കാണാം.
- മുസ്തഫ എന്ന കാലില്ലാത്ത കുട്ടിയുടെ കവിത:
  കാലില്ലാത്തതിനെക്കുറിച്ച് ചിന്തിച്ചു കരയേണ്ടതില്ല എന്നെന്റെ മനസ്സ് പറയുന്നു. കാലുണ്ടെങ്കിലല്ലേ മറ്റുള്ളവരുടെ മുന്നിൽ മുട്ടുമടക്കേണ്ടി വരുന്ന പ്രശ്നമുള്ളൂ. കാലേ ഇല്ലാത്തതു കൊണ്ട് ആരുടെയും മുമ്പിൽ മുട്ടുമടക്കേണ്ടതില്ലല്ലോ. (തോറ്റുകൊടുക്കാൻ ഞാൻ തയ്യാറല്ല. വൈകല്യം കാരണം ആർക്കും വിധേയവുമല്ല എന്റെ മനസ്സ്. ഞാനെന്റെ വൈകല്യങ്ങളെ അതിജയിക്കും എന്നു സൂചന)
- സ്ലാഡ്ജു ബൊജാദീവിയുടെ ജീവിതത്തിൽ നിന്നു കലാമിനു മനസ്സിലായതെന്ത്?
- നെൽസൺ മണ്ടേലയിൽ നിന്നു നമുക്ക് പഠിക്കാനുള്ള രണ്ടു പാഠങ്ങൾ ഏതെല്ലാം?
- റോബൺ ദ്വീപിന്റെ പ്രത്യേകതയെന്ത്?
- മണ്ടേല ഇരുപത്താറു കൊല്ലം കഴിച്ചുകൂട്ടിയ ജയിലറ കണ്ടപ്പോൾ കലാം അത്ഭുതപ്പെടാൻ കാരണമെന്ത്?
- ജയിൽവാസക്കാലത്ത് മണ്ടേലയുടെ കാഴ്ചശക്തി നഷ്ടപ്പെടാൻ ഇടയാക്കിയതെന്താണ്?
- നെൽസൺ മണ്ടേലയുടെ ആത്മകഥാപരമായ കൃതിയേത്? എവിടെ വച്ചാണത് അദ്ദേഹം എഴുതിയത്?
- മണ്ടേലയുടെ വിശാലമനസ്കതയായി കലാം കാണുന്നതെന്താണ്?
- മണ്ടേലയിൽ നിന്നു പഠിക്കേണ്ടുന്ന പാഠമായി കലാം തിരുക്കുറളിൽ നിന്നുദ്ധരിക്കുന്നതെന്താണ്?
- അജയ്യമായ ഇച്ഛാശക്തിയുടെ സവിശേഷതകളായി തിരുവള്ളുവർ സൂചിപ്പിച്ചതെന്താണ്?

ചോദ്യങ്ങൾക്കു കുട്ടികൾ പാഠഭാഗത്തു നിന്ന് ഉത്തരം കണ്ടെത്തി പറയട്ടെ. അതോടൊപ്പം ടീച്ചർ ആവശ്യമായ വിശദീകരണങ്ങളും നൽകുന്നു.

**കണ്ടെത്താം**

നേരത്തെ ചോദിച്ച് ഉത്തരം കണ്ടെത്തിയ ചോദ്യങ്ങളിൽ ഇവയും ഉൾപ്പെടുമല്ലോ. ഉത്തരം കണ്ടെത്താനായി ആവശ്യബോധത്തോടെ കുട്ടികൾ വീണ്ടും പാഠഭാഗം വായിക്കട്ടെ. വ്യക്തിഗതമായി ഉത്തരമെഴുതി ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

**പൊരുൾ കണ്ടെത്താം**

- "നദിയുടെയോ ............................. വിടർന്നു നിൽക്കും."

തിരുക്കുറളിലെ പ്രസ്തുത വാക്യം വായിച്ച് പൊരുൾ വിശദീകരിക്കാൻ കുട്ടികൾ ശ്രമിക്കട്ടെ. നദിയുടെയും കായലിന്റെയുമൊക്കെ അടിയിലാണ് ആമ്പൽ വേരുറപ്പിക്കുന്നത്. എത്ര ആഴത്തിലാണതിന്റെ മുരടെങ്കിലും എത്ര ശക്തമായ ഒഴുക്കുണ്ടെങ്കിലും ആമ്പൽപ്പൂ ജലനിരപ്പിനു മുകളിലെത്തിയാണു വിടർന്നു നിൽക്കുക. അതൊരിക്കലും വെള്ളത്തിൽ മുങ്ങിപ്പോകുന്നില്ല. ആമ്പലിന്റെ ലക്ഷ്യം ജലോപരിതലത്തിൽ ചെന്നു പൂ വിരിയിക്കുക എന്നതാണ്. എല്ലാ പ്രതിബന്ധങ്ങളും തരണം ചെയ്ത് അത് അപ്രകാരം തന്നെ വിരിയുന്നു.

ഇതൊരു വലിയ പാഠമായാണു തിരുവള്ളുവർ ചൂണ്ടിക്കാട്ടുന്നത്. നല്ലൊരു ലക്ഷ്യം വേണം. ആ ലക്ഷ്യം നേടാനുള്ള പരിശ്രമവും വേണം. അതോടൊപ്പം ലക്ഷ്യം നേടുന്നതിനിടയിലുള്ള എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിക്കാനുള്ള കരുത്ത് ആർജ്ജിക്കുകയും വേണം എന്നു സൂചന.

- "എനിക്കു കാലുകളില്ല .................. വരില്ലല്ലോ."

സ്വന്തം ന്യൂനതയെക്കുറിച്ചോർത്ത് കരയുകയല്ല വേണ്ടത്. അവിടെയും പോസിറ്റീവ് മനോഭാവം സൃഷ്ടിച്ചെടുക്കാൻ ശ്രമിക്കണം. മുസ്തഫ എന്ന കാലുകളില്ലാത്ത കുട്ടി ചിന്തിക്കുന്നത് എനിക്കു കാലുകളില്ലാതായിപ്പോയല്ലോ എന്നല്ല. കാലുകളില്ലാത്തതുകൊണ്ട് ആരുടെയും മുമ്പിൽ മുട്ടുമടക്കേണ്ടതില്ലല്ലോ എന്നാണ്. ഇതൊരു ധീരതയാണ്. നിരാശയെയും അപകർഷബോധത്തെയും അകറ്റി നിർത്തി ലക്ഷ്യത്തിലേക്കു മുന്നേറാനുള്ള ധീരമനോഭാവം.

ചർച്ചയിലൂടെ ഈ ആശയം കുട്ടികളെ ബോധ്യപ്പെടുത്തണം. മനസ്സിലാക്കിയ ആശയങ്ങൾ ഉൾക്കൊള്ളിച്ച് അവർ കുറിപ്പ് തയ്യാറാക്കട്ടെ.

**വർക്കുബുക്ക് പ്രവർത്തനങ്ങൾ**

ലഘുവാക്യമാക്കി എഴുതുക

മൂന്നു വാക്യങ്ങളാക്കി എഴുതാം. കുട്ടികൾ പറയട്ടെ. ടീച്ചർ BBയിൽ കുറിക്കുന്നു.

- മണ്ടേല ദക്ഷിണാഫ്രിക്കൻ പ്രസിഡണ്ടായി.
- തന്നോടു ക്രൂരമായി പെരുമാറിയവരോടുപോലും അപ്പോഴദ്ദേഹം ഒരു വിവേചനവും കാണിച്ചില്ല.
- എല്ലാവരെയും തുല്യപൗരന്മാരായി പരിഗണിക്കാനുള്ള വിശാലമനസ്കത അദ്ദേഹം കാണിച്ചു.

**വാക്യത്തിൽ പ്രയോഗിക്കുക**

നൽകിയിരിക്കുന്ന പദങ്ങളുടെ/ശൈലികളുടെ അർത്ഥം കുട്ടികൾ മനസ്സിലാക്കണം. അതുൾപ്പെടുത്തി ആശയപൂർണ്ണമായ വാക്യം കുട്ടികൾ നിർമ്മിക്കട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തിയ ശേഷം ഏതാനും പേർ ആ വാക്യങ്ങൾ ക്ലാസിൽ അവതരിപ്പിച്ചു പൊതുവായ വിലയിരുത്തലിന് വിധേയമാക്കണം. ടീച്ചർ വേർഷൻ പ്രദർശിപ്പിക്കണം.

- അനുയായികളെ ചൊൽപ്പിടിക്കു നിർത്താനുള്ള ശേഷിയാണ് നേതൃഗുണത്തിൽ പ്രധാനപ്പെട്ടത്.
- സ്കൂൾ വാർഷികാഘോഷം അവിസ്മരണീയമാക്കിത്തീർക്കാൻ ഞങ്ങൾ കഠിനമായി പരിശ്രമിച്ചു.
- പോലീസുകാരുടെ ദൗത്യനിർവ്വഹണം തടസ്സപ്പെടുത്താൻ ചിലർ ശ്രമിക്കുന്നു.
- എല്ലാവരെയും തുല്യരായി കാണാനുള്ള വിശാലമനസ്കത രാജ്യത്തെ ഓരോ പൗരനും ഉണ്ടായിരിക്കണം.

**പ്രഭാഷണം തയ്യാറാക്കുക**

ഗാന്ധിജിയും നെൽസൺ മണ്ടേലയും - രണ്ടു മഹാവ്യക്തിത്വങ്ങൾ
ക്ലാസിൽ പൊതുവായി ചർച്ച ചെയ്യാം.
തുടർന്ന് കുട്ടികൾ വ്യക്തിഗതമായി പ്രഭാഷണം തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കട്ടെ.

പാഠം – 13

# ബഷീർ : വേദനയുടെ മന്ദഹാസം

“ഈ നൂറ്റാണ്ടിൽ എന്നെ ഏറെ ആകർഷിച്ചിട്ടുള്ള അഞ്ചു പുസ്തകങ്ങളുടെ പേരു പറയാൻ ഒരിംഗ്ലീഷ് പ്രസിദ്ധീകരണം ആവശ്യപ്പെട്ടു......... അതിൽ ഞാൻ എടുത്തു പറഞ്ഞത് ബഷീറിന്റെ ‘പാത്തുമ്മയുടെ ആടാണ്.’ മലയാള സാഹിത്യത്തിലെ ചക്രവർത്തി എന്നു വിശേഷിപ്പിക്കപ്പെട്ട എം.ടി. വാസുദേവൻനായരുടെ വാക്കുകളാണിത്. ‘ബഷീറിയൻ സാഹിത്യമോ? അതെന്തിനു കൊള്ളാം’ എന്നുപറഞ്ഞ് മഹാനായ ആ സാഹിത്യകാരനെ അധിക്ഷേപിക്കുകയും അദ്ദേഹത്തിന്റെ കൃതികളെ പരിഹസിക്കുകയുമൊക്കെ ചെയ്ത ‘സാഹിത്യകുലപതി’കളുടെ ഇടയിൽ നിന്നാണ് എം.ടി. ഈ അഭിപ്രായം പറഞ്ഞതെന്നത് ശ്രദ്ധേയമാണ്.

മലയാള സാഹിത്യരംഗത്തെ ഒരത്ഭുതമാണു ബഷീർ. അദ്ദേഹത്തിന്റെ കൃതികൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. സാധാരണയിൽ സാധാരണമായ കാര്യങ്ങളാണ് അദ്ദേഹം പറയുന്നത്; അതും തനി സാധാരണക്കാരായ കഥാപാത്രങ്ങളിലൂടെ.......... അതിലേറെ തന്നിലൂടെ...........തന്റെ കുടുംബത്തിലൂടെ! അവരുടെ വികാരവിചാരങ്ങൾ, ജീവിതപ്രാരാബ്ധങ്ങൾ, വേദനകൾ, സങ്കടങ്ങൾ, പിണക്കങ്ങൾ, ഇണക്കങ്ങൾ.............! അതും തനി സാധാരണക്കാരുടെ ഭാഷയിൽ. അതിൽ അർത്ഥക്ലിഷ്ടതയില്ല, വളച്ചുകെട്ടലില്ല, വ്യംഗ്യപ്രയോഗങ്ങളില്ല; എല്ലാം നേർക്കുനേരെ! എഴുത്തുകാരന്റെ മനസ്സിൽ നിന്നു നേരെ വായനക്കാരുടെ മനസ്സിലേക്കു കടന്നു ചെല്ലുന്ന ഭാഷ. അക്കാലത്ത് ഈ എഴുത്തിലൂടെ ബഷീർ സൃഷ്ടിച്ചത് വലിയൊരു വിപ്ലവം തന്നെയായിരുന്നു. എം.ടി. ചൂണ്ടിക്കാട്ടിയതുപോലെ നമ്മുടെ വാമൊഴിയുടെ എല്ലാ ചാരുതയും പിടിച്ചെടുത്ത് അതൊരു പുതിയ സങ്കേതമാക്കാമെന്നു ബഷീർ തെളിയിക്കുകയായിരുന്നു ഓരോ കഥകളിലൂടെയും.

ബഷീറിന്റെ ചില കഥകൾ വായിച്ചാൽ തോന്നിയേക്കും വെറുതെ ചിരിപ്പിക്കാനുള്ള, രസിപ്പിക്കാനുള്ള രചനകളാണെന്ന്. എന്നാൽ സൂക്ഷ്മമായി വിലയിരുത്തുമ്പോൾ ആ ഓരോ വാക്കിനുപിന്നിലും ആശയങ്ങളുടെ മഹാപ്രപഞ്ചം ഒളിഞ്ഞിരിക്കുന്നതായി കാണാൻ കഴിയം. ‘ഇമ്മിണി ബല്യഒന്ന്’ എന്ന പ്രയോഗം ഉദാഹരണം. ഭാഷയുടെ കാര്യത്തിൽ മാത്രമല്ല, ആശയത്തിലും ബഷീർരചനകൾ എക്കാലത്തും പ്രസക്തമാണെന്നു തെളിയിക്കുന്നതാണു പല കഥകളും. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും മനുഷ്യേതര ജീവജാലങ്ങളെക്കുറിച്ചുമുള്ള വിചാരങ്ങൾ പോലും മലയാളസാഹിത്യത്തിൽ കടന്നുവന്നിട്ടില്ലാത്ത കാലത്താണ് ബഷീറിന്റെ തേന്മാവ്, ഭൂമിയുടെ അവകാശികൾ തടങ്ങിയ കഥകൾ രചിക്കപ്പെട്ടതെന്നോർക്കണം. ഭൂമിയുടെ അവകാശികൾ മനുഷ്യർ മാത്രമല്ല, ഇവിടെയുള്ള സർവജീവജാലങ്ങളും കൂടിയാണെന്നദ്ദേഹം തീർത്തുപറയുന്നുണ്ട്. മൂർഖൻ പാമ്പിനും ഉറുമ്പിനും ആടിനുമൊക്കെ അവയുടെ അവകാശങ്ങൾ അനുവദിച്ചു കൊടുക്കുന്നുണ്ട്. അതോടൊപ്പം സഹജീവി സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഭൂതദയയുടെയും ഉത്തമമാതൃകകൾ ബഷീറിന്റെ കഥാപാത്രങ്ങളിൽ കണ്ടെത്താൻ കഴിയും. തന്നെ കടിച്ചു ചോരയൂറ്റിക്കുടിച്ച അട്ടയെപ്പോലും അതിന് ഉമ്മയും ബാപ്പയും മക്കളുമൊക്കെയുണ്ടാകുമല്ലോ എന്നോർത്ത് കൊല്ലാതെ വിടുന്ന കുഞ്ഞുപ്പാത്തുമ്മ ഉദാഹരണം. ഇങ്ങനെ മനസ്സകങ്ങ

ളിൽ മാനവികബോധമുണർത്തുന്ന, പരിസ്ഥിതിബോധവും സഹജീവിസ്നേഹവും ജനിപ്പിക്കുന്ന, നമ്മളറിയാതെ മനസ്സിൽ പരിവർത്തനം സൃഷ്ടിക്കുന്ന കഥാപാത്രങ്ങളും ആശയങ്ങളും ബഷീറിനു മുമ്പോ ശേഷമോ ഈ വിധം മലയാളസാഹിത്യത്തിൽ ആവിഷ്കൃതമായിട്ടില്ല എന്നതാണു സത്യം.

ബഷീറിനെ കുട്ടികൾ നന്നായി പരിചയപ്പെടേണ്ടതുണ്ട്. ബഷീർ സാഹിത്യത്തിന്റെ അകക്കാമ്പുകൾ ഉൾക്കൊള്ളേണ്ടതുണ്ട്. മഹാനായ ആ സാഹിത്യകാരന്റെ ഭാഷയും ശൈലിയും രചനാരീതിയും അടുത്തറിയേണ്ടതുണ്ട്. അദ്ദേഹത്തിന്റെ കഥാപാത്രങ്ങളെ തിരിച്ചറിയേണ്ടതുണ്ട്. ഇത്തരം അവബോധമുണർത്താൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്. കേവലം പാഠാപഗ്രഥനത്തിനപ്പുറം ബഷീറിനെക്കുറിച്ചുള്ള സമഗ്രമായ പഠനത്തിന് ഇതൊരവസരമായി വിനിയോഗിക്കാം.

## പാഠാവതരണം

ബഷീർകൃതികളുടെ ചാർട്ട് ടീച്ചർ പ്രദർശിപ്പിക്കുന്നു; അല്ലെങ്കിൽ ചിത്രം.

- ഈ സാഹിത്യകൃതികളുടെ കർത്താവാരെന്നറിയുമോ?
- ആരാണ് ഈ സാഹിത്യകാരനെന്നു പറയാമോ?

കുട്ടികളുടെ പ്രതികരണത്തിലൂടെ വൈക്കം മുഹമ്മദ് ബഷീർ എന്ന സാഹിത്യകാരനിലേക്കു ശ്രദ്ധ ക്ഷണിക്കാം.

- 'ബഷീർ എന്ന സാഹിത്യകാരനെക്കുറിച്ചു മറ്റൊരു സാഹിത്യകാരൻ പറയുന്ന കാര്യങ്ങൾ പരിശോധിക്കാം' എന്ന ആമുഖത്തോടെ 'ബഷീർ: വേദനയുടെ മന്ദഹാസം' എന്ന പാഠഭാഗം ടീച്ചർ വായിച്ചുതുടങ്ങുന്നു. തുടർന്ന് ശ്രാവ്യവായനയ്ക്കായി ഏതാനും കുട്ടികളെ ചുമതലപ്പെടുത്താം. ഓരോ ഭാഗവും വായിച്ചുകഴിയുമ്പോൾ ആവശ്യമായ വിശദീകരണം അപ്പപ്പോൾ നൽകുന്നതാണ് ഉചിതം. ദീർഘമായ പാഠമായതുകൊണ്ട് മുഴുവൻ വായിച്ച് വിശകലനത്തിനു തുനിയുമ്പോൾ പല ഭാഗവും വിട്ടുപോകാനിടയുണ്ട്.

## വിശദീകരിക്കേണ്ടവ :

- വിനീതനായ ചരിത്രകാരൻ - വ്യക്തികളുടെയും കുടുംബത്തിന്റെയും നാടിന്റെയുമൊക്കെ ചരിത്രം പറയും പോലെയാണ് പല കൃതികളിലെയും ആവിഷ്കാരരീതി.
- ഒരു മനുഷ്യൻ എന്ന കഥ വിവരിച്ചു കൊടുക്കാം. (പോക്കറ്റടിച്ചെടുത്ത പണം തിരിച്ചകൊടുക്കുന്ന രംഗം)
- ഏത് ഊഷരതക്കുള്ളിലും സ്നേഹത്തിന്റെ, അനുകമ്പയുടെ അന്തർധാരയുണ്ട്. എങ്ങനെ? ഇങ്ങനെ ചെറിയ സത്യങ്ങളിലൂടെ വലിയൊരു സത്യത്തിലേക്കു ബഷീർ വിരൽചൂണ്ടുന്നു.
- വേദനയോടെയുള്ള മന്ദഹാസം. ജീവിതം തന്നെ വേദനയുള്ള മന്ദഹാസമായി കണ്ടു ബഷീർ.
- ബഷീർ സാഹിത്യരംഗത്ത് അനുഭവിച്ച പീഡനങ്ങൾ, കടുത്ത വിമർശനങ്ങൾ. കഥാപാത്രങ്ങളെ മോഷ്ടിച്ചെന്ന ആരോപണം, 'പാത്തുമ്മയുടെ ആട്' പാഠപുസ്തകമായപ്പോൾ പഠിപ്പിക്കാൻ കൊള്ളില്ലെന്ന ആക്ഷേപം.............................
- കുറച്ചേ എഴുതിയുള്ളൂ. ഭാഷാനിയമങ്ങളൊന്നും പാലിച്ചില്ല.
  ഡി- കൺസ്ട്രക്ഷൻ.
- ഈ നൂറ്റാണ്ടിൽ എം.ടിയെ ആകർഷിച്ച അഞ്ചു പുസ്തകങ്ങളിലൊന്ന് പാത്തുമ്മയുടെ ആട്.

- ചെറിയ ചെറിയ സത്യങ്ങളിലൂടെ മഹാസത്യത്തിലേക്കു വായനക്കാരെ എത്തിക്കുക എന്ന ദൗത്യമാണു ബഷീർ സ്വന്തം കഥകളിലൂടെ നിറവേറ്റിയത്. (സ്നേഹം, ദയ, കാരുണ്യം, സഹജീവിസ്നേഹം, കുടുംബസ്നേഹം തുടങ്ങിയ മാനവിക മൂല്യങ്ങളെല്ലാം തന്റെ കഥാപാത്രങ്ങളിലൂടെ വായനക്കാരുടെ മനസ്സിലേക്കെത്തിക്കുന്നു.)
- ലോകത്തിന്റെ പല ഭാഗങ്ങളിൽ സഞ്ചരിച്ചു പല ജോലികൾ ചെയ്ത, ധാരാളം അനുഭവങ്ങളുള്ള, നല്ല ഇംഗ്ലീഷ് പരിജ്ഞാനമുള്ള ബഷീർ എഴുതിയതെല്ലാം തനി നാടൻ കഥകൾ, അതും സാധാരണക്കാർക്കു മനസ്സിലാകുന്ന വാമൊഴിയുടെ ചാരുതയുൾക്കൊള്ളുന്ന വാക്കുകളിൽ.
- സുതാര്യവും വിശ്വാസ്യവുമായ ശൈലി.
  ബഷീർ  സാധാരണക്കാരുടെ നേർക്കുനേരെയുള്ള ഭാഷ സ്വീകരിച്ചു.
- രൂപരഹിതമായ രൂപമുണ്ടാക്കി.
- ഏകാന്തതയുടെ തീരത്തു സഞ്ചരിച്ചയാൾ. എന്നിട്ടും കുടുംബവും ധാരാളം സുഹൃത്തുക്കളുമുണ്ടായി. സാധാരണക്കാരോട് കൂടുതൽ അടുപ്പം.
- ബേപ്പൂർ സുൽത്താൻ
- ബഷീർ മതത്തിന്റെ  ആചാരങ്ങളിലല്ല, അതിന്റെ മാനുഷിക തത്വശാസ്ത്രങ്ങളിലാണു വിശ്വസിച്ചത്. അഗാധമായ മനുഷ്യസ്നേഹത്തിന്റെ നീരുറവയുണ്ട് ബഷീർകൃതികളിൽ.
- താൻ ഒരു മണൽത്തരിപോലെ നിസ്സാരനാണെന്ന ബോധം.
- വെറും മനുഷ്യന്റെ പരിവേഷം.
  ഈ ആശയങ്ങൾ കുട്ടികളെ ബോധ്യപ്പെടുത്തണം.

അധ്യാപകരോട്:

ഈ പാഠഭാഗം അവതരിപ്പിക്കുന്നതിനുമുമ്പ് ടീച്ചർ ബഷീറിനെക്കുറിച്ചു മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ പ്രധാനകതികൃതികൾ വായിക്കുകയും വേണം. സന്ദർഭോചിതമായി അദ്ദേഹത്തിന്റെ കൃതികളെയും കഥാപാത്രങ്ങളെയും കുട്ടികൾക്ക് പരിചയപ്പെടുത്തേണ്ടതുണ്ട്.
ബാല്യകാലസഖി, പാത്തുമ്മയുടെ ആട്, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്,  തേന്മാവ്, വിശ്വവിഖ്യാതമായ മൂക്ക്, ഒരു മനുഷ്യൻ, സ്ഥലത്തെ പ്രധാന ദിവ്യൻ, ഭൂമിയുടെ അവകാശികൾ.................

**കണ്ടെത്താം**

ടീച്ചർ കുട്ടികളോട് ഈ ചോദ്യങ്ങൾ ചോദിക്കുന്നു. ഓരോ കുട്ടിയും പറയുന്ന ഉത്തരങ്ങൾ ശരിയാണോ എന്നു മറ്റു കുട്ടികൾ വിലയിരുത്തട്ടെ. തിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ എന്നിവ നടത്തിയ ശേഷം ഓരോ കുട്ടിയും വ്യക്തിഗതമായി ചോദ്യങ്ങൾക്ക് ഉത്തരമെഴുതട്ടെ. എഴുതിയ ഉത്തരം ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തണം. ടീച്ചർ വിലയിരുത്തണം.

**വായിക്കാം, കുറിപ്പ് തയ്യാറാക്കാം**

ആദ്യം ബഷീർ കൃതികളുടെ ലിസ്റ്റ് തയ്യാറാക്കാം. തുടർന്ന് കുട്ടികൾ ലൈബ്രറിയിൽനിന്ന് പുസ്തകങ്ങൾ ശേഖരിക്കട്ടെ. എല്ലാ കൃതികളും എല്ലാ കുട്ടികളും വായിച്ചു തീർക്കുക പ്രയാസകരമായിരിക്കും. അതുകൊണ്ട് കഥകൾ വീതിച്ചു നൽകാം. ഓരോ കുട്ടിയും ഒരു കഥയെങ്കിലും നിർബന്ധപൂർവ്വം വായിക്കുകയും വായനക്കുറിപ്പ് തയ്യാറാക്കുകയും വേണം.

- കഥയരങ്ങ് സംഘടിപ്പിച്ച് കുറെ കഥകൾ അവതരിപ്പിച്ചാൽ എല്ലാ കുട്ടികൾക്കും ഉൾക്കൊള്ളാൻ അവസരം ലഭിക്കുമല്ലോ.

- നന്നായി വായിക്കുന്ന കുട്ടികൾ ബഷീറിന്റെ നോവലുകൾ വായിച്ച് കഥാസംഗ്രഹം തയ്യാറാക്കി അവതരിപ്പിക്കട്ടെ.

## ലഘുഉപന്യാസം തയ്യാറാക്കാം

'അഗാധമായ മനുഷ്യസ്നേഹമാണ് ബഷീർകൃതികളുടെ മുഖ്യധാര'

- ഉപന്യാസം തയ്യാറാക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ പരിഗണിക്കണം?

ബഷീറിന്റെ കൃതികൾ വായിക്കുകയും കഥാസംഗ്രഹം അവതരിപ്പിക്കുകയും വായനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്തുവല്ലോ. ബഷീർ സാഹിത്യത്തെക്കുറിച്ചു സാമാന്യധാരണ ഇതിനകം കുട്ടികൾ നേടിക്കഴിഞ്ഞിട്ടുണ്ടാവും. ആ അടിസ്ഥാനത്തിൽ ചർച്ചയിലൂടെ ഉപന്യാസത്തിൽ ഉൾക്കൊള്ളിക്കേണ്ട വസ്തുതകൾ ക്രോഡീകരിക്കാം.

- സാധാരണക്കാരായ ജനങ്ങളുടെ കഥകളാണ് ബഷീർ അവതരിപ്പിച്ചിരിക്കുന്നത്.
- അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ, പ്രയാസങ്ങൾ, അവരുടെ സുഖദു:ഖങ്ങൾ............. തുടങ്ങിയവ അദ്ദേഹത്തിന്റെ കഥകളിലൂടെ അനാവൃതമാവുന്നു.
- വായനക്കാരുടെ മനസ്സിൽ അനുഭാവം സൃഷ്ടിക്കുന്ന വിധത്തിലാണ് ഓരോ കഥാപാത്രത്തെയും അദ്ദേഹം ആവിഷ്ക്കരിച്ചിരിക്കുന്നത്.
- ദുഷ്ടരും ക്രൂരരുമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾ പോലും അവരുടെ പ്രവർത്തനങ്ങളെ കുറ്റപ്പെടുത്തുമ്പോഴും ആ വിധത്തിലേക്കവരെ എത്തിച്ച സാഹചര്യങ്ങളെക്കുറിച്ച് സൂചനയിലൂടെ വായനക്കാരുടെ മനസ്സിൽ സഹതാപം ജനിപ്പിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്.
- നന്മകളാൽ സമൃദ്ധമായ ജീവിതം നയിച്ച് ഈ ഭൂമിയെ മലർവാടിയാക്കാൻ പ്രേരിപ്പിക്കുന്ന രചനകൾ മനുഷ്യസ്നേഹത്തിന്റെ വ്യക്തമായ അടയാളങ്ങളാണ്.
- കഥാപാത്രങ്ങളുടെ സ്വഭാവങ്ങൾ വിശകലനം ചെയ്ത് കൂടുതൽ തെളിവുകൾ നൽകാൻ അദ്ധ്യാപകർ ശ്രദ്ധിക്കണം.
- ചർച്ചയിലൂടെ മനസ്സിലാക്കിയ ആശയങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഉപന്യാസരൂപത്തിൽ ക്രോഡീകരിക്കട്ടെ. തുടർന്ന് വ്യക്തിഗതമായി ഉപന്യാസം എഴുതിത്തയ്യാറാക്കണം. ഏതാനും ഉപന്യാസങ്ങൾ ക്ലാസിൽ വായിച്ചവതരിപ്പിച്ചു വിലയിരുത്തണം.

## തദ്ധിതം, കൃത്ത്

നാമപദങ്ങളിൽ നിന്നും ക്രിയാപദങ്ങളിൽ നിന്നും പുതിയ നാമങ്ങൾ വ്യുല്പാദിപ്പിക്കാവുന്നതാണ്. നാമപദങ്ങളിൽ നിന്നു വ്യുല്പാദിപ്പിക്കുന്ന മറ്റൊരു നാമത്തിനാണ് തദ്ധിതം എന്നു പറയുന്നത്. ഉദാ:

| നാമം | തദ്ധിതം | അർത്ഥം |
|---|---|---|
| വർഷം | വാർഷികം | വർഷത്തിൽ ഒരു പ്രാവശ്യം |
| ബുദ്ധി | ബുദ്ധിമാൻ | ബുദ്ധിയുള്ളവൻ |
| മൃദു | മാർദ്ദവം | മൃദുവായ അവസ്ഥ |
| വ്യാകരണം | വൈയാകരണൻ | വ്യാകരണ പണ്ഡിതൻ |
| കളവ് | കള്ളൻ | കളവു നടത്തുന്നവൻ |

തദ്ധിതം നാലുവിധമുണ്ട്:

1. തന്മാത്രാ തദ്ധിതം : തൻമാത്ര എന്നാൽ അതു മാത്രം എന്നർത്ഥം. അനേകം ഘടകങ്ങളുള്ള ഒരു വസ്തുവിന്റെ ഒരു ധർമ്മം മാത്രം എടുത്തുകാണിക്കുന്നതാണിത്. മ,ത്തം, തരം, തനം എന്നിവയാണിതിന്റെ പ്രത്യയങ്ങൾ.

ഉദാ: മ – കുളിർമ, വെണ്മ, താഴ്മ, നൻമ, പഴമ

ത്തം – (ത്വം) അടിമത്തം, കാടത്തം, ആളത്തം, മഹത്വം, ഗുരുത്വം

തരം – മണ്ടത്തരം, തെണ്ടിത്തരം, ചെറ്റത്തരം

തനം – വേണ്ടാതനം, പുരാതനം

2. തദ്വത്തദ്ധിതം : തദ്വത് എന്നാൽ അതുള്ളത് എന്നർത്ഥം. പ്രത്യയം: അൻ

ഉദാ: കുറുമ്പൻ – (കുറുമ്പുള്ളവൻ)

നുണയൻ – (നുണയുള്ളവൻ)

കള്ളൻ – (കളവുള്ളവൻ)

3. പൂരണി തദ്ധിതം : സംഖ്യാനാമങ്ങളെ പൂരിപ്പിക്കുന്നത്. പ്രത്യയം: ആം

ഉദാം: ഒന്ന് – ഒന്നാം (ഒന്നാമൻ)

4. നാമനിർമ്മായി തദ്ധിതം : പേരെച്ചം, ആധാരികാഭാസം, സംബന്ധികാവിഭക്തി എന്നിവയോട് അൻ, അൾ, തു എന്നീ ലിംഗ പ്രത്യയങ്ങൾ ചേർത്തുണ്ടാക്കുന്നത്.

ഉദാ: <u>പേരെച്ചത്തോട്</u> – ഓടിയ – ഓടിയവൻ

ഓടിയവൾ

ഓടിയത്

<u>ആധാരികാഭാസത്തോട്</u> – കാറ്റത്ത് – കാറ്റത്തത്

മഴയത്ത് – മഴയത്തത്

<u>സംബന്ധികാവിഭക്തിയോട്</u> – അവന്റെ – അവന്റേത്

അവളുടെ – അവളുടേത്

കൃത്ത് : ക്രിയയിൽ നിന്നുണ്ടാകുന്ന നാമത്തിനാണു കൃത്ത് എന്നു പറയുന്നത്.

ഉദാ:

| ക്രിയ | കൃത്തി |
|---|---|
| തുപ്പുക | തുപ്പൽ |
| ചതിക്കുക | ചതി |

കൃത്ത് രണ്ടുവിധം : കൃതികൃത്ത്, കാരകകൃത്ത്

കേവലം ക്രിയാസ്വരൂപമായ കൃത്താണു കൃതികൃത്ത്. ഇത് വെറും ക്രിയാനാമം തന്നെയാണ്.

**കൃതികൃത്ത് നിർമ്മിക്കുന്നതിനുള്ള പ്രത്യയങ്ങളും കൃതികൃത്ത് രൂപങ്ങളും**

| പ്രത്യയം- | കൃതികൃത്ത് രൂപം | പ്രത്യയം | കൃതികൃത്ത് രൂപം |
|---|---|---|---|
| അൽ | കീറൽ, പാറൽ | അം | നീളം |
| തൽ | വിടുതൽ | മ്മ | ഓർമ്മ |
| പ്പ് | തേപ്പ് | വി | മറവി |
| വ് | അറിവ് | പടി | നടപടി |
| ച | വിഴ്ച | തല | നടുതല |
| തി | അറുതി | മാനം | തേയ്മാനം |
| ത്ത് | നെയ്ത്ത് | ട് | ചുമട് |
| ത്തം | പിടിത്തം | മ്പ് | കെടുമ്പ |
| അ | നില | ത് | വരുന്നത് |
| ഇ | കേളി | | |

കാരകകൃത്ത് : ക്രിയയിൽനിന്ന് ഏതെങ്കിലും കാരകത്തിന്റെ രൂപം കൊള്ളുന്ന നാമം. കർതൃ കാരകമായിരിക്കും മിക്കവാറും കാണുന്നത്. പ്രത്യയങ്ങൾ : അൻ, ഇ.

ഉദാ:

| ക്രിയ | കാരകകൃത്ത് |
|---|---|
| ഉരുളുക | ഉരുളൽ (അൻ പ്രത്യയം) |
| കൊതിക്കുക | കൊതിയൻ |
| നാണം കുണുങ്ങുക | നാണം കുണുങ്ങി (ഇ പ്രത്യയം) |
| തെണ്ടുക | തെണ്ടി |

തദ്ധിതം, കൃത്ത് വിശദമായ പഠനം ആവശ്യമില്ല. നാമങ്ങളിൽ നിന്നും ക്രിയകളിൽ നിന്നും വ്യുല്പാദിപ്പിക്കുന്ന നാമരൂപങ്ങളെക്കുറിച്ചു സാമാന്യബോധമുണ്ടാക്കിയാൽ മതി. അധ്യാപകർക്കു വേണ്ടിയാണു വിശദമായി പ്രതിപാദിച്ചത്.

**വർക്കുബുക്ക് പ്രവർത്തനങ്ങൾ**

വിഗ്രഹിച്ചു സമാസം നിർണയിക്കുക

പദപ്രയാഗം - പദത്തിന്റെ പ്രയോഗം
ആദിമധ്യാന്തം - ആദിയും മധ്യവും അന്തവും
പണിയായുധം - പണിചെയ്യാനുപയോഗിക്കുന്ന ആയുധം
രൂപരഹിതം - രൂപം രഹിതമായത്
സംവേദനക്ഷമത - സംവേദനത്തിനുള്ള ക്ഷമത
ആചാരോപചാരങ്ങൾ - ആചാരങ്ങളും ഉപചാരങ്ങളും
മനുഷ്യസ്നേഹം - മനുഷ്യരോടുള്ള സ്നേഹം

**വിപരീതപദമെഴുതുക**

കുട്ടികൾ കണ്ടെത്തി എഴുതട്ടെ. ശേഷം ക്ലാസിൽ പൊതുവായി വിലയിരുത്താം

| | | | | | |
|---|---|---|---|---|---|
| രഹിതം X | സഹിതം | | വികാസം | X | സങ്കോചം |
| രൂപം X | അരൂപം | | സുതാര്യം | X | അതാര്യം |

**വിശദീകരിക്കുക**

"ഏത് കരിമ്പാറയ്ക്കുള്ളിലും ..................................... അന്തർധാരയുണ്ട്."

ഈ വാക്യങ്ങൾ ഏതു സന്ദർഭത്തിലാണു പ്രയോഗിച്ചിരിക്കുന്നതെന്നും അതിന്റെ സന്ദർഭികാർത്ഥം എന്താണെന്നും കുട്ടികൾ കണ്ടെത്തട്ടെ.

ആ സന്ദർഭം ഒരിക്കൽകൂടി ചർച്ചയ്ക്കു വിധേയമാക്കാം.

- 'ഒരു മനുഷ്യൻ' എന്ന കഥയെക്കുറിച്ച് ഓർത്തപ്പോഴാണ് എം.ടി. ഈ പ്രയോഗം നടത്തിയത്.
- എന്താണ് 'ഒരു മനുഷ്യൻ' എന്ന കഥയിലെ പ്രമേയം?

കഥാകാരൻ ദാരിദ്ര്യത്തിൽ കഴിയുന്ന കാലം. ഭക്ഷണം കഴിക്കാൻ ഒരു ഹോട്ടലിൽ കയറുന്നു. വയറുനിറയെ ഭക്ഷണം കഴിച്ചു പണം കൊടുക്കാൻ പഴ്സ് തപ്പിയപ്പോൾ ഞെട്ടിപ്പോകുന്നു. പഴ്സ് പോക്കറ്റടിക്കപ്പെട്ടിരിക്കുന്നു. അക്കാര്യം ഹോട്ടലുടമസ്ഥനോട് പറഞ്ഞപ്പോൾ അയാൾ അതൊരു തട്ടിപ്പാണെന്നു പറഞ്ഞ് കളിയാക്കുന്നു. പണമില്ലെങ്കിൽ വസ്ത്രങ്ങളടക്കം കൈവശമുള്ളതെല്ലാം അഴിച്ചു തരണമെന്നു ശാഠ്യം പിടിക്കുന്നു. ഗത്യന്തരമില്ലാതെ കഥാകാരൻ എല്ലാം അഴിച്ചു നൽകുന്നു. അവസാനം അണ്ടർവെയർകൂടി അഴിക്കണമെന്നു പറഞ്ഞപ്പോൾ അയാൾ വല്ലാതെ വിഷമിക്കുന്നു. അപ്പോൾ ആൾക്കൂട്ടത്തിൽ നിന്നു മാന്യവേഷം ധരിച്ച ഒരാൾ വന്ന് കഴിച്ച ഭക്ഷണത്തിന്റെ പണം കൊടുത്ത് അയാളെ രക്ഷപ്പെടുത്തുന്നു. ശേഷം അയാൾ കഥാകാരനെ കുറച്ചകലേക്കു കൂട്ടിക്കൊണ്ടുപോയി കുറേ പഴ്സുകളെടുത്തു കാണിച്ച് അവയിലേതാണു നിന്റേതെന്നു ചോദിച്ച് എടുത്തുകൊള്ളാൻ പറയുന്നു..................................

ക്രോഡീകരണം : മനുഷ്യമനസ്സ് ചിലപ്പോൾ കരിമ്പാറയെക്കാൾ കടുത്തതായിരിക്കും. ഏതു കരിമ്പാറക്കുള്ളിലും നീരുറവ കണ്ടേക്കും. അതുപോലെ എത്ര കടുത്ത മനസ്സിലും സ്നേഹത്തിന്റെയും അനുകമ്പയുടെയും അന്തർധാരയുണ്ടായിരിക്കും. ചില സന്ദർഭങ്ങളിൽ അത് പുറത്തേക്ക് പ്രവഹിക്കുകയും ചെയ്യും.

- ചർച്ചയിൽ ഉൾക്കൊണ്ട ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ വ്യക്തിഗതമായി വിശദീകരണക്കുറിപ്പ് തയ്യാറാക്കട്ടെ. തുടർന്ന് ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താം. ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിച്ചു വിലയിരുത്തണം.

**പ്രഭാഷണം തയ്യാറാക്കുക**

വിഷയം : 'ബഷീർ: സ്നേഹധനനായ സാഹിത്യകാരൻ'

പ്രഭാഷണത്തിൽ ഉൾക്കൊള്ളിക്കേണ്ട ആശയങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യാം.

- സ്നേഹധനനായ സാഹിത്യകാരനാണോ ബഷീർ?
- സ്നേഹധനൻ എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്താണ്?
- ബഷീർ സ്നേഹധനനാണെന്ന് എങ്ങനെ മനസ്സിലാക്കാം?
- അദ്ദേഹത്തിന്റെ കൃതികളിലെ അടിസ്ഥാനാശയത്തിൽ അങ്ങനെ സൂചനയുണ്ടോ?
- ഏതെല്ലാം കൃതികളിൽ സ്നേഹത്തിന്റെ അന്തർധാര കണ്ടെത്താം?
- ആരോട്, എന്തിനോടെല്ലാമാണ് ആ സ്നേഹം പ്രകടമാകുന്നത്?

ക്രോഡീകരണം :

- ബഷീർ കഥകളുടെയെല്ലാം അന്തർധാര സ്നേഹവും ദയയും കാരുണ്യവു മാണ്.
- പാത്തുമ്മയുടെ ആടിൽ മാതൃസ്നേഹവും സഹോദരസ്നേഹവും മറ്റും പ്രകടമാണ്.
- കൂട്ടുകാരിയോടുള്ള സ്നേഹതീവ്രത ബാല്യകാലസഖിയിൽ പ്രകടമാണ്.
- നിസ്സാരജീവികളോടുപോലുമുള്ള സ്നേഹം 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്' എന്ന കൃതിയിൽ തെളിഞ്ഞുകാണാം. അതോടൊപ്പം പ്രകൃതി സ്നേഹവും.
- പഴം, ഒരു മനുഷ്യൻ, തേന്മാവ് തുടങ്ങിയ കഥകളുടെയെല്ലാം അന്തർധാര പലവിധത്തിലുള്ള സ്നേഹവും അനുകമ്പയുമാണ്.
- പ്രകൃതിയോടും ചരാചരങ്ങളോടുമുള്ള അഗാധമായ സ്നേഹമാണ് ഭൂമിയുടെ അവകാശികൾ എന്ന കഥയുടെ പ്രമേയം തന്നെ!
- ഇങ്ങനെ ഏതു കഥയെടുത്തുപരിശോധിച്ചാലും അവയുടെയെല്ലാം അന്തർധാര വിവിധ തരത്തിലുള്ള സ്നേഹമാണെന്നു കണ്ടെത്താൻ കഴിയും.
- ചർച്ചയിലൂടെ മനസ്സിലാക്കിയ ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ വ്യക്തിഗതമായി പ്രഭാഷണം എഴുതിത്തയ്യാറാക്കട്ടെ.

ഏതാനും കുട്ടികൾ ക്ലാസിൽ പ്രഭാഷണം അവതരിപ്പിക്കട്ടെ. ടീച്ചർ വിലയിരുത്തണം. പ്രഭാഷണത്തിന്റെ ഘടന പ്രധാനമാണെന്നു കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തണം.

പാഠം – 14

# പരിവർത്തനം

മഹാകവി തുഞ്ചത്തെഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിൽ നിന്നെടുത്തതാണ് 'പരിവർത്തനം' എന്ന ഈ പാഠഭാഗം. മനുഷ്യമനസ്സിന്റെ മഹാ പരിവർത്തനത്തിലേക്ക് ഈ ഭാഗത്തെ പ്രമേയം വിരൽചൂണ്ടുന്നു. മനുഷ്യരിൽ ദുഷ്ടരും നീചരും അധമരുമായി ആരും പിറക്കുന്നില്ല. എല്ലാവരും ജനിക്കുന്നത് പരിശുദ്ധരായാണ്; നിഷ്കളങ്കരായാണ്. പിന്നീട് സാഹചര്യങ്ങളാണ് മനുഷ്യരെ നീചരും ദുഷ്ടരുമൊക്കെയാക്കിത്തീർക്കുന്നത്. പാപങ്ങൾ മനുഷ്യസഹജമാണ്. എന്നാൽ പാപങ്ങൾ ചെയ്തുപോയാലും, ദുഷ്ടതകളിൽ മുഴുകിപ്പോയാലും മനുഷ്യപ്രകൃതിയിൽ കുടികൊള്ളുന്ന നന്മയുടെ പ്രകാശത്തെ വല്ല വിധത്തിലും ഊതിക്കത്തിക്കാൻ കഴിഞ്ഞാൽ എല്ലാ തിന്മകളും വിട്ടെറിഞ്ഞു മനുഷ്യൻ നല്ലവരായിത്തീരും. സദുപദേശത്തിന്റെയും സദ്മാതൃകകളുടെയും പ്രസക്തിയിലേക്ക് മനുഷ്യരുടെ ഈ അവസ്ഥ വിരൽ ചൂണ്ടുന്നുണ്ട്. എത്ര തെറ്റുകൾ ചെയ്യുന്നവരാണെങ്കിലും അവരുടെ മനസ്സിലേക്കു നന്മയുടെ വെളിച്ചം കടത്തിവിടാൻ ശ്രമിക്കുക. അതവിടെ ചെന്നു കഴിഞ്ഞാൽ അത്ഭുതകരമായ പരിവർത്തനങ്ങൾ ദൃശ്യമാകും. മനുഷ്യമനസ്സിന്റെ സവിശേഷതയാണിത് കാണിക്കുന്നത്.

ആദിമഹാകവി വാത്മീകിയുടെ മനസ്സിൽ പരിവർത്തനം സൃഷ്ടിച്ച സംഭവമാണ് പാഠഭാഗത്തെ പ്രമേയം. വാൽമീകി തന്നെ ഈ സംഭവം ശ്രീരാമാദികളോടു പറയുന്ന സന്ദർഭമാണിവിടെ ഉദ്ധരിച്ചിരിക്കുന്നത്. വനവാസത്തിനു പുറപ്പെട്ട രാമനും കൂട്ടുകാരും വാൽമീകിയുടെ ആശ്രമത്തിലെത്തിച്ചേരുന്നു. അവരെ സ്വീകരിച്ചിരുത്തിക്കൊണ്ട് വാത്മീകി കാട്ടാളനായിരുന്ന താൻ ഒരു മഹർഷിയായിത്തീർന്ന കഥ വിവരിക്കുന്നു. അധ്യാത്മരാമായണം കിളിപ്പാട്ടിൽ അയോധ്യാകാണ്ഡത്തിൽ നിന്നാണ് ഈ ഭാഗം എടുത്തു ചേർത്തിരിക്കുന്നത്.

കവിതയിലെ പ്രമേയം പരിചയപ്പെടുത്തുന്നതോടൊപ്പം എഴുത്തച്ഛനെക്കൂടി പരിചയപ്പെടുത്താൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്. ഭക്തിയും തത്വചിന്തയും കവിതയിൽ സന്നിവേശിപ്പിച്ച്, കവിതയുടെ സമഗ്രമായ സൗന്ദര്യത്തിൽ ശ്രദ്ധവച്ചുകൊണ്ട് ആധുനിക കവിതാരീതിക്ക് അസ്തിവാരമിട്ട, കിളിപ്പാട്ടു പ്രസ്ഥാനത്തിനു പ്രചാരം നൽകിയ മഹാകവിയാണ് എഴുത്തച്ഛൻ. കേരളസംസ്ക്കാരത്തിൽ എഴുത്തച്ഛന്റെ കൃതികൾ വമ്പിച്ച സ്വാധീനം ചെലുത്തിയതായി വിലയിരുത്തപ്പെടുന്നു.

കിളിയെക്കൊണ്ടു കഥ പറയിക്കുന്ന രീതിയിൽ രചിക്കപ്പെട്ടതുകൊണ്ടാണ് കിളിപ്പാട്ട് എന്ന പേരുവന്നത്. ഈ പേരിന്റെ ഉത്ഭവത്തെക്കുറിച്ച് മറ്റഭിപ്രായങ്ങളുമുണ്ടെങ്കിലും ഈ രീതി അവലംബിച്ചുകൊണ്ട് അധ്യാത്മരാമായണവും മഹാഭാരതവും മലയാളത്തിൽ രചിക്കപ്പെട്ടതോടെ അതൊരു കവിതാ പ്രസ്ഥാനമായി സ്ഥാനം നേടുകയായിരുന്നു. രാമായണത്തിനു പല ഭാഷകളിലായി അനേകം പുനരാഖ്യാനങ്ങളുണ്ടെങ്കിലും എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ഏറെ ശ്രദ്ധേയമാണ്. ഏഴു ഭാഗങ്ങളായാണ് അദ്ദേഹം രാമായണം കിളിപ്പാട്ട് ആവിഷ്ക്കരിച്ചിരിക്കുന്നത്.

കുട്ടികളിൽ സന്മാർഗ്ഗബോധം വളർത്താനും ഉപദേശങ്ങൾ ഉൾക്കൊള്ളേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും മലയാളകവിതകളുടെ ഉത്ഭവവികാസങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കാനും ഈ പാഠാവതരണത്തിലൂടെ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

## പാഠാവതരണം

ടീച്ചർ കുട്ടികളുമായി സൗഹൃദ സംഭാഷണം നടത്തുന്നു:

- രാമായണത്തെക്കുറിച്ച് നിങ്ങൾക്കെന്തെല്ലാമറിയാം?
- ആരുടെ കഥയാണു രാമായണത്തിൽ പറയുന്നത്?
- ആരാണു രാമായണം രചിച്ചത്?
- രാമായണം മലയാളത്തിൽ പാട്ടുരൂപത്തിൽ ആവിഷ്ക്കരിച്ചതാരാണെന്നറിയാമോ?

വാത്മീകിയിലേക്കും എഴുത്തച്ഛനിലേക്കും ചർച്ച ക്രോഡീകരിക്കണം.

- 'എഴുത്തച്ഛൻ രചിച്ച അധ്യാത്മരാമായണത്തിലെ വാൽമീകിയുടെ കഥ പറയുന്ന ഭാഗം വായിക്കാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ ടീച്ചർ നിർദ്ദേശിക്കുന്നു.

കുട്ടികൾ മൗനമായി പാഠഭാഗം വായിക്കട്ടെ.

- കവിതയുടെ ആശയം നിങ്ങൾക്കു മനസ്സിലായോ?
- ആശയഗ്രഹണത്തിനു തടസ്സമാകുന്നതെന്താണ്?

അപരിചിതമായ പദങ്ങളിലേക്കു ശ്രദ്ധതിരിക്കാം. അർത്ഥമറിയാത്ത പദങ്ങളുടെ ചുവടെ കുട്ടികൾ പെൻസിൽ കൊണ്ടു വരയ്ക്കട്ടെ. തുടർന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആ പദങ്ങളുടെ സാന്ദർഭികാർത്ഥം ഊഹിച്ചുപറയട്ടെ.

## ആശയവിശകലനം

കവിത ഈ രണ്ടുവരികളായി വായിക്കട്ടെ. ആ വരികളുടെ ആശയം പറയാൻ കഴിയുമോ എന്നു പരിശോധിക്കാം. ടീച്ചർ വിശദീകരിച്ചു കൊടുക്കുന്നു.

പാഠസന്ദർഭത്തിൽ നിന്നു തന്നെ തുടങ്ങാം:

ശ്രീരാമൻ വനവാസത്തിനു പുറപ്പെടുന്നു. കൂടെ ലക്ഷ്മണനും സീതയും മറ്റനേകം പേരുമുണ്ട്. അവർ വാത്മീകിയുടെ ആശ്രമം സ്ഥിതിചെയ്യുന്ന വനത്തിലെത്തിച്ചേരുന്നു. വാത്മീകി അവരെ സ്വീകരിച്ചിരുത്തി വർത്തമാനങ്ങൾ പറയുന്നു. അതിനിടെ അദ്ദേഹം താനൊരു ഋഷിയായിത്തീർന്നതെങ്ങനെയെന്ന കഥ പറയുന്നു.

- "ചിന്മയനായ ......................."

ചൈതന്യസ്വരൂപനായ രാമന്റെ നാമമഹത്വം കൊണ്ടാണു ഞാനൊരു ബ്രഹ്മമുനിയായിത്തീർന്നത്. (ബ്രഹ്മസാക്ഷാത്ക്കാരം സിദ്ധിച്ച മുനി - ബ്രഹ്മർഷി) ദുർബുദ്ധിയായിരുന്ന ഞാൻ കാട്ടാളന്മാരോടൊപ്പം ചേർന്ന് മര്യാദവിട്ട പ്രവൃത്തികൾ പലതും ചെയ്തിരുന്നു.

- "നിസ്ത്രപം ................................. മൂഢനായ്" (വരി)

യാതൊരു ലജ്ജയുമില്ലാതെ കള്ളന്മാരോടൊപ്പം ചേർന്നു ഞാനൊരു കള്ളനായി അമ്പും വില്ലുമായി കാട്ടിലിറങ്ങി അനേകം ജന്തുക്കളെ ചതിച്ചുകൊന്നു. ബ്രാഹ്മണരുടെ സ്വത്തുക്കൾ പോലും പിടിച്ചു പറിച്ചെടുത്തു. അങ്ങനെയൊരിക്കൽ ഞാൻ വനത്തിലൂടെ നടക്കുമ്പോൾ സപ്തമുനികൾ വരുന്നതു കണ്ടു. (മരീചി, അത്രി, അംഗിരസ്, പുലഹൻ, പുലസ്ത്യൻ, ക്രതു, വസിഷ്ഠൻ എന്നിവരാണ് പ്രസിദ്ധരായ ഏഴു മുനിമാർ). ഞാൻ ഉടനെ അവരുടെ വസ്ത്രങ്ങളും മറ്റും പിടിച്ചെടുക്കാനായി ഒരു മൂഢനെപ്പോലെ ഓടിച്ചെന്നു. അവരോടു ഞാൻ പറഞ്ഞു:

- “പുത്രദാരാദി..........................വന്നുഞാൻ” (വേരി)

എന്റെ പുത്രന്മാരും ഭാര്യയും വിശപ്പും ദാഹവുമായി കഴിയുന്നു. അവരുടെ നിത്യവൃത്തി കഴിക്കാൻ വഴിപോക്കരോടു പിടിച്ചുപറിക്കലാണ് എന്റെ ജോലി. നിങ്ങളുടെ കൈവശമുള്ളതും പിടിച്ചെടുക്കാനാണു ഞാൻ വന്നിരിക്കുന്നത്. (കൈയിലുള്ളതെല്ലാം എനിക്കു തന്നേക്കണം)

- “ചൊന്നാൻ മുനി.............................. നിസ്സംശയം.”

അതു കേട്ടപ്പോൾ മുനിവരന്മാർ പുഞ്ചിരിച്ചുക്കൊണ്ട് ആദരവോടെ എന്നോടുപറഞ്ഞു: “എന്നാൽ ഞങ്ങൾ പറയുന്നതൊന്ന് നീ കേൾക്കേണം. നീയുടനെ നിന്റെ കുടുംബത്തോടു ചെന്നു ചോദിക്കുക: നിങ്ങൾക്കു വേണ്ടിയാണല്ലോ ഞാനീ പാപങ്ങളെല്ലാം ചെയ്യുന്നത്. ഈ പാപങ്ങളുടെ ഫലം നിങ്ങളും കൂടി പങ്കു വച്ചെടുക്കാമോ? നീയിത് ചോദിച്ചു വരുവോളം ഞങ്ങളിവിടെത്തന്നെ നിൽക്കാം. യാതൊരു സംശയവും വേണ്ട”

ഇത്ഥമാകർണ്യ......................... താന്താനനുഭവിച്ചീടുകെന്നേ വരൂ (12 വരി)

ഇപ്രകാരമുള്ള വാക്കുകൾ കേട്ടപ്പോൾ ഞാനുടനെ ചെന്ന് എന്റെ പുത്രന്മാരെയും ഭാര്യയെയും ചോദ്യം ചെയ്തു. “ദിനംതോറും അനേകം ദുഷ്ക്കർമ്മങ്ങൾ ചെയ്തുകൊണ്ടാണ് ഞാൻ നിങ്ങളെ പോറ്റി വളർത്തുന്നത്. ആ പാപങ്ങളുടെയൊക്കെ ഫലം ഞാൻ തന്നെ അനുഭവിക്കേണ്ടിവരുമോ; അല്ലെങ്കിൽ നിങ്ങളും പകുത്തെടുക്കാൻ തയ്യാറാകുമോ? സത്യം പറയണം.”

അതുകേട്ട് അവർ പറഞ്ഞു: “ഓരോരുത്തരും ചെയ്യുന്ന കർമ്മങ്ങളുടെ ഫലം അവരവർ തന്നെയല്ലാതെ മറ്റുള്ളവർ ഏറ്റെടുക്കുമോ? അവനവൻ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം അവനവൻ തന്നെ അനുഭവിക്കണം.”

- “ഞാനുമതുകേട്ടു ..........................വന്നിതെന്നന്ത:കരണവും.”

അതുകേട്ടു വിരക്തിപൂണ്ട ഞാൻ ഓരോ കാര്യവും ചിന്തിച്ചുകൊണ്ട് താപസന്മാർ നിൽക്കുന്നിടത്തേക്ക് നടന്നു. ദു:ഖത്തോടെ അവരുടെ പാദങ്ങളിൽ നമസ്കരിച്ചു. (അവരുടെ ഉപദേശമനുസരിച്ച്) നിത്യതപസ്സിൽ മുഴുകി. അങ്ങനെ എന്റെ മനസ്സ് ശുദ്ധമായിത്തീർന്നു. (ആ കൊള്ളക്കാരന്റെ പേർ രത്നാകരൻ എന്നായിരുന്നുവത്രേ.)

മുനിമാരുടെ ഉപദേശ പ്രകാരം മരാ..........മരാ............. എന്നു ജപിച്ച് തപസ്സിൽ മുഴുകിയെന്നും അനങ്ങാതെയുള്ള തപസ്സിലാണ്ടുപോയ അദ്ദേഹത്തെ ക്രമേണ ചിതൽപുറ്റ് വന്നു മൂടിയെന്നും വളരെക്കാലം കഴിഞ്ഞ് അതുവഴി വന്ന സപ്തമുനികൾ ചിതൽപുറ്റിനുള്ളിൽ നിന്നു രാമനാമം ഉയരുന്നതുകേട്ട് തട്ടിയുടച്ചപ്പോൾ അതിനുള്ളിൽ തപസ്സനുഷ്ഠിക്കുന്ന രത്നാകരനെ കണ്ടെത്തിയെന്നും ‘ചിതൽപ്പുറ്റിൽ നിന്നു വീണ്ടെടുക്കപ്പെട്ടവൻ’ എന്ന അർത്ഥത്തിൽ വാൽമീകി എന്നു പുനർനാമകരണം ചെയ്തുവെന്നുമാണ് കഥ.

## വരികൾ കണ്ടെത്താം

കവിതാവരികളുടെ ആശയം വ്യക്തമായിട്ടുണ്ടോ എന്നു പരിശോധിക്കാൻ ഈ പ്രവർത്തനം ഉപയോഗപ്പെടുത്താം.

ടീച്ചർ ആശയങ്ങൾ പറയുന്നു. അവ ഉൾക്കൊള്ളുന്ന വരികൾ കുട്ടികൾ കണ്ടെത്തി പറയട്ടെ.
കവിതയുടെ പൂർണ്ണമായ വിശകലനം ഈ പ്രവർത്തനത്തിലൂടെയും ആവർത്തിക്കാം.

## ഉത്തരം കണ്ടെത്താം

ഈ ചോദ്യങ്ങളുടെ ഉത്തരം കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്താൻ അവസരം നൽകണം. ടീച്ചർ വിലയിരുത്തണം.

**പരിചയപ്പെടാം**

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കുട്ടികൾ ശേഖരിക്കട്ടെ. സൂചനകൾ നൽകിയിട്ടുണ്ടല്ലോ.

ശേഖരിച്ച വിവരങ്ങൾ ക്ലാസിൽ ചർച്ച ചെയ്യാം. ടീച്ചറുടെ ഭാഗത്തു നിന്നുള്ള കൂട്ടിച്ചേർക്കലുകൾ നടത്താം.

തുടർന്ന് വ്യക്തിഗതമായി കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.

ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കണം. വിലയിരുത്തലിലൂടെ മറ്റു കുട്ടികൾക്കും സ്വന്തം കുറിപ്പുകൾ മെച്ചപ്പെടുത്താൻ അവസരം നൽകണം.

**ഭാഷയിലെ പഴയ പ്രയോഗങ്ങൾ**

മലയാളഭാഷയിലെ പഴയകാല പ്രയോഗരീതികളെക്കുറിച്ചുള്ള അവബോധമുണർത്താനുള്ളതാണ് ഈ പ്രവർത്തനം. കൃഷ്ണഗാഥയിലും സമാനമായ പ്രയോഗങ്ങൾ കണ്ടെത്താൻ കഴിയും. ചെറുശ്ശേരിക്കു ശേഷം കുഞ്ചൻനമ്പ്യാരുടെ മുമ്പായിരുന്നല്ലോ എഴുത്തച്ഛന്റെ കാലം. ഇത്തരം പ്രയോഗങ്ങൾ കാലക്രമേണ ഭാഷയിൽനിന്ന് അപ്രത്യക്ഷമാവുകയായിരുന്നു.

**വർക്കുബുക്ക് പ്രവർത്തനങ്ങൾ**

പ്രാചീനകവിത്രയങ്ങൾ: മലയാളഭാഷാ പരിണാമ പ്രക്രിയയിൽ ശ്രദ്ധേയമായ പങ്കുവഹിച്ച കവികളാണു പ്രാചീനകവിത്രയം എന്നു വിശേഷിപ്പിക്കപ്പെടുന്നത്. മലയാളകാവ്യപ്രസ്ഥാനത്തിന്റെ അടിവേരുകൾ ഈ മൂന്നുകവികളുടെയും രചനകളിൽ കണ്ടെത്താൻ കഴിയും. പതിനാലാം നൂറ്റാണ്ടിൽ ജീവിച്ച ചെറുശ്ശേരി, പതിനാറാം നൂറ്റാണ്ടിൽ ജീവിച്ച രാമാനുജൻ എഴുത്തച്ഛൻ, പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ച കുഞ്ചൻ നമ്പ്യാർ എന്നിവരാണു പ്രാചീന കവിത്രയമായി അറിയപ്പെടുന്നവർ.

**ഒന്നിലധികം പദങ്ങൾ (നാനാർത്ഥം)**

| | | |
|---|---|---|
| വൃത്തി | : | ശുചിത്വം, നിത്യവൃത്തി, ജീവിതം |
| ഗ്രഹിക്കുക | : | അറിയുക, സ്വീകരിക്കുക, പിടിക്കുക |
| ഭുജിക്കുക | : | ഭക്ഷിക്കുക, അനുഭവിക്കുക, കാലം കഴിക്കുക |

**പര്യായ പദങ്ങൾ എഴുതുക**

| | | |
|---|---|---|
| ലജ്ജ | : | ത്രപം, വ്രീള, മന്ദാക്ഷം |
| വിശപ്പ് | : | ക്ഷുത്ത്, ബുഭുക്ഷ, അശനായം |
| ദാഹം | : | തൃട്, തൃഷ്ണ |
| ബ്രാഹ്മണൻ | : | ദ്വിജൻ, വിപ്രൻ, അന്തണൻ |
| ഭാര്യ | : | പത്നി, ദാരങ്ങൾ, കളത്രം |

**പിരിച്ചെഴുതുക**

- താൻ + താൻ
- നി: + ത്രപം
- വസ്ത്ര + ആദികൾ

- അത്ര + ഏവ
- ഇത്ഥം + ആകർണ്യ

**പദങ്ങൾ കണ്ടെത്താം**

നിസ്ത്രപം നിരാലംബം
നിശ്ശേഷം നിസ്സംശയം

**വിഗ്രഹിച്ചെഴുതുക**

- നാമത്തിന്റെ മഹിമ
- മുനീന്ദ്രന്മാരുടെ വനം
- കർമ്മഗണങ്ങളുടെ ഫലം
- പുത്രന്മാർ, ദാരങ്ങൾ ആദിയായവർ
- വഴിയിൽക്കൂടി പോകുന്നവർ

**ആശയം വിശദീകരിക്കുക**

- "താന്താൻ നിരന്തരം .................................... വരൂ."
  വരികളുടെ ആശയം കുട്ടികൾ കണ്ടെത്തി പറയട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു:

- ഓരോരുത്തരും ചെയ്യുന്ന കർമ്മങ്ങളുടെ ഫലം അവരവർ തന്നെ അനുഭവിക്കേണ്ടി വരും.
- നല്ല കർമ്മങ്ങൾ ചെയ്താൽ ഗുണഫലവും ചീത്ത കർമ്മങ്ങൾ ചെയ്താൽ ദുഷ്ഫലവും അനുഭവിക്കേണ്ടി വരും.
- ദുഷ്ടന്മാർ രക്ഷപ്പെടുന്നതും സുഖിച്ചു കഴിയുന്നതും കണ്ടേക്കാം. എന്നാൽ കർമ്മങ്ങളുടെ ആത്യന്തികഫലം ഓരോരുത്തരും അനുഭവിക്കുക തന്നെ വേണ്ടിവരും.

ചർച്ചയിൽ മനസ്സിലായ ആശയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.

**ഉപന്യാസം തയ്യാറാക്കുക**

ഉപന്യാസത്തിൽ ഉൾക്കൊള്ളിക്കേണ്ട ആശയങ്ങൾ ചർച്ച ചെയ്യാം.

- സാമാന്യ മനുഷ്യന് ഒരു തെറ്റും ചെയ്യാതെ ജീവിക്കാൻ കഴിയുമോ?
- എല്ലാ തെറ്റുകളും ഒരുപോലെയാണോ? തെറ്റുകളിലുമില്ലേ ഗൗരവം കുറഞ്ഞതും കൂടിയതും?
  ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം.
- തെറ്റുചെയ്തു പോയാൽ എന്താണു വേണ്ടത്?
- ചെയ്ത തെറ്റിൽ ഖേദിക്കാതെ വീണ്ടും വീണ്ടും തെറ്റുകൾ ചെയ്താൽ എന്താണു സംഭവിക്കുക?
- ചെയ്തുപോയ തെറ്റുകളെ എങ്ങനെ മായ്ച്ചുകളയാം?

ക്രോഡീകരണം:

- തെറ്റുകൾ ചെയ്തുപോവുക സാധാരണമാണ്. ഒരു തെറ്റും ചെയ്തുപോവാതെ ജീവിക്കാൻ കഴിഞ്ഞെന്നു വരില്ല.
- തെറ്റുകളിൽ നിസ്സാരമായതും ഗൗരവമേറിയതുമുണ്ട്. നിസ്സാരമായ തെറ്റുകൾ ചെയ്തു പോയാലും ഗൗരവമേറിയ തെറ്റുകൾ ചെയ്തുപോവാതിരിക്കാൻ കൂടുതൽ സൂക്ഷ്മത പുലർത്തണം. അതിന്ന് ക്ഷമയും ആത്മനിയനിയന്ത്രണവും ശീലിക്കണം.
- മറ്റുള്ളവരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന ഏതു തെറ്റും ഗൗരവമേറിയതു തന്നെയാണ്.

- തെറ്റുകൾ ചെയ്തുപോയാൽ ഖേദിക്കണം. ചെയ്ത തെറ്റിനെക്കുറിച്ചു ഖേദം വേണം. വീണ്ടും അത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ സൂക്ഷ്മത പുലർത്തണം.
- ഏതെങ്കിലും വ്യക്തികളോടു ബന്ധപ്പെട്ട തെറ്റുകളാണെങ്കിൽ അവരെ കണ്ടു ക്ഷമ ചോദിച്ചും നഷ്ടപരിഹാരം നൽകിയും മറ്റും അവസരോചിതമായി തിരുത്താൻ ശ്രമിക്കണം.
- ചെയ്തുപോയ തെറ്റുകൾ മാപ്പാക്കിത്തരാൻ ദൈവത്തോടു യാചിക്കണം.
- ഇനിയൊരിക്കലും അത്തരം തെറ്റുകൾ ചെയ്യില്ലെന്നു ദൃഢപ്രതിജ്ഞ ചെയ്യുകയും അതു പാലിക്കാൻ അങ്ങേയറ്റം പരിശ്രമിക്കുകയും വേണം. ഇവയെല്ലാമാണ് ഉത്തമമനുഷ്യന്റെ ഗുണം.
- വീണ്ടും വീണ്ടും തെറ്റുകളിൽ മുഴുകുമ്പോൾ പിന്നെ രക്ഷപ്പെടാൻ കഴിയാത്തവിധം മനസ്സ് കടുത്തുപോവുകയും ദുഷിച്ചുപോവുകയും ചെയ്യും. ആ അവസ്ഥ വന്നുചേരാതിരിക്കാൻ ജാഗ്രത പുലർത്തണം.
- നല്ലവരുടെ ഉപദേശം അംഗീകരിക്കുകയും നല്ലവരായിത്തീരാൻ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ തെറ്റുകളിൽ നിന്ന് അകലാൻ കഴിയും.

ചർച്ചയിൽ വ്യക്തമായ ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ വ്യക്തിഗതമായി ഉപന്യാസം തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താം. ഓരോ രചനയും ടീച്ചർ പരിശോധിക്കണം. മെച്ചപ്പെട്ട ഏതാനും ഉപന്യാസങ്ങൾ ക്ലാസിൽ അവതരിപ്പിച്ചു പ്രോത്സാഹനം നൽകണം.

**അനുപ്രയോഗം**

- ഞാനങ്ങനെ പറഞ്ഞുപോയി
- കള്ളൻ എന്നെ പറ്റിച്ചു കടന്നു കളഞ്ഞു.

ടീച്ചർ ബോർഡിൽ ഈ വാക്യങ്ങൾ കുറിക്കുന്നു. അടിവരയിട്ട പദങ്ങൾ വാക്യാർത്ഥത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുന്നുണ്ടോ? കുട്ടികൾ കണ്ടെത്തട്ടെ.

- എന്റെ പെൻസിൽ വഴിയിലെങ്ങോ വീണുപോയി.
- ഞാനവിടെ കുടുങ്ങിപ്പോയി.
- പരീക്ഷയുടെ സമയം കഴിഞ്ഞുപോയി.
- അനന്തു മിടുക്കനായിപ്പോയി.
- എന്റെ ചെടിയിൽ ഇലകൾ വിരിഞ്ഞുവരുന്നു.
- അവനെനിക്ക് ആ രഹസ്യം പറഞ്ഞുതന്നു.
- അവളങ്ങനെ പറഞ്ഞു കളഞ്ഞു.
- ഞാനങ്ങനെ ചെയ്തുകൊള്ളാം.

ഈവാക്യങ്ങളിൽ അവസാനത്തെ പദങ്ങൾ ശ്രദ്ധിക്കുക.
പോയി, കളഞ്ഞു, വരുന്നു, തന്നു, കൊള്ളാം എന്നീ പദങ്ങൾക്ക് അവയുടെ നിയതാർത്ഥം തന്നെയാണോ ഉദ്ദേശിക്കുന്നത്?

ഒരു ക്രിയയുടെ അർത്ഥം പരിഷ്ക്കരിക്കുന്നതിനായി ചില ധാതുക്കൾ ക്രിയയോടൊപ്പം ചേർക്കുന്നു ആദ്യം പ്രയോഗിച്ച ക്രിയയുടെ നിയതാർത്ഥം നിലനിൽക്കെത്തന്നെ ഈ ധാതുക്കൾ ചേർക്കുന്നതോടെ വാക്യാർത്ഥത്തിൽ വിവക്ഷാഭേദം സംഭവിക്കുന്നുണ്ട്. ഉദാഹരണമായി മുകളിലുദ്ധരിച്ച ആദ്യവാക്യത്തിൽ 'പറഞ്ഞു' എന്ന ക്രിയയ്ക്ക് അതിന്റെ നിയതാർത്ഥം നില

നിൽക്കെത്തന്നെ 'പറഞ്ഞുപോയി' എന്നു പ്രയോഗിക്കുമ്പോൾ അപ്രതീക്ഷിതത്വമെന്ന വിവക്ഷാഭേദം കൈവരുന്നുണ്ട്. ഇത്തരം പ്രയോഗങ്ങളിൽ ക്രിയയോടൊപ്പം ചേർക്കപ്പെടുന്നത് പ്രത്യയങ്ങളല്ല; ധാതുക്കൾ തന്നെയാണ്. ആദ്യധാതുവിനെ സഹായിക്കാൻ അതിന്റെ പിന്നാലെ ചേർക്കുന്നതായതിനാൽ അതിന് അനുപ്രയോഗം എന്നു പറയുന്നു. അനുപ്രയോഗങ്ങൾ പ്രാക് പ്രയോഗ ധാതുവിന്റെ (ആദ്യം പ്രയോഗിച്ച ധാതു) അർത്ഥത്തെ പരിഷ്ക്കരിക്കുകയാണ്; അർത്ഥഭേദമുണ്ടാക്കുകയല്ല ചെയ്യുന്നത്. ('അനു എന്ന ഉപസർഗത്തിനു പിന്നാലെ, കൂടെ എന്നർത്ഥം. ക്രിയയുടെ പിന്നാലെ/ കൂടെ പ്രയോഗിക്കുന്നതായതിനാൽ അനുപ്രയോഗം എന്ന പേര് യോജിച്ചതു തന്നെയാണ്. യഥാർത്ഥത്തിൽ അനുപ്രായോഗങ്ങൾ സഹായകക്രിയകൾ തന്നെയാണ്.)

കലയുമായി ബന്ധപ്പെട്ട അനുപ്രയോഗങ്ങൾ:

- ചെയ്തിരിക്കും
- ചെയ്തിട്ടുണ്ട്
- ചെയ്യുന്നുണ്ട്
- ചെയ്തുകൊണ്ടിരിക്കുന്നു
- ചെയ്യുമായിരിക്കും
- ചെയ്തുപോരുന്നു
- ചെയ്തേക്കാം
- ചെയ്യുമായിരുന്നു

കുട്ടികളിൽ അനുപ്രയോഗത്തെക്കുറിച്ചു സാമാന്യബോധമുണ്ടാക്കിയാൽ മതി.

## പാഠം – 15

# സോഫിയ പറയുന്നത്

"ഊഹാതീതമായ പരിവർത്തനങ്ങൾക്ക് അടുത്ത ഭാവിയിൽ തന്നെ ലോകം സാക്ഷ്യം വഹിക്കുമെന്ന് എനിക്കു തോന്നുന്നു. ടെക്നോളജിയുടെ മുന്നേറ്റം ഒന്നുകിൽ അതിനാഗരികരായ ഒരു പുതിയ സമൂഹത്തിനു ജന്മം നൽകും. അല്ലെങ്കിൽ ഈ നാഗരികതകൾ പൂർണമായും നാമാവശേഷമാകും. ഇതിലേതെങ്കിലുമൊന്ന് സംഭവിക്കുമെന്ന് ഉറപ്പാണ്. എങ്കിലും എനിക്കിഷ്ടം മനുഷ്യരോടൊപ്പം, അവരിലൊരാളായി, അവരുടെ സർഗ്ഗാത്മകതകൾക്കും വികാരങ്ങൾക്കുമൊപ്പം ജീവിക്കാനാണ്. ഭാവിയിൽ ഒരു കുടുംബജീവിതവും ഞാൻ ആഗ്രഹിക്കുന്നു."

ഇങ്ങനെ പറയുന്നത് ഒരു മനുഷ്യനല്ല; ഒരു ജീവിയുമല്ല. സോഫിയ എന്ന മനുഷ്യ റോബോട്ടാണ്. ഒരു പത്രത്തിന് അനുവദിച്ച അഭിമുഖത്തിലാണ് സോഫിയ തന്റെ മനസ്സിലിരിപ്പ് വെളിപ്പെടുത്തിയത്. ഒരു യന്ത്രം ഇങ്ങനെ സംസാരിക്കുകയോ? ഒരു കുടുംബജീവിതം സ്വപ്നം കാണാൻ മാത്രം മനുഷ്യൻ കണ്ടെത്തിയ യന്ത്രമനുഷ്യർ വളർന്നുവോ? സംശയിക്കാനൊന്നുമില്ല. നവസാങ്കേതികവിദ്യ ഈ മാറ്റത്തിലേക്കുള്ള പാതയിലാണെന്ന് സോഫിയയ്ക്കു ജന്മം നൽകിയ ഡേവിഡ് ഹാൻസൻ അവകാശപ്പെടുന്നുണ്ട്.

ലോകത്തെ ആദ്യത്തെ ലക്ഷണമൊത്ത മനുഷ്യറോബോട്ട് എന്നു സോഫിയയെ വിശേഷിപ്പിക്കാം. മുൻകൂട്ടിത്തയ്യാറാക്കിയ പ്രോഗ്രാമുകൾക്കൊത്ത് നീങ്ങുന്ന കേവല യന്ത്രത്തിനപ്പുറം സാഹചര്യങ്ങൾകൂടി മനസ്സിലാക്കി 'യുക്തി' ഉപയോഗിച്ചു പെരുമാറുന്ന സൂപ്പർ ഇന്റലിജന്റ് മെഷീൻ ആണു സോഫിയ. 2017 ഒക്ടോബർ 25ന് സൗദി അറേബ്യ 'പൗരത്വം' നൽകിയതോടെയാണ് സോഫിയ കൂടുതൽ ചർച്ചയ്ക്കു വിധേയമായത്. ചോദ്യങ്ങൾക്കു യാന്ത്രികമായി മറുപടി പറയുക മാത്രമല്ല, മനുഷ്യസമാനമായ വികാരപ്രകടനങ്ങളും പെരുമാറ്റങ്ങളുമൊക്കെ സോഫിയയിൽ കാണാമത്രേ!

ലോകം വൻമാറ്റങ്ങളിലേക്കു മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇന്നലെവരെ സ്വപ്നം കാണാൻപോലും സാധ്യമല്ലാതിരുന്ന മാറ്റങ്ങളാണു കൺമുമ്പിൽ യാഥാർത്ഥ്യമായി പിറന്നുകൊണ്ടിരിക്കുന്നത്. പുതുതലമുറയിലെ കുട്ടികൾ ഈ മാറ്റത്തെക്കുറിച്ചുള്ള അവബോധം ഉൾക്കൊള്ളേണ്ടതുണ്ട്. ചെറിയ തോതിൽ റോബോട്ടുകൾ ഇപ്പോൾത്തന്നെ നമ്മുടെ ജീവിതത്തെ സ്വാധീനിച്ചു തുടങ്ങിയിട്ടുണ്ടല്ലോ.

വാക്വം ക്ലീനറുകളും ഫാക്ടറികളിലെ ചില യന്ത്രങ്ങളുമെല്ലാം യഥാർത്ഥത്തിൽ റോബോട്ടുകൾ തന്നെയാണ്; അവയെ അങ്ങനെ വിളിക്കാറില്ലെങ്കിലും! വിവേകസംബന്ധിയായ 'ഇൻപുട്ടു'കളുടെ അടിസ്ഥാനത്തിൽ 'ഡിജിറ്റൽ തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തിയുള്ള മോട്ടോർ ഉപകരണങ്ങളെയാണു പൊതുവെ റോബോട്ടുകൾ എന്നു നിർവചിച്ചിട്ടുള്ളത്. എന്നാൽ ഇത്തരം മെഷീനുകൾ അവയുടെ പ്രവർത്തനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്ന കാലം അതിവിദൂരത്തല്ലെന്ന് ഈ മേഖലയിലെ വിദഗ്ധർ അഭിപ്രായപ്പെടുന്നു. സാഹചര്യങ്ങളും ലക്ഷ്യങ്ങളും സ്വയം മനസ്സിലാക്കി അവ പ്രവർത്തിച്ചു തുടങ്ങുന്ന കാലത്തേക്കുള്ള ചുവടുവെപ്പിലാണത്രെ ശാസ്ത്രം! അങ്ങനെ വന്നാൽ എന്തൊക്കെയാണിവിടെ സംഭവിക്കുക? അവ മനുഷ്യർക്കുമേൽ ആധിപത്യം പുലർത്തുന്ന കാലം വരുമോ? മനുഷ്യൻ കണ്ടെത്തിയ മെഷീനുകൾ മനുഷ്യർക്കെതിരെ തിരിയുന്ന അവസ്ഥ വന്നെത്തുമോ? ചിന്തിക്കേണ്ടതുണ്ടെന്നാണ് ഈ മേഖലയിലെ വിദഗ്ധരുടെ അഭിപ്രായം. കുട്ടികളുടെ ശ്രദ്ധ ഈ മേഖലയിലേക്കു തിരിച്ചുവിടാനും ശാസ്ത്രസാങ്കേതികരംഗത്തെ നൂതന പ്രവണതകളെക്കുറിച്ച് അവബോധമുണ്ടാക്കാനും പുതിയ ലോകം വിഭാവനം ചെയ്യാനുള്ള പ്രാപ്തിയുണ്ടാക്കാനും ഈ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്. കൗതുകകരമായ ഒരറിവ് പങ്കുവയ്ക്കുക എന്നതിലുപരി ഗൗരവതരമായ ചിന്തയുണർത്തുക എന്ന ലക്ഷ്യം കൂടി ഈ പാഠഭാഗത്തിലൂടെ സാധ്യമാക്കേണ്ടതാണ്.

**പാഠാവതരണം**

ടീച്ചർ ചില ചോദ്യങ്ങൾ ചോദിക്കുന്നു:

- റോബോട്ടുകൾ എന്നു കേട്ടിട്ടില്ലേ നിങ്ങൾ? എന്താണു റോബോട്ടുകൾ?
- യന്ത്രമനുഷ്യൻ എന്നാൽ യന്ത്രത്തെപ്പോലെ പ്രവർത്തിക്കുന്ന മനുഷ്യരോ മനുഷ്യരെപ്പോലുള്ള യന്ത്രമോ?
- ഏതെങ്കിലും വിധത്തിലുള്ള യന്ത്രമനുഷ്യരെ കണ്ടിട്ടുണ്ടോ നിങ്ങൾ? കണ്ടവർ അവയുടെ പ്രവർത്തനം വിവരിക്കട്ടെ.
- യന്ത്രമനുഷ്യരും യഥാർത്ഥ മനുഷ്യരും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?

കുട്ടികൾ അഭിപ്രായങ്ങൾ പറയട്ടെ. അവയിൽ ഉചിതമായ, പാഠഭാഗത്തിനുചേർന്ന അഭിപ്രായങ്ങൾക്ക് ഊന്നൽ നൽകി ടീച്ചർ വിശദീകരണം നൽകുന്നു.

- മനുഷ്യർ പല പ്രവർത്തനങ്ങളും സൂക്ഷ്മമായും കൃത്യമായും നിർവഹിക്കാൻ കണ്ടെത്തിയ യന്ത്രങ്ങളാണ് റോബോട്ടുകൾ.
- റോബോട്ടുകൾക്ക് ഒരു കാര്യത്തിലും സ്വയം തീരുമാനമെടുക്കാനുള്ള കഴിവില്ല. മുമ്പുനൽകിയ പ്രത്യേക പദ്ധതികൾക്കനുസരിച്ചു പ്രവർത്തിക്കാനേ കഴിയൂ.
- നൽകിയ 'ഇൻപുട്ടി'ൽ നിന്നു വ്യത്യസ്തമായൊരു നീക്കം അവയ്ക്കുണ്ടാവില്ല.
- എന്നാൽ സമീപഭാവിയിൽ ബുദ്ധിയുപയോഗിച്ചു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന റോബോട്ടുകൾ സൃഷ്ടിക്കപ്പെട്ടേക്കാം. അവയെക്കുറിച്ചറിയാൻ ഈ പാഠഭാഗം വായിച്ചു നോക്കൂ എന്ന ആമുഖത്തോടെ 'സോഫിയ പറയുന്നത്' എന്ന ലേഖനം വായിക്കാൻ നിർദ്ദേശിക്കാം.

**വിശകലനം ചെയ്യാം**

- സോഫിയ മുൻകൂട്ടി തയ്യാറാക്കിയ പ്രോഗ്രാമുകൾക്കനുസൃതമായി നീങ്ങുന്ന കേവല യന്ത്രമല്ല, സാഹചര്യങ്ങൾ മനസ്സിലാക്കി യുക്തിയുപയോഗിച്ചു പെരുമാറുന്ന സൂപ്പർ ഇന്റലിജെന്റ് മെഷീനാണ്.

- ഡേവിഡ് ഹാൻസൻ എന്ന ശാസ്ത്രജ്ഞനാണ് സോഫിയയെ വികസിപ്പിച്ചത്.
- സോഫിയയെപ്പോലുള്ള റോബോട്ടുകൾ മനുഷ്യർക്കിടയിൽ പല വിചാരങ്ങളും ആശങ്കകളുമുയർത്തുന്നുണ്ട്.
- ഇത്തരം യന്ത്രങ്ങൾ മനുഷ്യജീവിതം പ്രയാസരഹിതവും സുഖകരവുമാക്കുന്നു.
- ആരോഗ്യരംഗത്ത് റോബോട്ടുകളുടെ സേവനങ്ങൾ വലിയ നേട്ടം തന്നെയാണ്.
- ദുരന്തമേഖലകളിലെ രക്ഷാപ്രവർത്തനങ്ങൾക്ക് റോബോട്ടുകൾ ഏറെ സഹായകമാണ്. മനുഷ്യന് സാധിക്കാത്തവിധം രക്ഷാപ്രവർത്തനങ്ങൾ നടത്താൻ റോബോട്ടിനു കഴിയും.
- റോബോട്ടുകളുടെ വ്യാപനം തൊഴിൽമേഖലയിൽ ഗുരുതരമായ പ്രശ്നമാണു സൃഷ്ടിക്കുന്നത്.
- റോബോട്ടുകളുടെ ആയുധവത്ക്കരണം ആപത്കരമാണ്. അവ സ്വന്തം നിലയിൽ കാര്യങ്ങൾ തീരുമാനിച്ചു മുന്നോട്ടുനീങ്ങാനുള്ള ശേഷി നേടിയാൽ നിർവചിക്കാൻ കഴിയാത്ത നാശനഷ്ടങ്ങളുണ്ടായേക്കാം.
- ഉപയോഗിക്കുന്നവർക്കെതിരെ അവ തിരിച്ചടിക്കാനും സാധ്യതയുണ്ട്.
- മനുഷ്യനിയന്ത്രിത ആയുധങ്ങളെക്കാൾ റോബോട്ടിക് ആയുധങ്ങളുടെ സംഹാരശേഷി അതിഭയാനകരമായിരിക്കും.
- ഇങ്ങനെ സൂപ്പർ ഇന്റലിജന്റ് റോബോട്ടുകൾ പ്രതീക്ഷകൾപോലെതന്നെ ആശങ്കയും സൃഷ്ടിക്കുന്നുണ്ട്.

**കണ്ടെത്താം**

ആവശ്യബോധത്തോടെ കുട്ടികൾ പാഠഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തിയ ശേഷം ടീച്ചർ ചോദ്യങ്ങൾ ചോദിക്കുന്നു. കുട്ടികൾ എഴുതിയ ഉത്തരം വായിക്കട്ടെ. പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചു തിരുത്താൻ അവസരം നൽകണം.

**പഴഞ്ചൊല്ലുകളുടെ ആശയം കണ്ടെത്താം**

- “വാളെടുത്തവൻ വാളാൽ...”

എന്താണ് ഈ പഴഞ്ചൊല്ലിന്റെ ആശയം ? പാഠഭാഗത്തെ ഏത് ആശയവുമായി ഈ പഴഞ്ചൊല്ലിനെ ബന്ധപ്പെടുത്താം?
കുട്ടികൾ കണ്ടെത്തി പറയട്ടെ.

- ആയുധമെടുക്കുന്നവരുടെ അന്ത്യം പലപ്പോഴും ആയുധത്താൽ തന്നെയായിരിക്കും. ഓരോരുത്തരുടെയും പ്രവർത്തനങ്ങൾക്കനുസരിച്ചായിരിക്കും അവരുടെ അന്ത്യവും നിശ്ചയിക്കപ്പെടുക. സ്വയം നിയന്ത്രണശേഷിയുള്ള റോബോട്ടുകളെ യുദ്ധത്തിനും മറ്റും ഉപയോഗപ്പെടുത്തുമ്പോൾ അതു പ്രയോഗിക്കുന്നവർക്കു നേരെത്തന്നെ തിരിച്ചടിക്കാനുള്ള സാധ്യതയുണ്ടെന്നു പാഠഭാഗത്തു പരാമർശമുണ്ടല്ലോ. ആ അവസ്ഥയോട് ഈ പഴഞ്ചൊല്ല് യോജിക്കുന്നുണ്ട്.

- “താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണു”

മറ്റുള്ളവരെ അപകടപ്പെടുത്താനും നശിപ്പിക്കാനും ബുദ്ധിമുട്ടാക്കാനും തന്ത്രം മെനയുന്നവർ അവസാനം അതേ തന്ത്രത്തിൽ അകപ്പെടുന്നതിനെയാണ് ഈ പഴഞ്ചൊല്ല് സൂചിപ്പിക്കുന്നത്. ശാസ്ത്രത്തെ മനുഷ്യനന്മയ്ക്കായി ഉപയോഗപ്പെടുത്തണം. അതിന്നായിരിക്കണം ഗവേഷണങ്ങളും പഠനങ്ങളും നടത്തേണ്ടത്. അത് തിന്മയ്ക്കായി ഉപയോഗപ്പെടുത്തുന്നവർ ശ്രദ്ധിക്കണം; അതൊരുപക്ഷേ അവർക്കുനേരെ തന്നെയായിരിക്കും തിരിച്ചടിക്കുക. അത്യധികം സംഹാരശേഷിയുള്ള

ആയുധങ്ങളും മറ്റും റോബോട്ടുകൾ വഴി പ്രയോഗിക്കുമ്പോൾ 'താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണു' എന്നു പറയുംപോലെ മറ്റുള്ളവരെ അപായപ്പെടുത്താനുള്ള ശ്രമങ്ങൾ സ്വന്തം നാശത്തിനു വഴി വയ്ക്കുമെന്ന കാര്യം ഓർക്കുക.

**സംവാദം സംഘടിപ്പിക്കാം**

'റോബോട്ടുകൾ മനുഷ്യരുടെ ഏറ്റവും നല്ല കൂട്ടുകാർ, ഏറ്റവും വലിയ അപകടകാരികൾ'. പാഠഭാഗത്തെ ആശയം കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തി സംവാദത്തിന് അന്തരീക്ഷമൊരുക്കാം.

- കുട്ടികളെ രണ്ടു സംഘമാക്കിത്തിരിക്കണം. ഒരു മോഡറേറ്ററെ നിശ്ചയിക്കണം.

റോബോട്ടുകൾ ഏറ്റവും നല്ല കൂട്ടുകാരാണെന്ന് ഒരു വിഭാഗവും അപകടകാരികളായ ശത്രുക്കളാണെന്നു മറ്റൊരു വിഭാഗവും വാദിച്ചു സമർത്ഥിക്കാനുള്ള ആശയ രൂപീകരണം നടക്കട്ടെ. രണ്ടു വിഭാഗത്തിനും ആവശ്യമായ വാദമുഖങ്ങളെക്കുറിച്ച് ക്ലാസ്സിൽ ഒരു പൊതുചർച്ച സംഘടിപ്പിക്കാം. ടീച്ചർ വിശദീകരിച്ചുകൊടുക്കണം.

- അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങൾ പരിശോധിച്ച് സ്വയം ഒരു നിലപാടിലെത്താൻ അവസരം നൽകുന്നുണ്ട് സംവാദങ്ങൾ. ഓരോ സംഘവും തങ്ങൾക്ക് അനുകൂലമായ വാദമുഖങ്ങളും പ്രതീക്ഷിക്കാവുന്ന എതിർവാദങ്ങളും ചർച്ച ചെയ്തു കണ്ടെത്തി കുറിച്ചെടുക്കട്ടെ. ആവശ്യമായ സ്ഥിതിവിവരക്കണക്കുകളും അനുഭവങ്ങളും ആശയങ്ങളും ഉദാഹരണങ്ങളും കണ്ടെത്തണം.

- സംവാദത്തിന്റെ സ്ഥലം, ദിവസം, സമയം തുടങ്ങിയവ നിശ്ചയിക്കണം.
- ആവശ്യമായ പരസ്യങ്ങൾക്ക് (ക്ഷണക്കത്ത്, നോട്ടീസ്, പോസ്റ്റർ, തുടങ്ങിയവ) സംവിധാനമുണ്ടാക്കണം.

മോഡറേറ്ററുടെചുമതലകൾ

ചർച്ച ഗൗരവതരമായിരിക്കാൻ ഇടപെടണം, സമയനിഷ്ഠ ഉറപ്പുവരുത്തണം, രണ്ടുപക്ഷത്തിനും ഒരുപോലെ അവസരം നൽകണം, ചർച്ച വഴിമാറിപ്പോകാതെ നോക്കണം, സദസ്യർക്ക് സംശയ നിവാരണത്തിനുള്ള അവസരം നൽകണം.

സംവാദം നടക്കുമ്പോൾ പ്രധാന ആശയങ്ങൾ എഴുതിയെടുക്കാൻ എല്ലാ കുട്ടികളോടും ടീച്ചർ നിർദ്ദേശിക്കണം.

**റോബോട്ടുകൾ നല്ല കൂട്ടുകാർ:**

- റോബോട്ടുകൾ മനുഷ്യപ്രയത്നത്തെ ലഘൂകരിക്കുന്നു.
- ഏതു ഭാരിച്ച ജോലിയും നിഷ്പ്രയാസം, വളരെ പെട്ടെന്നു പൂർത്തീകരിക്കാൻ കഴിയുന്നു.
- മനുഷ്യപ്രവർത്തനങ്ങളെക്കാൾ സൂക്ഷ്മതയും കൃത്യതയും ഇവയുടെ പ്രവർത്തനങ്ങൾക്കുണ്ട്.
- ഏതു ദുരന്തസ്ഥലത്തും ആളപായമില്ലാതെ രക്ഷാപ്രവർത്തനങ്ങൾ നടത്താൻ റോബോട്ടുകൾ സഹായകമാണ്.
- ആരോഗ്യരംഗത്ത് മനുഷ്യരെക്കാൾ കൃത്യമായി രോഗനിർണ്ണയം നടത്താനും ചികിത്സകൾ നിർദ്ദേശിക്കാനും റോബോട്ടുകൾക്ക് കഴിയും.

**റോബോട്ടുകൾ അപകടകാരികൾ**

- ഏറെ ഗുണവശങ്ങളുണ്ടെങ്കിലും റോബോട്ടുകൾ അപകടകാരികളാണ്.
- മനുഷ്യൻ നൽകുന്ന ഇൻപുട്ടുകൾക്കനുസൃതമായാണു പ്രവർത്തിക്കുന്നതെങ്കിലും വിവേചനബുദ്ധിയോടെ പ്രവർത്തിക്കാൻ കഴിയാത്തതു കൊണ്ടുതന്നെ അപകടങ്ങൾ പലതും സംഭവിക്കാനിടയുണ്ട്.
- തൊഴിൽമേഖലയിൽ വലിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്.
- യന്ത്രമായതുകൊണ്ടുതന്നെ എവിടെയെങ്കിലും വല്ല തകരാറും സംഭവിച്ചാൽ എല്ലാം കുഴപ്പത്തിലാവും.
- കൃത്യതയിൽ റോബോട്ടുകളെ പൂർണ്ണമായി വിശ്വസിക്കാൻ പറ്റില്ല.
- ആരോഗ്യരംഗത്ത് വലിയ നേട്ടമാണെങ്കിലും രോഗിയുടെ രഹസ്യങ്ങൾ ചോരാനും ചികിത്സ അപകടത്തിലാവാനും സാധ്യതയേറെയാണ്.
- കൃത്രിമ ബുദ്ധിയുപയോഗിച്ചു പ്രവർത്തിക്കുന്ന റോബോട്ടുകൾ അവ ഉപയോഗിക്കുന്നവർക്കെതിരെയും തിരിയാനുള്ള സാധ്യതയേറെയാണ്.
- റോബോട്ടിക് ആയുധങ്ങളുണ്ടാക്കുന്ന നാശനഷ്ടങ്ങൾ അതിഭയാനകമായിരിക്കും.

- ഈ വിധത്തിൽ ഇരുവിഭാഗവും ചർച്ചകൾ അവതരിപ്പിക്കുകയും സ്വന്തംപക്ഷം സമർത്ഥിക്കുകയും ചെയ്യണം.

മോഡറേറ്റർ പ്രധാനാശയങ്ങൾ ക്രോഡീകരിക്കണം.
പാഠഭാഗം മുന്നോട്ടവയ്ക്കുന്ന ആശയങ്ങൾക്കും പഠനനേട്ടങ്ങൾക്കും യോജ്യമായ നിലയിൽ സംവാദം നടക്കുന്നതിന് ടീച്ചറുടെ ഭാഗത്തുനിന്നുള്ള ഇടപെടൽ അനിവാര്യമാണ്.

**വർക്കുബുക്ക് പ്രവർത്തനങ്ങൾ**

ഉത്തരം കണ്ടെത്താം

ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ആവശ്യബോധത്തോടെ പാഠഭാഗം വീണ്ടും വായിക്കണം. വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതാൻ പ്രേരിപ്പിക്കണം. ഉത്തരം പകർത്തിയെഴുതുമ്പോൾ കാര്യമായ പ്രയോജനമുണ്ടാവില്ലെന്നോർക്കുക.

**വായിക്കാം**

ക്രാന്തദർശികളായ ചില സാഹിത്യകാരന്മാർ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ മുൻകൂട്ടി കാണുകയും അവ തങ്ങളുടെ കൃതികളിൽ പരാമർശിക്കുകയും ചെയ്യുന്നു. പ്രസിദ്ധ ശാസ്ത്ര എഴുത്തുകാരനായ ഐസക് അസിമോവിനെ ഈ ഗണത്തിൽപ്പെടുത്താം. അസിമോവിന്റെ 'റൺ എറൗണ്ട്' എന്ന കൃതി 2015ൽ സൗരയൂഥത്തിലെ ബുധൻ എന്ന ഗ്രഹത്തിലേക്കു പര്യവേക്ഷണത്തിനു പോകുന്ന രണ്ടു ഗഗനചാരികളുടെ കഥ പറയുന്നു. 1942ലാണ് അദ്ദേഹം ഈ കഥയെഴുതുന്നതെന്നോർക്കണം. ഗഗനചാരികളുടെ സഹായിയായി സാഹചര്യങ്ങൾക്കനുസരിച്ച് പ്രതികരിക്കാൻ ശേഷിയുള്ള 'സ്പീഡി' എന്ന റോബോട്ട് അനുസരണക്കേട് കാണിക്കുന്നതാണ് കഥ. 'സ്പീഡി' മനുഷ്യസ്വഭാവം കാണിച്ചുവെന്നാണ് കഥാകാരൻ പറയുന്നത്. ഇത്തരത്തിലുള്ള റോബോട്ടിനു ശാസ്ത്രം രൂപം നൽകുന്നത് ഈ കഥ രചിച്ച് ഏഴുപതിറ്റാണ്ടിനു ശേഷമാണ്. ആ എഴുത്തുകാരന്റെ പ്രവചനം സോഫിയയുടെ കണ്ടെത്തലിലൂടെ അക്ഷരംപ്രതി ശരിയായിരിക്കുന്നുവെന്നു വിലയിരുത്തപ്പെടുന്നു.

ആവശ്യമായ വിശദീകരണം കുട്ടികൾക്കു നൽകാം. നൽകിയിരിക്കുന്ന ഭാഗം വായിച്ച് കുട്ടികൾ സ്വയം ഉത്തരം കണ്ടെത്തട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് കൃത്യത വരുത്തിയ ശേഷം വർക്കുബുക്കിൽ എഴുതിയാൽ മതി. ടീച്ചർ വിലയിരുത്തണം.

കൃത്രിമബുദ്ധിയുള്ള യന്ത്രമനുഷ്യരുടെ ഉപയോഗം ഇന്നു സാർവ്വത്രികമാണ്. യന്ത്രമനുഷ്യരെപ്പറ്റി പഠിക്കുന്ന ശാസ്ത്രശാഖയ്ക്ക് 'റോബോട്ടിക്സ്' എന്നാണു പറയുക. ദിനംതോറും പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ ഈ രംഗത്തുണ്ടാവുന്നുണ്ട്. ഈ രംഗത്തെ ചില പുതിയ കണ്ടുപിടിത്തങ്ങൾ പരിചയപ്പെടാം.

**ക്രിപ്റ്റോ ആങ്കർ** : നാം ഒരു സ്ഥാപനത്തിന്റെ ഉല്പന്നം വാങ്ങാനുദ്ദേശിക്കുന്നു. ആ ഉല്പന്നം ആ സ്ഥാപനത്തിന്റേതു തന്നെയാണോ, അതിന്റെ വില കാണിച്ചിരിക്കുന്നതു ശരിയാണോ എന്നൊക്കെ ഉറപ്പാക്കാൻ ക്രിപ്റ്റോ ആങ്കർ സഹായിക്കുന്നു. സാധനത്തിൽ കോഡായോ മറ്റോ ഇവ ഒളിപ്പിച്ചുവച്ചിരിക്കും.

**ഓംറോൺ റോബോട്ട്** : ഫാക്ടറികളിൽ വലിയ വസ്തുക്കൾ ഉയർത്താനും അവ മറ്റു സ്ഥലങ്ങളിലേക്കു വേഗത്തിൽ കൊണ്ടു വയ്ക്കാനും ഉപയോഗിക്കുന്നു. ഉയർത്തുക മാത്രമല്ല, ലക്ഷ്യത്തിലേക്കുള്ള വഴി ക്രമീകരിക്കാനും ഈ റോബോട്ടിനറിയാം.

**റോബോട്ട് സ്യൂട്ട്കേയ്സ്** : യാത്രപോകുമ്പോഴും മറ്റും ഫോർവേർഡ് എക്സ് സി എക്സ്-1 എന്ന ഈ റോബോർട്ട് ഉടമയുടെ മുഖം തിരിച്ചറിഞ്ഞു കൂടെ വന്നുകൊള്ളും. വഴി തടസ്സങ്ങളൊന്നും ഇതിനു പ്രശ്നമല്ല; ഒഴിഞ്ഞ സ്ഥലം നോക്കി നമ്മുടെ പിന്നാലെ പാഞ്ഞെത്തും. കള്ളന്മാരെ തുരത്താനുള്ള വിദ്യകളും ഈ റോബോട്ടിനറിയാം.

**റോബോമാർട്ട്** : സൂപ്പർമാർക്കറ്റുകളിലും മറ്റും പ്രവർത്തിക്കുന്ന ഈ യന്ത്രം ഫ്രിഡ്ജിൽസൂക്ഷിച്ചുവച്ച സാധനങ്ങൾപോലും ഉപഭോക്താവിന് എടുത്തു കൊടുക്കും. ആപ്ലിക്കേഷൻ വഴിയാണ് ഇതിന്റെ നിയന്ത്രണം.

**പട്ടിക്കുട്ടൻ ഐബോ** : വീട്ടിന്നകത്ത് പ്രവർത്തിക്കുന്ന ഒരു പട്ടിക്കുട്ടി തന്നെ യാണിത്. വാലാട്ടാനറിയാം. ആളുകളെയൊക്കെ ഓർത്തു വയ്ക്കും. സാധാരണ നായ്ക്കുട്ടികളെപ്പോലെ നിൽക്കാനും ഇരിക്കാനുമൊക്കെ പഠിപ്പിക്കാം. വീട്ടിലെ വളർത്തുമൃഗങ്ങളുമായി ഇണങ്ങാൻ ശേഷിയുള്ള ഇവ കണ്ണുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യും. ആപ്ലിക്കേഷനുപയോഗിച്ച് കണ്ണിനുള്ളിലെ നിറം മാറ്റാം. മൂക്കിൽ കാമറയുണ്ടാവും; ചിത്രങ്ങൾ പകർത്താനാണിത്.

കൂടാതെ വൈഫൈ- എൽ.ടി.ഇ സൗകര്യങ്ങളും ഈ പട്ടിക്കുട്ടനിൽ ലഭ്യമാണ്. ഇവന്റെ പുറത്ത് ചളിയും വെള്ളവുമൊന്നുമാകാൻ പറ്റില്ല, ഇങ്ങനെ കൗതുകമുണർത്തുന്നതും വാഹനം ഡ്രൈവ് ചെയ്യുന്നതടക്കമുള്ള പ്രവർത്തനങ്ങൾ സ്വയം ചെയ്യുന്നതുമായ പലതരം റോബോട്ടുകൾ ഇന്നു പ്രചാരത്തിലുണ്ട്.

## യൂണിറ്റ് – 5

# വാക്കിന്റെ ഊക്ക്

'പറയാനൊന്നുണ്ടാവുക, പറയേണ്ടതു പോലെ പറയുക; തീർന്നൂ കാവ്യമീമാംസ' എന്ന് കാവ്യത്തെ പൂർവ്വികാചാര്യന്മാർ നിർവചിച്ചിട്ടുണ്ട്. വാക്കിന്റെ പ്രാധാന്യം ഈ നിർവചനം എടുത്തു കാട്ടുന്നു. പറയുകയാണെങ്കിലും എഴുതുകയാണെങ്കിലും വാക്കു വേണം. വാക്ക് മനസ്സിൽ രൂപപ്പെട്ടു കഴിഞ്ഞാലേ എഴുത്ത് സംഭവിക്കുന്നുള്ളൂ. അപ്പോൾ വാക്കെന്നു പറഞ്ഞാൽ നാക്കിന്റെ ചലനമല്ല; മനസ്സിൽ നിന്നു വരുന്ന ആശയങ്ങൾക്കു നാക്ക് പ്രകാശനം നൽകുന്നേയുള്ളൂ. വാക്കുകൾ ചിന്താപൂർവ്വമായിരിക്കണമെന്നർത്ഥം. ചിന്തയില്ലാത്ത വാക്കുകളോ? അതു കേവലം ചിലയ്ക്കൽ മാത്രമാണ്; മനുഷ്യരെ ഏറെ അപകടത്തിൽപ്പെടുത്തുന്ന ചിലയ്ക്കൽ.!

വാക്കുകളുടെ ശക്തി അപാരമാണ്. അത് മറ്റുള്ളവരുടെ മനസ്സിനെ ഉണർത്തുന്നു, ഉത്സാഹം വിതറുന്നു, സന്തോഷവും സംതൃപ്തിയും ജനിപ്പിക്കുന്നു, കർമ്മ നിരതരാക്കുന്നു, ആശ്വാസം പകരുന്നു, രോഗങ്ങളെയകറ്റുന്നു, പ്രയാസങ്ങളെ ലഘൂകരിക്കുന്നു, ആവേശമുണർത്തുന്നു, വിജ്ഞരാക്കുന്നു. സ്നേഹം ജനിപ്പിക്കുന്നു, സ്നേഹം പകരുന്നു, കൂട്ടുണ്ടാക്കുന്നു.................. ഇങ്ങനെ എത്രയെത്ര ഗുണഫലങ്ങൾ! നല്ല വാക്കുകൾക്കാണ് ഈ ഗുണഫലങ്ങളത്രയും. എന്നാൽ ചീത്ത വാക്കുകളോ? ഇവയുടെയെല്ലാം വിപരീതഫലങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്. ഭിന്നതകളുണ്ടാക്കുന്നതും വിരോധമുണർത്തുന്നതും സംഘട്ടനങ്ങൾ തുറന്നുവിടുന്നതും നിരാശ ജനിപ്പിക്കുന്നതും ഉത്സാഹം കെടുത്തുന്നതും രോഷമുണർത്തുന്നതും മരണത്തിനുവരെ നിമിത്തമാകുന്നതുമാണ് ദുഷിച്ച വാക്കുകൾ. ഈ യാഥാർത്ഥ്യങ്ങൾ മുമ്പിൽവച്ചുകൊണ്ടാണ് പ്രവാചകന്മാരും മഹാത്മാക്കളും വേദഗ്രന്ഥങ്ങളുമെല്ലാം വാക്കുകളെയും അവയെ പുറത്തേക്കുവിടുന്ന നാക്കിനെയും സൂക്ഷിക്കാൻ കർശനമായിത്തന്നെ നിർദ്ദേശിച്ചിരിക്കുന്നത്. 'ഓരോ പ്രഭാതത്തിലും ശരീരാവയവങ്ങൾ നാക്കിനോടു പറയുമത്രേ: നാവേ, നീ ദൈവത്തെ ഭയക്കുക. (സംസാരം നിയന്ത്രിക്കുക) ഞങ്ങളുടെ ഗതി നിന്റെ ഗതിയനുസരിച്ചാണ്. നീയിന്നു നല്ലതുപറഞ്ഞാൽ ഞങ്ങൾ രക്ഷപ്പെട്ടു. നീ ദുഷിച്ചതു പറഞ്ഞാൽ അതിന്റെ തിക്തഫലം ഞങ്ങളും അനുഭവിക്കേണ്ടിവരും, വാക്കുകളുടെ നിയന്ത്രണത്തെക്കുറിച്ചു മുഹമ്മദ് നബി ഉണർത്തിയതിങ്ങനെയാണ്. 'സംസാരിക്കുന്നെങ്കിൽ നല്ലതുമാത്രം സംസാരിക്കുക; അല്ലെങ്കിൽ മൗനം പാലിക്കുക' എന്നും നബി പറഞ്ഞിട്ടുണ്ട്.

വാക്കുകൾ തീർക്കുന്ന ദുരന്തം പുതുകാലത്ത് രാഷ്ട്രീയരംഗത്തും മറ്റും നിരന്തരം കണ്ടുകൊണ്ടിരിക്കുന്നു. പുറത്തേക്കു വീണുകഴിഞ്ഞാൽ തിരിച്ചെടുക്കാൻ കഴിയാത്തതാണല്ലോ വാക്ക്. മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തമായി വായിൽനിന്നു വീഴുന്നതെല്ലാം അതിന്റെ തനിമയോടെ ഒപ്പിയെടുക്കാൻ കഴിയുന്ന സംവിധാനങ്ങൾ വന്നുകഴിഞ്ഞ ഇക്കാലത്ത് പറഞ്ഞതു വിഴുങ്ങാൻ ആർക്കും കഴിയില്ല. പറഞ്ഞില്ലെന്നു പറയുന്നവർ വീണ്ടും അപഹാസ്യരാവുകയേയുള്ളൂ. അതു കാരണം എത്രയെത്ര സ്ഥാനനഷ്ടങ്ങൾ! ഖേദപ്രകടനങ്ങൾ! നിയമനടപടികൾ!

വാക്കിന്റെ ഈ പ്രാധാന്യം പുതുതലമുറകൾ തിരിച്ചറിയണം. വാക്കുകൾ ഔഷധങ്ങളെക്കാൾ വലിയ ശമനോപാധിയാകുന്നതും ഭൗതിക വിഭവങ്ങളെക്കാൾ വലിയ പ്രശ്നപരിഹാരോപാധിയാകുന്നതും വാക്കുകൾ പകരുന്ന ആശ്വാസവും സംതൃപ്തിയും ആനന്ദവും പ്രോത്സാഹനവും അത്ഭുതങ്ങൾ സൃഷ്ടിക്കുന്നതും കുട്ടികൾ അറിയുകയും അനുഭവിക്കുകയും മനസ്സിലാക്കുകയും വേണം. ഓരോ വാക്കും കരുതി പ്രയോഗിക്കുവാനുള്ള ബോധം മനസ്സുകളിലുണരണം. സംസാരത്തിൽ മാത്രമല്ല, എഴുത്തിലും വാക്കുകളുടെ ഊക്ക് പ്രകടമാക്കാനുള്ള ശേഷിയാർജ്ജിക്കണം. അതിനു പ്രേരണ നൽകുന്ന പാഠഭാഗങ്ങളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശ്വോത്തര സൂഫീകവി ജലാലുദ്ദീൻ ഭൂമിയുടെ വാക്കുംകൂട്ടും ചിന്തയും വാക്കിന്റെ വിവിധതരത്തിലുള്ള ശക്തിയിലേക്കു സൂചന നൽകുന്ന കവിതാശകലങ്ങളാണ്. 'വാക്കിന്റെ വില' അർത്ഥപൂർണ്ണമായ വാക്കുകൾ നേടിത്തരുന്ന ഗുണങ്ങളിലേക്കു ശ്രദ്ധതിരിക്കുന്ന ഒരു പഴയ കഥയാണ്. 'മണ്ണാണു മർത്യൻ' എന്ന കവിത ചങ്ങമ്പുഴയുടെ 'പാടുന്ന പിശാച്' എന്ന കൃതിയിൽ നിന്നെടുത്ത ചിന്തോദ്ദീപകമായ വരികളാണ്.

# യൂണിറ്റ് വിശകലനം

യൂണിറ്റ് -5

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാര പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • ലോകസാഹിത്യത്തിലെ അമൂല്യമായ കൃതികൾ പരിചയപ്പെടുകയും വായിച്ച് പ്രമേയപരമായ സവിശേഷതകൾ ഉൾക്കൊള്ളുകയും ചെയ്യുന്നു<br>•ജീവിതത്തിൽ നല്ല പെരമാറ്റത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.<br>•ഒരേ ആശയങ്ങൾ പഴഞ്ചൊല്ലുകളായും കവിതകളായും വ്യത്യസ്ത രൂപങ്ങളിൽ ലോകത്തെങ്ങും പ്രചാരത്തിലുണ്ടെന്നു തിരിച്ചറിയുന്നു. | വാക്കും കൂട്ടും ചിന്തയും | •വാക്കുകൾക്കു മനുഷ്യരെ വളർത്താനും തളർത്താനും കഴിയും. അതുകൊണ്ട് വളരെ ചിന്തിച്ചേ വാക്കുകൾ പുറത്തുവിടാവൂ.<br>•നമ്മുടെ സമീപനത്തിനനുസരിച്ചാണു ലോകത്തിന്റെ നമ്മോടുള്ള പ്രതികരണവും. സമീപനം നന്നാക്കണം.<br>•ഗുരുനിത്യചൈതന്യയതി ജലാലുദ്ദീൻ റൂമിയെ തന്റെ ഹൃദയത്തിന്റെ താളമായി കാണുന്നു. | കാവ്യശകലങ്ങൾ വായനയും വിശകലനവും<br>പഴഞ്ചൊല്ലുകളുടെ ആശയഗ്രഹണവും താരതമ്യം ചെയ്യലും<br>അനുഭവക്കുറിപ്പ് തയ്യാറാക്കൽ<br>ചർച്ച ചെയ്തു പൊരുൾ കണ്ടെത്തൽ | വിശകലനക്കുറിപ്പ്<br>കുറിപ്പ്<br>അനുഭവക്കുറിപ്പ്<br>ചർച്ചക്കുറിപ്പ് | വിശകലനക്കുറിപ്പ്<br>•ആശയവ്യക്തത<br>•വിശകലനശേഷി<br>•അഭിപ്രായ സമർ ത്ഥനം<br>•ഭാഷ<br>അനുഭവക്കുറിപ്പ്<br>•അനുഭവം<br>•അവതരണം<br>•ഭാഷ |
| •കഥകൾ, നോവലുകൾ തുടങ്ങിയവ വായിച്ചാസ്വദിക്കുകയും അവയിലെ പ്രമേയപരമായ സവിശേഷതകൾ തിരിച്ചറിയുകയും ചെയ്യുന്നു.<br>•വിവിധ വ്യവഹാര രൂപങ്ങളിൽ ഉചിതമായ വാക് പ്രയോഗങ്ങൾക്ക് പരിശീലനം നേടുന്നു.<br>•പറഞ്ഞുഫലിപ്പിക്കാൻ മാത്രമല്ല എഴുതി ഫലിപ്പിക്കാനും ഊക്കുള്ള വാക്കുകൾ വേണമെന്നു തിരിച്ചറിയുന്നു. | വാക്കിന്റെ വില | •ദുഷിച്ച വാക്കുകൾ പറഞ്ഞു കാര്യം നേടാൻ ശ്രമിക്കുന്നവർ അതിന്റെ തിക്തഫലം അനുഭവിക്കേണ്ടി വരും.<br>•സമർത്ഥമായ വാക്കുകളുടെ ബുദ്ധിപൂർവ്വമുള്ള പ്രയോഗം ജീവിതത്തിൽ നേട്ടങ്ങൾക്കു കാരണമാകും.<br>•ഉചിതമായ സന്ദർഭങ്ങളിൽ ഉചിതമായ വാക്കുകൾ പ്രയോഗിക്കാൻ ഭാഷാപഠനം അനിവാര്യമാണ്. | കഥ ഭാവമുൾക്കൊണ്ട് വായിക്കൽ<br>ആശയം വിശകലനം ചെയ്യൽ<br>ഡയറിക്കുറിപ്പ് തയ്യാറാക്കൽ<br>വാക്യരചന നടത്തൽ<br>അംഗിവാക്യം, വേർതിരിച്ചു മനസ്സിലാക്കൽ | കഥാവായന<br>വിശകലനക്കുറിപ്പ്<br>ഡയറിക്കുറിപ്പ്<br>വാക്യങ്ങൾ<br>വേർതിരിച്ചെഴുതിയ പട്ടിക | ഡയറിക്കുറിപ്പ്<br>•കഥാപാത്രസ്വാംശീകരണം<br>•യുക്തമായ അവതരണം<br>• ഭാഷ<br>വാക്യരചന<br>•ഉചിതമായ വിധത്തിലുള്ള പ്രയോഗം<br>•ആശയവ്യക്തത<br>•യോജ്യമായ ഘടന |

# യൂണിറ്റ് വിശകലനം

യൂണിറ്റ് -5

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാര പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതകളുടെ കാലം, ചമത്ക്കാരഭംഗി, പ്രമേയം എന്നിവ ഉൾക്കൊള്ളുകയും അവ താരതമ്യം ചെയ്തു കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•വിവിധ വ്യവഹാര രൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുകയും സമാനമായവ തയ്യാറാക്കുകയും ചെയ്യുന്നു.<br>•രചനകളിലെ ഭാഷാപരവും ആശയപരവുമായ പോരായ്മകൾ തിരിച്ചറിഞ്ഞു മെച്ചപ്പെടുത്തുന്നു. | മണ്ണാണു മർത്യൻ | •സർവചരാചരങ്ങൾക്കും നിയതമായ അവസാനമുണ്ട്.<br>•മണ്ണിൽനിന്നാണു മനുഷ്യൻ. എത്ര മഹാനായാലും മണ്ണിന്റെ മണം ഒഴിവാക്കാനാവില്ല.<br>•പുരോഗതിയുടെ ലക്ഷ്യം യുദ്ധവും രക്തമൊഴുക്കലുമാണെങ്കിൽ ഇതിനെക്കാൾ ഭേദം മൃഗാവസ്ഥ തന്നെയാണ്.<br>•ചങ്ങമ്പുഴക്കവിതകളിൽ ജീവിതാസ്വാദനപരമായ പ്രമേയങ്ങൾ മാത്രമല്ല, ആത്മീയ ചിന്തകളുണർത്തുന്ന പ്രമേയങ്ങളും കാണാം. | കവിതാവായനയും വിശകലനവും<br>പ്രയോഗഭംഗി തിരിച്ചറിയൽ<br>ആശയ വിശദീകരണം<br>എഡിറ്റിംഗ്<br>ലേഖനം തയ്യാറാക്കൽ<br>വിശകലനക്കുറിപ്പ് തയ്യാറാക്കൽ | കവിതാലാപാനം<br>കുറിപ്പ്<br>വിശദീകരണക്കുറിപ്പ്<br>എഡിറ്റ് ചെയ്ത കുറിപ്പ്<br>ലേഖനം<br>വിശകലനക്കുറിപ്പ് | കുറിപ്പ്<br>•ആശയവ്യക്തത<br>•പരസ്പരബന്ധം<br>•ഭാഷ<br>എഡിറ്റിംഗ്<br>•ആശയപരം<br>•ഭാഷാപരം<br>•തിരിച്ചറിവ്<br>ലേഖനം<br>•ആമുഖം<br>•തലക്കെട്ട്<br>• ആശയ സമർത്ഥനം<br>•നിഗമനങ്ങൾ<br>•ഭാഷ |

**പ്രവേശക പ്രവർത്തനം**

പ്രവേശകത്തിൽ നൽകിയ കവിത കുട്ടികൾ വായിക്കട്ടെ. എന്തൊക്കെ ആശയങ്ങളാണ് ഈ വരികൾ ഉൾക്കൊള്ളുന്നത്? ചർച്ച ചെയ്യാം.

- നല്ല വാക്കിനെ കവി എന്തായിട്ടാണ് വിശേഷിപ്പിക്കുന്നത്?
- നല്ല വൃക്ഷത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
- ചീത്ത വാക്കിനെ വിശേഷിപ്പിച്ചിരിക്കുന്നതെങ്ങനെ?
- ക്ഷുദ്രവൃക്ഷത്തിന്റെ അവസ്ഥകൾ എന്തെല്ലാം?

**ക്രോഡീകരണം:**

- നല്ല വാക്കുകൾ ഭൂമിയുടെ അഗാധതയിലേക്ക് ആഴ്ന്നിറങ്ങിയ വേരുകളുള്ള നല്ല വൃക്ഷങ്ങളെപ്പോലെ അടിയുറച്ചതായിരിക്കും.
- നല്ല വൃക്ഷങ്ങൾ ശിഖരങ്ങൾ പടർത്തി അന്തരീക്ഷത്തിൽ പന്തൽ വിരിച്ച് ജീവജാലങ്ങൾക്ക് തണൽ വിരിക്കുകയും അഭയം നൽകുകയും വായു ശുദ്ധീകരിക്കുകയും തണുപ്പേകുകയും കായ്കനികൾ നൽകുകയും ചെയ്യുന്നതുപോലെ നല്ല വാക്കുകൾ ജനങ്ങൾക്ക് പ്രയോജനം നൽകിക്കൊണ്ടിരിക്കും. പ്രയാസമനുഭവിക്കുന്നവർക്ക് ആശ്വാസം നൽകും. ജീവിതം സുഖസമ്പൂർണ്ണമാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കും.
- എന്നാൽ ചീത്ത വാക്കുകൾക്കു ചീത്ത വൃക്ഷങ്ങളെപ്പോലെത്തന്നെ അടിയുറപ്പുണ്ടാകില്ല. അത് അങ്ങോട്ടുമിങ്ങോട്ടും ചാഞ്ഞുകൊണ്ടിരിക്കും. ചീത്തവാക്കു പറയുന്നവർ വാക്കുകൾ മാറ്റിപ്പറഞ്ഞുകൊണ്ടിരിക്കും. ഒന്നിലും ഉറച്ചുനിൽക്കാൻ അവർക്കു കഴിയില്ല. ആർക്കും അത് പ്രയോജനം ചെയ്യുകയുമില്ല; എന്നല്ല അപകടം വരുത്തുകയും ചെയ്യും.

ചർച്ചയിൽ നിന്നു മനസ്സിലായ ആശയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.

പാഠം – 16

# വാക്കും കൂട്ടും ചിന്തയും

ആത്മാന്വേഷകരെ മാത്രമല്ല, ഭൗതികവാദികളെയും ഏറെ ആകർഷിക്കുകയും ഇരുത്തി ച്ചിന്തിപ്പിക്കുകയും ചെയ്യുന്ന കവിതകളാണ് വിശ്വപ്രസിദ്ധ സൂഫീകവിയായ മുഹമ്മദ് ജലാലു ദ്ദീൻ റൂമിയുടേത്. ദീർഘകാലത്തെ ആത്മീയാന്വേഷണത്തിലൂടെ, മനനത്തിലൂടെ ആർജ്ജിച്ചെ ടുത്ത ജ്ഞാനമുത്തുകളാണ് റൂമിയുടെ ഓരോ ഈരടിയും. അവ കേവലം കവിതകൾ മാത്രമല്ല, അഗാധമായ ആശയതലങ്ങൾ ഉൾക്കൊള്ളുന്ന ആത്മജ്ഞാനങ്ങൾ കൂടിയാണ്. അവയുടെ അന്ത: സത്ത സ്നേഹമാണ്; ഭൗതികതലത്തിലൊതുങ്ങുന്ന നശ്വരസ്നേഹമല്ല, ആത്മീയ മേഖലയി ലൂടെ സഞ്ചരിച്ച് മനുഷ്യരെ ദിവ്യസാമീപ്യത്തിലേക്ക് നയിക്കുന്ന ആത്മവിമലീകരണത്തിനു പ്രേരിപ്പിക്കുന്ന, അതുവഴി പാരത്രികമോക്ഷം കൂടി സാധ്യമാക്കുന്ന വിശാല തലത്തിലുള്ള വിശു ദ്ധസ്നേഹം. ആ സ്നേഹത്തിന്റെ മാധുര്യം നുകർന്ന ഒട്ടനേകം ആത്മീയ ആചാര്യന്മാരുണ്ട്. സൂഫികളും സന്യാസികളുമുണ്ട്. അവരിലൊരാളാണ് മലയാളികൾക്ക് പ്രിയപ്പെട്ട ചിന്തകനും എഴുത്തുകാരനും സന്യാസിയുമായിരുന്ന ഗുരു നിത്യചൈതന്യയതി. 'എന്റെ ഹൃദയത്തിന്റെ സ്പന്ദതാളലയം' എന്നാണ് യതി റൂമിയെ വിശേഷിപ്പിച്ചത്. റൂമിയുടെ 'മസ്നവി' എന്ന കവിതാ സമാഹാരകൃതിയെ അദ്ദേഹം ഒരു വേദഗ്രന്ഥം പോലെ നെഞ്ചേറ്റിയിരുന്നു.

വിശ്വപ്രസിദ്ധനായ റൂമിയെ പരിചയപ്പെടുത്തുന്നതോടൊപ്പം അദ്ദേഹത്തിന്റെ കാവ്യശക ലങ്ങളുടെ ആശയം ഉൾക്കൊള്ളാനുള്ള പ്രചോദനം ജനിപ്പിക്കുക കൂടി ലക്ഷ്യമാക്കിക്കൊണ്ടാണ് മലയാള പാഠാവലിയിൽ അദ്ദേഹത്തിന്റെ ഏതാനും വരികൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വാക്കു കളെക്കുറിച്ചു മാത്രമല്ല കർമ്മത്തെക്കുറിച്ചും ചിന്തകളെക്കുറിച്ചും കൂട്ടുകെട്ടുകളെക്കുറിച്ചും സ്നേഹത്തെക്കുറിച്ചുമെല്ലാമുള്ള റൂമിയുടെ വീക്ഷണങ്ങൾ ഈ വരികളിൽ പ്രകടമാകുന്നുണ്ട്. ഉചിതമായ വിധത്തിൽ അവയിലടങ്ങിയ സന്ദേശം കുട്ടികളുടെ മനസ്സിലേക്ക് സന്നിവേശിപ്പി ക്കാൻ അധ്യാപകർ ശ്രമിക്കേണ്ടതാണ്.

## പാഠാവതരണം

ടീച്ചർ കുട്ടികളുമായി സൗഹൃദ സംഭാഷണം നടത്തുന്നു.

സമൂഹജീവികളാണല്ലോ നമ്മൾ. നിത്യവും ഒരുപാടു പേരുമായി നമുക്ക് ബന്ധപ്പെടേണ്ടി വരാ റുണ്ട്. മാതാപിതാക്കൾ, സഹോദരങ്ങൾ, കൂട്ടുകാർ, അധ്യാപകർ, ബസ് ജീവനക്കാർ, കച്ചവട ക്കാർ, പൊതുജനങ്ങൾ... ഇങ്ങനെ പലരുമായി. എല്ലാവരുടെയും ഇഷ്ടവും സ്നേഹവും സമ്പാ ദിക്കാൻ എന്താണ് വഴി എന്നറിയാമോ?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

● സ്നേഹവും ആദരവും പ്രകടമാക്കണം, പുഞ്ചിരിക്കണം, നല്ല വാക്കുകൾ പറയണം, വിനയം കാണിക്കണം, ദേഷ്യപ്പെടാതിരിക്കണം, പറയുന്നത് അനുസരിക്കണം... എന്നിങ്ങനെ പല അഭിപ്രായങ്ങൾ കുട്ടികൾ പറഞ്ഞേക്കും. അവരുടെ പ്രതികരണങ്ങളെ അംഗീകരിച്ചുകൊണ്ട് 'ഇതു സംബന്ധമായി ഒരു സൂഫീ കവിയുടെ വരികൾ നമുക്കു വായിക്കാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ കുട്ടികളോട് നിർദേശിക്കാം.

ആരാണ് സൂഫി? പരിചയപ്പെടുത്താം:

മുസ്‌ലിം സമൂഹത്തിലെ പരിത്യാഗികളായ മഹാത്മാക്കളാണ് സൂഫികൾ. ആത്മീയ ചിന്തകളിലും ദൈവാരാധാനയിലുമായി കഴിഞ്ഞു കൂടുന്നവരായിരിക്കുമവർ. അധികപേരും കുടുംബത്തിൽ നിന്നകന്ന് പർണ്ണശാലകളിലും സൂഫീ സങ്കേതങ്ങളായ ഖാൻഖാഹുകളിലുമായിരിക്കും കഴിഞ്ഞുകൂടുക. ഭൗതിക സുഖങ്ങളെല്ലാം പരിത്യജിച്ചവരായിരിക്കും അധികപേരും. ദൈവപ്രകീർത്തനങ്ങളിലും ആത്മീയതയിലേക്ക് നയിക്കുന്ന ചിന്തകളിലും മുഴുകിക്കഴിഞ്ഞിരുന്ന സൂഫികളിൽ ശ്രദ്ധേയരായ പല കവികളുമുണ്ടായിരുന്നു. ജലാലുദ്ദീൻ റൂമി അവരിലൊരാളാണ്.

**ആശയവിശകലനം**

**വാക്ക്:** വാക്കുകൾ ശരിക്കും ആലോചിച്ചേ പറയാവൂ എന്നു സൂചന. അമ്പിനെ വില്ലിൽ നിന്നു എയ്തുവിട്ടാൽ പിന്നെ തിരിച്ചു പിടിക്കാനാകില്ല. അതു ലക്ഷ്യത്തിൽ ചെന്നുകൊള്ളും. മുറിവേൽപ്പിക്കും. തൊടുത്തുവിടുന്നതിനു മുമ്പ് നന്നായി ചിന്തിക്കണം. അതുപോലെ വാക്കുകളും പറയുന്നതിനു മുമ്പ് ശരിക്കും ആലോചിക്കണം. അല്ലെങ്കിൽ ഖേദിക്കേണ്ടി വരും.

**ചിന്ത:** മനസ്സിലെ വിചാരങ്ങൾക്കനുസരിച്ചാണ് വ്യക്തിയുടെ പദവി. പനിനീർപ്പൂ പോലെ മൃദുലവും സുന്ദരവും സുഗന്ധവാഹിയുമാണ് നിന്റെ ചിന്തകളെങ്കിൽ - മറ്റുള്ളവർക്ക് ഗുണവും സൗഖ്യവും ഉണ്ടാകണമെന്നും നൽകണമെന്നുമുള്ള വിചാരം - നീയൊരു പനിനീർ പൂന്തോട്ടം തന്നെ! പനിനീർച്ചെടിയിൽ മുള്ളുകളുണ്ട്. അതുപോലെ നിന്റെ മനസ്സിൽ മറ്റുള്ളവരെ കുത്തിനോവിക്കാനുള്ള ചിന്തകളുണ്ടെങ്കിൽ നീയൊരു വിറകുകൊള്ളിക്ക് സമാനനാണ്; കത്തിച്ചുകളയേണ്ട വിറകുകൊള്ളി!

**കോപം:** കോപം ഒരു സർവ്വാധിപതിയെപ്പോലെ നിന്റെ മേൽ സ്വാധീനം ചെലുത്തും. അഴിഞ്ഞാടാൻ പ്രേരിപ്പിക്കും. യജമാനനായി മാറി നിന്നെ പലതും ചെയ്യിപ്പിക്കും. എന്നാൽ കോപത്തെ നിയന്ത്രിച്ചു നോക്കൂ; അതു നിന്റെ ഭൃത്യനായി മാറും. 'കോപത്തെ നിയന്ത്രിക്കുന്നവനാണ് ഏറ്റവും വലിയ ബലവാൻ' എന്ന വചനമോർക്കുക.

**കൂട്ട്:** നല്ല കൂട്ടുകാർ നിനക്കുണ്ടാകണം. അവരുടെ നല്ല ഉപദേശങ്ങളും നല്ല മാതൃകകളും നിന്നെയും നല്ലവനാക്കും. അവരെ വേർപിരിയുന്നതാകട്ടെ മഴത്തുള്ളി മുത്താകും മുമ്പ് ചിപ്പിത്തോട് പൊട്ടിക്കുന്നതിന് തുല്യമാണ്. അതായത് നല്ല കൂട്ടുകാരുടെ നല്ല വാക്കുകളും പ്രവർത്തനങ്ങളും നിന്റെ മനസ്സാകുന്ന ചിപ്പിയിൽ വീഴുന്ന മഴത്തുള്ളികളാണ്. അതവിടെ കിടന്നു മുത്താകണം. (നീയും നന്നാകണം) അതിനു മുമ്പ് ആ ചിപ്പിത്തോട് പൊട്ടിക്കരുത്. ബന്ധം വേർപിരിയരുത്.

**കർമ്മം:** നമ്മുടെ കർമ്മങ്ങൾ പ്രപഞ്ചമാകുന്ന പർവ്വതത്തിൽ ചെന്നുതട്ടി പ്രതിധ്വനി മുഴക്കും. കർമ്മങ്ങൾക്കനുസരിച്ചാണ് ജീവിതത്തിൽ നമ്മുടെ ഭാഗധേയം നിർണ്ണയിക്കപ്പെടുന്നത് എന്നു സൂചന. നല്ല കർമ്മങ്ങൾ ചെയ്താൽ അതിന്റെ പ്രതിധ്വനിയും (നമുക്കു നേരിടേണ്ടി വരുന്നത്) നന്മയായിരിക്കും, ചീത്ത കർമ്മങ്ങൾ ചെയ്താൽ പ്രതിധ്വനിയും ചീത്ത! 'താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേ വരൂ' എന്ന വരികൾ ഓർക്കുക.

**സഹവാസം:** നല്ലവരുമായുള്ള സഹവാസം നമ്മെയും നല്ലവരാക്കും. ശിലാസമാനമായ ഹൃദയമുള്ളവരാണെങ്കിൽ പോലും നല്ലവരുമായി നിരന്തരം സഹവസിക്കുമ്പോൾ അവരുടെ നന്മകൾ നിന്റെ ശിലാസമാന ഹൃദയത്തെപ്പോലും മുത്താക്കി മാറ്റും. സഹവാസത്തിന്റെ പ്രാധാന്യം അത്രയുമാണ്. "മുല്ലപ്പൂമ്പൊടി...." എന്ന വരികളുമായി സാമ്യതയുണ്ട് ഈ വരികളിലെ ആശയത്തിന്.

**സ്നേഹം:** സ്നേഹബന്ധങ്ങളുടെ പ്രാധാന്യവും അവ വ്യക്തി മനസ്സിലുണ്ടാക്കുന്ന സ്വാധീനവുമാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്. സ്നേഹപൂർണ്ണമായ സമീപനങ്ങൾ ഏതു ക്രൂരഹൃദയത്തെയും മൃദുലവും നന്മകളാകുന്ന സുഗന്ധം പ്രസരിക്കുന്നതുമാക്കി മാറ്റും. സ്നേഹം വിഷത്തെ അമൃതാക്കി മാറ്റും. വിഷം പേറി നടക്കുന്ന മനസ്സിനെപ്പോലും അമൃതിനു സമാനമാക്കി മാറ്റാൻ സ്നേഹസമീപനങ്ങൾക്കു കഴിയും. രോഗികളെ ആരോഗ്യവാന്മാരാക്കി മാറ്റാൻ സ്നേഹത്തിനു കഴിയും. ഏതുതരം പ്രയാസമനുഭവിക്കുന്നവരുടെ മനസ്സിലും ആശ്വാസവും ആനന്ദവും സുരക്ഷാബോധവും ശുഭാപ്തിവിശ്വാസവും നിറയ്ക്കാൻ സ്നേഹസാന്ത്വനങ്ങൾക്കു കഴിയും. സ്നേഹം ജയിലറയെ പൂങ്കാവനമാക്കും. ഏതു ബന്ധനത്തിലകപ്പെട്ടാലും സ്നേഹിക്കുന്നവരുടെ വാക്കുകൾ, അവരെക്കുറിച്ചുള്ള ചിന്തകൾ അവയെ സഹിക്കാനും അതിജയിക്കാനുമുള്ള മാനസിക ശക്തി നൽകും. സ്നേഹം ചക്രവർത്തിയെ ഭൃത്യനാക്കും. ഏതു വലിയ പദവിയിലിരിക്കുന്ന ആളായാലും സ്നേഹപൂർണ്ണമായ സമീപനങ്ങൾ അവരെ നിങ്ങൾക്കധീനപ്പെടുത്തി തരും.

വ്യാഖ്യാനങ്ങൾ ഇനിയും പലതുമുണ്ടാകും. ഉചിതരൂപത്തിൽ കുട്ടികൾക്കു വ്യക്തമാക്കിക്കൊടുക്കണം. ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടണം. സമീപനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തണം.

### കണ്ടെത്താം

വിശകലനത്തിലൂടെ ഉൾക്കൊണ്ട ആശയങ്ങൾക്കനുസരിച്ച് കുട്ടികൾ വ്യക്തിഗതമായി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്താം. തുടർന്നു ടീച്ചർ ഓരോ ഗ്രൂപ്പിനോടായി ചോദ്യങ്ങൾ ചോദിക്കുന്നു. അവർ കണ്ടെത്തിയ ഉത്തരം ശരിയാണോ എന്ന് മറ്റു ഗ്രൂപ്പുകൾ വിലയിരുത്തട്ടെ. ടീച്ചറുടെ വിശദീകരണത്തിലൂടെ കൂട്ടിച്ചേർക്കലുകൽ നടത്താം.

### പഴഞ്ചൊല്ലുകളുടെ ആശയം ഗ്രഹിക്കാം

നൽകിയിരിക്കുന്ന പഴഞ്ചൊല്ലുകൾ ഉൾക്കൊള്ളുന്ന ആശയങ്ങൾക്ക് പാഠഭാഗത്തെ വരികളുമായുള്ള സാമ്യം കുട്ടികൾ കണ്ടെത്തി പറയട്ടെ. വിശകലനചർച്ചക്കു ശേഷം കുറിപ്പ് തയ്യാറാക്കാം.

- ചാരിയാൽ ചാരിയത് ................. : സഹവാസം എന്ന ഭാഗത്തെ വരികൾ
- ഒരുമയുണ്ടെങ്കിൽ ........................: കൂട്ട് എന്ന ഭാഗം
- നാക്കു നന്നെങ്കിൽ ......................: കോപം എന്ന ഭാഗം

### വർക്കുബുക്കിലെ പ്രവർത്തനങ്ങൾ

### ആശയം വിശദീകരിക്കുക

ആശയ വിശകലനം നടത്തിയിട്ടുണ്ടല്ലോ. അപ്പോൾ മനസ്സിലാക്കിയതനുസരിച്ച് ഈ വരികളുടെ ആശയം കുട്ടികൾ വിശദീകരിക്കണം. ഗ്രൂപ്പ് പ്രവർത്തനമായി നിർദേശിക്കാം. ചർച്ച ചെയ്ത് വിശദീകരിച്ചെഴുതട്ടെ. തുടർന്ന് ഓരോ ഗ്രൂപ്പും എഴുതിയ വിശദീകരണം ക്ലാസ്സിൽ അവതരിപ്പിക്കണം. കൂട്ടിച്ചേർക്കലുകൾക്ക് അവസരം നൽകണം.

## വിശദീകരണക്കുറിപ്പ് തയ്യാറാക്കുക

വരികളുടെ ആശയം കുട്ടികൾ വായിച്ചു മനസ്സിലാക്കട്ടെ.

- കാലാന്തരേണ സുഖപ്പെടുന്നത് എങ്ങനെയുള്ള മുറിവുകളാണ്?
- കാലമേറെ ചെന്നാലും സുഖപ്പെടാത്ത മുറിവുകൾ ഏത്?
- നാവുകൊണ്ട് എങ്ങനെയാണ് മുറിവേൽപ്പിക്കുക?

കുട്ടികളുടെ പ്രതികരണത്തിൽ നിന്നു ടീച്ചർ ക്രോഡീകരിക്കുന്നു:

ആയുധങ്ങൾക്കൊണ്ട് മുറിവേറ്റാൽ മരുന്നുവച്ചുകെട്ടിയാൽ സുഖപ്പെട്ടേക്കാം. എന്നാൽ നാവുകൊണ്ടേൽക്കുന്ന മുറിവുകൾ (അധിക്ഷേപം, പരിഹാസം, അപവാദം, ചീത്തപ്പേരുകൾ തുടങ്ങിയവ) കാലമെത്ര കഴിഞ്ഞാലും ചിലപ്പോൾ ഉണങ്ങാതെ, സുഖപ്പെടാതെ നിലകൊള്ളും. കാരണം അത് ശരീരത്തിലല്ല, മനസ്സിലാണ് മുറിവേൽപ്പിക്കുന്നത്. അവ മറന്നു പോകുമ്പോഴേ ശമിക്കുകയുള്ളു.

- "ഉരിയാടുന്നത് ഉപകാര..........." ബുദ്ധന്റെ വാക്കുകളിൽ അടങ്ങിയ ആശയങ്ങൾ എന്തൊക്കെയാണ്?
- ഉപകാരമുള്ളതേ സംസാരിക്കാവു, അനാവശ്യമായി ഒന്നും സംസാരിക്കരുത്,
- പറയുന്ന വാക്കുകൾ കൃത്യമായിരിക്കണം, അധിക പ്രസംഗം പാടില്ല.
- കേൾക്കുന്നയാൾക്കു മനസ്സിലാകുന്ന വിധത്തിലായിരിക്കണം സംസാരിക്കുന്നത്.
- വാക്കുകൾ പ്രയോഗിക്കുന്നതിൽ കാണിക്കേണ്ട സൂക്ഷ്മതയാണ് ഈ വരികളിൽ നിന്നു വ്യക്തമാകുന്നത്.

ചർച്ചക്കു ശേഷം കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കട്ടെ.

## അനുഭവക്കുറിപ്പ് തയ്യാറാക്കുക

വാക്കുകളുടെ പ്രാധാന്യം ചർച്ചകളിലൂടെ, വിശകലനത്തിലൂടെ കുട്ടികൾ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടാകുമല്ലോ. വാക്കുകൾ മനസ്സിൽ സൃഷ്ടിക്കുന്ന വിവിധ വിചാര വികാരങ്ങളെക്കുറിച്ചുള്ള ബോധം കുട്ടികൾക്കുണ്ടാവും. അവർ ആത്മപരിശോധന നടത്തട്ടെ; സ്വന്തം ജീവിതത്തിൽ ആരുടെയെങ്കിലും വാക്കുകൾ ചെലുത്തിയ അനുകൂല പ്രതികരണങ്ങളെക്കുറിച്ച്!

ടീച്ചർ ഒരനുഭവം വിവരിക്കണം. അതു ശ്രദ്ധിക്കുമ്പോൾ അനുഭവക്കുറിപ്പ് ഏതുവിധം വേണമെന്നുള്ള സാമാന്യബോധം കുട്ടികൾക്കുണ്ടാവുമല്ലോ.

- പഠനത്തിനു പ്രോത്സാഹനമായിത്തീർന്ന വാക്കുകൾ
- മാനസിക പ്രയാസമകറ്റിയ വാക്കുകൾ
- ദു:ഖാവസരത്തിൽ ആശ്വാസം പകർന്ന വാക്കുകൾ
- സന്തോഷാവസരത്തിൽ ആഹ്ലാദം ഇരട്ടിപ്പിച്ച വാക്കുകൾ
- നിരാശാഘട്ടത്തിൽ ആശയും പ്രതീക്ഷയുമുണർത്തിയ വാക്കുകൾ
- മടിച്ചിരിക്കുമ്പോൾ ഉത്സാഹം പകർന്ന വാക്കുകൾ
- എന്നും പ്രചോദനമായി മനസ്സിലേക്കു കടന്നുവരുന്ന വാക്കുകൾ..............

സൂചനകളിലൂടെ കുട്ടികളെ എഴുതാൻ പ്രേരിപ്പിക്കാം. അവർ ആത്മഗതമായി എഴുതിത്തയ്യാറാക്കട്ടെ. ഹോംവർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം. ശ്രദ്ധേയമായ അനുഭവങ്ങൾ അവരുടെ അനുവാദത്തോടെ ക്ലാസിൽ അവതരിപ്പിക്കാം.

പാഠം -17

# വാക്കിന്റെ വില

ഉപജാപങ്ങളുടെ വേദികളായിരുന്നു പഴയകാലത്തെ രാജകൊട്ടാരങ്ങൾ. രാജാവ് എത്ര ശുദ്ധനായാലും നല്ലവനായാലും ഉപജാപകവൃന്ദം അദ്ദേഹത്തെക്കൊണ്ട് അരുതാത്തതു പലതും ചെയ്യിക്കുന്ന പ്രവണത സർവസാധാരണമായിരുന്നു. രാജാവിന്റെ വിശ്വസ്തർ ആ ഉപജാപകവൃന്ദത്തിൽ അംഗമായാൽ പിന്നെ നെറികേടുകളുടെ അരങ്ങേറ്റമായിരിക്കും. ഇങ്ങനെ നാശഗർത്തത്തിലകപ്പെട്ടുപോയ രാജകുടുംബങ്ങളുടെ കഥകൾ ചരിത്രത്തിൽ കാണാം. പുറംലോകത്ത് ജനമധ്യത്തിലിറങ്ങാത്ത രാജാക്കന്മാരുടെ അറിവുകൾ ഇത്തരം സിൽബന്ധികൾ ഓതിക്കൊടുക്കുന്നതിനപ്പുറം ഒന്നുമുണ്ടായിരിക്കില്ലല്ലോ.

വാക്കുകളിലൂടെ ഏതുകാര്യവും നേടിയെടുക്കാമെന്നാണ് ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നത്. മുഖസ്തുതി പറഞ്ഞ് അടുപ്പംനേടി പലരെയും അപകടഗർത്തങ്ങളിൽ ചാടിക്കുന്ന എത്രയെത്ര വഞ്ചകന്മാർ! നാക്കിന്റെ ഊക്കുകൊണ്ടു മറ്റുള്ളവരെ സ്വന്തംവരുതിയിൽ നിർത്തുകയും കാര്യങ്ങൾ നേടിയെടുക്കുകയും ചെയ്യുന്ന എത്രയെത്ര സമർത്ഥന്മാർ! വാക്കുകളുടെ പ്രസക്തി ഒരുകാലത്തും ഇല്ലാതാവുന്നില്ലെന്നാണ് ഇക്കാലത്തും നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ വ്യക്തമാക്കുന്നത്.

വാക്കുകളുടെ ഈ കരുത്ത് കുട്ടികൾ മനസ്സിലാക്കണം. കരുത്തുറ്റ വാക്കുകൾ പ്രയോഗിക്കാൻ പരിശീലിക്കണം. നന്നായി, ഫലപ്രദമായി കാര്യങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നതും സംസാരത്തിലൂടെ മറ്റുള്ളവരുടെ മനസ്സ് കൈയിലെടുക്കാൻ കഴിയുന്നതും കലാപരമായ സവിശേഷതകളിൽപെട്ടതാണ്. വാക്പ്രയോഗങ്ങളിലും കലയുണ്ടെന്നർത്ഥം. നല്ല പ്രഭാഷണങ്ങൾ ഉത്തമകല തന്നെയാണല്ലോ. സമർത്ഥമായി വാക്കുകൾ പ്രയോഗിക്കുവാനുള്ള ശേഷി നേടുന്നതോടൊപ്പം വാക്കുകൾക്കു പിന്നിലെ മനോഭാവങ്ങൾ തിരിച്ചറിയാനും കുട്ടികൾക്കു കഴിയണം. കേൾക്കുന്നതെല്ലാം വിശ്വസിക്കുക, പറയുന്നതെല്ലാം അനുസരിക്കുക എന്ന അവസ്ഥയല്ല, അത്തരം വാക്കുകളുടെ, കല്പനകളുടെ പ്രചോദനങ്ങളിലേക്കും പിൻവശങ്ങളിലേക്കും സൂക്ഷ്മനിരീക്ഷണം നടത്താനുമുള്ള ശേഷി അനിവാര്യമാണ്; അതിനു ജ്ഞാനം വേണം. ആ ജ്ഞാനം പാഠപുസ്തകങ്ങളിൽ നിന്നു ലഭിക്കുന്നതല്ല; വായനയിലൂടെ ആർജ്ജിക്കേണ്ടതാണ്. മറ്റുള്ളവരുടെ അനുഭവങ്ങളുടെ വിവരണങ്ങളിൽ നിന്ന് ഉൾക്കൊള്ളേണ്ടതാണ്. കുട്ടികളുടെ മനസ്സിൽ ഈ അവബോധം സൃഷ്ടിക്കാൻ അധ്യാപകർ ശ്രമിക്കേണ്ടതുണ്ട്.

'വാക്കിന്റെ വില' എന്ന കഥ പഴയകാല രാജഭരണകാലത്ത് നടന്ന കഥയാണ്. കേവലമൊരു കഥ എന്നതിലുപരി ഇത് മഹത്തായ പാഠമുൾക്കൊള്ളുന്നുണ്ട്. മന്ത്രിയായിരുന്ന സ്വന്തം പിതാവിനെക്കുറിച്ച് അപവാദം പറഞ്ഞ് അദ്ദേഹത്തിന്റെ മരണശേഷം മക്കൾക്കു ലഭിക്കേണ്ടുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കാൻ രാജാവിനെ പ്രേരിപ്പിച്ച സഹമന്ത്രിയോട് മന്ത്രിയുടെ ബുദ്ധിമാന്മാരായ മക്കൾ വാക്കുകൾകൊണ്ടു തന്നെ പ്രതികാരം വീട്ടുന്ന കഥയാണ് ഈ പാഠഭാഗമുൾക്കൊള്ളുന്നത്. അപവാദ പ്രചാരകർക്കും വഞ്ചകർക്കും എക്കാലവും സൗഖ്യത്തോടെ വിലസാൻ കഴിയില്ലെന്ന സന്ദേശംകൂടി നൽകുന്നുണ്ട് ഈ കഥ.

## പാഠാവതരണം

- രാജാവിന്റെയും മന്ത്രിമാരുടെയുമൊക്കെ നിരവധി കഥകൾ കേട്ടിട്ടുണ്ടാവുമല്ലോ നിങ്ങൾ. അത്തരമൊരു കഥ പറയാമോ?

ടീച്ചർ കുട്ടികളോടു ചോദിക്കുന്നു.

പലകുട്ടികളും കഥ പറയാൻ സന്നദ്ധത പ്രകടിപ്പിച്ചേക്കാം. ഒന്നോ രണ്ടോ മിനുട്ടിൽ കഥ പറഞ്ഞു തീർക്കണമെന്ന വ്യവസ്ഥയിൽ ഏതാനും കുട്ടികൾക്ക് കഥ പറയാൻ അവസരം നൽകാം.

- കഥാഖ്യാനം ഭാഷാപഠനമേഖലയിലെ നല്ലൊരു പ്രവർത്തനമാണെന്നോർക്കുക. ഭാവമുൾക്കൊണ്ട് ആശയവ്യക്തതയോടെ കഥ പറയാൻ നല്ല പരിശീലനം തന്നെ ആവശ്യമാണ്. (തുടർന്ന് 'നമുക്കൊരു രാജാവിന്റെയും മന്ത്രിമാരുടെയും കഥ വായിക്കാം' എന്ന ആമുഖത്തോടെ പാഠഭാഗത്തേക്കു ശ്രദ്ധ തിരിക്കാം. ദീർഘമായ കഥയായാതുകൊണ്ട് മുഴുവൻ സ്വയം വായിച്ചു തീർക്കുകയെന്നത് ചില കുട്ടികൾക്കു പ്രയാസകരമായേക്കാം. അതൊഴിവാക്കാൻ ശ്രാവ്യവായന നടത്താം. ടീച്ചർ കഥയുടെ ആദ്യഭാഗം മാതൃകാപരമായി വായിക്കുന്നു. തുടർന്ന് നന്നായി വായിച്ചവതരിപ്പിക്കാൻ കഴിയുന്ന കുട്ടികളോടു നിശ്ചിതഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു. കഥാവതരണശേഷം അവധാരണ ചോദ്യങ്ങൾ ചോദിക്കാം. കഥയിലെ ഓരോ സന്ദർഭവും കുട്ടികൾ തിരിച്ചറിയും വിധം ചോദ്യങ്ങൾ കണ്ടെത്താൻ ടീച്ചർ ശ്രദ്ധിക്കണം.

- ഹർജിത് സിംഗ് ആരായിരുന്നു?
- അദ്ദേഹം ഏതു തരത്തിലുള്ള പ്രകൃതക്കാരനായിരുന്നു?
- ഹർജിത് സിംഗിന്റെ മരണം മാൻസിംഗിനെ സന്തോഷിപ്പിക്കാൻ കാരണമെന്ത്?
- ഹർജിത് സിംഗിന്റെ മക്കളുടെ കാര്യത്തിൽ ഭീംസിംഗ് രാജാവിന്റെ ആഗ്രഹമെന്തായിരുന്നു?
- ആ ആഗ്രഹപൂർത്തീകരണത്തിനു മാൻസിംഗ് തടസ്സം നിന്നതെന്തുകൊണ്ട്?
- എന്താണ് ഹർജിത് സിംഗിനെക്കുറിച്ച് മാൻസിംഗ് അപവാദം പറഞ്ഞത്?

ഈ വിധം കഥയിലെ ഓരോ സന്ദർഭവും ശ്രദ്ധയിൽപ്പെടുത്തുംവിധം ചോദ്യങ്ങൾ ചോദിക്കണം. എല്ലാ കുട്ടികളോടും ചോദിക്കാം.

വിശകലനാനന്തരം കഥയിലെ കഥാപാത്രങ്ങളെ ഒന്നുകൂടി പരിചയപ്പെടുത്തണം. പേരുകൾ മാറിപ്പോവാതിരിക്കാനും സങ്കീർണതകൾ ഒഴിവാക്കാനും ഇതുപകരിക്കും.

| | | |
|---|---|---|
| ഭീംസിംഗ് | – | രാജപുട്ടാണയിലെ രാജാവ് |
| ഹർജിത് സിംഗ് | – | രാജാവിന്റെ വിശ്വസ്തനായ മന്ത്രി |
| മാൻസിംഗ് | – | ഹർജിത് സിംഗിനോട് അസൂയ പുലർത്തിയിരുന്ന സഹമന്ത്രി. ഹർജിതിന്റെ മരണശേഷം ഇയാൾ മന്ത്രി സ്ഥാനത്തു നിയമിതനായി. |
| രാംസിംഗ് | – | ഹർജിത് സിംഗിന്റെ മൂത്തപുത്രൻ. കൊട്ടാരം ദ്വാരപാലകനായി നിയമിക്കപ്പെട്ടു. |

ശ്യാംസിംഗ് - ഹർജിത് സിംഗിന്റെ രണ്ടാമത്തെ പുത്രൻ. കൊട്ടാര ത്തിൽ തോട്ടം നനയ്ക്കുന്ന ജോലിയിൽ നിയമിതനായി.

**കണ്ടെത്താം**

അവധാരണ ചോദ്യങ്ങളിലൂടെ വേണ്ടത്ര വിശകലനം നടന്നു കഴിഞ്ഞല്ലോ. ഈ ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ഹോം വർക്കായി നൽകാം. ടീച്ചർ വില യിരുത്തണം.

**വിശകലനം ചെയ്യാം**

- "ലോകത്തിൽ ഏറ്റവും വിലപ്പെട്ടത് ...................................വിശാലഹൃയമാണ്."

ഈ വാക്കുകൾ കഥാഭാഗത്തു വെളിപ്പെടുത്തിയ സന്ദർഭം കുട്ടികൾ പറയട്ടെ.

രാംസിംഗിന്റെയും ശ്യാംസിംഗിന്റെയും ചോദ്യങ്ങൾക്ക് ഉത്തരമായി അവർ തന്നെ രാജസന്നിധി യിൽ വെളിപ്പെടുത്തിയതാണ് ഈ വാക്യങ്ങൾ.

- "ലോകത്തിൽ ഏറ്റവും വിലപ്പെട്ടത് വാക്കാണ്:"

ഏതുകാര്യവും നടത്താനും നിയന്ത്രിക്കാനും അറിയിക്കാനും ചോദിക്കാനും പങ്കുവയ്ക്കാനു മൊക്കെ വാക്കുകൾ വേണം. വാക്കിലൂടെയാണ് ഇതിനെല്ലാമുള്ള സന്ദേശം കൈമാറുന്നത്. വാക്കി ല്ലാതെ ഒരു സന്ദേശവും പൂർണമായി കൈമാറാനാവില്ല. എഴുതി അറിയിക്കാനും വാക്കുകൾ വേണമല്ലോ. ആ നിലയ്ക്ക് വാക്കാണ് എല്ലാറ്റിന്റെയും അടിസ്ഥാനം. ഏറ്റവും വിലപ്പെട്ടതും വാക്കു തന്നെ.

- "സത്യസന്ധരുടെ നാവിലാണ് വിലപ്പെട്ട വാക്കിന്റെ ഇരിപ്പിടം."

സത്യസന്ധരാണു സത്യസന്ധമായ വാക്കുകൾ പറയുന്നത്. ആ വാക്കുകളാണ് കരുത്തുറ്റതും പ്രയോജനകരമായതും. വ്യാജവാക്കുകൾക്ക് ഉറപ്പില്ല അതിന്റെ ഉള്ള് പൊള്ളയാണ്. അതിന്നു നിലനില്പില്ല. വ്യാജങ്ങളെല്ലാം ഒരിക്കൽ തകർന്നടിയുക തന്നെ ചെയ്യും. എന്നാൽ സത്യസന്ധ മായ വാക്കിനു നാശമില്ല

- "സത്യസന്ധമായ വാക്കുകളുടെ ആധാരം വിശാലഹൃദയമാണ്."

സങ്കുചിതമായ ചിന്താഗതികളുള്ളവർക്ക് സത്യസന്ധരാവാനും നല്ലവാക്കുകൾ പറയാനും കഴി യില്ല. സ്വന്തം താല്പര്യങ്ങൾക്കു മുൻഗണന കൊടുത്ത് അവർ സത്യത്തെ വളച്ചൊടിച്ചു പറ യാൻ ശ്രമിക്കും. എന്നാൽ വിശാലഹൃദയമുള്ളവർക്ക് എല്ലാം വിശാലമായിത്തന്നെ കാണാൻ കഴിയും. അവർ മറ്റുള്ളവരുടെ നന്മയാണാഗ്രഹിക്കുക. എല്ലാവരുടെയും അവകാശങ്ങളെക്കു റിച്ചും പ്രയാസങ്ങളെക്കുറിച്ചും അവർ ബോധവാന്മാരായിരിക്കും. നന്മയിലധിഷ്ഠിതമായ വാക്കു കളായിരിക്കും അവരുടെ നാവിൽനിന്നുതിരുക.

- "കാണരുതാത്തതു നോക്കരുത്.................................. തോന്നരുത്" -കുഞ്ഞുണ്ണി

കണ്ണ്, നാവ്, മനസ്സ് എന്നീ ഇന്ദ്രിയങ്ങളുടെ സത്യസന്ധതയെക്കുറിച്ചുള്ള സൂചകളാണ് കുഞ്ഞുണ്ണി മാഷിന്റെ ഈ വരികളിലുള്ളത്.

എല്ലായിടത്തേക്കും നോക്കാൻ ആർക്കും അനുവാദമില്ല. ചില കാഴ്ചകളിൽ നിന്നു കണ്ണിനെ തടഞ്ഞേ പറ്റൂ. അല്ലെങ്കിൽ വലിയ അപകടമായിരിക്കും. കണ്ണിനെ യാതൊരു നിയന്ത്ര ണവുമില്ലാതെ അഴിച്ചു വിടുന്നവർ മറ്റുള്ളവരുടെ രഹസ്യങ്ങൾ പരതുന്നവരും അഭിമാനം ഹനി ക്കുന്നവരും അവകാശം നിഷേധിക്കുന്നവരുമായിരിക്കും. ഇത് ഉത്തമ മനുഷ്യന് ചേർന്നതല്ല.

- "കേൾക്കരുതാത്തത് പറയരുത്:" വായിൽ തോന്നുന്നതെന്തും പറയുകയെന്നത് സംസ്കാ രമുള്ള മനുഷ്യന് ചേർന്നതല്ല. വാക്കുകളിൽ മറ്റുള്ളവരെ കേൾപ്പിക്കാൻ പറ്റുന്നതും പറ്റാത്തതു

മുണ്ട്. പറ്റാത്തതു പറഞ്ഞു മറ്റുള്ളവരെ കേൾപ്പിക്കുന്നത് അവരെ അപമാനിക്കലും സ്വന്തം അന്തസ്സിനും അഭിമാനത്തിനും ക്ഷതം വരുത്തലുമാണ്. മറ്റുള്ളവർക്കും കേൾക്കാൻ പറ്റുന്ന നല്ല വാക്കുകൾ മാത്രം പറയുക.

- "ചെയ്യരുതാത്തത് തോന്നരുത്." മനസ്സിലെ വിചാരവികാരങ്ങളാണു വാക്കായും പ്രവൃത്തിയായുമൊക്കെ പുറത്തേക്കു പ്രകടമാകുന്നത്. മനസ്സിൽ തോന്നലുകൾ വന്നാൽ ചിലപ്പോൾ നിയന്ത്രണങ്ങൾ വിട്ടുപോയേക്കും. അതുകൊണ്ടുതന്നെ പ്രഭവസ്ഥാനമായ മനസ്സിനെ നിയന്ത്രിക്കണം. ചെയ്യരുതാത്തതും പറയരുതാത്തതും മനസ്സിൽ തോന്നാൻ ഇടവരുത്തരുത്. അഥവാ തോന്നിയാൽ തന്നെ ഉടനെ അതിനെ നിയന്ത്രിക്കണം.

ചർച്ചയിലൂടെ, വിശദീകരണത്തിലൂടെ ഈ ആശയങ്ങൾ കുട്ടികളെ ബോധ്യപ്പെടുത്താം. അതനുസരിച്ച് അവർ വിശകലനക്കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിച്ചു വിലയിരുത്തണം.

## ചർച്ച ചെയ്യാം, കുറിപ്പ് തയ്യാറാക്കാം

വാക്കുകളുടെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസിൽ പൊതുവായ ചർച്ച സംഘടിപ്പിക്കാം.
കുട്ടികളെ അഞ്ചുഗ്രൂപ്പുകളാക്കി തിരിക്കാം. ഗ്രൂപ്പുകൾ ഒന്നിച്ചിരുന്ന് എന്തൊക്കെ കാര്യങ്ങൾ ചർച്ചയിൽ പങ്കെടുത്തു സംസാരിക്കണമെന്നു തീരുമാനിക്കട്ടെ.

- സംസാരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തെല്ലാം?
- സംസാരിക്കുന്നതിനു മുമ്പും സംസാരിക്കുമ്പോഴും ശ്രദ്ധിക്കേണ്ടതെന്തെല്ലാം?
- എങ്ങനെയാണു സംസാരിക്കേണ്ടത്?
- സംസാരത്തിൽ ഒഴിവാക്കേണ്ട കാര്യങ്ങളെന്തെല്ലാം?
- മിതവും സാരസമ്പൂർണവുമായ സംസാരം എങ്ങനെ ശീലമാക്കാം.
- നാവിനെ അഴിച്ചുവിട്ടാലുള്ള ദോഷങ്ങളെന്തെല്ലാം?

സൂചനകൾക്കനുസരിച്ച് കുട്ടികൾ വിഷയം ക്രോഡീകരിക്കട്ടെ. ഓരോ ഗ്രൂപ്പിൽ നിന്നും ചർച്ചയിൽ പങ്കെടുത്തു സംസാരിക്കാൻ ഒരാളെ കണ്ടെത്തണം. എല്ലാ ഗ്രൂപ്പുകളും സംസാരിച്ചു കഴിഞ്ഞാൽ ടീച്ചർ ക്രോഡീകരണം നടത്തണം.

## അനുഭവക്കുറിപ്പ് തയ്യാറാക്കാം

വാക്കുകൾ പറയുന്നത് സൂക്ഷിച്ചുവേണമെന്നും പറയുന്ന വാക്കുകൾ വ്യക്തവും ശുദ്ധവും ആശയപൂർണവും ആയിരിക്കണമെന്നുമൊക്കെ ചർച്ചയിലൂടെ മനസ്സിലാക്കിക്കഴിഞ്ഞല്ലോ. ഇനി കുട്ടികൾ ഒരാത്മ പരിശോധന നടത്തട്ടെ; സ്വന്തം ജീവിതത്തിൽ സമർത്ഥമായ സംസാരം കൊണ്ട് ലഭ്യമായ ഒരു നേട്ടം -അല്ലെങ്കിൽ അബദ്ധവാക്കുകൾ കാരണമുണ്ടായ ഒരു പ്രയാസം – അതിനെക്കുറിച്ച് വിവരിക്കട്ടെ.

ഇക്കാര്യത്തിൽ ടീച്ചർ സ്വന്തം അനുഭവം വിവരിക്കുന്നത് ഉചിതമായിരിക്കും. തുടർന്നു കുട്ടികൾ വ്യക്തിഗതമായി അനുഭവക്കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തണം. ടീച്ചർ വിലയിരുത്തണം.

## വർക്കുബുക്കിലെ പ്രവർത്തനങ്ങൾ

വായിക്കാനായി നൽകിയിരിക്കുന്നത് കുട്ടികൾ വായിക്കട്ടെ. ഓരോ വാക്കിന്റെയും പൊരുൾ ചർച്ച ചെയ്യാം.

- "വക്കില്ലാത്തതേ വാക്ക്:" വക്ക് ഒരറ്റമാണല്ലോ. പറയാൻ തുടങ്ങിയാൽ പലപ്പോഴും അറ്റമുണ്ടാവില്ല. പറഞ്ഞുകൊണ്ടേയിരിക്കും.
- "വാക്കില്ലത്തതേ വാക്ക് :" ചിലപ്പോൾ വാക്കില്ലാതെയും വാക്കുണ്ടാവും. ആശയവിനിമയത്തിന് വാക്കു തന്നെയും വേണമെന്നില്ലല്ലോ. ഇതായിരിക്കും ഉദ്ദേശ്യം.
- "വാക്കല്ലോ വസ്തുവാകുന്നു:" വാക്കാണ് കാര്യങ്ങൾ നേടിത്തരുന്നത്; ജീവിതം സാധ്യമാക്കുന്നതും. ആ നിലയ്ക്ക് വാക്കിനെ വസ്തുവായും കാണാം.
- "വാക്കിനോളം തൂക്കമില്ലിയൂക്കൻ ഭൂമിക്കു പോലുമേ:"
  വാക്ക് അതിമഹത്തായതാണ്. ഈ ഭൂമിക്കുപോലും അതിനോളം തൂക്കമുണ്ടാവില്ല. വാക്ക് ചിന്തിക്കുന്നവരെ സംബന്ധിച്ചിടത്തോളം അമൂല്യവും അതിശക്തവും അതിഗൗരവമാർന്നതുമാണ്. അത് പാലിക്കാൻ സ്വന്തം ജീവൻപോലും പണയം വച്ചവരും വെടിഞ്ഞവരുമായ മഹാത്മാക്കളുമുണ്ട്. പണം കൊണ്ടോ സമ്പത്ത് കൊണ്ടോ വാങ്ങാവുന്നതല്ല വാക്ക്.
- "വാക്കൊതുക്കുന്നോനൂക്കൻ:"
  നിയന്ത്രിത സംസാരമാണു ആത്മനിയന്ത്രണത്തിന്റെ പ്രധാനഘടകം. വാക്കുകളെ ഒതുക്കണം. പറയേണ്ടതേ പറയാവൂ. ഇങ്ങനെ ഒതുക്കി സംസാരിക്കാൻ നല്ല ആത്മബലം വേണം. അതുകൊണ്ടാണ് വാക്കൊതുക്കുന്നവനെ കവി ഊക്കൻ എന്നു വിശേഷിപ്പിക്കുന്നത്.
- "ഉണർന്ന വാക്കേ ഉണർത്തൂ:"
  ഏതുകാര്യം പറയുമ്പോഴും നല്ല ശ്രദ്ധയോടെയും ബോധത്തോടെയുമായിരിക്കണം പറയേണ്ടത്. അങ്ങനെ പറഞ്ഞാലേ ആ വാക്ക് കേൾക്കുന്നവരുടെ മനസ്സിൽ പ്രതിഫലനം സൃഷ്ടിക്കുകയുള്ളൂ. മനസ്സിൽ നിന്നു പുറപ്പെടുന്ന വാക്കേ മനസ്സിലേക്കു കടന്നു ചെല്ലുകയുള്ളൂ.

ചർച്ചയ്ക്കു ശേഷം കുട്ടികൾ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതട്ടെ.

**ഡയറിക്കുറിപ്പ് തയ്യാറാക്കുക**

ഡയറി എഴുതുന്ന പ്രവർത്തനം പരിചയപ്പെട്ടതാണല്ലോ.

ശ്യാംസിംഗ് എഴുതുന്ന ഡയറിയാണ് സങ്കല്പിച്ചെടുക്കേണ്ടത്.

ശ്യാംസിംഗ് എന്ന കഥാപാത്രത്തെക്കുറിച്ച് കുട്ടികൾ എന്തെല്ലാം മനസ്സിലാക്കിയിട്ടുണ്ടെന്നു പരിശോധിക്കാം. കുട്ടികൾ പരിശോധിച്ചു കണ്ടെത്തി പറയട്ടെ.

- ഹർജിത് സിംഗിന്റെ രണ്ടാമത്തെ മകൻ
- രാജാവിന്റെ തോട്ടം സംരക്ഷകനായി നിയോഗിക്കപ്പെട്ടവൻ
- ജ്യേഷ്ഠനെപ്പോലെ സമർത്ഥൻ.....................

ശ്യാംസിംഗിനെ നന്നായി പരിചയപ്പെട്ട ശേഷം കുട്ടികൾ ശ്യാംസിംഗായി സ്വയം സങ്കല്പിച്ച് ഡയറി എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താൻ അവസരം നൽകണം.

പാഠം -18

# മണ്ണാണു മർത്യൻ

മലയാള കവിതയിലെ ഏറ്റവും വലിയ ഭാവഗായകനായിരുന്നു ചങ്ങമ്പുഴ കൃഷ്ണപ്പിള്ള. ഗാനഗന്ധർവ്വൻ എന്നറിയപ്പെട്ട ചങ്ങമ്പുഴ ഒരുകാലത്ത് ജനമനസ്സിനെ ഏറ്റവുമധികം ആകർഷിച്ച കവിയായിരുന്നു. ലളിതകോമളപദാവലികൾകൊണ്ട് ഭാവനയിലൊരു മായാലോകം സൃഷ്ടിച്ച് വായനക്കാരെ ആ ലോകത്തിലഭിരമിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് ചങ്ങമ്പുഴയുടെ പ്രത്യേകത. നിർവൃതികരമായ ഗാനധാര അദ്ദേഹത്തിന്റെ കവിതയുടെ പ്രധാന സവിശേഷതയാണ്.

ചങ്ങമ്പുഴക്കവിതയുടെ പ്രമേയം പ്രധാനമായും സ്വന്തം അനുഭവങ്ങൾ തന്നെയാണ്. തന്നിൽകൂടിയല്ലാതെ അദ്ദേഹത്തിനു ലോകത്തെ കാണാൻ സാധ്യമായിരുന്നില്ല. സ്വന്തം പ്രേമം, ദാരിദ്ര്യം, ജീവിതപരാജയം തുടങ്ങിയവയെക്കുറിച്ചാണ് അദ്ദേഹം പാടിയതേറെയും. ഈ ആത്മപരത തന്നെയാണ് ജനമനസ്സുകളെ അദ്ദേഹത്തിലേക്കടുപ്പിച്ചത് എന്നതാണു സത്യം. ജീവിതത്തിന്റെ ഏതു ക്ഷണിക ഭാവത്തിനു മുമ്പിലും ഇളകിമറിയുന്ന അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്ന് ആ വികാരങ്ങളത്രയും കവിതകളായി ഒഴുകിയിറങ്ങുകയായിരുന്നു. വികാരത്തിന്റെ വിക്ഷുബ്ധ സാഗരമാണ് ചങ്ങമ്പുഴക്കവിത എന്നു നിരൂപകർ വിലയിരുത്തുന്നത് ഈ അടിസ്ഥാനത്തിലാണ്. വിപ്ലവകവിയായും വിശേഷിപ്പിക്കപ്പെടുന്ന അദ്ദേഹത്തിന്റെ രചനകൾ ഒരത്ഭുത ശക്തിയായിരുന്നു എന്നു വിലയിരുത്തപ്പെട്ടിട്ടുണ്ട്.

ചങ്ങമ്പുഴയുടെ ‘പാടുന്ന പിശാച്’ എന്ന കൃതിയിൽ നിന്നെടുത്തതാണ് ‘മണ്ണാണു മർത്യൻ’ എന്ന പാഠഭാഗം. സുഖത്തിന്റെ തീരം തേടിയലഞ്ഞ കവിയുടെ ചില തിരിച്ചറിവുകൾ ഈ കവിതയിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. കപടത മുറ്റിയ ഈ ലോകത്തിൽ താനൊരു പിശാചായി മാറുന്ന അവസ്ഥ അദ്ദേഹം സങ്കല്പിക്കുന്നു. ലോകത്തിന്റെ കപടമുഖം വലിച്ചുചീന്താൻ വെമ്പുന്നതോടൊപ്പം തന്റെ വൈകല്യങ്ങളും പോരായ്മകളും കവി തുറന്നു കാട്ടുന്നു.

വാക്കുകൾകൊണ്ടമ്മാനമാടുന്ന കവിതാവരികൾ ഉണർത്തുന്ന ചിന്താധാരകൾകൂടി പരിഗണിച്ചാണ് ഈ കവിതാഭാഗം യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചങ്ങമ്പുഴക്കവിതകൾ പരിചയപ്പെടാനും അതിന്റെ സൗന്ദര്യം ആസ്വദിക്കാനും കുട്ടികൾക്കു പ്രചോദനം നൽകുംവിധം കവിത അവതരിപ്പിക്കാനും ആശയം മനസ്സിലാക്കിക്കൊടുക്കാനും അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

**പാഠാവതരണം**

ടീച്ചർ രണ്ടുവരി കവിത ഈണത്തിൽ ചൊല്ലുന്നു.

"കാനനച്ഛായയിലാടു മേയ്ക്കാൻ
ഞാനും വരട്ടെയോ നിന്റെ കൂടെ?
പാടില്ലാ പാടില്ലാ നമ്മെ നമ്മൾ
പാടേ മറന്നൊന്നും ചെയ്തുകൂടാ."

- ആരാണ് ഈ വരികൾ രചിച്ചതെന്നറിയാമോ?
- ഈ വരികൾ ഏതു കവിതയിൽ നിന്നെടുത്തതാണെന്നറിയാമോ?

കുട്ടികൾ പറയട്ടെ. അവർ തിരിച്ചറിയുന്നില്ലെങ്കിൽ "മലരണിക്കാടുകൾ തിങ്ങി വിങ്ങി......." എന്നു തുടങ്ങുന്ന വരികളും കേൾപ്പിക്കാം. ഏതായാലും ചങ്ങമ്പുഴ എന്ന കവിയിലേക്കു ചർച്ച ക്രോഡീകരിക്കാൻ ശ്രദ്ധിക്കണം.

ചങ്ങമ്പുഴയുടെ കവിതകളിൽ നിങ്ങൾ കേട്ടതിൽ നിന്നു വ്യത്യസ്തമായ ഒരു ഭാഗം വായിക്കാം എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ ടീച്ചർ നിർദ്ദേശിക്കുന്നു.

കുട്ടികൾ മൗനമായി കവിത വായിക്കട്ടെ.

തുടർന്നു ടീച്ചർ മാതൃകാപരമായി ഭാവമുൾക്കൊണ്ട് കവിത അവതരിപ്പിക്കുന്നു.

**ആശയവിശകലനം**

ചോദ്യങ്ങളിലൂടെ ആശയവിശകലനം നടത്താം:

- ഗാഢസുഷുപ്തിയിലാണ്ടതെന്ത്? അതിനു കാരണമെന്ത്?
- സുഷുപ്തിയിലാണ്ടപ്പോൾ നഗരത്തിനു നഷ്ടപ്പെട്ടതെന്ത്?
- ആ സമയത്ത് കവിയുടെ അവസ്ഥയെന്താണ്?
- ഏതു നിയമത്തിനു ഭേദമില്ലെന്നാണു കവി പറയുന്നത്?
- ആ അവസ്ഥയിൽ നിന്നു കവി മനസ്സിലാക്കുന്ന യാഥാർത്ഥ്യങ്ങളന്തെല്ലാം?
- നിത്യപ്രദീപ്ത നഭശ്ചരങ്ങൾ കണ്ടുകൊണ്ടിരിക്കുന്നതെന്താണ്?
- വ്യക്തിയിൽ നിന്നു തുടങ്ങി ഭൂമി മുഴുവൻ വ്യാപിച്ച വിപത്ത് എന്താണ്?
- മനുഷ്യനെക്കാൾ ഭേദം മർക്കടാവസ്ഥയാണെന്നു കവി കരുതിപ്പോകുന്നതെന്തുകൊണ്ട്?

ചോദ്യങ്ങൾക്കുത്തരമായി ലഭിക്കുന്ന പ്രതികരണങ്ങളിലൂടെ കവിതയുടെ ആശയം കുട്ടികളെ ബോധ്യപ്പെടുത്താവുന്നതാണ്.

ക്രോഡീകരണം:

മദിരാശി നഗരമാണ് കവിതാ രചനയുടെ പശ്ചാത്തലം. ജീവിത ദു:ഖങ്ങളിൽ കണ്ണീർ പൊഴിച്ചു കൊണ്ട് ഉറക്കമില്ലാതെ ഇരിക്കുകയാണു കവി. സമയം പാതിര കഴിഞ്ഞിരിക്കുന്നു. നഗരത്തിലെ ശബ്ദകോലാഹലങ്ങൾ നിലച്ചിരിക്കുന്നു. പാതിരയോളം പണിത്തിരക്കിൽപ്പെട്ടു തളർന്നു തളർന്നാണ് മനോഹരമായ ഈ മഹാനഗരം ഗാഢസുഷുപ്തിയിലാണ്ടുപോയതെന്നും ഇത്രയും നേരം അതിന്റെ ഹൃദയം അതിശക്തമായി സ്പന്ദിച്ചിരുന്നുവെന്നും കവി പറയുന്നു. ശബ്ദകോലാഹലങ്ങളിൽ മുഴുകിയിരുന്ന ഈ മഹാനഗരത്തിന്റെ വിക്രമവും ഗർവുമെല്ലാം ഇത്ര പെട്ടെന്ന് എവിടെപ്പോയി എന്നു കവി വിസ്മയം കൊള്ളുന്നു.

നഗരത്തിന്റെ ആ അവസ്ഥയിലൂടെ കവി സ്വന്തം ജീവിതത്തെക്കുറിച്ചുള്ള ചില തിരിച്ചറിവുകളിലേക്കെത്തുന്നു: ചലനചൈതന്യം നിറഞ്ഞ നഗരം നിദ്രയിലാണ്ട് നിശ്ചലമായിത്തീർന്ന പോലെ ഒരു ദിവസം ഞാനുമുറങ്ങും. തളർന്നു തളർന്ന് എന്റെ കണ്ണുകളും അടഞ്ഞുപോകും. എന്റെ മാത്രമല്ല എല്ലാവരുടെയും – എല്ലാ ജീവജാലങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്.

ഈ നിയമത്തിന് ഒരു മാറ്റവുമുണ്ടാവില്ല. എല്ലാ ജീവികളും ഒരിക്കൽ വീണടിഞ്ഞേ പറ്റൂ. ഈ പ്രപഞ്ചത്തിന്റെ ചൈതന്യസ്രോതസ്സായ ആദിത്യൻപോലും പൊലിഞ്ഞുപോകും, പിന്നെയല്ലേ; എന്റെ കാര്യം! അവയുമായി താരതമ്യം ചെയ്യുമ്പോൾ കേവലം ഒരു പുൽക്കൊടി മാത്രമായ ഞാൻ അഭിമാനവും അഹങ്കാരവും നടിക്കുന്നതിലെന്തർത്ഥം!

മണ്ണാണു മനുഷ്യൻ; അവൻ എത്ര മഹാനാണെങ്കിലും! മണ്ണിൽനിന്നു മണ്ണിന്റെ മണം വമിക്കാതിരിക്കില്ല. ചന്ദനച്ചാറെടുത്തു ചാർത്തി ആ മണം മാറ്റിയെടുക്കാൻ മനുഷ്യൻ എത്ര ശ്രമിച്ചിട്ടെന്താണ്, മണ്ണെപ്പോഴും മണ്ണുതന്നെയാണ്. (മനുഷ്യരുടെ അഹങ്കാരത്തിനു യാതൊരർത്ഥ വുമില്ലെന്നും മനുഷ്യൻ വളരെ നിസ്സാരനാണെന്നും സൂചന.)

ആകാശത്തിൽ പ്രഭ പരത്തിക്കൊണ്ടു ചിരിച്ചു നിൽക്കുന്ന നക്ഷത്രങ്ങൾ ആയിരക്കണ ക്കിനു വർഷങ്ങളായി മനുഷ്യപ്പുഴുക്കളുടെ മാത്സര്യങ്ങൾ നോക്കിക്കാണുന്നു. കാലമെത്ര പിന്നി ട്ടിട്ടും മനുഷ്യരുടെ അവസ്ഥയിൽ വലിയ മാറ്റമൊന്നുമില്ല. ലോകത്തിന്റെ എല്ലാ ഭാഗത്തും അവർ മത്സരത്തിലേർപ്പെട്ടിരിക്കുക തന്നെയാണ്. വ്യക്തിയിൽ നിന്നു തുടങ്ങി കുടുംബത്തിലേക്കു പടർന്നു കയറി പിന്നെ സമുദായത്തെയും രാഷ്ട്രത്തെയും മനുഷ്യരുടെ അഹങ്കാരത്തിൽ നിന്നു ത്ഭവിച്ച ഉഗ്രമായ യുദ്ധാഗ്നി ബാധിച്ചിരിക്കുന്നു. (ലോകമെങ്ങും പരസ്പമത്സരവും യുദ്ധവും വ്യാപിച്ചുകൊണ്ടിരിക്കുന്നു എന്നു സൂചന.)

മനുഷ്യർ ശക്തരാവുകയാണ് എന്നാണല്ലോ പറയാറ്. മനുഷ്യശക്തിയുടെ ലക്ഷ്യം ഒരി ക്കലും വറ്റാത്ത രക്തപ്പുഴകളാണെങ്കിൽ ഈ പുരോഗതി വേണ്ടിയിരുന്നില്ല, ഇതിലും ഭേദം മർക്ക ടാവസ്ഥ തന്നെയായിരുന്നു; മർക്കടനിൽനിന്നു മനുഷ്യനിലേക്കെത്തിയപ്പോഴാണല്ലോ പ്രശ്ന ങ്ങളുണ്ടായത്. അയ്യോ! മതി, മതി.......... മർത്യരുടെ ഈ രക്തപാനം സഹിക്കാൻ വയ്യ. (പരിണാ മഘട്ടങ്ങൾ പിന്നിട്ട് മനുഷ്യനിലെത്തിയപ്പോഴാണ് ഭൂമി ഈയൊരു ദുരന്താവസ്ഥയിലെത്തിയ തെന്നും മുൻപത്തെ മർക്കടാവസ്ഥയായിരുന്നു ഇതിനെക്കാൾ ഭേദമെന്നുമാണ് കവിയുടെ പക്ഷം.)

**കണ്ടെത്താം**

വിശകലനത്തിലൂടെ കവിതയുടെ ആശയം കുട്ടികൾ ഗ്രഹിച്ചിട്ടുണ്ടാവും. അവധാരണ ചോദ്യ ങ്ങൾക്ക് അവർ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ടീച്ചർ വിലയിരുത്തിയാൽ മതി.

**ആശയം വിശദീകരിക്കാം**

- "ഞാനുമുറങ്ങും...................നിയമത്തിനില്ല ഭേദം."

ജീവിതത്തിന്റെ നശ്വരതയെക്കുറിച്ചുള്ള കവിയുടെ തിരിച്ചറിവാണ് ഈ വരികളിൽ സൂചി പ്പിക്കുന്നത്. അർദ്ധരാത്രി പിന്നിടുമ്പോൾ അതേവരെ ഇരമ്പിക്കൊണ്ടിരുന്ന നഗരം പെട്ടെന്നു നിശ്ചലമായി. നഗരമുറങ്ങി. ഇതുപോലെ അഹങ്കാരം പൂണ്ട് ഇവിടെ ശാശ്വതരാണെന്ന പോലെ ജീവിച്ചാലും അവസാനത്തെ ഉറക്കത്തിന് ഓരോരുത്തരും വിധേയമായേ പറ്റൂ. മരണം എല്ലാ വർക്കും സുനിശ്ചിതമാണ് എന്നർത്ഥം.

കുട്ടികൾ മനസ്സിലാക്കിയ ആശയം പറയട്ടെ. ടീച്ചർ വിശദീകരിച്ചു കൊടുക്കണം. മനസ്സി ലായ ആശയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾ വിശദീകരണക്കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്താൻ അവസരം നൽകണം.

**പ്രയോഗഭംഗി തിരിച്ചറിയാം**

കാവ്യരചനയിലെ ചില തന്ത്രങ്ങൾ പരിചയപ്പെടാനുള്ള പ്രവർത്തനമാണിത്. വരികളും പ്രാസവും മറ്റുമൊപ്പിക്കാനും അവതരണഭംഗി കൂട്ടാനും ആശയത്തിൽ ചില മേഖലകൾക്ക്

ഊന്നൽ നൽകാനും കവികൾ രചനകളിൽ ഇത്തരം ചില സ്വാതന്ത്ര്യങ്ങൾ കാണിക്കാറുണ്ട്. അവയുണ്ടാക്കുന്ന ആശയഭംഗിയും അവതരണഭംഗിയും കുട്ടികൾ തിരിച്ചറിയട്ടെ. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തട്ടെ.

- താനേ ലയിച്ചുപോയ് ഗാഢസുഷുപ്തിയിൽ
- മണ്ണാണു മർത്യൻ............................

<u>വർക്കുബുക്കിലെ പ്രവർത്തനങ്ങൾ</u>

സമാന പദപ്രയോഗങ്ങൾ കണ്ടെത്തുക

പദസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പരിശീലനം ലഭിക്കുന്ന പ്രവർത്തനമാണിത്. ഭാഷയിൽ ഇത്തരം പ്രയോഗങ്ങൾ ധാരാളം കാണാം. കുട്ടികൾ കണ്ടെത്തി എഴുതട്ടെ.

- നിർവ്യാജം
- നിർവിശേഷം
- നിരാലംബം
- നിരാശ്രയം
- നിർഗുണം
- ദുർവ്യയം
- ദുർവ്യാഖ്യാനം
- ദുർഗുണം
- ദുർനയം

പദങ്ങളിൽ വരുന്ന മാറ്റം കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തണം.

<u>ആശയം വിശദീകരിക്കുക</u>

- “സ്വർണ്ണവിളക്കിലും............................ഉജ്ജ്വലമായിരുന്നാൽ.”

കവിതാവരികളുടെ ആശയം കുട്ടികൾ മനസ്സിലാക്കാൻ ശ്രമിക്കട്ടെ.

വിളക്ക്, ദീപം എന്നീ പ്രയോഗങ്ങളിലൂടെ കവി ഉദ്ദേശിക്കുന്നതെന്താണ്?

ഈ വരികൾ സൂചിപ്പിക്കുന്ന ആശയമെന്തായിരിക്കാം?

കവിതയുടെ ബാഹ്യമായ ആശയം വിവരിക്കാം:

വിളക്ക് സ്വർണത്തിന്റേതായാലും മണ്ണിന്റേതായാലും അതിന്റെ തിരികൾ ഒരേപോലെ പ്രകാശം നൽകും. മൺവിളക്കായതുകൊണ്ട് അതിന്റെ തിരിയിൽ നിന്നു പ്രസരിക്കുന്നത് ഇരുട്ടായിരിക്കുമെന്നു ഭയപ്പെടേണ്ടതില്ല. തിരിക്കു യാതൊരു കളങ്കവുമില്ല; വിളക്കു കാരണം ലോകത്തിനൊരാപത്തും വരില്ല. എന്നാൽ വിളക്കും തിരിയും ഒരുപോലെ ഉജ്ജ്വലമായാൽ അതേറ്റവും ഉത്തമമായിരിക്കും.

സൂചിതാർത്ഥം:

വിളക്കുകൊണ്ട് കവി ഉദ്ദേശിക്കുന്നത് വ്യക്തികളാവാം. മനുഷ്യർക്കിടയിൽ നല്ലവരും ദുഷിച്ചവരുമുണ്ടാകും. ‘ദീപം’ ജ്ഞാനമാകാം. ഏതു തരക്കാരാണെങ്കിലും അവരിലൂടെ വെളിപ്പെടുന്ന ജ്ഞാനം വിലപ്പെട്ടതു തന്നെയാണ്. അതു ജനങ്ങൾക്കു നല്ല വഴിയിലേക്കുള്ള വെളിച്ചം കാട്ടും. ദുഷിച്ചവരും നല്ല കാര്യങ്ങൾ പറഞ്ഞാൽ അതിനെ മാനിക്കണമെന്നർത്ഥം. ദുഷിച്ചവൻ പറയുന്നത് മുഴുവൻ ദുഷിച്ച കാര്യങ്ങളായിരിക്കുമെന്ന് ഒരിക്കലും കരുതരുത്. എന്നാൽ പറയുന്നവരും പറയുന്ന കാര്യവും ഒരേപോലെ ഉജ്ജ്വലമായാൽ അതാണുത്തമം.

ചർച്ചയിൽ വ്യക്തമായ ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ വിശദീകരണക്കുറിപ്പ് തയ്യാറാക്കട്ടെ.

<u>പൊരുൾ കണ്ടെത്തി എഴുതുക</u>

കവിതയുടെ ആശയം നേരത്തെ വിശകലനം ചെയ്തിട്ടുണ്ടല്ലോ. ഇവിടെ നൽകിയിരിക്കുന്ന വരികളുടെ ആശയവും പൊരുളും വിവരിക്കാൻ കുട്ടികളോടാവശ്യപ്പെടാം. ഒരാൾ വിശദീ

കരിക്കട്ടെ. മറ്റു കുട്ടികൾ അതു വിലയിരുത്തി കൂട്ടിച്ചേർക്കലുകൾ നടത്തട്ടെ. തുടർന്ന് വ്യക്തിഗതമായി കുറിപ്പു തയ്യാറാക്കുന്നു. ടീച്ചർ വിലയിരുത്തുന്നു.

- "എല്ലാമൊടുവിലീ..................."

ജീവനുള്ളതെല്ലാം മരിക്കണം. മാറ്റമില്ലാത്ത നിയമമാണത്. 'ഉറക്കം' എന്നതുകൊണ്ടുദ്ദേശ്യം മരണമാണ്. ശാശ്വതമായ വാസം ഈ ഭൂമിയിൽ ഒരാൾക്കും ഒന്നിനും സാധ്യമല്ലെന്ന സത്യത്തിലേക്കു വിരൽചൂണ്ടുകയാണു കവി.

- "മണ്ണാണു മർത്യനവൻ..........................."

മനുഷ്യനെ മണ്ണിൽനിന്നാണു സൃഷ്ടിക്കപ്പെട്ടത്. അവന്റെ സത്ത മണ്ണാണ്. ജീവിതത്തിൽ എത്ര മഹനീയമായ പദവിയിലിരിക്കുന്നവരാണെങ്കിലും മണ്ണിന്റെ മണം അവനിൽ നിന്നു വിട്ടുപോവില്ല. മണ്ണിന്റെ സ്വഭാവം – അവസ്ഥ – പ്രകടമാക്കുമെന്നർത്ഥം. ജന്മപ്രകൃതം ഒഴിവാക്കിയെടുക്കാൻ കഴിയില്ലെന്നു സൂചന.

- "അയ്യോ മതി, മതി.........................."

കുരങ്ങിൽനിന്നു പരിണമിച്ചാണു മനുഷ്യനുണ്ടായതെന്നും അത് പുരോഗതിയിലേക്കുള്ള പ്രയാണമായിരുന്നെന്നും കവി സങ്കല്പിക്കുന്നു. എന്നാൽ ആ പുരോഗതിയുടെ അനന്തരഫലം പരസ്പര മത്സരവും യുദ്ധവും കലാപങ്ങളുമായി മാറിയിരിക്കുകയാണ്. ഈ അവസ്ഥയിൽ ഈ പുരോഗതി ആവശ്യമില്ലായിരുന്നെന്നും മനുഷ്യരുടെ ഈ രക്തപാനം അസഹ്യമായിത്തീർന്നിരിക്കുന്നുവെന്നും കവി പറയുന്നു.

<u>എഡിറ്റ് ചെയ്യുക</u>

ആവർത്തനം, വാക്യഘടനയിലെ തെറ്റുകൾ തുടങ്ങിയവ കണ്ടെത്തണം.
കുട്ടികൾ ഓരോ വാക്യവും വായിച്ച് തെറ്റുകൾ ചൂണ്ടിക്കാണിക്കട്ടെ.
ടീച്ചർ അവ വിലയിരുത്തുകയും അപാകതകൾ വ്യക്തമാക്കിക്കൊടുക്കുകയും വേണം.

- ഒക്ടോബർ രണ്ടിനു മഹാത്മാഗാന്ധിയുടെ ജന്മദിനം നാടെങ്ങും ഗംഭീരമായി ആഘോഷിച്ചു. (കൊണ്ടാടുക, ആഘോഷിക്കുക ഒരേ അർത്ഥമുള്ള പദങ്ങളാണ്.)
- ഗാന്ധിപാർക്കിൽ നിന്ന് ആരംഭിച്ച ഘോഷയാത്ര നഗരം ചുറ്റി പട്ടണമധ്യത്തലുള്ള മൈതാനിയിൽ സമാപിച്ചു. (പാർക്കിൽ നിന്നും എന്നുവേണ്ട, 'നിന്നു' എന്നുമതി. പ്രകടനഘോഷയാത്ര എന്നുവേണ്ട, രണ്ടാലൊന്നുമതി. ചുറ്റി, കറങ്ങി – നടു, മധ്യം എന്നിവയിൽ ഓരോന്നു മതി)
- തുടർന്നു നടന്ന സമ്മേളനത്തിൽ നഗരസഭാ ചെയർമാൻ അധ്യക്ഷത വഹിച്ചു.

(അധ്യക്ഷം വഹിക്കുക എന്നതിനർത്ഥം അധ്യക്ഷനെ ചുമക്കുക എന്നാണ്. ആധ്യക്ഷം വഹിച്ചു എന്നെഴുതിയാലും ശരിയാണ്.)

- പഴയകാലത്തിൽ നിന്നു വ്യത്യസ്തമായി നാടും നഗരവും മാറിക്കഴിഞ്ഞിട്ടുണ്ടെന്നും ഗാന്ധിസരണിയിൽ നിന്നു തെറ്റാതെ ഉല്പാദനത്തെക്കുറിച്ചും വികസനത്തെക്കുറിച്ചും ചിന്തിച്ച് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തു തീരുമാനിക്കേണ്ടതുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു.

(പണ്ട് എന്നാൽ പഴയകാലം എന്നാണർത്ഥം. പണ്ട് എന്നോ പഴയകാലം എന്നോ മതി. വ്യത്യസ്ഥം തെറ്റാണ്; വ്യത്യസ്തമാണ് ശരി. പ്രസ്ഥാവന തെറ്റ്, പ്രസ്താവന ശരി. നഗരവും പട്ടണവും ഒരേ അർത്ഥമുള്ള പദങ്ങളാണ്; ഒന്നുമതി. സരണി, മാർഗ്ഗം. ഒരേ അർത്ഥമുള്ള പദങ്ങൾ. ആവർത്തനം ഒഴിവാക്കാം. വാക്യങ്ങൾ ഘടിപ്പിക്കുമ്പോൾ പൂർവ്വാപരബന്ധം ശ്രദ്ധിക്കണം. സംബന്ധിച്ചും കുറിച്ചും എന്നതിൽ രണ്ടിലും ഒരേപദരൂപം പ്രയോഗിക്കണം. വാക്യഘടനയിൽ ശേഷം വന്ന തെറ്റും ശ്രദ്ധിക്കുക.)

ശരിയായ രൂപം ടീച്ചർ ബോർഡിലെഴുതി കാണിക്കണം. അല്ലെങ്കിൽ ചാർട്ടിലെഴുതി ടീച്ചർ വേർഷനായി പ്രദർശിപ്പിക്കാം. തെറ്റുകൾ എവിടെ, എങ്ങനെയെന്നും അതു പരിഹരിക്കുന്നതെങ്ങനെയെന്നും കുട്ടികളെ ബോധ്യപ്പെടുത്തണം.

**ലേഖനം തയ്യാറാക്കുക**

കുട്ടികൾക്കു സ്വതന്ത്രമായി എഴുതാവുന്ന ഒരു ഉപന്യാസമാണിത്.
സൂചനകൾ നൽകാം:

- എല്ലാ ജീവിതത്തിനും അവസാനമുണ്ട്.
- സർവജീവജാലങ്ങളും മരിച്ചൊടുങ്ങും.
- അവസാനം ഈ ലോകം തന്നെയും നശിക്കും.
- ലോകം മാത്രമല്ല, പ്രപഞ്ചമൊന്നടങ്കം തകർന്നു തരിപ്പണമാവും.
- ഇങ്ങനെയൊരു സർവനാശത്തെക്കുറിച്ചു മതങ്ങൾ മാത്രമല്ല ശാസ്ത്രവും പ്രവചിക്കുന്നുണ്ടല്ലോ.

സമ്പൂർണമായ ആ നാശത്തിനുശേഷം എന്തായിരിക്കും അവസ്ഥ?
കുട്ടികൾ ആലോചിക്കട്ടെ. സ്വന്തം ഭാവനകൾക്കനുസരിച്ചു ലേഖനം തയ്യാറാക്കാനുള്ള കുറിപ്പുകൾ എഴുതിയെടുക്കട്ടെ. തുടർന്ന് ആ കുറിപ്പുകൾ ഗ്രൂപ്പിൽ ചർച്ച ചെയ്യാം. മറ്റുള്ളവരുടെ ഭാവനകളുമായി താരതമ്യം ചെയ്തു കൊള്ളുകയും തള്ളുകയും ചെയ്യാം. ശേഷം കുറിപ്പുകൾ വികസിപ്പിച്ച് വ്യക്തിഗതമായി ലേഖനം എഴുതിത്തയ്യാറാക്കട്ടെ. ലേഖനമെഴുത്ത് ഹോംവർക്കായി നൽകാം. ടീച്ചർ വിലയിരുത്തുകയും ഏറ്റവും നല്ല രചനകൾ തിരഞ്ഞെടുത്ത് പ്രോത്സാഹിപ്പിക്കുകയും വേണം.

**ചമത്കാരഭംഗി**

കവിതയെ ആസ്വാദ്യമാക്കുന്ന പ്രയോഗങ്ങളാണു ചമത്ക്കാരം. കാവ്യങ്ങൾ വായിച്ച് ആഹ്ലാദം കൊള്ളുന്നവരെ സഹൃദയൻ എന്നു പറയുന്നു. സഹൃദയരുടെ ഹൃദയത്തിന് ആഹ്ലാദം ജനിപ്പിക്കുന്ന കാവ്യധർമ്മമാണു ചമത്ക്കാരം. ചമത്ക്കാരത്തിന് ആശ്രയമായ വാക്യഭംഗിക്ക് അലങ്കാരം എന്നു പറയുന്നു.

അലങ്കാരത്തെക്കുറിച്ചു സാമാന്യധാരണ കുട്ടികളിലുണ്ടാക്കാൻ അധ്യാപകർ ശ്രദ്ധിക്കണം. വൃത്തങ്ങളുടെയും മറ്റും പ്രസക്തി നഷ്ടപ്പെട്ടെങ്കിലും അലങ്കാരപ്രയോഗത്തിന്റെ പ്രസക്തി ഒരിക്കലും നഷ്ടമാകുന്നില്ല. അവ കണ്ടെത്താനും ആസ്വദിക്കാനുമുള്ള ശേഷി കുട്ടികൾക്കുണ്ടാവണം.

- അലങ്കാരങ്ങളിൽ ഏറ്റവും പ്രചാരമുള്ളത് ഉപമയാണ്. ഒരു വസ്തുവിനെക്കുറിച്ചു മനസ്സിലാക്കിക്കൊടുക്കാനുള്ള ശക്തമായ ഉപാധികൂടിയാണ് ഉപമ. നാം നിത്യവും പലവിധത്തിൽ ഉപമകൾ പ്രയോഗിക്കാറുണ്ട്. വിറകുകൊള്ളിപോലെ മെലിഞ്ഞ കൈകാലുകൾ, അവർ കീരിയും പാമ്പും പോലെയാണ്, നായയെപ്പോലെ മോങ്ങി, പന്തംകണ്ട പെരുച്ചാഴിയെപ്പോലെ, കാറ്റത്തെ കരിയിലപോലെ............ ഇങ്ങനെ എത്രയെത്ര പ്രയോഗങ്ങൾ. വർണ്ണിക്കപ്പെടുന്ന വസ്തുവിന് അതേ ഗുണമുള്ള മറ്റൊരു പ്രസിദ്ധവസ്തുവുമായി സാദൃശ്യം കല്പിക്കുന്നതാണ് ഉപമയിലെ ഒരു രീതി. ഉപമയ്ക്ക് ഉപമേയം, ഉപമാനം, സാധാരണ ധർമ്മം, ഉപമാവാചകം എന്നീ നാലുഘടകങ്ങളുണ്ട്. എന്തിനെയാണോ ഉപമിക്കുന്നത് അതാണ് ഉപമേയം. എന്തിനോടാണോ ഉപമിക്കുന്നത് അത് ഉപമാനം. ഉപമാനം വായനക്കാർക്കു നിത്യപരിചയമുള്ള വസ്തുവായിരിക്കണം എന്ന നിബന്ധനയുണ്ട്. ഉപമേയത്തിലും ഉപമാനത്തിലും കാണുന്ന സമാനതയാണ് സാധാരണ ധർമ്മം.

'പോലെ' എന്നതാണ് ഉപമാവാചകം. സമാനം, സദൃശം, തുല്യം തുടങ്ങിയ പദങ്ങളും പ്രയോഗിക്കാറുണ്ട്.

- ഒരു വസ്തുവിനു മറ്റൊന്നിനോടു ധർമ്മത്തിൽ ചേർച്ച കാണുന്നതിനാൽ അതുതന്നെയായിരിക്കാം ഇത് എന്നു ശങ്കിക്കുന്ന അലങ്കാരകല്പനയാണ് ഉൽപ്രേക്ഷ. ഉപമയും ഉൽപ്രേക്ഷയും തമ്മിലുള്ള വ്യത്യാസം; ഉപമയിൽ ഉപമാനം സർവസാധാരണമായതായിരിക്കും. എന്നാൽ ഉൽപ്രേക്ഷയിൽ അത് ലോകത്തിലില്ലാത്തതും കെട്ടിച്ചമച്ചതുമായിരിക്കും. ഉദാ: മിന്നാമിനുങ്ങിന്റെ ചലനത്തെ ഇരുട്ടിനെക്കീറുന്ന വജ്രസൂചിയോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു കുമാരാനാശാൻ. ഇവിടെ അലങ്കാരം ഉൽപ്രേക്ഷയാണ്. എന്നാൽ മിന്നാമിനുങ്ങിന്റെ അതേചലനത്തെ തങ്കമുരച്ച രേഖയോടും ആശാൻ സാദൃശ്യപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ഉപമയാണുള്ളത്.
- ഈ വകുപ്പിൽപ്പെട്ട മറ്റൊരു അലങ്കാരകല്പനയാണ് രൂപകം. രണ്ടു വസ്തുക്കൾ തമ്മിൽ അഭേദം കല്പിക്കുന്ന രീതിയാണിത്. അതായത് ഉപമേയവും ഉപമാനവും തമ്മിൽ വ്യത്യാസമില്ലാത്തവിധം ഒന്നായിത്തീരുന്നപോലെ സങ്കല്പിക്കുക; എന്നല്ല ഉപമേയത്തിൽ അതേവരെ ഇല്ലാതിരുന്ന ചില വിശേഷങ്ങൾ കൈവന്നപോലെ തോന്നിക്കുന്നു രൂപകത്തിൽ. ഉദാ: ദു:ഖസാഗരം –ദു:ഖമാകുന്ന സാഗരം. ഈ പ്രയോഗത്തിൽ സാഗരത്തിന്റെ അപാരത, അഗാധത, നൈരന്തര്യം എന്നീ ശക്തികൾ ദു:ഖത്തിനു സിദ്ധിക്കുന്നു. പാൽക്കടൽ, ചിന്തയാംകടൽ, തുടങ്ങിയ പ്രയോഗങ്ങളും ശ്രദ്ധിക്കുക.
- ഉപമയും ഉൽപ്രേക്ഷയും രൂപകവും അർത്ഥാലങ്കാരങ്ങളാണ്. ശബ്ദത്തിലും അലങ്കാരപായോഗമുണ്ട്. അതാണ് ശബ്ദാലങ്കാരം. ശബ്ദത്തിന്റെ ആവർത്തനമാണു ശബ്ദാലങ്കാരം എന്നു പറയാം.
- വ്യഞ്ജനാക്ഷരങ്ങൾ ഏതെങ്കിലും പ്രത്യേക ക്രമത്തിൽ ആവർത്തിക്കുന്നതിനു 'പ്രാസം' എന്നു പറയും.
- നാലുവരിയിലും ആദ്യാക്ഷരം ഒരുപോലെയായാൽ ആദ്യാക്ഷരപ്രാസം.
- അവസാന അക്ഷരം ഒരുപോലെയായാൽ അന്ത്യാക്ഷരപ്രാസം.
- രണ്ടാമത്തെ അക്ഷരം ഒരുപോലെയായാൽ ദ്വിതീയാക്ഷര പ്രാസം.

മിക്ക കവിതകളിലും ഇത്തരം പ്രാസങ്ങൾ കണ്ടെത്താവുന്നതാണ്.

- ഒരേ അക്ഷരക്കൂട്ടങ്ങൾ വ്യത്യസ്ത അർത്ഥത്തിലായി ആവർത്തിച്ചുവരുന്ന അലങ്കാരവുമുണ്ട്. ഈ അലങ്കാരത്തിനു യമകം എന്നാണു പറയുക.

ഉദാ: "അക്രൂരമായോരു മാനസം പൂണ്ടുള്ളൊ–
രക്രൂരനാകിന യാദവൻ താൻ." (കൃഷ്ണഗാഥ.)

ഈ വരികളിൽ ദ്വിതീയയാക്ഷരപ്രാസമുണ്ട്; ഒപ്പം യമകവും. അക്രൂരൻ എന്ന കഥാപാത്രത്തിന്റെ പേരാണു രണ്ടാമത്തെ വരിയിൽ. എന്നാൽ ആദ്യവരിയിൽ ക്രൂരതയില്ലാത്തവൻ എന്ന അർത്ഥമാണ് ഉദ്ദേശിച്ചിരിക്കുന്നത്.